

Prayanam
പ്രയാണം
2
LIVERPOOL
MALAYALEE ASSOCIATION

LIFE PROTECT LINE

Trusted, Professional & Secure Partner for Your Mortgage and Insurane Needs.

WE OFFER FREE MORTGAGE ADVICE





Lifeline Protect limited can help you with the following **Mortgage & Insurance services:**

## RESIDENTIAL

- » PURCHASE
- » REMORTGAGE
- » HTB (HELP TO BUY)
- » SHARED EQUITY

## BUY TO LET

- » PURCHASE
- » REMORTGAGE
- » LIMITED COMPANY PURCHASE

## PERSONAL PROTECTION

- » LIFE INSURANCE
- » SERIOUS/CRITICAL INSURANCE COVER
- » INCOME PROTECTION

## COMMERCIAL

» We can assist you to arrange Commercial Mortgages.

**Contact us for a Free Consultation: Tel: 024 7601 6551**

**Email: info@lifelineprotect.co.uk I www.lifelineprotect.co.uk**

3 The Quadrant, Warwick Road, Coventry, CV12DY

Lifeline Protect Limited is an appointed representative of Religare UK Limited which is authorised and regulated by the Financial Conduct Authority, reference number 607618

**JOB OPPORTUNITIES WITH LIFELINE**

Contact us for details

Your property may be repossessed if you do not keep up repayments on your mortgage. Commercial Mortgages are not usually regulated by the Financial Conduct Authority.

TWO DECADES OF OUTSTANDING SERVICE TO THE COMMUNITY


# പ്രയാണം II

LIMA VICENNIAL SOUVENIR

2000 - 2022

Liverpool Malayalee Association

LIMA
LIVERPOOL
MALAYALEE
ASSOCIATION



Printer & Publisher
**Liverpool Malayalee Association (LIMA)**

Address
**Sandstone Drive, Prescot, Liverpool, L35 7LS**

Managing Editor
**Sebastian Joseph, President LIMA**

Editor
**Biju George**

Editorial Team
**Binoy George**
**Binu Varkey**
**Jinoy Madan**
**Jose Mathew**
**Sojan Thomas**
**Tiji Xavior**
**Tom Jose**

Layout & Graphic Design
**Manoj Narayanan : +971 296 3940**

Printed
**Signworld Group | 0124 466 1919**
**info@signworldgroup.com**

# Prayanam പ്രയാണം 2

## 20th Anniversary Souvenir

*For free copy and private circulation only*

*All rights reserved to LIMA, Liverpool*

*Reproduction in any manner, electronics or otherwise, in whole or in part without prior written permission is prohibited.*

> “You have a right to perform your prescribed duty but you are not entitled to the fruits of action. Never consider yourself the cause of the results of your activities, and never be attached to not doing your duty.
>
> Bhagavad Gita 2:47.

# സമർപ്പണം

‘കർമ്മം ചെയ്യുന്നതിനു മാത്രമെ നിനക്ക്
അധികാരമുള്ളു. നിനക്കുള്ള
പ്രതിഫലത്തെ ഉദ്ദേശിക്കരുത്.
ആത്മജ്ഞാനി കർമ്മം ചെയ്യുന്നത്
സ്വാർത്ഥലാഭത്തിനല്ല
ലോകത്തിനുവേണ്ടിയാണ്’
എന്ന് ഭഗവത്ഗീതയിൽ പറയുന്നു.

ലിവർപൂളിലെ മലയാളീ ജീവിതത്തിന്
നിറവും, മണവും, മധുരവും
നൽകുവനുള്ള ലാഭേച്ഛയില്ലാത്ത
പ്രവർത്തനങ്ങളിൽ ഒന്നിച്ചു നിൽക്കവെ,
നിനച്ചിരിക്കാതെ നിത്യതയിലേക്ക് നടന്നു
മറഞ്ഞ നിസ്വാർത്ഥ സേവകരായ
പ്രിയപ്പെട്ടവർക്കായി ഞങ്ങൾ ഈ
അക്ഷര സമന്വയം സ്നേഹാദരപൂർവ്വം
സമർപ്പിക്കുന്നു.



# MESSAGE

## Her Majesty the Queen
## Late Elizabeth ii
(1926 - 2022)

*Elizabeth II is Queen of the United Kingdom and 14 other Commonwealth realms. Elizabeth was born in Mayfair, London, as the first child of the Duke and Duchess of York. Her father acceded to the throne in 1936 upon the abdication of his brother, King Edward VIII, making Elizabeth the heir presumptive.*

BUCKINGHAM PALACE

12th November, 2021.

Dear Mr Joseph,

The Queen has asked me to thank you for your kind letter sent on behalf of Liverpool Malayalee Association on the occasion of your Twentieth Anniversary which is being celebrated this year.

Her Majesty was pleased to learn about the objectives of the charity and of the role in the community played by Members during the pandemic.

In return, The Queen sends her best wishes to all concerned on this milestone in the history of Liverpool Malayalee Association.

Yours sincerely,

Miranda Hansen Lise

Miranda Hansen Lise
Loyal Greetings Officer

Mr. Sebastian Joseph.



# MESSAGE

## Pinarayi Vijayan
### Chief Minister of Kerala

*Pinarayi Vijayan is an Indian politician who is the current Chief Minister of Kerala, serving since 25 May 2016. He is the longest serving Chief Minister of Kerala in the history of Kerala governance*

**PINARAYI VIJAYAN**
CHIEF MINISTER

GOVERNMENT OF KERALA

Secretariat
Thiruvananthapuram-695 001

No.15/Press/CMO/21

15 June, 2021.

**MESSAGE**

I am glad to note that the Liverpool Malayalee Association has completed 20 years of service to the community.

As a charity organisation, I hope that on this historic occasion you will further your efforts for the welfare of the Indian community, especially the Malayalis, in your area. As many of your members are working in the health care industry and are serving as frontline warriors in our fight against the ongoing Covid - 19 pandemic, let me wish you all good health and sound mind.

My best wishes to LIMA and the Malayali community of Merseyside, UK.

Pinarayi Vijayan

**Shri. Sebastian Joseph**
President
Liverpool Malayalee Association
E-mail : limaliverpool@gmail.com

Tel: (0471) 2333812 & 2333682 Fax: (0471) 2333489 e-mail : chiefminister@kerala.gov.in
website : www.keralacm.gov.in

# EDITORIAL

സ്വപ്നങ്ങളിലെ സ്വർണ്ണ മത്സ്യങ്ങൾ തേടി പ്രതീക്ഷകളുടെ നേർത്ത നൂലിനാൽ തീർത്ത വലയുമായി നാടും വീടും വിട്ട് ഇറങ്ങിത്തിരിച്ചവരാണ് പ്രവാസികൾ. ജീവിതത്തിന്റെ ആ നിയോഗവുമായി മേഴ്സി നദിയുടെ ഇരുകരകളിലും തമ്പടിച്ച മലയാളി സ്വത്വബോധത്തിൽ നിന്ന് ഉയിർകൊണ്ട കൂട്ടായ്മയാണ് ലിവർപൂൾ മലയാളി അസോസിയേഷൻ (LIMA). പിറന്ന നാടിന്റെ കലയും സംസ്കാരവും പൈതൃകവും തങ്ങളാലാവും വിധം ചേർത്തു പിടിക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊണ്ട ഈ സംഘടന അതിന്റെ പ്രയാണം ആരംഭിച്ചിട്ട് രണ്ടു പതിറ്റാണ്ടിലേറെ പിന്നിടുമ്പോൾ, കഴിഞ്ഞകാല ഓർമ്മകൾ അയവിറക്കാനും അത് പുതുതലമുറക്ക് പങ്കുവെക്കാനുമുള്ള എളിയ പരിശ്രമമാണ് ഈ സ്മരണിക.

ലിവർപൂൾ മലയാളികളുടെ കലാ സാംസ്കാരിക സാഹിത്യ പൈതൃകം മാത്രമല്ല, പിറന്നുവീണ മണ്ണിൽ നിന്നകന്ന് കടലുകൾക്കും കാതങ്ങൾക്കിപ്പുറവും സ്വന്തം കഴിവിലും നിരന്തര പരിശ്രമത്തിലും വിജയം വരിച്ച ഒരുപിടി ആളുകളുടെ ജീവിതത്തിന്റെ നേർക്കാഴ്ച കൂടിയാണ് ഈ സ്മരണികയുടെ താളുകളിൽ സന്നിവേശിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ളത്.
ഈ പരിശ്രമത്തിൽ ആത്മാർത്ഥമായി പങ്കുചേർന്നവർ ഏറെയാണ്.
എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു..







കണ്ണീരും ചിരിയും തുന്നിച്ചേർത്ത ഋതുഭേദങ്ങളുടെ ആവർത്തനമാണ് ഓരോ പ്രവാസി ജീവിതവും. ഓരോ ഋതുവിനും ഒരു പാട് കാര്യങ്ങൾ പറയാനുണ്ട്. കൊഴിഞ്ഞു വീണ ഓരോ ഇലയും ഒരുപാട് കാര്യങ്ങൾ ബാക്കിവെച്ചാണ് കടന്നു പോകുന്നത്. ആ അർത്ഥത്തിൽ ലിവർപൂളിലെ മലയാളി ജീവിതത്തിന്റെ നേർസാക്ഷ്യങ്ങളെ പരമാവധി വ്യക്തമായും ഭംഗിയായും ഈ താളുകളിൽ ഒപ്പിയെടുക്കാൻ പരിശ്രമിച്ചിട്ടുണ്ട്. ഒരു ജനപദത്തിന്റെ രണ്ടിലേറെ പതിറ്റാണ്ടുകൾ നീണ്ട ജീവിതം ഏതാനും താളുകളിലേക്ക് ആവാഹിക്കുമ്പോഴുാകാവുന്ന തെറ്റുകുറ്റങ്ങൾ സ്വാഭാവികമായും ഇതിലും കണ്ടേക്കാം. സഹൃദയരായ നിങ്ങൾ ക്ഷമിക്കുമല്ലോ?

വിരസമായ പ്രവാസജീവിത്തിലെ വസന്തമായി ഈ സ്മരണിക മാറണമെമെന്ന ആഗ്രഹത്തോടെ, ഇതിൽ കൊരുത്ത അക്ഷരപുഷ്പങ്ങളുടെ സൗന്ദര്യവും സൗരഭ്യവും നിങ്ങളോരുത്തരും ആവോളം നുകരുമെന്ന പ്രതീക്ഷയോടെ ഈ സ്മരണിക- 'പ്രയാണം II' നിങ്ങൾക്കായി സമർപ്പിക്കുന്നു.

സ്നേഹ പൂർവ്വം
ബിജു ജോർജ്ജ്
എഡിറ്റർ



Biju George
Editor

# EDITORIAL BOARD



**Biju George**
Editor




**Binoy George**



**Binu Varkey**



**Jinoy Thomas**



**Jose Mathew**



**Sebastian Joseph**



**Sojan Thoma**



**Tiji Xavier**



**Tom Jose Thadiyambad**

# FINANCE TEAM



**Mathew Alexander**
Convenor



Eldhos Sunny



George Kizhakkekara



Hari Kumar Gopalan



Joymon Thoma



Jose Matthew



EJ Kuriakose



Roy Mathew




Saji Makkil



Sebastian Joseph



Shaju Uthup



Sinshaw Mathew



Sojan Thomas



## ഏറ്റവും സ്നേഹം നിറഞ്ഞ ലിമ കുടുംബാംഗങ്ങളെ,

നമ്മുടെ അസോസിയേഷൻ കർമ്മോത്സുകമായ ഇരുപതു വർഷം പിന്നിട്ടിരിക്കുകയാണല്ലോ, ഈ ഘട്ടത്തിൽ ലിമയുടെ പ്രസിഡന്റ് പദവി അലങ്കരിക്കുവാൻ അവസരം ലഭിച്ചതിൽ ഞാൻ അതീവ സന്തോഷവാനാണ്. ആയതിന് എനിക്ക് അവസരം ഒരുക്കിയ ലിമ കുടുംബത്തോട് ഞാൻ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

തിരക്കുപിടിച്ച പ്രവാസജീവിതത്തിനിടയിൽ മലയാളിത്തനിമയും കേരളയീയ സംസ്ക്കാരവും പാശ്ചാത്യ വിസ്മയത്തിൽ അലിഞ്ഞു ഇല്ലാതാവാതിരിക്കാൻ ലിവർപൂളിലെ ഒരു കൂട്ടം മലയാളികൾ രാണ്ടായിരാമാണ്ടിൽ തുടങ്ങിവെച്ച ലിമ എന്ന ശക്തമായ മലയാളികൂട്ടായ്മ ഇന്നു യു കെ മുഴുവനും അറിയപ്പെടുന്ന രീതിയിൽ വളർന്നു പന്തലിച്ചു കഴിഞ്ഞു. ഒട്ടേറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടാണ് ലിമ അതിന്റെ പ്രയാണം ആരംഭിച്ചത്. ഒട്ടും പരിചയമില്ലാത്ത ഒരു മണ്ണിലേക്ക് പറിച്ചുനടപ്പെട്ട മലയാളി

# MESSAGE

**Sebastian Joseph**
President - LIMA

# MESSAGE

സമൂഹത്തിന് കൂട്ടായ പ്രവർത്തനങ്ങളി ലൂടെ തണലായി മാറാൻ ലിമക്ക് ഇന്നോളം കഴിഞ്ഞു എന്നത് എടുത്തു പറയേണ്ടതാണ്.

ഉർജ്ജസ്വലതയോടും അർപ്പണബോധത്തോടും കൂടി കടമകൾ നിറവേറ്റുന്ന ഒരു ടീം ആണ് എക്കാലവും ലിമയെ നയിക്കാനുണ്ടായിരുന്നത്. അവരുടെ നിസ്വാർത്ഥ ശ്രമങ്ങളുടെ ഫലമായിട്ടാണ് ലിമ ഇന്നു ലോകം മുഴുവനും അറിയപ്പെടുന്ന ഒരു സംഘടനയായി വളർന്നതും ഉയർന്നതും. യു കെ യിലെ മലയാളികളുടെ ദേശിയ സംഘടനയായ യുക്മ (UKMA) യുടെ ഭാഗമായി പ്രവർത്തച്ചു കൊണ്ട് വൻ വിജയങ്ങൾ കൊയ്യുന്നതിനും നമ്മുടെ സംഘടനക്കു കഴിഞ്ഞിട്ടുണ്ട്.

രാണ്ടയിരാമാണ്ടു മുതൽ ജാതി-മത-വർണ്ണ-വർഗ-ലിംഗ ഭേദമന്യേ ലിവർപൂൾ മലയാളികൾക്ക് ഏതു സാഹചര്യത്തിലും കൈത്താങ്ങാകാൻ സാധിച്ചു എന്നത് ലിമയുടെ ഏറ്റവും വലിയ ഒരു നേട്ടമായി ഞങ്ങൾ കാണുന്നു. ഈ നേട്ടങ്ങളൊക്കെ കൈവരിക്കുവാൻ ലിമക്ക് സാധിക്കുന്നത് ലിമയെ സ്നേഹിക്കുന്ന നല്ലവരായ ലിവർപൂൾ മലയാളികളുടെ നിസീമമായ സഹകരണവും കരുതലും കൊണ്ട് മാത്രമാണ്.

ഈ അവസരത്തിൽ ലിമയുടെ എല്ല അംഗംങ്ങൾക്കും വിശിഷ്യാ എന്നോടൊപ്പം ചുമതലകൾ നിറവേറ്റാൻ ഒരു മനസോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുഴുവൻ കമ്മറ്റി അംഗങ്ങൾക്കും ലിമയുടെ അഭ്യുദയകാംക്ഷികൾക്കും എന്റെ ഹൃദയഗമമായ നന്ദിയും സ്നേഹവും അറിയിക്കുന്നു. ലിമയുടെ എല്ലാ പ്രവർത്തനങ്ങളിലും തുടർന്നും നിങ്ങളുടെ സഹായസഹകരണങ്ങൾ ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ലിവർപൂൾ മലയാളി അസോസിയേഷനുവേണ്ടി

പ്രസിഡന്റ്
സെബാസ്റ്റ്യൻ ജോസഫ്

# CONTENTS

# പ്രയാണത്തിലൂടെ


മത്തങ്ങയെപ്പറ്റി
**സക്കറിയ** ........ 16 - 21

Our communitie's future young leaders and the opportunities in the UK- India relationship
**Mayor Tom Aditya** ........ 27 - 33

വിഷാദവ്യൂഹം
**രശ്മി പ്രകാശ്** ........ 36 - 37

നേർക്കാഴ്ചകൾ
**നിഷ ജോസ്** ........ 41

Migration and the role of Migrants For Social Integrations
**Dinoop Geroge** ........ 43

മധുരലയമായി മനസ്സിലെന്നും 'ലിമ'
**ടിജോ തോമസ്** ........ 47

നൊമ്പരപ്പിണരുകൾ
**തോമസുകുട്ടി ഫ്രാൻസിസ്** ........ 49 - 51

The downside of DOWRY
**Janet Biju** ........ 53

ഓർമകളിൽ ലിമ
**ആശിഷ് ജോസഫ് മഠത്തിൽപറമ്പിൽ** ........ 55

ആലീസെന്റെ ലാവണ്ടർ
**മുരുകേഷ് പനയറ** ........ 61- 65


Numb to Nature
**Amy Cyriac** ........ 68

An Apple a Day
**Renny Jose** ........ 69

ആത്മാവ്
**ജെയിംസ് ആയല്ലൂർ** ........ 71- 75

വ്യർത്ഥം
**ജോയ് അഗസ്റ്റി** ........ 78 - 79

സംസ്കാരവും മാനവികതയും
**ആന്റണി പ്രാക്കുഴി** ........ 81- 83



# CONTENTS

Eight Centuries of Liverpool
**Joe Eshwar** ........ 85 - 89

നീർമഴത്തുള്ളികൾ
**ജോജോ പഴയാറ്റിൽ** ........ 93

Culture Across the World
**Jocelin** ........ 94 - 95

മാഞ്ഞ് പോകുന്ന കാഴ്ചകൾ
**സിൻഷോ മാത്യൂ** ........ 97

ഒരു ആഡംബര കപ്പൽ യാത്രാനുഭവങ്ങൾ
**ടോം ജോസ് തടിയംപാട്** ........ 100 - 101

ത്രേസ്യാക്കുട്ടിടെ ആടുകൾ
**റോസി തമ്പി** ........ 103 - 114

മൃതിയിലെ മുലയൂട്ടൽ
**സാഗാസുരേഷ് കേംബ്രിഡ്ജ്** ........ 115

ഓർമ്മയുടെ നവരസങ്ങൾ
**ബിന്ദു ഹരി** ........ 116 - 117

നവോത്ഥാനം
**ജോസ് മാത്യൂ** ........ 119 - 123

യുകെയിലെ സാംസ്കാരിക മേഖലയിൽ
കുട്ടനാട്ടുകാരുടെ ഇടപെടലുകൾ
**റോയി മൂലംകുന്നം** ........ 127 - 128

A trip down memory lane with LIMA
**Reshmi Philip** ........ 129 - 131

ബിലാത്തിനാട്ടിലെ മലയാളികൾ
**ബിജു നമ്പതിൽ** ........ 133

വടംവലിയും വള്ളംകളിയും പിന്നെ
ലിവർപൂൾ മലയാളിയും
**ഹരികുമാർ ഗോപാലൻ** ........ 135 - 137

Social Media - Bane or Boon?
**Felix Mathew** ........ 140 - 141

കോവിഡ് 19
**സെബാസ്റ്റ്യൻ ജോസഫ്** ........ 143 - 145

ലിമ ജനഹൃദയങ്ങളിലൂടെ
**ടോം ജോസ് & ബജു ജോർജ്** ........ 147 - 149

ചിതലരിക്കാത്തൊരേട്
**അനുമോൾ തോമസ്** ........ 150 - 151

ജോൺ മാഷും ജോസേട്ടനും
പിന്നെ ഞാനും
**ബിനോയി ജോർജ്** ........ 153 - 155

Time
**Sneha Uthup** ........ 159 - 161

Work-life and How Important is Finance for
its best balance?
**Vishnu V Pillai** ........ 163 - 165

ബുദ്ധിവൈകല്യം അതിജീവനം
**ബിജുമോൻ ജോസഫ്** ........ 167 - 171


പുനർജ്ജനി
**ജെയിംസ് പറത്തോട്ട്** ........ 172 - 173

കുടിയേറ്റ സ്വപ്നം
യാഥാർത്ഥ്യങ്ങളും, വെല്ലുവിളികളും
**ഷിബു മാത്യൂ** ........ 175

സാമ്പത്തിക മേഖലയിലെ ചതിക്കുഴികൾ
**ഷെറഫി** ........ 177 - 181

സ്വാതന്ത്ര്യപ്പിറ്റേന്ന്
**സുകുമാർ അഴിക്കോട്** ........ 182 - 189

Lima Report
**Sojan Joseph** ........ 01 - 04



# സക്കറിയ

പാല, മീനച്ചിൽ താലൂക്കിലെ ഉരിളിക്കുന്നത്ത് എന്ന ഗ്രാമത്തിൽ 1945 – ൽ ജനിച്ച ശ്രീ. സക്കറിയ കഴിഞ്ഞ അര നൂറ്റാണ്ടിലേറെയായി മലയാളികളുടെ സർഗ്ഗ ജീവിത്തിന്റെ ഭാഗമാണ്. മലയാള ചെറുകഥാകൃത്ത്, നോവലിസ്റ്റ്, കോളമിസ്റ്റ്, ജേർണലിസ്റ്റ്, തിരകഥാകൃത്ത്, സഞ്ചാര സാഹിത്യകാരൻ, ചിന്തകൻ എന്നി നിലകളിൽ അദ്ദേഹം ശ്രദ്ധേയനാണ്.

സലാം ആമേരിക്ക, ഒരു നസ്രാണി യുവാവും ഗൗളി ശാസ്ത്രവും, ഭാസ്ക്കര പട്ടേലരും എന്റെ ജീവിതവും, എന്തുണ്ട് വശേഷം പീലാത്തോസെ, പ്രെയ്സ് ദ ലോർഡ് (നോവൽ), ഇതാണെന്റെ പേര് (നോവൽ), അൽഫോൻസമ്മയുടെ മരണവും ശവസംസ്ക്കാരവും (ചെറുകഥാസമാഹാരം), ഒരു ആഫ്രിക്കൻ യാത്ര (യാത്ര വിവരണം), ഉരുളിക്കുന്നത്തിന്റെ ലുത്തീനിയ (ആത്മകഥ) എന്നിവയാണ് പ്രധാന കൃതികൾ.

കേരള കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്ക്കാരം തുടങ്ങി ഒട്ടേറെ അവാർഡുകളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. മലയാള സാഹിത്യത്തിൽ അന്യാപദേശത്തിന്റെയും (Allegory) ആക്ഷേപ ഹാസ്യത്തിന്റെയും സാധ്യതകൾ ഉപയോഗിച്ച് കഥാ രീതിയിലും, ആഖ്യാന വൈചിത്യം കൊണ്ട് കഥ ശില്പത്തിലും നവീനത സൃഷ്ടിച്ച സക്കറിയ 'ബുദ്ധിജീവികളെ കൊണ്ട് എന്തു പ്രയോജനം' പോലുള്ള ലേഖനത്തിലൂടെ മലയാള ക്കരയെ ഉത്തംഗശൃഗത്തിൽ എത്തിച്ചു. അതോടൊപ്പം ഭാസ്ക്കര പട്ടേലരും എന്റെ ജീവിതവും പോലെയുള്ള കഥയിലൂടെ മലയാള സിനിക്കും (വിധേയൻ – അടൂർ ഗോപാലകൃഷ്ണൻ) വലിയ സംഭാവനകൾ നൽകിയ ശ്രീ. സക്കറിയ ലിമയുടെ ഈ എളിയ സൃഷ്ടിക്കൊപ്പം പങ്കുചേരുന്നു എന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.



# മത്തങ്ങയെപ്പറ്റി

കേരളത്തിന്റെ സാമ്പത്തിക അടിത്തറ അപകടകരമാം വിധം ദുർബല മാണെങ്കിലും പ്രവാസികൾ കേരളത്തിലേക്ക് എത്തിയ്ക്കുന്ന ഭീമമായ സമ്പത്ത് ഭൗതിക പുരോഗതിയുടെ ഒരു പരിവേഷം കേരളത്തിനു നല്കുന്നുണ്ട്. ഈ പരിവേഷമാവട്ടെ നാം നമ്മുടെതന്നെ അതീവ പരിതാപകരങ്ങളായിരുന്ന മുൻകാലങ്ങളുമായി ഇന്നത്തെ അവസ്ഥയെ തട്ടിച്ചു നോക്കുമ്പോഴുണ്ടാകുന്ന ________________ എന്നതാണു വാസ്തവം.

നൂറുകണക്കിനു ബഹുമാനപ്പെട്ട തട്ടിപ്പുകാരുടെ ചെരിപ്പിന്റെ
വാറഴിയ്ക്കാൻ പോലുമുള്ള യോഗ്യത അയാൾക്കില്ല
അതുകൊണ്ടു കടമ്മനിട്ട പാടിയതു പോലെ
“നമുക്കു മത്തങ്ങെയപ്പറ്റി സംസാരിയ്ക്കാം”
അതാണു ബുദ്ധി.

HOME FOODS
ASIA LIMITED




# TASTE OF KITCHEN



ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ സമുദായങ്ങൾ തമ്മിലുള്ള സൗഹാർദ്ദപൂർണ്ണമായ സഹജീവിതം കേരളത്തിന്റെ സാമ്പത്തികവും സാംസ്കാരികവുമായ വളർച്ചയുടെ ആധാര ശിലകളായിത്തീർന്നു. ഏതെങ്കിലും ആൾദൈവമായിരുന്നില്ല കേരളത്തിന്റെ ആരാധനാമൂർത്തി. വിചാര വിപ്ലവങ്ങളിലൂടെയും സാമൂഹിക രാഷ്ട്രീയ പരിഷ്കരണങ്ങളിലൂടേയും കേരളത്തെ ആധുനികതയിലേക്കു നയിച്ച ധിഷണാശാലികളെയാണു മലയാളികൾ ആദരിച്ചതും സ്നേഹിച്ചതും. പാരമ്പര്യ വാദത്തിനും കാലഹരണപ്പെട്ട ആചാരാനുഷ്ഠാനങ്ങൾക്കും മൂഢങ്ങളായ അന്ധവിശ്വാസങ്ങൾക്കും സാമൂഹിക മേൽക്കൈയുണ്ടായിരുന്നില്ല. സാമ്പത്തികമായ അല്ലലുകളുടെ നടുവിലൂടേയും മലയാളികൾ സാംസ്കാരിക പുരോഗതിയിലേക്കുള്ള തങ്ങളുടെ യാത്ര തുടർന്നുകൊണ്ടേയിരുന്നു.

കൃത്യമായ ഒരു തീയതിയോ വർഷമോ അടയാളപ്പെടുത്താൻ സാധ്യമല്ലെങ്കിലും, 1980കളോടെയാണു നമ്മുടെ നവോത്ഥാന മൂല്യങ്ങളുടേയും ബോധജ്ഞാനത്തിന്റെ പ്രകാശപാതകളുടേയും ആധുനികതാവബോധങ്ങളുടേയും മേൽ സംഘടിത ആക്രമണങ്ങൾ ആരംഭിയ്ക്കുന്നത് എന്നു പറയാം. ഇതിന്റെ പിന്നിലെ മുഖ്യശക്തി ആരായിരുന്നു എന്ന ചോദ്യത്തിനു് ഒറ്റ ഉത്തരമേയുള്ളൂ, മലയാളത്തിലെ മുഖ്യധാരാ മാദ്ധ്യമങ്ങൾ. അന്നവ അച്ചടി മാദ്ധ്യമങ്ങൾ മാത്രമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

കുറച്ചുകൂടി ചുഴിഞ്ഞു നോക്കിയാൽ നാം കാണുന്നതു നവോത്ഥാന മൂല്യങ്ങളുടെ മേൽ ആക്രമണങ്ങൾ അഴിച്ചുവിടപ്പെട്ട കാലഘട്ടവും വിപണി പിടിച്ചടക്കാൻ വേണ്ടി കേരളത്തിലെ മുഖ്യധാരാ മാദ്ധ്യമങ്ങൾ ഏറ്റുമുട്ടിയ കാലഘട്ടവും ഏതാണ്ട് ഒന്നു തന്നെയായിരുന്നു എന്നു കാണാം. വിപണിയുടെ മേൽ ആധിപത്യം പുലർത്താൻ അവർ കണ്ടുപിടിച്ച എളുപ്പ മാർഗ്ഗമായിരുന്നു ഏറ്റവും സങ്കുചിതങ്ങളായ ജാതിമത ചിന്തകളേയും അവയെ പ്രതിനിധീകരിയ്ക്കുന്ന സംഘടനകളേയും അവയോടു സംബന്ധിച്ച അന്ധവിശ്വാസങ്ങളേയും, ആരാധനാലയ കേന്ദ്രീകൃതമായ ബിസിനസ്സുകളായി രൂപാന്തരപ്പെട്ട ആചാരാനുഷ്ഠാനങ്ങളേയും വാർത്തകളിലൂടെ വളർത്തുക എന്നത്.

അണിയിച്ചൊരുക്കിയ വാർത്തകളിലൂടെ ഈ മാലിന്യങ്ങളെ മാന്യവത്കരിച്ചു. മണ്ണടിഞ്ഞുകിടന്ന അന്ധവിശ്വാസങ്ങളെ ഒന്നാം പേജിലേക്കു കൈപിടിച്ചുയർത്തി. നഗ്നമായ വർഗ്ഗീയതയെ നേരിട്ടു വളർത്തിയില്ലെങ്കിലും മൗനംകൊണ്ടും പരോക്ഷമായ സഹകരണംകൊണ്ടും പിന്തുണച്ചു. മാദ്ധ്യമങ്ങൾ ആസൂത്രിതമായി കേരളത്തിന്റെ മേൽ നടത്തിയ ഈ സാംസ്കാരികമായ കയ്യേറ്റമാണു മലയാളികളുടെ നവോത്ഥാന പ്രയാണത്തിന്റെ മേൽ ഒരു അശനിപാതം പോലെ പതിച്ചത്. മാദ്ധ്യമങ്ങൾ ഒന്നുചേർന്ന് ഒരു ആൾദൈവത്തെ കേരളത്തിന്റെ പരമോന്നത സാമൂഹിക സാംസ്കാരിക നേതൃസ്ഥാനത്തു പ്രതിഷ്ഠിച്ചതായിരുന്നു ഒരു

കേരളത്തിന്റെ സാമ്പത്തിക അടിത്തറ അപകടകരമാം വിധം ദുർബലമാണെങ്കിലും പ്രവാസികൾ കേരളത്തിലേക്ക് എത്തിയ്ക്കുന്ന ഭീമമായ സമ്പത്ത് ഭൗതിക പുരോഗതിയുടെ ഒരു പരിവേഷം കേരളത്തിനു നല്കുന്നുണ്ട്. ഈ പരിവേഷമാവട്ടെ നാം നമ്മുടെതന്നെ അതീവ പരിതാപകരങ്ങളായിരുന്ന മുൻകാലങ്ങളുമായി ഇന്നത്തെ അവസ്ഥയെ തട്ടിച്ചു നോക്കുമ്പോഴുണ്ടാകുന്ന ................................. എന്നതാണു വാസ്തവം.

നമ്മുടെ അയൽ സംസ്ഥാനങ്ങൾ നേടിക്കഴിഞ്ഞ അത്ഭുതകരമായ പുരോഗതിയുമായി നമ്മെ താരതമ്യം ചെയ്യുമ്പോഴാണു നാം എത്ര പിന്നോക്കമാണെന്നു മനസ്സിലാകുക. യഥാർത്ഥ സാമ്പത്തിക പുരോഗതി നമുക്ക് ഇന്നും ഒരു വിദൂരസ്വപ്നമാണ്. അതു കാറുകളുടെ എണ്ണത്തിലും വീടുകളുടെ വലിപ്പത്തിലും ഒതുങ്ങുന്ന ഒന്നല്ല. എന്നാൽ നമ്മുടെ അയൽ സമൂഹങ്ങൾക്ക് ഒരുപക്ഷേ ഇന്നും പ്രാപിയ്ക്കാനാവാത്ത മറ്റൊരു പുരോഗതി നാം ദശകങ്ങൾക്കു മുമ്പു കൈവരിച്ചിരുന്നു. അതാണു നവോത്ഥാനവും അതിൽനിന്നു പൊട്ടിവിരിഞ്ഞ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പരിഷ്കരണങ്ങളും ചേർന്നു കേരളത്തിനു നൽകിയ ബോധജ്ഞാന മുന്നേറ്റം. ശാസ്ത്ര ചിന്തയും യുക്തിബോധവും വിജ്ഞാനതൃഷ്ണയും ചരിത്ര ബോധവും മതേതര മൂല്യങ്ങളും ജനാധിപത്യ വിശ്വാസവും, വർഗ്ഗീയതയോടും ജാതി വ്യവസ്ഥയോടുമുള്ള പോരാട്ടവും ഒന്നുചേർന്നു കേരളത്തിൽ സജീവമായ ഒരു സാംസ്കാരിക ആധുനികത സൃഷ്ടിയ്ക്കപ്പെട്ടു. സമ്പത്തല്ലായിരുന്നു അതിന്റെ ഇന്ധനം. മനസ്സിന്റെ വികാസവും മാനവിക ചിന്തയും രാഷ്ട്രീയ പ്രബുദ്ധതയുമായിരുന്നു അതിന്റെ ചാലകശക്തികൾ. അന്ധവിശ്വാസങ്ങൾ ചോദ്യം ചെയ്യപ്പെട്ടു. ആധുനിക വിദ്യാഭ്യാസം സമൂഹത്തിന്റെ അടിത്തട്ടുകളിൽ വേരോടിച്ചു. മത വിശ്വാസങ്ങൾ നിലനിൽക്കെത്തന്നെ മതങ്ങളുടെ പക്കലായിരുന്നില്ല മലയാളികളുടെ സമൂഹത്തിന്റെ കടിഞ്ഞാൺ.



Kichi's Cakes n More
Enjoy the difference in every bite...
Cream Cake
Fruit Cake
Mousse Cake
Party Cakes
Wedding Cakes
Shape Cakes
Freshly Baked in the UK
Only Natural Preservatives
Kerala
Plum Cake
07835 684003 | 07588 874760
Banbury, Oxfordshire
www.kichiscakes.com

പക്ഷേ ഈ സാംസ്കാരികമായ തകർച്ചയുടെ നെല്ലിപ്പലക. ആദ്ധ്യാത്മികവും ജാതിമതപരവുമായ ജീർണ്ണതകളെ പ്രോത്സാഹിപ്പിയ്ക്കുന്നതിനു പിന്നിലെ മാദ്ധ്യമങ്ങളുടെ പ്രധാന പ്രേരണ ലാഭവും വിപണി വിജയവുമായിരുന്നെങ്കിലും, ഫലത്തിൽ അതതു മാദ്ധ്യമ സ്ഥാപനങ്ങളിലും മാദ്ധ്യമ പ്രവർത്തകരിലും അന്തർലീനമായിരുന്ന യാഥാസ്ഥിതികത്വവും അന്ധവിശ്വാസങ്ങളും ജാതീയതയും വർഗ്ഗീയതയും കൂടി അതോടൊപ്പം പ്രവർത്തിച്ചു എന്നതിൽ സംശയമില്ല. മലയാളികൾ മാദ്ധ്യമങ്ങളുടെ മേൽ അർപ്പിച്ച വിശ്വാസത്തിന് അവർ നൽകിയ പ്രത്യുപകാരം ഈ മഹാപാതകമായിരുന്നു.

അയ്യങ്കാളിയിൽനിന്നും ശ്രീനാരായണനിൽനിന്നും ആരംഭിച്ച എത്രയോ വെല്ലുവിളികെള അതിജീവിച്ചു വളർന്ന നവോത്ഥാന യജ്ഞത്തിന്റെ കടയ്ക്ക് അവർ കത്തിവച്ചു. വർഗ്ഗീയതയുടേയും സാംസ്കാരിക ജീർണതകളുടേയും ഈ വിധത്തിലുള്ള മാന്യവത്കരണത്തിലും താലോലിയ്ക്കലിനും മാദ്ധ്യമങ്ങളെ പിന്തുടരുക മാത്രമാണു രാഷ്ട്രീയപ്പാർട്ടികൾ ചെയ്തത് എന്നും പറയുമ്പോൾ, രാഷ്ട്രീയപ്പാർട്ടികളെ അറിയാവുന്നവർക്ക് അതൊരു അതിശയോക്തിയായി തോന്നിയേക്കാം. പക്ഷേ അതാണു സത്യം.

കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയപ്പാർട്ടികൾ പരസ്യമായി തോളിൽ കയ്യിടാൻ സങ്കോചം കാണിയ്ക്കുന്ന ഭീകര ശക്തികളാണു ഗുഹയിൽ നിന്നു പുറത്തുചാടി പെരുവഴിയിൽ നില്കുന്ന ഭൂതങ്ങളെപ്പോലെയുള്ള, മറയില്ലാത്ത ജാതിമതവർഗ്ഗീയ അജണ്ടകൾ. തമോഗർത്തങ്ങളെപ്പോലെ അവ തങ്ങളെ വിഴുങ്ങും എന്ന് മാദ്ധ്യമങ്ങൾക്കറിയാം. അത്രയ്ക്കു കൊടിയ വിഷമാണു അവയിൽനിന്നു പ്രവഹിയ്ക്കുന്നത്. അതുകൊണ്ട്, ഓടുന്ന നായക്ക് ഒരു മുഴം മുമ്പിൽ എന്നപോലെ മാദ്ധ്യമങ്ങൾ കൗശലപൂർവ്വം എറിയുന്ന വർഗ്ഗീയ അജണ്ടകളെ അവർ അവസരോചിതമായും സുരക്ഷിതമായ അകലം പാലിച്ചും ഉപയോഗിയ്ക്കുക മാത്രം ചെയ്യുന്നു. മാത്രമല്ല അവർ ജനങ്ങളോട് അക്കൗണ്ടബൾ ആണ്.

വർഗ്ഗീയതയെത്തന്നെ അജണ്ടകളാക്കിയിരിയ്ക്കുന്ന പാർട്ടികളെ മാറ്റി നിർത്തിയാൽ കേരളത്തിലെ മുഖ്യധാരാ പാർട്ടികൾക്കു വർഗ്ഗീയതയുടെ പ്രചാരകരായി ജനങ്ങളുടെ മുമ്പിൽ അറിയപ്പെടാൻ മടിയുണ്ട്. അഞ്ചു വർഷത്തിലൊരിയ്ക്കൽ അവർ വോട്ടു തേടി ജനങ്ങളുടെ പക്കൽ എത്തേണ്ടതാണ്. ജനങ്ങൾക്ക് അവരെക്കാൾ പക്വതയുണ്ട് എന്ന് അവർക്കറിയാം. അതുകൊണ്ട് അവർ വർഗ്ഗീയ വിഷത്തിന്റെ ചക്കരക്കുടത്തിൽ കയ്യിടും മുമ്പു പലതവണ ചിന്തിയ്ക്കുന്നു, സംയമനം പാലിയ്ക്കുന്നു, രഹസ്യധാരണകൾ മാത്രം ഉണ്ടാക്കുന്നു. മാദ്ധ്യമങ്ങളുടെ നേട്ടം അവർ ജനങ്ങളോട് അല്പം പോലും അക്കൗണ്ടബൾ അല്ല എന്നതാണ്. പത്രം വായനയും ടി.വി കാണലും മലയാളികളെ മയക്കുന്ന കറുപ്പായി മാറിയിട്ടു കാലമേറയായി. ജനങ്ങൾ മാദ്ധ്യമങ്ങളോടു കണക്കു ചോദിയ്ക്കുന്നില്ല. അവർ കൊടുക്കാൻ തയ്യാറുമല്ല.

മാദ്ധ്യമങ്ങൾ ഒരു സോഷ്യൽ ഓഡിറ്റിനുപോലും വിധേയരല്ല എന്നതാണു നടുക്കുന്ന സത്യം. മലയാളികൾ പലപ്പോഴും മറക്കുന്ന ഒരു വസ്തുതയുണ്ട്. നവോത്ഥാനം അവർക്കു നല്കിയ ഉണർവ്വും ബോധജ്ഞാനവുമാണു വിശാലവും സങ്കീർണ്ണവുമായ ഇന്നത്തെ ലോകത്തെ നേരിടുവാനുള്ള അറിവും ആത്മ ധൈര്യവും അവർക്കു നല്കിയതും, അങ്ങനെ അവരെ ഒരുപക്ഷേ ഇന്ത്യയിലെ ഏറ്റവും ഊർജ്ജസ്വലമായ പ്രവാസി സമൂഹമാക്കി മാറ്റിയതും. കേരള രാഷ്ട്രീയം കഴിഞ്ഞ 60ഓളം വർഷങ്ങളിലൂടെ മലയാളികളെ സാമ്പത്തിക മുരടിപ്പിന്റെയും തകർച്ചയുടേയും ദുരന്ത പൂർണ്ണങ്ങളായ അയ്യഞ്ചു വർഷത്തെ പീഡന പർവ്വങ്ങളിലേക്ക് എടുത്തെറിഞ്ഞപ്പോൾ അതിൽനിന്നു പിടഞ്ഞു പുറത്തു ചാടാനും ചിറകടിച്ചുയരാനും ലോകത്തിന്റെ ഏതുകോണിലും ഭാഗധേയം തേടാനും മലയാളികളെ പ്രാപ്തരാക്കിയത് ആ മാനസിക വിപ്ലവമായിരുന്നു നവോത്ഥാനം, ബോധജ്ഞാനം. അല്ലാതെ മതമോ ജാതിയോ ആൾദൈവങ്ങളോ വർഗ്ഗീയതയോ അന്ധവിശ്വാസങ്ങളോ ആയിരുന്നില്ല മലയാളിയെ രക്ഷിച്ചത്.

മലയാളികളുടെ തളരാത്ത അദ്ധ്വാനശീലവും അവർക്കു കൂട്ടുനിന്നു. ബോധജ്ഞാനത്തിന്റേയും ആധുനികതയുടേയും പാതയിലൂടെയുള്ള നമ്മുടെ പ്രയാണം തുടർന്നിരുന്നുവെങ്കിൽ നാം ഇന്നു ലോകത്തിലെ സംസ്കാര സമ്പന്നങ്ങളായ സമൂഹങ്ങളുടെ മുന്നണിയിൽ സ്ഥാനം പിടിയ്ക്കുമായിരുന്നു. പകരം വിദ്വേഷത്തിലും പകയിലും വർഗ്ഗീയ വിഷധാരകളിലും അന്ധവിശ്വാസങ്ങളിലും വിവിധ തരം നുണകളിലും മുഴുകിക്കഴിയുന്ന ഒരു കേരളം സൃഷ്ടിയ്ക്കപ്പെട്ടതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം സ്ഥിതി ചെയ്യുന്നത് മലയാള മാദ്ധ്യമങ്ങളിലും അവ നവോത്ഥാനത്തിന് എതിരെ സൃഷ്ടിച്ച ഹൃദയ ശൂന്യമായ പ്രതിവിപ്ലവത്തിലുമാണ്. മോൻസൺ മാവുങ്കൽ ഒരു പുതിയ കണ്ടുപിടുത്തമെന്ന മട്ടിൽ മൂക്കിൽ കൈ വച്ചു നില്കുന്നവർ ഓർമ്മിയ്ക്കുക: മാദ്ധ്യമങ്ങളുടെ മഹത്വവത്കരണമേറ്റുവാങ്ങിക്കൊണ്ടു മലയാളികളുടെ നടുമദ്ധ്യത്തിൽ വിജയശ്രീലാളിതരായി നിലകൊള്ളുന്ന നൂറുകണക്കിനു ബഹുമാനപ്പെട്ട തട്ടിപ്പുകാരുടെ ചെരിപ്പിന്റെ വാറഴിക്കാൻ പോലുമുള്ള യോഗ്യത അയാൾക്കില്ല. അതുകൊണ്ടു കടമ്മനിട്ട പാടിയതുപോലെ നമുക്കു മത്തങ്ങെയപ്പറ്റി സംസാരിയ്ക്കാം. അതാണു ബുദ്ധി.

LOVE TO CARE
GROUP

**Love To Care**

Love To Care offers a wide range of healthcare professionals to service providers within the sector who require additional professional staffing support. Our services in the healthcare industry throughout North West, North Wales, and Scotland.

CONTACT
01513455225 (OPTION 1)
07712658007
info@lovetocare.co.uk

**Love to Care Home Care**

Love to Care Home Care provides services of a vast and adapting range to ensure individuals needs and wants are met to the highest standards. Our services include Companionship, Home Help, Personal Services, and Condition Specific Care.

CONTACT
01513455225 (Option 2)
07719911285
homecare@lovetocare.co.uk

**LTC Global**

LTC Global is an established recruitment consultancy, to meet the urgent staffing needs of the UK Healthcare sector. We aim to tackle the nationwide shortage of nurses in the UK Healthcare sector and supply fully trained and dedicated nurses from around the World.

CONTACT
01513632232/07988708932
cv@ltcglobal.co.uk

LOVE TO CARE Temporary Staffing
LOVE TO CARE HOME CARE
LTC GLOBAL Connecting Healthcare Professionals
LTC GLOBAL Study Abroad Consultants

# MESSAGE



## Sabu Mulayanikkunnel
## USA

*പ്രിയ ലിവർപൂൾ മലയാളീ അസോസിയേഷൻ സുഹ്രത്തുക്കളെ,*

*ജുബിലീ ആഘോഷങ്ങൾ, ഓർമചെപ്പു തുറക്കാനും, ഓർത്തു ഓമനിക്കാനും ഓർമ്മകൾ അയവിറക്കി കൈമാറാനുമുള്ള അവസരമാണ്. നമ്മുടെ കേരള പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിലും സാഹോദര്യം ഊട്ടിയുറപ്പിക്കുന്നതിലും ലിമ എന്നും ഒരു പിടി മുന്നിലാണെന്നും ഓർമപ്പെടുത്തി 20 വർഷം പൂർത്തി യാക്കി കുതിക്കുമ്പോൾ അതിൽ ഒരു ഭാഗമാകുവാൻ സാധിച്ചതിൽ ഞാൻ ഒത്തിരി സന്തോഷിക്കുന്നു.*

*ഈ 20 വർഷത്തിൽ ഇവിടേ വരെ എത്തിക്കുവാൻ, ജീവിതവും ജീവനും സമർപ്പിച്ച ഓരോരുത്തരേയും നന്ദിയോടെ സ്മരിക്കുന്നു. ജീവിതം ഒരു യാത്രയാണ്. യാത്ര സുഗമമാകുന്നത് വഴികൾ തടസപ്പെടാതെ വഴി പറയാൻ, വളർത്താൻ ആളുകൾ കൂടെ വരുമ്പോഴാണ്. കൂടെ വരുന്നവരെ കൂടെ നിർത്താൻ കഴിയണമെങ്കിൽ കൂടെ കൂട്ടാം എന്ന ഉറപ്പു കിട്ടുമ്പോഴാണ്. ആ ഉറപ്പാണ് ഓരോ കൂട്ടായ്മയുടെയും അടിസ്ഥാനം. ഇനിയും ഒത്തിരി ദൂരം പിന്നിടാനുണ്ട്. ഐക്യവും, സ്നേഹവും, സാഹോദര്യവും കൈമുതലാക്കാം. കടന്നുപോന്ന വഴികളിൽ സഹായിച്ചവരെ നന്ദിയോടെ സ്മരിച്ചും, വളര്ച്ചയുടെ പടവിൽ കണ്ടു മുട്ടുന്നവരെ സഹോദരന് തുല്യം സ്ഹേിച്ചും, ദാനമായി കിട്ടിയ ജീവിതത്തെ ബഹുമാനിച്ചും വളരുന്ന, വളർത്തുന്ന സമൂഹമായി മാറുവാൻ ലിവർപൂൾ മലയാളീ അസോസിയേഷന് സാധിക്കട്ടെ, അതിനായി പ്രാർത്ഥിക്കുന്നു. ഒരിക്കൽ കൂടി എല്ലാ മംഗളങ്ങളും ആശംസിക്കുന്നു.*

*ഒത്തിരി സ്നേഹത്തോടെ,*
**സാബു മുളയാനിക്കുന്നേൽ**, USA.

# LIMA 2022

## Cultural Programs























# LIMA 2022

## Cultural Programs




















Sarigama
DANCE STUDIO
LIVERPOOL | MANCHESTER | BIRMINGHAM
WIRRAL
SOUTHPORT
* Bharatanatyam
* Kuchupudi
* Keralanadanam
* Folk Dance
* Group Dance
* Cinematic Dance
* Rajasthani Dance
* Gujarathi Dance
* Bollywood Dance
QUBE 8547 379 544
Admission Ongoing For Newcomers
Seperate Batch For Adults...
Boys Girls & Adults
0793 503 4153
Director | MAJESH ABRAHAM

# Our communitie's future young leaders and the opportunities in the UK- India relationship.

Over the last 20 years, I was able to attend many graceful events of the Liverpool Malayalee Association (LIMA). It was relishing to lit the lamp of LIMA's Decennial jubilee celebrations, a decade ago.
I fervently appreciate the strenuous efforts of LIMA members for showcasing programmes that nurture and nourish the virtuous traditions of the Kerala community in Great Britain. It is immensely gratifying to recollect that LIMA was able to steer the community through several charity activities as well as share its resources to help the poor and the needy in other parts of the world.



LIMA President's request to pen an article for the souvenir magazine is heartening. I take this moment to cordially greet all members and well-wishers of LIMA and wish them all success in their future activities. As fellow co-inheritors of the Indian heritage in England, may I take this opportunity to also invite you all to Bristol, where Raja Ram Mohan Roy- the Father of the Indian Renaissance has been laid to rest in 1833, and to celebrate his legacies.

I urge the young people in our communities to take up leadership roles. It can be a career option through the UK civil service or by partaking in the political spectrum of this country. We need good leaders, policymakers, administrators and virtuous citizens for the future.

Mayor Tom Aditya (Bradley Stoke, Bristol)
Vice Chairman, Avon and Somerset Police Scrutiny Panel | Chairman, South Glos Council's Community Forum
Chairman, Bristol Multi-Faith Forum | Member, Bristol University Court.
cllr.tom.aditya@gmail.com


IDLY RICE
Mayil
IDLY RICE
IDLY RICE


Mayil
JAYA RICE




Mayil
STEAM PUTTU PODI


Mayil
Kudampuli


Mayil
MATTA
BROKEN RICE


Mayil
GINGER PICKLE


Mayil
PULIYINCHI PICKLE


Mayil
CUT MANGO PICKLE


Mayil



I have been mentoring many youths in taking up community responsibilities in the UK. Even though I am planning to step down from civic roles shortly, I am happy to extend my hands to help all our aspiring youngsters to emerge towards civic leadership positions. Let there be a new wave of young leaders all across the UK. I hope that a Community Leadership Academy can also be set up in order to accomplish that objective.

The future opportunities and challenges in the UK-India connexion are also a hot discussion topic and I hope it will be befitting to humbly share a few thoughts here. The UK and India have a unique, close relationship spanning centuries. India is the cradle of one of the most ancient civilisations and the world's largest democracy, whilst Great Britain is the world's oldest parliamentary democracy and the evangelist of modern global civilisation. India and the UK are defenders of democracy, champions of commerce and missionaries of the power of entrepreneurship. These two nations together are a powerful force for positive change.

India's rapid economic growth since 1991, its accession to the WTO in 1995 and its lowering of tariffs on imported goods have already led to a dramatic rise in trade-flows over the past 25 years. However, India ranks 127th out of the 196 countries on a GDP per capita basis according to IMF. Since 2004, India has been one of the fastest growing countries in the world, yet the challenge is that growth is insufficient to absorb the growing labour market-around a third of 15 to 29-year-olds, who are not in employment, education or in training. The caste divisions, gender disparities, superstitions, corruption and divisive politics are a few of the negative aspects of India. India's 1.4 billion population is a massive market more than twenty times the size of Britain's home market, and its growing economic strength with an annual average GDP growth rate of 7%, puts it in a commanding position as the fastest growing economy in the Commonwealth.

Trade between India and the UK have risen subsequently after 1991. Businesses from both countries are big investors in each other countries. British exports to India are £5.7 billion while the UK imports from India peaked at £12 billion in 2013. Since 2000, the UK has been the largest G20 investor in India, investing £17.5 billion. Simultaneously, Britain is home to some of the largest Indian companies.
The Indian firm TATA is the single largest employer in the UK manufacturing sector. British companies now employ a staggering 800,000 people in India, representing one in 20 jobs in India's organised private sector. There is a similarly positive story on Indian investment in the UK. There are around 800 Indian businesses in the UK, employing 110,000, and every year India is in the top 5 countries investing in the UK. I presume that India could potentially supersede the United States as the principal trading partner of the UK in the years to come. Currently, trade between India and Britain hovers around the $14 bn mark.

While bilateral investment is growing, the volume and nature of the investment have changed. The number of UK businesses in India has more than doubled since 2000. And the range of sectors attracting UK investment has shifted. Advanced manufacturing, financial and professional services have remained top for decades, but the 21st century has seen strong growth in sectors such as education, retail, consumer goods, life sciences, healthcare, and infrastructure. This investment relationship is generating ever-more successful Research and Development (R&D) partnerships across a wide

Curry Leaves

YOUR EVENT OUR PASSION

5c, Whetstone Hey, Chester, CH663PG

Phone : 07941640574

CATERING & **EVENT** SERVICES

www.curryleaves.uk

Our professional service helps athletes and non-athletes to feel better and be fit for training day, match day and every day

Podium Sport Massage


www.podium sport massage.co.uk

https://www.facebook.com/podiumsportmassage/

https://www.instagram.com/podiumsportmassage/

@podium_massage

Room 115A, 23 Goodlass Road, Speke, Liverpool, L24 9HJ.
Tel: 07949 874771, Email: sue@podium sport massage.co.uk



range of sectors. India has made some positive approaches that encompass India's strength in its diversity including programmes like 'Make in India', 'Skill India', 'Start-up India' etc. The success is down to the interplay between governments, businesses, universities and research institutions.


India is a major player in the UK-led Commonwealth of Nations, where 56 nations bound together and deliberated shared commitment to democracy, rule of law and social and economic development, which also conduct trade between themselves even now to the tune of trillion dollars. India and Britain have the advantage of their shared legal systems, regulatory mechanisms and the use of the English language. Brexit had happened and the UK and India are pursuing their own trade and investment agenda. Simultaneously, technology is rapidly changing the nature of business opportunities. These offer stimulating prospects to transform the UK-India relationship and forge a stronger relationship not only bilaterally but also in the global context.

Obviously, there will be a discussion on UK-India Free Trade Agreement. Even though a deal may not happen soon, there is room for closer partnership. Tackling non-tariff barriers through the Governments' Joint Trade Review, and extending "accelerator" programmes supporting SMEs, such as the Access India Programme which is backed by the Indian Government and the Urban Gateway which is supported by the UK Government will be helpful. The Commonwealth Trade Zone, which may be formed in future will profit the UK and India. If the Commonwealth investment plan is aptly accomplished, the UK will definitely witness massive transformation and growth. The expansion of African railways will bring real and widespread benefits to millions of people and India could sharpen its expertise in mass rail transit and could assist many African countries and could reap the benefits of such infrastructure projects. There is a global recognition that drastic action must be taken on the environmental impact of economic activity on our oceans. Indian engineers have got the skill and expertise to do projects in the most economical manner and should tap it.

In future, there will be a greater geographical spread, with more UK businesses going into smaller cities in India, where there are strong, well-developed industrial clusters. Kerala could also tap into its share of the UK investment if Kerala could prove that it is improving on its action plan to renovate itself into a pro-business-friendly destination. We could see a change in Indian investment in the UK, with Indian companies plugging into the UK's manufacturing regions. The UK is very keen on Indian investment across sectors.

With the chance of an increased circle of influence and soft power, India has great potential to leap ahead. There should be more thrust upon small and medium enterprises (SMEs) in the manufacturing and services sector that forms the pillar of any sound economy. India should seek liberalized mobility for its students and professionals that are willing to contribute positively to the economies of both countries. It is now time to strengthen the relationship at the root and branch level. British-Indian diaspora has been hugely successful in the UK and forms the 'living bridge' between India and the UK. Even though the Indian diaspora community is only 1.8 per cent of the UK population, they contribute 6.5 per cent of the UK's GDP. Given the fact that the Indian diaspora has a uniquely placed insight into the changing landscapes of India, the UK's Indian diaspora will know how to guide the British entities through Indian waters.




HALAL
GREEN Chillies
South Indian Restaurant
Green Chillies
SOUTH INDIAN RESTAURANT
LIVERPOOL
OPEN FOR DINE IN AND TAKEAWAY
(WE DO OUTDOOR CATERING)
Open from Tuesday to Sunday
4pm - 11pm
Free Delivery within a 3 mile Radius
0151 264 8896, 0780 954 3247, 0795 626 565948
Prescot Road, Fairfield, Liverpool, L7 0JA





According to the World Bank, the 1.6 million British Indian diaspora community sends around £2.8 billion a year to India in remittances, but they are the unrepresented band. India should think loudly, about how to give proper stake-holding to the diaspora community in its decision-making process. It would be extremely advantageous for the British government to build a more inclusive relationship with their British-Indian citizens. I would also urge India to emphasise the importance of this most valuable and under-utilised resource in building up a strong relationship and developing new avenues of shared interest. Such collaboration will unleash unimaginable progress in the lives of millions in both countries.

A robust India-UK relationship has the potential to be a strong east-west axis for global peace and prosperity. There are huge collaboration opportunities in business, technology, healthcare, arts, academia and investment. New technologies should be placed at the heart of this evolution. Hence, India and the UK could help light the road ahead radiantly.




# betterframes PHOTOGRAPHY

## LET ME CAPTURE YOUR DAY

### CAPTURING YOUR DAY WITH CARE

20 years of experience in event photography

**The UK's Best Affordable Wedding Photographers & Videographers**

- Free outdoor photo shoots.
- We can work with in your budget.
- Light weight photo books with compliments.

*Trusted by over 2000 Happy Couples!*

*Prizes from* **£250.00**

Call For a Quote

Rajesh Nadeppilly (Photo)
**07951263954**
Soji Devizes (Video)
**07861418494**
Saju Athani(Photo)
**07442 686934**

RAJESH NADEPPILLY FOLLOW US BETTERFRAMESPHOTOGRAPHY

WWW.BETTERFRAMESPHOTOGRAPHY.COM



# MESSAGE

**Manoj kumar Pillai**
**President - UKMA**

**പ്രിയപ്പെട്ട സുഹൃത്തുക്കളെ,**

*അത്യന്തം സന്തോഷത്തോടെയാണ് ഇരുപത് വർഷം പൂർത്തിയാക്കുന്ന നോർത്ത് വെസ്റ്റ് റീജിയണിലെ പ്രമുഖ അസോസിയേഷനുകളിലൊന്നായ ലിവർപൂൾ മലയാളി അസോസിയേഷന്റെ (ലിമ) പ്രവർത്തനങ്ങളെ യുക്മ ദേശീയ സമിതി വിലയിരുത്തുന്നത്.*

*ഈയവസരത്തിൽ ലിമ എക്സിക്യുട്ടീവ് കമ്മിറ്റി പുറത്തിറക്കുന്ന "സുവനീർ" വളരെയധികം സന്തോഷത്തോടെയാണ് ഞാൻ നോക്കിക്കാണുന്നത്.*

*യുക്മയുടെ പ്രവർത്തനത്തനങ്ങളിൽ ലിമയിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന അകമഴിഞ്ഞ പിന്തുണക്ക് ഈയവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.*

*യുക്മ ദേശീയ സമിതിയുടെ ആദ്യത്തെ ജോയിൻറ് സെക്രട്ടറി സ്ഥാനം അലങ്കരിച്ച മാത്യു അലക്സാണ്ടർ മുതൽ യുക്മയുടെ  വിവിധ തലങ്ങളിൽ പ്രവർത്തിച്ച ജോസ് മാത്യു, ജോയി അഗസ്തി, ഹരികുമാർ ഗോപാലൻ, ബിനു വർക്കി, ടോം ജോസഫ് തടിയമ്പാട്, ഷാജു ഉതുപ്പ്, തുടങ്ങിയവരുടെ സേവനങ്ങളെ യുക്മ ദേശീയ സമിതി വളരെയധികം വിലമതിക്കുന്നു.*


*കൂടാതെ ലിവർപൂളിൽ സംഘടിപ്പിച്ച കലാമേളയിലും, തുടർന്ന് യുകെയുടെ വിവിധ ഭാഗങ്ങളിലായി സംഘടിപ്പിച്ച വള്ളംകളിലും അതിന്റെ വിജയത്തിനായുള്ള പ്രവർത്തനങ്ങളിലും ലിമയുടെ പരിപൂർണ പിന്തുണ യുക്മയ്ക്ക് ലഭിച്ചിരുന്നു എന്നത് വളരെയധികം അഭിമാനാർഹമാണ്.*

*ലിമ ലിവർപൂളിലെ പൊതു സമൂഹത്തിൽ ഇന്നാട്ടുകാരോട് ചേർന്ന് നിന്നു കൊണ്ട് മലയാളി സമൂഹത്തിന്റെ ഉയർച്ചക്കും, അന്തസ് ഉയർത്തിപ്പിടിച്ചു കൊണ്ടും അഭിമാനമായി  വിരാജിക്കുന്നതു വളരെയധികം സന്തോഷത്തോടെയാണ് നോക്കിക്കാണുന്നത്.തുടർന്നും  കൂടുതൽ ഉയർച്ചയിലേക്ക് സംഘടനയെ നയിക്കുവാൻ നിലവിലെ പ്രസിഡന്റ് സെബാസ്റ്റ്യൻ നേതൃത്വം നൽകുന്ന ഭാരവാഹികൾക്ക് കഴിയട്ടേയെന്ന് ആശംസിക്കുകയും, ലിമയിലെ എല്ലാ അംഗങ്ങൾക്കും യുക്മ ദേശീയ സമിതിയുടെ അഭിവാദ്യങ്ങൾ നേർന്നുകൊള്ളുകയും ചെയ്യുന്നു.*

*നിങ്ങൾക്കേവർക്കും യുക്മ ദേശീയ സമിതിയുടേയും എന്റെ വ്യക്തിപരമായുള്ള ഓണാശംസകൾ നേരുന്നു.*

**സ്നേഹപൂർവ്വം,**

**മനോജ്കുമാർ പിള്ള,**
**പ്രസിഡന്റ് , യുക്മ.**



# വിഷാദവ്യൂഹം

ഉള്ളു തുറന്ന് സംസാരിക്കാൻ ഒരാളുണ്ടാകുക
അങ്ങനെ ഒരു ഭാഗ്യം അധികമാർക്കും
ഉണ്ടാകാറില്ല എന്നതാണ് സത്യം.
സ്നേഹിക്കപ്പെടാൻ കൊതിക്കാത്ത
ആരും തന്നെ ഈ ഭൂമിയിലില്ല.
ചുറ്റുമുള്ള മനുഷ്യരെ ഒന്നു ശ്രദ്ധിക്കൂ സങ്കടം
മറയ്ക്കാൻ ഉറക്കെയുറക്കെ ചിരിക്കുന്നവർ,
ചിരിക്കാൻ അറിയാത്തവർ, അകാരണമായി
ദേഷ്യപ്പെടുന്നവർ, മറ്റുള്ളവരിൽ
എന്തിനുമേതിനും കുറ്റം കണ്ടെത്തുന്നവർ,
ഉറക്കം നഷ്ടപ്പെട്ടവർ, ജോലിയുടെ തിരക്കിൽ
മറഞ്ഞിരിക്കുന്നവർ, ഉള്ളു തുറന്ന് ചിരിച്ച്
മറ്റുള്ളവരെ സ്നേഹത്തോടെ നോക്കുന്നവർ,
കിട്ടുന്ന സ്നേഹം ഇരട്ടിയായി തിരികെ
കൊടുക്കുന്നവർ, സ്നേഹിക്കപ്പെടുന്നവർ,
സ്നേഹമറിയാത്തവർ, സ്നേഹമറിയാൻ
ശ്രമിക്കാത്തവർ അങ്ങനെയങ്ങനെ
സമ്മിശ്ര വികാരങ്ങളിൽ എത്രയോ ആളുകൾ.

**വിഷാദവ്യൂഹത്തിലകപ്പെട്ടു ജീവിതം ഹോമിച്ച ഒരു സുഹൃത്തിന്റെ അകാല വിയോഗത്തിൽ എപ്പോഴോ കോറിയിട്ടതാണി വരികൾ**

**വിഷാദത്തിന്റെ ഒരു**
**വലിയ തുള്ളിയിലേക്ക്**
**ആഴ്ന്നു പോകുന്നവർക്ക്**
**ചുറ്റുമുള്ളതൊന്നും കാണാൻ**
**കഴിഞ്ഞുവെന്ന് വരില്ല.**
**ജീവിതത്തിന്റെ തീക്ഷ്ണമായ ചൂടിൽ**
**മഞ്ഞുതുള്ളിപോൽ ഉരുകാൻ കൊതിച്ച്**
**ആരോടുമൊന്നും പറയാൻ കഴിയാതെ**
**തേങ്ങലുകളടക്കിപ്പിടിച്ച്**
**ഇരുട്ടിന്റെ കൂട്ടുകാരിയായ്**
**അവർ മുന്നോട്ടു പോകും.**
**കണ്ണുകൾ നിറയെ സ്വപ്നങ്ങൾ നിറച്ച്**
**ജീവിതത്തിൽ സജലമായ മിഴികളാൽ**
**മറ്റുള്ളവരെ നോക്കിനിൽക്കുമ്പോൾ**
**ജീവിക്കാൻ മറന്ന ആത്മവ്യഥയോടെ**
**തന്നിലേക്കവർ തിരികെ നടക്കും.**
**ആണ്ടു പോകുന്നോരോ ഉറക്കത്തിലും പിടഞ്ഞുണരും.**
**ഒന്നും പറയാനാകാതെ, ബന്ധങ്ങളെ ബന്ധനങ്ങളാക്കി**
**പുറമേ നോക്കിയാൽ ഒരിയ്ക്കലും കണ്ടുപിടിക്കാൻ**
**കഴിയാത്തവിധം തങ്ങളിലേക്ക് തന്നെ മറഞ്ഞിരിക്കും.**




രശ്മി പ്രകാശ്

**കുടുംബ ബന്ധങ്ങളിൽ ഒരിക്കലും**
**കാണാത്ത തലത്തിൽ പങ്കാളിയുടേതായി**
**തന്നിലൊന്നുമവശേഷിപ്പിക്കാതെ**
**അവർ കടന്നു പോകും.**
**ജീവിതത്തിന്റെ വർണ്ണങ്ങളൊന്നും**
**അവരെ തൊട്ടു തീണ്ടുകയേയില്ല.**
**ജീവിതത്തിന്റെ സങ്കടകരമായ നിമിഷങ്ങൾ**
**തന്നിലേൽപ്പിച്ച ആഴത്തിലുള്ള മുറിവുകൾ**
**ചോരപൊടിച്ചുകൊണ്ടിരുന്നാലും**
**ആരോടെങ്കിലും ഉള്ള് തുറന്ന്**
**സംസാരിക്കണമെന്ന്**
**അവർക്കൊരിക്കലും തോന്നുകയേയില്ല.**
**ഒരുപാട് സുഹൃത്തുക്കളെ സമ്പാദിച്ച്**
**ഒരാളോടുപോലും ഒന്നും പറയാനാകാതെ**
**എന്തിനോ വേണ്ടി പരക്കം പാഞ്ഞ്**
**സ്വയമൊരുക്കിയ ചിതയിൽ**
**അവർ വെന്തെരിയും.**

**ചുറ്റുമുള്ള ആളുകൾക്ക്**
**ഒരുപാട് ചോദ്യങ്ങളും**
**അതിലേറെ ഊഹിക്കപ്പെടാൻ**
**കഴിയുന്ന ഉത്തരങ്ങളും കൊടുത്ത്**
**ഒരു സമസ്യയായ് അവർ മാറും.**
**ചുറ്റും നിൽക്കുന്ന ആളുകൾ**
**അവരൊരുക്കിയ പുകമറയിൽ**
**കാഴ്ചവറ്റി നിന്നേക്കാം.**
**കൂടെയുണ്ടായിരുന്ന മഴയും**
**മഞ്ഞും വെയിലും മേഘവും**
**ഒരിക്കലുമാസ്വദിക്കാനാകാതെ**
**ജീവിതത്തിന്റെ പടിവാതിൽ**
**കടന്നവർ പോകുമ്പോൾ**
**അങ്ങ് ദൂരെ ആകാശച്ചെരുവിലിരുന്ന്**
**ദൈവം പതിയെ ഒന്ന് തല ചെരിച്ചു നോക്കി.**
**ഒരിക്കലും തിരുത്താനാകാത്ത**
**ചില പിഴവുകൾ കൊണ്ട് കോറിയിട്ട**
**മനുഷ്യജന്മങ്ങൾ എങ്ങനെ തിരുത്തും**
**എന്നായിരുന്നു ആ നോട്ടത്തിന്റെ അർത്ഥം.**

# LIMA 2021

## Cultural Programs
















Cultural Programs


















WYSE CARE LTD
Staffing solutions when it really matters most
Can you join our amazing team in Wyse Care?
As the whole world takes a step back, healthcare professionals are taking a step forward. As a leading provider of agency nurses and healthcare workers in private care homes at liverpool. We are humbled and proud to see so many of our nurses step forward,but we need so many with and without experience.
WE ARE RECRUITING NOW!
» RGN/RMN Nurse Associates
» Senior Carers » Healthcare Assistant
» Chef » Kitchen Assistant » House keeper
www.wysecare.co.uk • info@wysecare.co.uk • Tel: 01517 272813


WYSE CARE LTD
Staffing solutions when it really matters most
RELIABLE STAFFING SOLUTIONS FOR HEALTHCARE INDUSTRY
» RGN/RMN Nurse Associates
» Senior Carers
» Healthcare Assistant
» Chef » Kitchen Assistant
» House keeper
www.wysecare.co.uk • info@wysecare.co.uk • Tel: 01517 272813

ചെറുകഥ

# നേർക്കാഴ്ചകൾ



Nisha Jose

അതിശൈത്യത്തിന്റെ ആലസ്യത്തിലമർന്നു കിടക്കുന്ന ഇരുണ്ട പ്രഭാതം...

ആപ്പിൾമരങ്ങളിൽ നിറയെ പലവർണ്ണത്തിലുള്ള പൂക്കൾ പറ്റിപ്പിടിച്ചിരിക്കുന്നു... വൈകിയാണെങ്കിലും വസന്തമിങ്ങെത്തിയിരിക്കുന്നു. രണ്ടു ദശാബ്ദങ്ങൾ സമ്മാനിച്ച കേടുപാടുകൾക്കും കട്ടിക്കണ്ണടക്കും ഇടയിൽപ്പെട്ടു ജാലകക്കാഴ്ചകൾ നരച്ചതും, വിരസവുമായി കാണപ്പെട്ടു. നിശബ്ദ ജാലകക്കാഴ്ചകളിൽ നിന്നു ജീവിതത്തിന്റെ നേർക്കാഴ്ചകളിലേക്കു ഞാൻ നടന്നു നീങ്ങിയിരിക്കുന്നു.

ആഘോഷങ്ങളുടേയും സംഘടനാ സഹവർത്തിത്വത്തിന്റെയും മതപ്രബോധനങ്ങളുടേയും പെരുമഴക്കാലം പെയ്തൊടുങ്ങി. സ്വന്തം അസ്തിത്വത്തിലേക്കു പിൻതിരിഞ്ഞ കുറെ വർഷങ്ങൾ. കൊറോണയ്ക്കുമൊക്കെ വളരെ മുൻപു 'സമ്പർക്ക നിരോധനം 'അഥവാ social isolation' എന്ന പദം എന്റെ സ്വകാര്യ അഹങ്കാരമായിരുന്നു. ടെസ്കോയുടേയും, സെയ്ൻബറീസിന്റെയും ഇടനാഴികൾക്കിടയിലൂടെ മുഖം തരാതെ നടന്നു മറയുന്ന പരിചിത മുഖങ്ങൾ കാഴ്ചമങ്ങിയ എന്റെ കണ്ണുകളിൽ ഉണങ്ങാത്ത നനവായി തങ്ങിനിന്നു.

അദൃശ്യ ബന്ധങ്ങളുടെ കെട്ടുപാടുകൾ പേറുന്ന ഹൃദയവുമായി നടന്നകലുന്നവർ, ലോകനിയമങ്ങൾ, പരിമിതികൾ, സംസ്കാരം, അങ്ങനെയങ്ങനെ... കെട്ടു പിണയുന്ന ബന്ധങ്ങൾ. വർഷങ്ങൾക്കൊപ്പം, മലയാളഗന്ധവും, ശബ്ദങ്ങളും, അടയാളങ്ങളും മഞ്ഞുരുകും പോലെ നേർത്തു നേർത്തു വന്നു. നീലക്കണ്ണും, സ്വർണ്ണ മുടിയുമുള്ള ചിരിയ്ക്കുന്ന ഹൃദയങ്ങൾ തീർത്ത സ്നേഹവലയങ്ങൾ വേനൽ മഴയായി പെയ്തിറങ്ങി ലിവർപൂളിലെ കല്ലു പാകിയ നിരത്തുകളിൽ ഗോമസുഗന്ധമായി എനിയ്ക്കു കൂട്ടിരുന്നു.

നമുക്കു ചുറ്റുമുള്ളവരെ മുൻവിധികളില്ലാതെ, അംഗീകരിയ്ക്കുവാനും, ബഹുമാനിയ്ക്കുവാനും, പ്രയാസങ്ങളിൽ ചേർത്തണയ്ക്കുവാനും കഴിയുമ്പോഴാണു നാം മനുഷ്യരാകുന്നത് എന്ന ഉൾക്കാഴ്ചയിലേക്കാണു രണ്ടു പതിറ്റാണ്ടു നീണ്ട പ്രവാസം എന്നെയെത്തിച്ചത്. പണ്ടു കലാലയ ജീവിത കാലത്തു ബ്രിട്ടീഷ് അധിനിവേശ ക്രൂരതകളെക്കുറിച്ചു ഘോരം ഘോരം പ്രസംഗിച്ചിരുന്ന അകക്കണ്ണിന്റെ അഗ്നിനാളങ്ങൾ സ്ഫുടം ചെയ്തിരിക്കുന്നു. നീലക്കണ്ണുകളും തവിട്ടുകണ്ണുകളും വേർതിരിച്ചറിയാൻ കഴിയാത്ത വിധം എന്റെ കൃഷ്ണമണികൾ സുതാര്യമായിരിക്കുന്നു.
നേർക്കാഴ്ചകൾ അതിർത്തികൾ അലിയിച്ച് എന്നെ പച്ചമനുഷ്യനാക്കിയിരിക്കുന്നു.

അതിജീവനം എന്നെ ഒരു കലാപകാരിയാക്കിയിരിക്കുന്നു. സ്വന്തം ജീവിത സത്യങ്ങളുടെ വെളിച്ചത്തിൽ ജീവിക്കുന്ന, അജ്ഞാതമായ ഭാവിയിൽ തനിയെ സ്വന്തം വഴിയും, സ്വാതന്ത്ര്യവും കണ്ടെത്തുന്ന, ആൾക്കൂട്ടത്തിൽ തനിച്ചാവുമ്പോഴും മറ്റുള്ളവരുടെ സങ്കടങ്ങളിൽ കണ്ണുനിറക്കുന്ന കലാപകാരി...
ആർഭാടങ്ങളില്ലാത്ത, ആൾത്തിരക്കുകളില്ലാത്ത, പ്രഹസനങ്ങളില്ലാത്ത കടന്നുപോകലിനായി ആത്മാർത്ഥമായി ആഗ്രഹിയ്ക്കുന്ന പച്ചമനുഷ്യർ.
ഈ നിമിഷം... അതു മാത്രമാണു ജീവിതം... സ്വാതന്ത്ര്യവും...

ഇവിടെ എന്റെ ജീവിതം എനിയ്ക്കുള്ളിൽനിന്നു തന്നെ ഉടലെടുക്കുന്നു.
അതിനു ഭൂമിയിൽ വേരുകളും, ആകാശത്തു ശാഖകളും, നക്ഷത്രങ്ങളിലെത്താനുള്ള അഭിവാഞ്ജനയുമുണ്ട്... ഇക്കാലമത്രയും എന്റെ ഉൾക്കാഴ്ചകൾക്കും കാഴ്ചപ്പാടുകൾക്കും പ്രചോദനമായ ജീവിതാർത്ഥങ്ങളും, മിഥ്യകളും തെളിയിച്ചു തന്ന എന്റെ വൈകാരികതയുടെ ഹൃദയാകാശങ്ങളിൽനിന്നു സ്നേഹനിലാവു പെയ്യിച്ച നീലക്കണ്ണുകളും, തവിട്ടുകണ്ണുകളും ഒരുപോലെ ആത്മാവിൽ ചേർത്തു ഞാനീ ജാലകത്തിനരികിലിരിക്കുന്നു...
തീക്ഷ്ണമായ ഉൾക്കാഴ്ചകൾക്കായി... പാത നീണ്ടു കിടക്കുന്നു.



*In loving memory of*



**Adv. MC Joseph Moolamkunnam** on his 25th death anniversary and
**Annamma Joseph** on her 5th death anniversary. Ramankary, Kuttanadu.
You both are always in our prayers. **Roy Moolamkunnam & Family** Prenton, Wirral.




Flamingo Photo Co.

**BEST SERVICES**

DIGITAL IMAGING I WEDDING PHOTOGRAPHY
CONCEPT PHOTOGRAPHY I PRODUCT

FASHION / EVENT / WEDDING / COMMERCIAL / CORPORATE

CALL: +44 7949022088, +44 7436968853, +44 7450058711

# Migration and the role of MIGRANTS FOR SOCIAL INTEGRATIONS



***Social integration is the process during which minorities, migrants, and immigrants are welcomed into local social circles and, in general, into society. As migrants, we expect society to welcome us into the local social fabric. Does that really happen? Not always! But, why?***

I believe we do not play our part in society, as family and individuals. We limit ourselves to cultural practices and social norms of our native land and the society there. We always tend to believe and uphold the practices of our native land and consider it better than that of the local society.

Sometimes, we forget that real integration into the local social construct as well as the communities, is bound by common experiences that emerge from the conversations forged by friendships and mutual understandings, knitted together by all the rituals of the neighbourhood, from the socialisation that occurs from the school runs, the chats at the pub, visits to the local shops, library, places of worship, during the sports activities of children and at the local gym. These bonds can take time. All migrants have the responsibility of making themselves available and open to local communities.

So, real integration can take its time. When there have been significant numbers of new migrants arriving in neighbourhoods, who perhaps, are not able to speak the local language or speak with the local accent. There are occasions when the migrants are unwilling to integrate by dissolving their apprehensions of language and social practices. The inability to quickly integrate has created a sense of discomfort and disjointedness in a few neighbourhoods. This reflects in the overall well-being of the neighbourhood and affected mental, social and economic aspects of migrants.

I urge every migrant to play the part to integrate, speak to local people, understand and adopt local values and involve yourself into social aspects of your neighbourhood. Conforming to Democratic British norms, Rule of law, Individual liberty, Mutual respect and Tolerance in everyone's personal and family life is vital part of integration.

Your individual value to society increases multi-fold when you integrate and contribute to the local community. Everyone deserves to be recognised as part of the local community they are part of.



Dinoop Geroge
Secretory LIMA 2014


FRESH
MEAT
BT
FARM
Thomas 07841626513
Binoy 07527563212



# MESSAGE

Thampi Jose
Chairperson
Liverpool Malayalee
cultural Association ( LIMCA)

A thousand mile journey starts with a single step, so goes the saying .

A score and an year ago , Liverpool Malayalee Association ( LIMA) dawned into the Liverpool horizon eventually to be developed into as one of the most prominent public faces and voices of a then fledgling immigrant Malayalee community. In fact LIMA is tailor made as it evolves out of community needs, led by committed stalwarts and serving those on their doorsteps with the flexibility to meet specific needs and it worked holistically with the whole Malayalee community. Having gained the intrinsic trust of the community , LIMA played its historical role in shaping the transformation of a reluctant community into a vibrant and resourceful one , commanding respect, recognition and appreciation from within and out. That single step has now reached its logical conclusion of a highly deserving profile among the Malayalee organisations, even globally .

Ever since its inception, LIMA did engage critically and productively in all the problems confronted by our community - social , cultural or multi-dimensional. Its sterling performance in terms of its Herculean efforts to nurture and nourish our culture , social values and traditions in an environment hitherto alien to us , are episodes of golden history . Maintaining a cordial relationship with all the strata and segments of our Liverpudlian community, LIMA was a cementing force to hold the community turf intact and strong . No wonder then, LIMA is the embodiment of the aspirations of the Liverpool Malayalee community .

Braving aside some issues of perception and approach , more in style rather than in content , Liverpool Malayalee Cultural Association ( LIMCA ) always appreciated and recognized LIMA as a corner stone of our community. That LIMA and LIMCA could always co-exist harmoniously with mutual respect, is highly gratifying. It is with profound appreciation and respect that LIMCA salutes LIMA on the glorious occasion of celebrating its twenty years of spectacular service. With all the sincerity at our command, we do congratulate all its members and leaders, current and the past, at their undiluted commitment and spectacular contributions to LIMA in particular and the community in general. Let us wish the best that LIMA accomplishes its mission as it marches into new vistas in the years ahead to serve our community .


BETHENY
NURSING CARE SERVICES
the name you can trust
Competative Rate Of Pay
Weekly Pay
Work At Your Convenience
Free Uniforms
Free Training
Free DBS
Revalidation Support
WE ARE
HIRING
Qualified Nurses
Health Care Assistants
Senior Care Staff
CALL US TODAY
Wirral
0151 6014 277
0151 6014 177
Liverpool

ഓർമ്മക്കുറിപ്പുകൾ

# മധുരലയമായി മനസ്സിലെന്നും 'ലിമ'



ടിജോ തോമസ്

2001 മുതൽ 2012 വരെ നിങ്ങളോടൊപ്പമുള്ള എന്റെ ലിവർപൂൾ ജീവിതത്തിൽ എന്നെന്നും ഓർമിക്കാൻ മനസിന് കുളിരേകുന്ന കുറേ നല്ല ഓർമകൾ 'ലിമ' യിലെ സംഘടനാ പ്രവർത്തനങ്ങളിലൂടെ എനിക്ക് നേടുവാൻ കഴിഞ്ഞു എന്നത് ഏറെ ചാരിതാർഥ്യത്തോടെ ഞാൻ ഓർക്കുന്നു.

2001 മുതൽ ഉള്ള കാലയളവിൽ ലിമയുടെ പ്രസിഡന്റ്, സെക്രട്ടറി, എക്സിക്യുട്ടീവ് മെമ്പർ എന്നി നിലകളിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞത് നല്ല ഭാഗ്യമായി കരുതുന്നു. ആ കാലയളവിൽ എന്നോടൊപ്പം സഹകരിച്ചു പ്രവർത്തിച്ച ലിമയുടെ എല്ലാ സംഘാടകരെയും ഇന്നും ഞാൻ നന്ദിയോടെ സ്മരിക്കുന്നു.

ഇന്ന് ഓസ്ട്രേലിയായിലെ ബ്രിസ്ബൈനിൽ വസിക്കുമ്പോഴും ലിമയോടൊപ്പമുള്ള ആ നല്ല നാളുകൾ എന്റെ ഹൃദയത്തിൽ തിളങ്ങി നിൽക്കുന്നു.നമ്മെല്ലെല്ലാവരും ഒത്തൊരുമിച്ചു വൻവിജയം ആക്കി തീർത്ത ഓണാഘോഷം, ക്രിസ്തുമസ്, സ്റ്റേജ്ഷോ പരിപാടികൾ... ഇന്നും എന്നെ വളരെയധികം സന്തോഷിപ്പിക്കുന്നു. ലിമയുടെ പ്രധാന പരിപാടികളിൽ ഒന്നായ ഓണാഘോഷപരിപാടിയുടെ ടിക്കറ്റ് വില്പന എപ്പോഴും എന്റെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു. ഏറെ ബുദ്ധിമുട്ടി ഓരോ വീടും കയറിയിറങ്ങി നമ്മൾ ടിക്കറ്റ് വില്പന നടത്തിയത് ആർക്കാണ് മറക്കാൻ കഴിയുക ..?



ലിമയുടെ ഓണാഘോഷത്തോട് അനുബന്ധിച്ചു ക്രോക്സ്റ്റത്തിലുള്ള ഞങ്ങളുടെ ഭവനത്തിന്റെ ഗാർഡനിൽ വെച്ച് ലിമയുടെ ചരിത്രത്തിൽ ആദ്യമായി പ്രെസ്റ്റണിൽ നിന്നുമുള്ള കലവറ ടീം രുചിയേറിയ ഓണസദ്യ തയാറാക്കിയത് മധുരമുള്ള ഒരോർമയായി മനസ്സിൽ തങ്ങിനിൽക്കുന്നു. ലിമയുടെ ചാരിറ്റി പ്രവർത്തനങ്ങളും, പത്താം വാര്ഷികാഘോഷങ്ങളും, ഓൾ UK വടംവലി മത്സരങ്ങളും ഇന്നും ഞാൻ ആവേശപൂർവം ഓർമിക്കുന്നു. ലിമ സംഘടിപ്പിച്ച വാര്ഷിക വിനോദയാത്രകൾ എത്രയോ ആസ്വാദ്യകരമായിരുന്നു..!

അന്നത്തെപോലെ തന്നെ ഇന്നും ലിമയുടെ പ്രവർത്തനങ്ങൾ വളരെ ശക്തമായി മുന്നോട്ടു കൊണ്ടുപോകുന്ന സംഘാടകരെ പ്രത്യേകം അഭിനന്ദിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ സംഘടനയുടെ മുൻ നിരയിൽ പ്രവർത്തിക്കുകയും ശേഷം, ജീവിത തിരക്കുകളാൽ ഇന്ന് സംഘടനാ പ്രവർത്തനങ്ങളിൽ നിന്നും മാറിനിൽക്കുന്ന സുഹൃത്തുക്കളെയും സ്നേഹപൂർവ്വം ഓർക്കുന്നു .

സോഷ്യൽമീഡിയകളിലൂടെയും മറ്റും ഇപ്പോഴും ലിമയുടെ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധയോടും കൗതുകത്തോടും കൂടെ ഞാൻ പിൻതുടരാറുണ്ട്. ഇരുപതാം വർഷത്തിലേക്കു കാലെടുത്തുവയ്ക്കുന്ന ലിവർപൂളിലെ ആദ്യ മലയാള സംഘടനയായ ലിമക്ക് എല്ലാവിധ മംഗളങ്ങൾ നേരുന്നതോടൊപ്പം വരുംകാലങ്ങളിൽ ഒരിക്കലെങ്കിലും ലിമയുടെ ഒരു പരിപാടിയിൽ കുടുംബസമേതം പങ്കെടുത്ത് നിങ്ങളെ എല്ലാവരെയും വീണ്ടും കാണുവാനുള്ള അനുഗ്രഹം സർവേശ്വരൻ നല്കുമെന്നുള്ള പ്രതീക്ഷയോടും പ്രാർഥനയോടും കൂടെ എന്റെ ഈ ഓർമക്കുറിപ്പ് നിങ്ങൾക്കായി സമർപ്പിക്കുന്നു .

*ഒത്തിരി സ്നേഹത്തോടെ*
*നിങ്ങളുടെ*
**ടിജോ തോമസ് പ്രാലേൽ**
മുൻ ലിമ പ്രസിഡന്റ്
ബ്രിസ്ബയിൻ, ഓസ്ട്രേലിയ

TOMFIN

# Tomfin Pvt. Ltd.

INTERNATIONAL FINTECH INSTITUTION

INDIA | SINGAPORE | DUBAI

FOREX | CRYPTO | STOCKS

EQUITY | COMMODITY

- LEARN KEY PRINCIPLES AND BELIEFS TO DEVELOP GOOD HABITS
- DECIDE WHAT MARKET TO TRADE
- DISCUSS OPTIONS WITH EXPERIENCED PROFESSIONALS
- REVIEW TRIED AD TESTED TRADING STRATEGIES
- APPLY MONEY MANAGEMENT RULES

MANAGING DIRECTOR
**AIVIN TOM**
+91 9048334175

GENERAL MANAGER
**KEVIN TOM**
+91 9539251671

OPERATIONAL MANAGER
**GLEN**
+91 8086157080

SENIOR EXECUTIVE
**ASHWIN**
+91 9656828182

www.tomfin.co    tomfin.edu@gmail.com

കവിത



തോമസുകുട്ടി ഫ്രാൻസിസ്

# നൊമ്പരപ്പിണരുകൾ...



മേലേ.... ഇരുണ്ട ആകാശത്ത്
കൺചിമ്മാൻ മറന്ന്
നക്ഷത്രങ്ങൾ മൂകരായിരിക്കുന്നു.
താഴെ.... മരണത്തിന്റെ താഴ്‌വരയിൽ
ആർക്കോ വെളിച്ചം കാട്ടി
മിന്നാമിനുങ്ങുകൾ പാറിപ്പറക്കുന്നു....

ഈ താഴ്‌വരയിൽ അവർ എല്ലാരുമുണ്ട്....
പിന്നിൽ കരയുന്ന കടിഞ്ഞൂൽ പിറവിക്ക്
ആദ്യ മുത്തവും അമ്മിഞ്ഞപാലും കൊടുക്കാനാവാതെ
പറന്നു പോയവൾ മുതൽ
ആയിരം പൂർണ്ണ ചന്ദ്രതാരകങ്ങളെ കണ്ട
ഭാഗ്യശാലികൾ വരെ....
ഒന്നിച്ച് ഒരേ മണ്ണിൽ....
ഒരേ കുഴിയിൽ...

ഒരിറ്റു പ്രാണവായുവിനായ്
ഉയിർന്നു താഴുന്നൂ നെഞ്ചിൻ കൂടൂകൾ....
ജാതി വർണ്ണങ്ങൾ പോയ്മറഞ്ഞ പച്ചമനുഷ്യർ....
ഉഷ്ണമാപിനികളേ വിട....
കണ്ണീരില്ലിവിടെ, കരച്ചിലുമില്ല
പൂക്കളും പുഷ്പചക്രങ്ങളുമില്ല
മെഴുകുതിരിയും സുഗന്ധധൂപവുമില്ല
ഒരു തുണ്ട് തുണികൊണ്ട് മൂടി അതിന്മേലെ ചൊരിയും
ആർദ്ര ചുംബനങ്ങളുമില്ല....

ഒരണുവിൻ സംഹാര താണ്ഡവത്തിൽ
വെട്ടിപ്പിടിച്ചതും നേടിയതുമൊക്കെ
അന്യമായ് തീരുന്നീമൃതിതൻ കല്പടവിൽ....




























**HOME FOODS ASIA LTD**
Unit 16, Wilson Road,Huyton Business Park Huyton, Liverpool L36 6JG
Tel : 07725548642 Email :homefoodsasia@gmail.com,Vat Reg No : 366940759





വിലപേശി വാങ്ങിയ കല്ലറകൾ
കാറ്റുംകൊണ്ടേങ്ങോ മയങ്ങുമ്പോൾ
ശുഭ്ര പുഷ്പാലംകൃത മഞ്ചലുകൾ
കാത്തിരുന്നു മുഷിയുമ്പോൾ
വിഴുപ്പുകെട്ടുപോൽ വരിഞ്ഞുകെട്ടിയ
ചലനമറ്റ മേനികൾ....

നാലുപേർ നാലു മൂലകളേന്തിയ വിരിപ്പിനുള്ളിൽ
പാഴ്തടികൾ പോലുരുണ്ടു....
പിന്നെയുരുണ്ടു വീണൂ....
നെഞ്ചു പിളർന്ന ഭൂമിതൻ അന്തരാളങ്ങളിൽ
പോയ് മറഞ്ഞു....

മൂകമാം ഭാഷയിൽ വിടചൊല്ലും ദേഹിതൻ
ശമനതാളം മുഴങ്ങുന്ന വേളയിൽ
ഇല്ല, വിലാപഗീതങ്ങളും വാദ്യഘോഷങ്ങളും
ആളില്ലാരവുമില്ല
പിന്നെയോ....
ആളാം വീതം ആറടിമണ്ണുമാത്രം പോരുമീ
മൃത്യു ഭൂമികയിൽ പൊലിയുന്നു ദേഹങ്ങൾ
അതിവേഗം പഞ്ചഭൂതങ്ങൾക്കുമാഹാരമായ്.

വാതിലകങ്ങളിൽ
ഒരുനോക്കു കാണാൻ വെമ്പും തോരാത്ത കണ്ണുകൾ.
അജ്ഞാത തീരത്തെങ്ങോ കൂട്ടിവയ്ക്കുന്നുണ്ട്
ഓരോ തുള്ളിയും തർപ്പണം ചെയ്തിടാനായ്....

ആദിയും അന്ത്യവുമായവൻ തൻ കരവിരുതായ്
മണ്ണിൽ തീർത്ത മനുജനോ സുഖസാഗരത്തിൽ
നീരാടി മറന്നൂ തവ ചൈതന്യവും പിന്നിട്ട വഴികളും....
പുതിയ പാഠം ചൊല്ലിക്കൊടുക്കുന്നിവിടെ
ജീവിതം ശേഷിച്ചവർക്കായ്
പറന്നു പോകുമാത്മാവുകൾ...

ചെവി ചായ്ക്കുമോ ഹേ മനുഷ്യാ,
ദുരന്ത കഥകൾക്കറുതി ചൊല്ലുമോ നീ?
ഇതൊരു നവ പാഠാവലി....
ശിഷ്ട ജീവിതത്തിനു നേർവഴി....
നവസൃഷ്ടിയായ്
പുതു യുഗത്തിനായ്
കാത്തിരിക്ക നീ....

---

**(Covid- 19 ന്റെ കരാള ഹസ്തങ്ങളിൽ അമർന്ന്
ഉറ്റവർപോലും ഒരുനോക്കു കാണാതെ, കൂട്ട മൃതസം
സ്കാരത്തിനു വിധേയരായ ഹതഭാഗ്യരുടെ സ്മരണക്ക്.)**

## MALABAR CHOICE

MALABAR CHOICE
FROM THE FOOTHILLS OF EASTERN GHATS



## MAGIC TASTES

MAGIC TASTES






AQUA FEAST

## AQUA FEAST



**HOME FOODS ASIA LTD**
Unit 16, Wilson Road,Huyton Business Park Huyton, Liverpool L36 6JG
Tel : 07725548642 Email :homefoodsasia@gmail.com,Vat Reg No : 366940759

Article



# The downside of DOWRY

The ominous atmosphere is intoxicated by the sense of fleeting dreams and hopes for a happily ever after. The words that every girl dreams off, do you want to marry me ?Little do you know you are 1 in 8000 women in India alone to be brutally killed by the social pandemic that is dowry.

As a woman born in the western world, the word "dowry" can often sound archaic and a detached concept that we only witness through the lense of tales from distant family. However, for those ,especially among Asian countries, it's an ongoing tradition that views women as price tags and items for their own financial gain for their husbands. Coming in many forms, dowry does not simply have to be hard cash but as other gifts such as livestock or property.

There is the question of why does this exist as such a staple standard in these countries? The origin of this now ignorant ordeal was actually first introduced to protect women. Before the colonisation by Britain, dowry was treated as a form of insurance and gift that the bride's family gave to the bride herself as typically the son would inherit land so it was given to protect the bride's financial security during her married life. However, through colonisation and under British rule the security to women that dowry offered vanished as the British forced upon them the system of coverture- a legal bond that makes both husband and wife one constitutional entity. Theoretically this system would've been a 50:50 split of assets for both partners, however the tragedy of what followed was that the legal rights of the woman were being suffocated by the man's legal rights.

8,233 a year, 7,000 alone in India, 20 women a day all burnt, tortured or took their own lives from dowry related incidents even after its ban in India in 1961. Dowry not only ranks up death tolls of poor brides who have become a victim of their husbands demands, but is also a deeper burden to family involved in such tragedies. Many lower-income families take loans to pay for their daughter's dowry, some ranging up to around 50,000 rupees - enslaving them in a cycle of debt which is impossible to escape from during their life-time especially when the loan was taken with interest, piling up upon the years. This issue isn't as dated as it may seem, from as late as 2016 Priyanka from Kerala, whose family work long hours with little pay were obliged by social pressure to pay 200,000 rupees in dowry- an unfathomable amount for factory workers to pay off. With no other means they were forced to take out a 20,000 loan with the additional 30% interest which they still struggle to pay back. The groom's family became hostile, harassing and attacking Priyanka until the due amount was paid while her husband had affairs with other women due to him declaring that she was "not of his standard "however still demanding through means of violence that it be paid.

Issues like these are not an isolated case. Dowry is only one of the bars that jails women in Asia, other social prejudices being the caste system and skin colour are other uncontrollable aspects that torment these women's lives. If you value the rights of your mother or sister, why are you oblivious to these women's pleas for help?



Janet Biju

IDEALISTIC

FINANCIAL SERVICES LTD.

# IDEALISTIC FINANCIAL SERVICES LTD.

- LIFE INSURANCE
- INCOME PROTECTION
- CRITICAL ILLNESS COVER
- ACCIDENT SICKNESS & UNEMPLOYMENT
- HOME INSURANCE

- MORTGAGE & REMORTGAGE *
- BUY TO LET *
- COMMERCIAL INSURANCE *
- WILL WRITING *
- PRIVATE MEDICAL INSURANCE *
- LANDLOAD INSURANCE

**VARGHESE C SCARIA**

01223 618102 (Off)
07475 400443

varghese.idealistix@gmail.com

Office number 17 Barnwell House,
Barnwell Business Park,
Barnwell Dr CB5 8UU

www.idealisticinsurance.com

* WE PROVIDE REFERRAL SERVICE

Idealistic Financial Services Ltd is an appointed representative of HL Partnership Limited which is authorized and regulated by the Financial Conduct Authority.

Idealistic Financial Services Ltd is registered in England & Wales with company number 9629339. The registered office address is 10 Speedwell close, Cherry Hinton, Cambridge, CB1 9YZ.

# ഓർമകളിൽ ലിമ



**ആശിഷ് ജോസഫ്**
**മഠത്തിൽപറമ്പിൽ**

**മലയാളത്തിൻ സൗരഭമല്ലോ**
**മനോഹരിയാമി ലിമ**
**മലനാടിന്റെ പ്രിയമകളാമി ലിമ.**
**ഉണർന്നു വിടർന്നു പടരട്ടെ**
**സ്നേഹം കൊണ്ടു നിറയട്ടെ.**
**നിതാന്തനിത്യ സർഗ്ഗാലയമായ്**
**ലിമയെന്നൊരീ മഞ്ജുമനോജ്ഞ സുന്ദരി...!**

ലിവർപൂൾ മലയാളി അസോസിയേഷൻ എന്ന ലിമ പിറന്നിട്ടു ഇരുപത് രജത വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. മില്ലെനിയത്തിൽ ഈ സംഘടന പിറവി കൊള്ളുമ്പോൾ നാമൊക്കെ സ്വപ്നം കണ്ടതിലുമേറെ ഇന്ന് ലിമ വളർന്നിരിക്കുന്നു. സർഗ്ഗാത്മകതയുടെ ഒരു കൂട്ടായ്മയാണ് ഇന്ന് ലിമ ഒപ്പം അനവധി സേവന പ്രവർത്തനങ്ങളും കേരളമെന്ന മനോഹരമായ വീട് വിട്ട് സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ സ്പന്ദനത്തിന്റെ ഭാഗമായി തീർന്ന നമുക്ക് ലിമയൊരുക്കുന്ന കൂട്ടായ്മ മലയാണ്മയിലേക്കുള്ള സ്വപ്ന സഞ്ചാരമാണ്....

**അടരുവാൻ വയ്യ നിൻ ഹൃദയത്തിൽ**
**നിന്നെനിക്കേതു സ്വർഗ്ഗം വിളിച്ചാലും....**
**ഉരുകി നിന്നാത്മാവിനാഴങ്ങളിൽ വീണു**
**പൊലിയുമ്പോഴണെന്റെ സ്വർഗ്ഗം**
**നിന്നിലടിയുന്നതേ...നിത്യസത്യം...!**

എന്ന് കവി ശ്രീ മധുസൂതനൻ മാഷ് പാടിയ അതേ മലയാളത്തിന്റെ മക്കളായ നമ്മൾ പോകുന്നിടത്തൊക്കെ എന്നുംഎല്ലാ കാലത്തും മലയാണ്മ അതിന്റെ എല്ലാ ശോഭയോടും കൂടിയുണ്ടാകുമെന്നതിന്റെ കൂടി ഉദാഹരണമാണ് ലിമ.

പാരസ്പര്യത്തിന്റെ കണ്ണികൾ അകന്നു പോകാതെ എല്ലാവരെയും ഒരുമിപ്പിച്ചു മുൻപോട്ട് കൊണ്ടുപോകാൻ ലിമയുടെ ഇതുവരെയും ഉള്ള നേതൃത്വം എടുത്തിട്ടുള്ള ശ്രമങ്ങളെ നിറഞ്ഞ ഹൃദയത്തോടെ മാത്രമേ സ്മരിക്കാൻകഴിയുകയുള്ളു. നാളെ എന്ത് എന്നതിനേക്കാൾ ഇന്ന് എത്രത്തോളം മനോഹരമാക്കാൻ കഴിയുമെന്ന് തെളിയിക്കുന്നതാണ് ലിമയുടെ ഓരോ പ്രവർത്തനങ്ങളും. ഇങ്ങനെ ഒരു മഹത്തായ സംഘടനയുടെ ഭാഗമാകാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുകയാണ്. ഇനിയുമനേകഹൃദയങ്ങളിൽ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും കുളിർമഴ പെയ്യിച്ച് നിത്യസുന്ദരിയായി ലിമയിവിടെ ഉണ്ടാകട്ടെയെന്ന് സർവ്വേശ്വരനോട് പ്രാർത്ഥിച്ചുകൊണ്ട് ഈയുള്ളവൻ വാക്കുകളിൽ നിന്നും വിരമിക്കട്ടെ...

*മംഗളം.*
*സ്നേഹപൂർവ്വം,*
**ആശിഷ്ജോസഫ്**
മഠത്തിൽപറമ്പിൽ



## PERIYAR




## DAILY DELIGHT





# MESSAGE

Biju Peter
President - UUKMA
North West Region

The Union of the UK Malayalee Associations (UUKMA) Northwest Region takes its wholesome privilege and pleasure to congratulate Liverpool Malayalee Association on its spectacular performance of two decades and more.

Lima could establish its deep impact in the Liverpool Malayalee community in its far reaching involvement in the development of our community ever since its establishment. Going beyond the normal style and method of operations of a social organisation, Lima played its critical role in shaping the community in its social and cultural growth by confronting issues from the forefront.

The UUKMA (North west Region) profoundly appreciates the hard work and tremendous efforts put in the management of Lima by its stalwarts, right from the very beginning to now a commitment that is pleasingly envious.

Let Lima scale greater heights in its service to the community in splendour in the years to come and testify its historical role fructified.

# LIMA 2019

## Cultural Programs








# LIMA 2018

## Cultural Programs


















*With Best Compliments from*



***Sojan Thomas, Tessy Sojan***
***Maria Sojan, Thomas Sojan***

Proud members of lima family...

# ആലീസെന്റെ ലാവണ്ടർ



**ലോക്കിൽ നിന്നു മുന്നൂറു വാര മാറിയാണു 'ലോക്ക് ഇൻ' നിൽക്കുന്നത്. ഞങ്ങളിവിടെ വന്നിട്ട് അന്ന് ഏഴാമത്തെ പകലായിരുന്നു. അന്നു രാത്രിയാണ് ലോക്കിലൂടെ ബോട്ട് കടന്നുപോകുന്നത് കാണാൻ പറ്റുക. അങ്ങനെയാണ് ആലീസെൻ പറഞ്ഞത്. ലോക്കിലൂടെ ബോട്ട് കടന്നു പോകുന്നതു കാണാൻ ഞങ്ങൾ അത്രക്ക് ആഗ്രഹിച്ചിരുന്നു.**

ആഗസ്റ്റ് ഒന്നുമുതൽ ഏഴു വരെയുള്ള ഏഴു രാത്രികളാണ് ബുക്ക് ചെയ്തിരുന്നത്. ഓറഞ്ചിനും നിയോണിനും വളരെ ഇഷ്ടപ്പെട്ടു ബുക്ക് ചെയ്തതാണ്. അവർക്കിഷ്ടമായാൽ മഹിമ അതുമായങ്ങു പൊരുത്തപ്പെടും. എയർ ബി ആൻ ബി യിൽ പടങ്ങൾ കണ്ടപ്പോൾ എനിക്കും നന്നേ ബോധിച്ചു. ഓറഞ്ചു തന്നെ മുന്നിട്ടു നിന്ന് ആലീസെനെ വിളിച്ചു സംസാരിച്ചു. സൈറ്റിൽ പറഞ്ഞിരുന്നതിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ആലീസ് ലോക്ക് ഹൗസ് ഏഴു രാത്രിക്ക് സമ്മതിച്ചപ്പോൾ എനിക്കും മഹിമക്കും അത്ഭുതം തോന്നിയിരുന്നു. ഒരു കുടുംബം വന്നു താമസിക്കുന്നതിന്റെ സന്തോഷത്തിലാണ് കുറഞ്ഞ തുകയ്ക്കു സമ്മതിച്ചതെന്ന് ആലീസെൻ ഓറഞ്ചിനോടു പറഞ്ഞു.

നാലു കിടക്കകളും ആകെയുള്ള ഒരൊറ്റ കിടപ്പുമുറിയിലാണെന്നു കണ്ടിട്ടും താമസിക്കാൻ തയാറായ കുടുംബത്തോട് ആദരവാണെന്നവർ പറഞ്ഞു പോലും. നിയോണിനു തന്നെ 16 കഴിഞ്ഞു. ഓറഞ്ചിന് അവനേക്കാൾ 6 വയസ് കൂടുതലുണ്ട്. വന്നു കയറിയ ദിവസം തന്നെ ആലീസെനെ കാണുമെന്നു കരുതിയതാണ്. അതുണ്ടായില്ല. ഇൻലേയ്ക്കു കടക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഇ മെയിലിലൂടെ തന്നിരുന്നു. ഉച്ചക്കായിരുന്നു ചെക്ക് ഇൻ. ഞങ്ങളുടെ പ്രതീക്ഷയിലും കവിഞ്ഞ മനോഹാരിത ആ തടി വീടിനുണ്ടായിരുന്നു. വിശേഷപ്പെട്ട അലങ്കാര വസ്തുക്കൾ അതു വാങ്ങി വച്ച ആളിന്റെ അഭിരുചികൾ വിളിച്ചു പറയുന്നുണ്ടായിരുന്നു. എന്നെ ഏറ്റവും ആകർഷിച്ചത് വീട്ടിൽ അവിടവിടെ വച്ചിരുന്ന ചെറിയ ബുദ്ധ പ്രതിമകളായിരുന്നു.

ലോക്ക് ഇന്നിലെ ആദ്യ പ്രഭാതത്തിൽ ആലീസെൻ ഞങ്ങളെ വന്നു കണ്ടു. വളരെ സുന്ദരിയായിരുന്നു അവർ. ഒരെഴുപതിനടുത്തു പ്രായം വരും. അവരുടെ പ്രായം ഓറഞ്ചിനെ അതിശയിപ്പിച്ചു. നന്നേ ചെറുപ്പക്കാരിയായ ഒരാളെയാണ് ഓറഞ്ച് സങ്കൽപ്പിച്ചതും ഞങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചതും.

'വേണ്ട സൗകര്യങ്ങളൊക്കെയില്ലേ?'

ചെറിയ സംഭാഷണത്തിനു ശേഷം പോകാൻ തുടങ്ങും മുമ്പ് അവർ ഉപചാരപൂർവ്വം ചോദിച്ചു.

'ഉവ്വ്. ഞങ്ങൾ സന്തോഷത്തിലാണ്. താങ്ക്സ്.'ഞാൻ പറഞ്ഞു.

അന്നേരം മഹിമ അവരോട് ലോക്കിലൂടെ ഏപ്പോഴൊക്കെ ബോട്ടുകൾ കടന്നുപോകുമെന്നു ചോദിച്ചു. ആലീസെന്റെ മുഖം വിവർണ്ണമായതുപോലെ തോന്നിച്ചു. വളരെ കുറഞ്ഞ ശബ്ദത്തിൽ അവർ പറഞ്ഞു, നദിയുടെ ഈ ഭാഗം അങ്ങനെ ഉപയോഗത്തിലില്ല. 1892 ലെ ഒരു പ്രളയത്തോടെ അതിനു മറ്റൊരു പാത കിട്ടി. ഗതാഗതത്തിന് ആളുകൾ ആ വഴിയാണ് കൂടുതലും ഉപയോഗിക്കുന്നത്.

വീതികുറഞ്ഞ ഈ ഭാഗവും ലോക്കും മില്ലുമൊക്കെ സ്മാരകങ്ങൾ പോലെ കൗൺസിൽ നില നിറുത്തുകയാണ്. ഞങ്ങൾക്ക് വിഷമമായി. താമസസ്ഥലത്തിനടുത്തുള്ള ലോക്ക് ഉപയോഗത്തിലുള്ളതാണോയെന്ന് ഞങ്ങളാരും പരിശോധിച്ചുറപ്പു വരുത്തിയിട്ടില്ലായിരുന്നു.




# FRESHMART SUPERSTORE







## 0151 733 3595

26 Smithdown Road, Liverpool, United Kingdom

വാട്ടർ മിൽ എന്തായാലും പ്രവർത്തിക്കുന്നതാവില്ലെന്നറിയാമായിരുന്നു.

'കഷ്ടമായിപ്പോയല്ലോ!' അറിയാതെ മഹിമ പറഞ്ഞു പോയി.

ഉടനെ ആലീസെൻ പറഞ്ഞു: 'ഞാനത് ഇ മെയിലിൽ വിശദീകരിച്ചിരുന്നു. നിങ്ങൾ ശ്രദ്ധിച്ചു കാണില്ല'. ഞങ്ങളാരും ഒന്നും പറഞ്ഞില്ല.

'സങ്കടപ്പെടേണ്ട.'

ആലീസെൻ പെട്ടെന്നെന്തോ ഓർമ്മിച്ച പോലെ പ്രസന്ന ഭാവത്തിലായി. ആഗസ്റ്റ് 7 ശനിയാഴ്ചയല്ലേ? ടോമിന്റെ ബോട്ടന്ന് ലോക്ക് കടക്കും. ശനിയാഴ്ച രാത്രി പതിനൊന്നരയ്ക്ക് മുമ്പ് ലോക്കിനടുത്തേയ്ക്ക് പോരു. ഞാനും അവിടെ വരാം'.

ഞങ്ങൾക്ക് എന്തെന്നില്ലാത്ത സന്തോഷം തോന്നി. കോവിഡ് ലോക്ക് ഡൗൺ പൂർണ്ണമായി മാറിയ ശേഷം ഞങ്ങളുടെ ആദ്യത്തെ യാത്രയും വീടുവിട്ടുള്ള താമസവുമാണ്. അതിലേറ്റവും കൂടുതൽ ആഗ്രഹിച്ച കാര്യം ബോട്ട് ലോക്ക് താണ്ടുന്നതു കാണാനായിരുന്നു. ഇംഗ്ലണ്ടിലും വെയിൽസിലും കൂടി 1569 ഓളം ലോക്കുകൾ ഉണ്ടെങ്കിലും ഞങ്ങൾക്കിതുവരെ അതിലൊന്നു പോലും നേരിട്ട് കാണാൻ കഴിഞ്ഞിട്ടില്ല. യൂ ട്യൂബിൽ കുറേ വീഡിയോകൾ ഞാൻ കണ്ടിരുന്നു. എങ്കിലും നേരിട്ടൊന്നു കാണുന്നത് വേറിട്ട അനുഭവം തന്നെയായിരിക്കും.

ഒരു ചൈനാ ഫ്ളവർ വേസിൽ ഒരുകെട്ട് ലാവണ്ടർ പൂക്കൾ തന്നുകൊണ്ട് ആലീസെൻ യാത്ര പറഞ്ഞു. ശനിയാഴ്ച വൈകീട്ട് കാണാമെന്ന് അവർ ആവർത്തിച്ചു. അന്നു പകൽ മുഴുവൻ ഞങ്ങൾ ഗ്രാമത്തിലെ ചെറിയ റോഡുകളിലൂടെ നടന്നു സമയം ചെലവിട്ടു. ചെറിയൊരു മാർക്കറ്റ് പ്ലേസ് ഉണ്ടായിരുന്നിടത്ത് പോയി. 1700 കളിൽ നവീകരിക്കപ്പെട്ട കെട്ടിടങ്ങളിൽ പ്രൗഢിയോടെ പ്രവർത്തിക്കുന്ന ചരിത്രമോതുന്ന കടകൾ. ഒരു ചെറിയ മ്യൂസിയം. പൈതൃകം പകിട്ടു കുറയാതെ കാത്തുവയ്ക്കുന്ന പല പല കാര്യങ്ങൾ. അതിൽ വിളക്കുകാലുകളും അരമതിലുകളും പാർക്കിംഗ് സ്പേസുകളും ഉൾപ്പെടും.

വൈകുന്നേരം ലോക്കിൽ നിന്ന് വളരെ ദൂരെയല്ലാത്ത ലോക്ക് ആംസ് എന്നു പേരുള്ള ഹെറിറ്റേജ് പബ്ബിൽ നിന്നാണ് ഞങ്ങൾ ഭക്ഷണം കഴിച്ചത്. അന്നേ ദിവസം പബ്ബ് രാത്രി 11.15 വരെ തുറന്നിരിക്കുമെന്ന് നടത്തയ്ക്കിടയിൽ വായിച്ചറിഞ്ഞിരുന്നു.

പബ്ബിലിരുന്ന സമയം ആനന്ദകരവും അവിശ്വസനീയവുമായിരുന്നു. അന്നേ ദിവസം പബ്ബിൽ വന്ന ഗ്രാമവാസികളെല്ലാം ഒരു പ്രത്യേക ഡ്രസ് കോഡ് സ്വീകരിച്ചിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ നിലവിലിരുന്ന വസ്ത്രങ്ങളാണ് അവരെല്ലാം അണിഞ്ഞിരുന്നത്. പബ്ബിനു പുറത്ത് മൂന്നോ നാലോ കുതിരവണ്ടികൾ നിറുത്തിയിരുന്നു.

പാനീയങ്ങളും ഭക്ഷണവും വിളമ്പിയിരുന്നത് പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രചാരത്തിലിരുന്നിരുന്ന പാത്രങ്ങളിൽ തന്നെയായിരുന്നു. ലൈറ്റിംഗ് ആയിരുന്നു ഏറെ ആകർഷകം. റാന്തലുകളും മെഴുകുതിരി വിളക്കുകളും വലിയ കണ്ണാടി ഗ്ലോബുള്ള കാർബൺ ഫിലമെന്റ് ഇലക്ട്രിക് ബൾബുകളും അടങ്ങുന്നവ പരത്തുന്ന മഞ്ഞ വെട്ടത്തിന്റെ മനം നിറഞ്ഞ പുഞ്ചിരി. പബ് ലേഡി ഞങ്ങളോട് വളരെ ആതിഥ്യമര്യാദ കാട്ടി. മറ്റുള്ളവരും സ്നേഹത്തോടെ തന്നെ ഇടപെട്ടു.

ഞങ്ങൾ പന്നിയിറച്ചിയടക്കമുള്ള വിഭവങ്ങൾ കഴിക്കുമെന്നു കേട്ട് ഏതാനും പേർ അത്ഭുതം കൂറി. പബ്ബിലുണ്ടായിരുന്ന എല്ലാവരും ടോമിന്റെ ബോട്ട് ലോക്ക് താണ്ടുന്നത് കാണാൻ കാത്തിരിക്കുകയാണെന്ന് ഞങ്ങളറിഞ്ഞു. ഞാനും മഹിമയും ഒരുപാട് വൈൻ കുടിച്ചു. ഓറഞ്ച് അത്രയധികം കഴിച്ചില്ല. നിയോൺ പുളിപ്പിക്കാത്ത മുന്തിരിച്ചാറാണ് കുടിച്ചത്.

പതിനൊന്നു പത്തോടെ എല്ലാവരും ലോക്കിനടുത്തേക്കെത്തി. പത്തുമുപ്പതു പേരിൽ കുറയാത്ത ഓരാൾക്കൂട്ടമുണ്ടായിരുന്നു അവിടെ. ലോക്കും പരിസരവും സ്വർണ്ണ വെളിച്ചത്തിൽ മുങ്ങിക്കിടക്കുന്നു. ഒട്ടനവധി തീവെട്ടികൾ എരിഞ്ഞു നിൽക്കുന്നു. ഒരു പ്രാദേശികാഘോഷത്തിന്റെ പ്രതീതി. 11.21 ന് ബോട്ടെത്തി. തടികൊണ്ടുണ്ടാക്കിയ ഇടത്തരം ബോട്ട്. ലോക്കിന്റെ ഇരുമ്പു ഗേറ്റുകൾക്കപ്പുറം ബോട്ടടുത്തു. രണ്ടു പേർ ഇറങ്ങി വന്ന് ബോട്ട് കുറ്റികളിൽ കെട്ടിയിട്ടു. എന്നിട്ടവർ കരയിലൂടെ നടന്നു വന്നു. ഗേറ്റിന്റെ വലിയ ഓപ്പറേറ്റിംഗ് ലീവറിനടുത്ത് പുരുഷൻ നിന്നു. ടോമാണ് അതെന്നു ഞങ്ങൾ ഉറപ്പിച്ചു.






***Jinoy & Family***
48 Manor Drive Upton, Wirral
CH49 6JF.

Proud members of lima family...



'ആലീസെൻ ചെന്ന് ഷട്ടറിട്. എന്നിട്ട് അപ്പുറത്തുവാ'
'ശരി'
ആലീസെൻ ഞങ്ങളുടെ നേരേ കൈ വീശി. 'സന്തോഷായില്ലേ?'

ഞങ്ങൾ നിറഞ്ഞ ചിരികൊണ്ട് മറുപടി പറഞ്ഞു.

ആലീസെൻ ഷട്ടറിട്ടു. എന്നിട്ട് ലോക്ക് ഗേറ്റിന്റെ മറുവശത്തെ ലീവറിനടുത്തു ചെന്നു.

'റെഡി ?'

'റെഡി'

രണ്ടാളും കൂടെ ശരീര ഭാരം കൂടി ഉപയോഗിച്ച് ലീവർ ഓപ്പറേറ്റ് ചെയ്ത് വെള്ളം തുറന്നു വിട്ടു. താഴ്ന്ന ലെവലിൽ തടയണയായി നിന്ന ഷട്ടറിനിപ്പുറം, പുഴയുടെ ഉയർന്ന ഭാഗത്തിനൊപ്പം ജല നിരപ്പെത്തി. രണ്ടാളും കൂടി ബോട്ട് ഗേറ്റ് കടത്തിക്കൊണ്ടുവന്നു. എന്നിട്ടവർ ഗേറ്റ് അടച്ചു. ഷട്ടർ ഉയർത്തിയപ്പോൾ ബോട്ട് നദിയുടെ ഉയർന്ന ഭാഗത്തു നിന്ന് താഴ്ന്ന നിരപ്പിലെത്തി.

ആലീസെനും ടോമും കൈവീശി. ആളുകളും .

'ഡേവ് ഇവരെയൊന്നു ഇന്നിൽ വിട്ടേക്കു.
അവർ നടന്നു പോകണ്ട .'

അധികം പൊക്കമില്ലാത്ത ഡേവിഡ് അയാളുടെ കുതിര വണ്ടിയിൽ കയറ്റി ഞങ്ങളെ ഇന്നിൽ കൊണ്ടുവന്നു വിട്ടു. അകത്തു കയറിയ ഞങ്ങൾ സുഖമായി ഉറങ്ങി.

ഉണർന്നപ്പോൾ 9 മണി കഴിഞ്ഞിരുന്നു. പതിനൊന്നു മണിക്ക് ചെക്കൗട്ട് ചെയ്യണം. എല്ലാവരും പെട്ടെന്ന് തയ്യാറായി. ചടപടേന്ന് പാക്ക് ചെയ്തു. അപ്പോൾ പത്തേ കാലായിരുന്നു. തിരികെയുള്ള യാത്രയിൽ മഹിമ വണ്ടിയോടിച്ചു തുടങ്ങാമെന്നു പറഞ്ഞു. ഞാൻ സമ്മതിച്ചു. മുന്തിയതരം വൈനാണെങ്കിലും കൂടുതൽ കുടിച്ച കാരണം നല്ല തലവേദനയുണ്ടായിരുന്നു എനിക്ക്.

'മോളേ വണ്ടീടെ കീ എവിടെ ?'

'മമ്മീ സിറ്റിംഗ് റൂമിൽ ആലീസെന്റെ പടത്തിനു മുന്നിൽ വച്ചിട്ടൊണ്ട് '

മഹിമ ബാഗുകൾ കാറിൽ കൊണ്ടുചെന്നു വച്ചു. നിയോൺ അവളെ സഹായിച്ചു.

'പപ്പാ, ആലീസെൻ വരുന്നുണ്ട് നമ്മളെ യാത്രയാക്കാൻ . ഉടനെത്തും. '

'ഓക്കേ, ഒന്നുകൂടെ നന്ദി പറയാല്ലോ'

'അവർക്ക് നമ്മളോടും നന്ദി പറയണമെന്ന്.'

അഞ്ചു മിനിറ്റിനകം വാതിലിൽ മുട്ടു കേട്ടു. ഞാൻ ചെന്നു വാതിൽ തുറന്നു. നല്ല പൊക്കമുള്ള സുന്ദരിയായ ഒരു യുവതി. ഒരു മുപ്പത്തഞ്ചു വയസിൽ കവിയില്ല.

'സോറി', നിറഞ്ഞ ചിരിയോടെ അവൾ പറഞ്ഞു.

'സാധാരണ ഗസ്റ്റുകളെ ആദ്യ ദിവസം തന്നെ ഞാൻ വന്നു കാണാറുണ്ട്. നിങ്ങളുടെ കാര്യത്തിൽ ഇതുവരെ പറ്റിയില്ല. താമസം സുഖകരമായിരുന്നില്ലേ?'

'നിങ്ങൾ ആരാണ് ?'

'ആഹാ ! ഞാനോ ? ആലീസെൻ ലാവണ്ടർ. ഈ ഇന്നിന്റെ ഉടമ 'അവൾ നിന്നു ചിരിച്ചു.

മഹിമ എന്റെ കയ്യിൽ മുറുകെ പിടിച്ചു.

ഓറഞ്ചും നിയോന്നും പതുക്കെ ഞങ്ങളുടെ അടുത്തേയ്ക്ക് വന്നു. അവർ അവളുടെ കയ്യിലെ ഒരു കെട്ട് ലാവണ്ടർ പൂക്കളിലേയ്ക്ക് നോക്കി.

'അതെങ്ങനെ? ആലീസെൻ ഞങ്ങളെ രണ്ടാം തീയതി തന്നെ വന്നു കണ്ടല്ലോ. ഇന്നലെ രാത്രി ടോമിന്റെ ബോട്ടിൽ അവർ ലോക്ക് കടന്നു പോകുന്നത് കാണാൻ ഞങ്ങൾക്ക് സൗകര്യവും തന്നു. പബ്ബിൽ'.

മഹിമ ഒന്നു നിറുത്തി.

'ഒരു സാദ്ധ്യതയുമില്ല. ലോക്ക് 1892 നുശേഷം ഉപയോഗത്തിലില്ല. ലോക്ക് ആംസ് പബ്ബ് ഒരു സംരക്ഷിത മന്ദിരമാണ്. ഒരു ലോക്കൽ ലൈബ്രറിയാണവിടെ പ്രവർത്തിക്കുന്നത്. '

എന്റെ തലവേദന പോയി.

ഞാൻ ആലീസെന്റെ ഛായാ ചിത്രത്തിലേയ്ക്ക് നോക്കി. മഹിമയും മക്കളും അതു തന്നെ ചെയ്തു.

'എന്തേ ? '

ആലീസെൻ ചോദിച്ചു.

'ഇവരാണ് ഞങ്ങൾ കണ്ട ആലീസെൻ !'

'നോ വേ! അതെന്റെ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാൻഡ്മായാണ് . ആലീസെൻ തോമസ് . 1892 ൽ ലോക്കിലുണ്ടായ ബോട്ടപകടത്തിലാണ് ഗ്രാൻഡ് മായും ഗ്രാൻഡ് പായും മരിച്ചത് !'

'നോ വേ!' ഞങ്ങൾ ഒരുമിച്ചു പറഞ്ഞു പോയി.

വീണ്ടുമൊരിക്കൽക്കൂടി ഞങ്ങളാ ചിത്രത്തിലേയ്ക്ക് നോക്കി. അതിൽ ആലീസെന്റെ മരണ ദിവസം 1892 ആഗസ്റ്റ് 7 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

മുറിയിൽ ലാവണ്ടറിന്റെ പരിമളം നിറഞ്ഞു. അപ്പോൾ ആലീസെൻ പറയുന്ന കേട്ടു.

'മിസ്റ്റർ മഹേഷ്, നിങ്ങൾ എഴുതണം. യു ആർ റൊമാന്റിക്കലീ ഇമാജിനേറ്റിവ് ' അവൾ നിന്നു ചിരിക്കുന്നു.



മുരുകേഷ് പനയറ

# LIMA 2017

## Cultural Programs















# LIMA 2016

## Cultural Programs














# NUMB TO Nature



Amy Cyriac

Nature is something we all disregard,
A word usually associated with greenery,
Habitat, territory and domain,
Simple words that yield no feeling.


Reality plays through your window pane,
Every hour please appreciate the wonders of the world,
Casually, the seasons slip by undetected,
Leaves rustle past, acting as ammunition to the wind.

Winter gives way to icy evening chills,
That devour the warm air in its place,
Eating away at the last remains of summer,
Mother Earth reveals to us the harsh transitions of existence.

Hail is hurled and thrusted at the window,
Bursts of sound released upon sudden impact,
Hearing the concealed syllables of words,
Be exposed to your distress call from nature!

Climate is changing and our home is beyond disrepair,
Earth is crying and She is wounded by our actions,
Let this highlight the deep emotional connection you have
Newly acquainted with a force so intoxicating.

We must realise that nature is God's divulgence with us,
Cementing the core essence of biblical stewardship,
Reminding all humans to take care of his creation,
And to no longer be numb to His Nature.



# AN APPLE A DAY

*In summer my backyard yields different types of apples and our all-time favourite is the green apples. We make use of them by making apple pies, apple juice, apple pickle, apple halwa, apple cake, apple cider vinegar etc.*

**LET'S SEE HOW AN APPLE A DAY CAN QUITE LITERALLY KEEP THE DOCTOR AWAY!**

- It is an easily available, healthy snack.
- Good source of vitamin C and its antioxidant property helps to maintain the immune system.
- It contains a high proportion of fructose- a simple sugar which is metabolised very slowly, thus helping to control blood sugar.
- It has Bioflavonoids- which helps to protect against lung diseases.
- Traditionally, ripe uncooked apples are used to treat constipation because of its high fibre content. Boiled apples can be eaten for diarrhoea.
- It is also widely used in dressing packs to soothe skin inflammations.
- We can also preserve them by drying or freezing.

**Here I would like to share with you the recipes of Apple halwa and Apple Cider Vinegar.**

## APPLE HALWA

**Ingredients**

- Freshly peeled and diced apples- 1 Kg.
- Water- 1 cup
- Ghee- 3 to 5 tbsp
- Sugar- 750g/ according to the sweetness of the apples
- Cardamom/ Cinnamon / Nutmeg- optional.
- Nuts (Almonds, Cashews, walnuts)- optional.

**Method**

1. Boil apple with sugar and water. Once half cooked set aside.
2. In a pan heat ghee on medium heat. Once hot, add the cooked apples. Stir the apples till all the water is evaporated.
3. At this time add the spices according to your choice and continue stirring further for a more solid consistency.
4. Fry the nuts in ghee and garnish.
5. Cut into squares and enjoy!

## APPLE CIDER VINEGAR

**Ingredients**

- Crushed fresh apples with skin and core.
- Boiled cool water
- Sugar – 1 tbsp for 1 cup
- Vinegar or mother/mather (a gelatinous blob that develops on the top of your previous batch of vinegar)

**Method**

1. Fill the crushed apple in a glass / porcelain jar to its ¾th.
2. Stir sugar in the water and add it to the apples until its covered. Leave some space at the top of jar for aeration.
3. Add the mother/ mather or two spoons of apple cider vinegar (bought from shop)
4. Cover with a muslin cloth and tie the top securely and leave it in a dark place for 10 days. Stir it with a wooden spoon every alternate day.
5. After 10 days, strain the apple from the liquid. Set aside this liquid for another 21 days. If it has the taste and smell of vinegar, its ready



Renny Jose

# GUARDIAN EXPERT MORTGAGE SOLUTIONS

The key to making your dreams come true!




**LIDHEESHRAJ P THOMAS** MBA, CeMAP

Mortgage & Protection Advisor

Mobile: 07932626478

E-Mail: Lpthomas@birkdalewm.com

M : 07932626478

W : www.birkdalewm.com

Registered Office: 2a Swordfish Business Park, Swordfish close, Higgins Lane, Burscough, L40 8JW

Guardian Expert Mortgage Solutions is a trading style of Birkdale Wealth Management Ltd, an Appointed Representative of Quilter Financial planning Ltd and Quilter Mortgage Planning Ltd who are authorised and regulated by the Financial Conduct Authority.



ജെയിംസ് ആയല്ലൂർ




# ആത്മാവ്

**ഞാ**ൻ ഇന്നലെ മരിച്ചു. തികച്ചും ആകസ്മികമായ ആ ആഘാതത്തിൽ നിന്നും ഇനിയും മോചിതനായിട്ടില്ലാത്തതിനാലാണ് ഇതുവരെയും ഞാൻ നിങ്ങളുടെയടുത്ത് വരാതിരുന്നത്. ഇന്നെന്റെ ശവസംസ്ക്കാര ദിനമാണ്. വീടും നാടും നാട്ടുകാരും ഒരുങ്ങിക്കഴിഞ്ഞു. ഇതിന് മുമ്പ് ഞാൻ ഇത്രയേറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതും സ്വയം ആസ്വദിച്ചിട്ടുള്ളതും എന്റെ വിവാഹനാളിൽ മാത്രമാണ്. ആളും ആരവവും, പാട്ടും കൂത്തും, എന്തായിരുന്ന പൂരം!

ഞാൻ ഇന്നലെ മുഴുവനും ഇവിടുത്തെ സ്വകാര്യ ആശുപത്രിയുടെ ശീതികരണപ്പെട്ടിയിൽ (നിങ്ങളുടെ ഭാഷയിൽ മോർച്ചറി) ആയിരുന്നു. അതേ, ചീഞ്ഞു പോവാതിരിക്കാൻ. നിങ്ങൾ കാളയേയും, പോത്തിനേയും പന്നിയേയും ഒക്കെ ഫ്രീസറിൽ സൂക്ഷിക്കാറുള്ളതു പോലെ. മരിച്ചു കഴിഞ്ഞാൽ മനുഷ്യനും പോത്തും തമ്മിൽ നിങ്ങൾക്കെന്ത് വ്യത്യാസം. അല്ലേ? അതിരാവിലെ തന്നെ 'മോർച്ചറി ബ്യൂട്ടിഷൻ' എത്തി, കലാപരിപാടികൾ തുടങ്ങി. മേശ വലിപ്പ് തുറക്കുന്ന മാതിരി ഞാൻ കിടന്ന അറ തുറന്ന്, പൂർണ്ണ നഗ്നനായിരുന്ന എന്റെ 'നഗ്ന സൗന്ദര്യം' കണ്ട് ഊറിച്ചിരിച്ചു. മരണാനന്തരം എനിക്ക് ലഭിച്ച ആദ്യത്തെ അംഗീകാരം. അയാൾ കൊടുത്തിരുന്ന 'ചാർത്ത്' പ്രകാരം വീട്ടുകാർ വാങ്ങി കൊടുത്ത സാധനങ്ങൾ എല്ലാം കൃത്യമായി പരിശോധിച്ച് തനിക്കും വീട്ടുകാർക്കും വേണ്ടതെല്ലാം അയാൾ ആദ്യമേ തന്നെ അടിച്ചുമാറ്റി. കൂട്ടത്തിൽ ഞാൻ വിദേശത്തു നിന്നും വാങ്ങി വച്ചിരുന്ന വിലകൂടിയ എന്റെ 'സ്വന്തം ബ്രാൻഡ്' പെർഫ്യൂമും ഉണ്ടായിരുന്നു. ഭാഗ്യം ഞങ്ങൾ ശവങ്ങൾ ആരും വാച്ച് ഉപയോഗിക്കാത്തതുകൊണ്ട് എന്റെ 'റോളക്സ്' വാച്ച് നഷ്ടപ്പെട്ടില്ല. പൊട്ടിക്കാത്ത പായ്ക്കറ്റിലെ വിലകൂടിയ കസവുമുണ്ട് അടിച്ചുമാറ്റി, പകരം ഏതോ നാട്ടുകാർ എന്നോ ഉപേക്ഷിച്ചു പോയ ഏതോ ശവത്തിന്റെ പഴയ മുണ്ട് എന്നെ ധരിപ്പിച്ചു. നിറയെ പൂക്കളാൽ അലംകൃതമായ ശവത്തിന് ഉടുമുണ്ട് ഉണ്ടോ എന്ന് ആര് ശ്രദ്ധിക്കാൻ? അല്ലെങ്കിൽ തന്നെ ശവമായി കഴിഞ്ഞാൽ പിന്നെ എന്തു മാനം അല്ലേ? ഇതിനേക്കാൾ ഒക്കെ ഭയങ്കരം, ഇത്തിരി പൊങ്ങിയത് ആണെങ്കിലും നിരയായി ഉണ്ടായിരുന്ന എന്റെ 'കുഞ്ഞരിപ്പല്ലുകളും' എന്റെ കാമുകി എന്നും ഇഷ്ടപ്പെട്ടിരുന്ന സിഗരറ്റിന്റെ മണമുള്ള എന്റെ ചുണ്ടുകളും ചേർത്ത് 'ഫെവിക്കോൾ' വച്ച് ഒട്ടിച്ചു. മേലെ ഒരു ലിപ്സറ്റിക്കും പുരട്ടി. വിദേശമലയാളികൾക്ക് കണ്ടു രസിക്കാൻഉള്ള 'ലൈവ്സ്ട്രീമിംഗ്' കാണുന്ന മാന്യ പ്രേക്ഷകർ എന്റെ വൃത്തികെട്ട കോന്തൻ പല്ല് കാണണ്ടത്രേ! ജീവിച്ചിരുന്ന നാളിൽ ആയിരുന്നുവെങ്കിൽ ഈ കിടന്ന കിടപ്പിൽ തന്നെ കാല് മടക്കി അവന്റെ ചെവിക്കുറ്റി അടിച്ചു പരത്തിയേനെ... ഞാ എന്തുചെയ്യാം? ഞാൻ വെറുമൊരു ശവമായിപ്പോയില്ലേ?

ഏകദേശം രണ്ട് മണിക്കൂറോളം നീണ്ട് 'സൗന്ദര്യവത്ക്കരണ' പരിപാടികൾക്കവസാനം ഇത്രയും നേരം അക്ഷമരായി, പൂച്ചെണ്ടുകളും പുഷ്പഹാരങ്ങളുമായി കാത്തുനിന്ന വൻ ജനാവലിയുടെ ഇടയിലേക്ക് ഞാനിതാ എഴുന്നെള്ളുന്നു. ചില അല്പൻമാർ ആകട്ടെ കൊണ്ടുവന്ന പൂച്ചെണ്ടുകളിൽ സ്വന്തം പേരും സ്ഥാപനത്തിന്റെ പേരും വലുതായി എഴുതി വെച്ചിട്ടുണ്ട്. ഇനി ഇതൊക്കെ എന്റെ നെഞ്ചത്ത് ഞാൻ ചുമക്കണം. വെറും നൂറു രൂപയിൽ താഴെ മാത്രം ചെലവ് വരുന്ന ഈ ചീപ്പ് പബ്ലിസിറ്റി കൊണ്ട് അങ്ങ് അമേരിക്കയിലെ



HAPPY 50th

ANNIVERSARY

WEDDING ANNIVERSARY

50-ാം വിവാഹ വാർഷികം
ആഘോഷിക്കുന്ന മാതാപിതാക്കൾക്ക്
ആശംസകളോടെ

സിൻഷോ ബിജി,
അമൽ, നിർമ്മൽ, ഡാനിയേൽ



അച്ചായൻമാർ വരെ 'ലൈവായി' കാണും; എന്താ ബുദ്ധി! ഏതായാലും മോർച്ചറിക്ക് പുറത്ത് ഒരു മേശമേൽ തത്കാലം എന്നെ സ്ഥാപിച്ചു.

കൊച്ചു പിതാവിന് 'ഒപ്പീസ് ' ചൊല്ലണമത്രേ. പാവപ്പെട്ട അജഗണ ങ്ങളെ ആത്മീയ ഭിക്ഷുക്കൾ ആക്കി മാറ്റുവാൻ അക്ഷീണം പ്രയത്നിക്കുന്ന തിരുമേനി, വലിയ തിരക്കുകൾക്കിടയിലും അല്പസമയം കണ്ടെത്തി ഓടി വരാനിരിക്കുകയാണ്. വാസ്തവ ത്തിൽ അദ്ദേഹം എന്നെ അറിയുക കൂടിയില്ല. അമേരിക്കയിലെ അളിയൻ മുഖേന, അവിടുത്തെ സന്നദ്ധ സംഘടനകളിൽ നിന്നും മാസം തോറും ലഭിക്കുന്ന സംഭാവനകൾക്ക് വിഘ്നം സംഭവിക്ക രുതല്ലോ. അതിനാലാണ് ഈ എഴുന്നെള്ളുത്ത്. അങ്ങനെ കൊച്ചു പിതാവിന്റെ നേതൃത്വത്തിൽ മാനേജർ അച്ചനും ആശുപത്രി അന്തേ വാസികളായ കുറേ കന്യാസ്ത്രീകളും ചേർന്ന് നടത്തിയ ഒപ്പിക്കൽ പരിപാടിയും കഴിഞ്ഞ് ഈയുള്ളവൻ ജനമധ്യത്തിലേക്ക്.

പുഷ്പാലംകൃതമായ ചില്ലു ജാലകങ്ങൾ അതിരിട്ട ശീതികരിച്ച ആംബുലൻസിൽ ഈയുള്ളവൻ വീട്ടിലേക്ക്. എന്നെ സ്വീകരിച്ചാ നയിക്കുവാൻ കറുത്ത കൊടി മുന്നിലും പിന്നിലും കെട്ടിയ 101 കാറുകളാണ് സ്നേഹസമ്പന്നനായ ദുബായി അളിയൻ ഏർപ്പാ ടാക്കിയിരിക്കുന്നത്. പലതിലും ഡ്രൈവർമാർ മാത്രമേ ഉള്ളു. ദുഖാർത്തരായ ബന്ധുമിത്രാദികൾ നാലഞ്ച് കാറുകളിൽ ഇരുന്ന് പരദൂഷണം പറയുന്നു. കമ്പനി അടിക്കാൻ പറ്റിയ കുറേ ബന്ധു ക്കളും സുഹൃത്തുക്കളും ചേർന്ന് കുറച്ച് കാറുകളിലായി വെള്ളമടി തകർക്കുകയാണ്. സ്വതവേ പൊങ്ങൻ ആയ അളിയൻ അഞ്ചാറ് കുപ്പി സ്കോച്ചാണ് വീശിയിരിക്കുന്നത്. – മോൻമാർ ഒരെണ്ണം പോലും എനിക്ക് തരാതെ മോന്തുന്നു. രണ്ടെണ്ണം വീശി അളിയൻ ആരോടോ പറയുന്നു, 'ഒന്നിനും ഒരു കുറവ് ഉണ്ടാകരുതല്ലോ?'

ഞാൻ അങ്ങനെ നാടെത്തി. എന്തു സ്വീകരണമാണ് നാട്ടുകാർ ഒരു ക്കിയിരിക്കുന്നത്? വഴിനീളെ എന്റെ പുഞ്ചിരിതൂകുന്ന ഫ്ളെക്സ് ബോർഡുകൾ, എവിടെയും ആദരാഞ്ജലികൾ, കറുത്ത കൊടികൾ, എങ്ങും ശോക മൂകമായ അന്തരീക്ഷം. പണ്ട് പഞ്ചായത്തിൽ മത്സരി ച്ചപ്പോൾ പത്ത് വോട്ട് തികച്ചു തരാത്ത പരമനാറികൾ ചത്തുകഴി ഞ്ഞപ്പോൾ വഴിനീളെ കൊടി തോരണങ്ങൾ തൂക്കുന്നു... ഫൂ.... ഇതിന്റെയൊക്കെ പത്തിലൊന്ന് വോട്ട് കിട്ടിയിരുന്നെങ്കിൽ ഞാൻ ഈ പഞ്ചായത്ത് പ്രസിഡന്റായി വിലസിയേനെ, പോട്ടെ.

അങ്ങനെ ഞാൻ എന്റെ സ്വന്തം വീട്ടിലെത്തി. മുറ്റം നിറയെ വിശാല മായ പന്തൽ ഇട്ടിരിക്കുന്നു. കറുത്ത തോരണങ്ങൾ കൊണ്ട് വിതാനിച്ച, താഴെ ചുവന്ന പരവതാനി വിരിച്ച, ഉച്ചഭാഷിണി 'ബോക്സുകൾ' തലങ്ങും വിലങ്ങും സ്ഥാപിച്ചുണ്ട്. ഫാനുകൾ പോരാഞ്ഞിട്ട് ഇടക്കിടെ കൂളറുകളുമുണ്ട്. ഏതോ കലാകാരന്റെ കരവിരുത് മുഴുവനും പുറത്തെടുത്ത പുഷ്പാലങ്കാര പ്രദർശനം. വലിയ 'ഫ്ളവർവേസുകൾ' നിറയെ വെള്ള നിറത്തിലുള്ള പൂക്കൾ നിരത്തിയിരിക്കുകയാണ്. സ്വർണ്ണ കുരിശിലെ അരിമണികൾ മിക്കതും വീഡിയോ ലൈറ്റിൽ മിന്നി തിളങ്ങുന്നു. രണ്ട് തലമുറയുടെ ശവമടക്ക് മുഴുവനും കൂടിയ ഏകവ്യക്തി എന്ന നിലയിൽ വിനയാന്വ തിനായി തല കുമ്പിട്ടു നില്ക്കുന്നു ഇടവകപള്ളിയിലെ പഴയ കുരിശുരൂപം. ഈ പ്രകടനങ്ങൾ ഒക്കെ കണ്ട് നാണിച്ച് ഇടയ്ക്കിടെ കണ്ണുകൾ അടച്ച് നില്ക്കുന്ന മെഴുകുതിരി നാളങ്ങൾ.

ഞാൻ ഓർക്കുകയായിരുന്നു പഴയകാലത്തെ ശവസംസ്ക്കാര ചടങ്ങുകൾ. ഇടവകപ്പള്ളിയിലെ ഒറ്റയും പെട്ടയും നിറഞ്ഞ മരണമണികൾ... വീടുകൾ തോറും കയറിയിറങ്ങുന്ന ചാവറിയി പ്പുകാർ. ദൂരെ സ്ഥലത്തെ ബന്ധുക്കളെ വിവരം അറിയിക്കുവാൻ ലൈൻ ബസിൽ കയറിപ്പോകുന്ന നാട്ടുകാർ. തൊടിയിലെ കവുങ്ങും കമ്പും വെട്ടി പന്തലു തീർക്കുന്ന അയൽക്കാർ... വീട്ടു വഴിത്താര യിൽ എങ്ങും ട്യൂബ് ലൈറ്റുകളുടെ വെള്ളി വെളിച്ചം. 'മങ്ങിയൊരന്തി വെളിച്ചത്തിൽ' ഒപ്പീസ് ചൊല്ലുന്ന ഒരു പാട് സംഘങ്ങൾ. 'ഹയറിംഗ് സ്റ്റോഴ്സു' കാരിൽനിന്ന് വാടകയ്ക്ക് എടുത്ത, കമ്പികൾ കൊണ്ട് ഉറപ്പിച്ചു നിർത്തുന്ന മേശമേൽ നിറയേ മുറുക്കാൻ ചെല്ലങ്ങൾ, സിഗരറ്റ് കൂടുകൾ. അയൽപക്കത്തെ വീട്ടിൽ നിന്നും ഇടയ്ക്കിടെ എത്തുന്ന ആവി പറക്കുന്ന കട്ടൻകാപ്പികൾ... വീട് നിറയെ ബന്ധുമി ത്രാദികൾ. മുറ്റത്തെ പന്തലിൽ വെടിവട്ടവുമായി നേരം പുലരുവോളം കാത്തിരിക്കുന്ന അയൽപക്കക്കാർ... ഇന്ന് കാലം ഒത്തിരി മാറി തൊട്ടടുത്ത വീട്ടിലെ മരണം പോലും ഇപ്പുറത്ത് ഉള്ളവർ അറിയു ന്നില്ല. എല്ലായിടത്തും മതിലും ഗേറ്റും അൽസേഷൻ പട്ടിയും. ആരും അങ്ങോട്ട് പോകാറില്ല, ഇങ്ങോട്ടും. പണ്ടൊക്കെ ഒരു മുറ്റത്തു നിന്നും അടുത്ത വീട്ടിലേക്ക് കയറാമായിരുന്നു. ഒന്നിനും ഒരു മറ ഉണ്ടായിരുന്നില്ല. അവിചാരിതമായി അതിഥികൾ വരുമ്പോൾ അയൽ പക്കത്തെ വീട്ടിൽ നിന്നും മോരും കറിയും കടം വാങ്ങാൻ മടിയില്ലാതി രുന്ന സ്നേഹത്തിന്റെ നാളുകൾ...

ഇന്ന് ശവസംസ്ക്കാരത്തിന് മൂന്നാല് മണിക്കൂർ മുമ്പ് മാത്രമേ 'ശവങ്ങൾ' വരികയുള്ളൂ. 'കുടയും കുരിശും' കൂട്ടത്തിലച്ചനും (എല്ലാവരുടേയും കൂട്ടത്തിൽ കൂടുന്നയാളാണ് ഞങ്ങളുടെ വികാരി 'കൂട്ടത്തിലച്ചൻ') എത്തുന്നതിന് മിനിറ്റുകൾ മുമ്പ് മാത്രമേ നാട്ടുകാരും ബന്ധുക്കളും വരാറുള്ളൂ. ഒന്നിനും സമയമില്ല, എല്ലാവർക്കും തിരക്കാണ്. രണ്ടോമൂന്നോ അയൽപക്കക്കാർ എങ്ങാനും തലേന്ന് രാത്രി ഒൻപത് മണിവരെ കണ്ടാലായി. പത്ത് മണികഴിഞ്ഞാൽ ശവവും ഭാര്യയും കുട്ടികളും കാണും. പന്ത്രണ്ട് കഴിഞ്ഞാൽ ശവം മാത്രം! ആർക്കും ഉറക്കമിളക്കാൻ വയ്യത്രേ. അല്ലെങ്കിൽ തന്നെ ഈ ശവവും വച്ച് നേരം വെളുക്കു വോളം ആര് കാവലിരിക്കാൻ? രാവിലെ ഫ്രഷായി വീട്ടുകാർക്ക് ശവമടക്കിൽ പങ്കുചേരാം.

ഞാൻ അങ്ങനെ അതിവിശാലമായ പന്തലിന്റെ ഒത്ത നടുവിലെ അലംകൃതമായ മേശമേൽ കിടക്കുന്നു. 'ശവമെടുക്കാൻ' ഇനിയും ഒന്ന് രണ്ട് മണിക്കൂറുകൾ കൂടി ബാക്കിയുണ്ട്. നാട്ടുകാരുടേയും വീട്ടുകാരുടേയും തിക്കിത്തിരക്കലും ഫോട്ടോ എടുപ്പുകാരുടെ ബഹളവും ഏറെക്കുറേ കഴിഞ്ഞിരിക്കുന്നു. 'ലൈവ് സ്ട്രീമു'കാർ ക്യാമറ സ്റ്റാൻഡിൽ വച്ച് പന്തലിലിരുന്ന് 'ഫേസ്ബുക്ക് ' നോക്കുന്നു. വാസ്തവത്തിൽ ഇപ്പോഴാണ് ഞാൻ എന്നെ ഒന്ന് നോക്കുന്നത്. അതെങ്ങനെയാണ്, ആള് ഒന്ന് ഒഴിഞ്ഞിട്ടു വേണ്ടേ എനിക്ക് എന്നെയൊന്ന് കാണാൻ? മുഖം വല്ലാതെ കറുത്ത് കരുവാളിച്ചിരി ക്കുന്നു. എന്നും കണ്ണാടിയിൽ നോക്കി ആത്മഹർഷം കൊണ്ടിരുന്ന

# xaviers

Chartered Certified Accountants & Registered Auditors




*The Partner you can trust*

## SERVICES

- Audit
- Accounting
- Taxation
- Payroll
- Cloud Accounting
- Book keeping
- VAT and MTD
- Business stratups
- Consultancy

## SECTORS

- Solicitors – SRA Audits
- Hotels and restaurants
- Medical / Healthcare
- Retail and manufacturing
- Charities
- Small and medium business
- Self employed and partnership
- Properties

*Languages spoken: English & Malayalam*



CONTACT US

**Mijos Xavier** ACA, FCCA - Director - Mob: 07868 368 385

Recycling Lives Centre, 1A Essex Street, Preston, PR1 1QE


**Tel: 01772 439 023**

**email: info@xaviersaccountants.co.uk**

**www.xaviersaccountants.co.uk**

*Find us on:*

ACCA Think Ahead



എന്റെ പുഞ്ചിരി മായാത്ത മുഖം നിർവികാരമായി ഇതാ കിടക്കുന്നു. പ്രണയിനികളും എന്റെ ഭാര്യയുമൊക്കെ എന്നും വാഴ്ത്തിപാടിയിരുന്ന, എന്റെ ഇടതൂർന്ന കോലൻമുടി തലയിലെ പുഷ്പകിരീടത്താൽ മൂടപ്പെട്ടുപോയി.

ഞാൻ എന്ന മനുഷ്യൻ പിറന്നിട്ട് നാലു പതിറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. പിറന്ന നാടും പിച്ചവെച്ച വീടും നാൽപ്പത് വർഷത്തെ വ്യക്തിബന്ധങ്ങളും സൗഹൃദ കൂട്ടായ്മകളുമൊക്കെ ഇവിടെ അവസാനിക്കുന്നു. ഇനി ഞാനും ചുവരിലെ വെറുമൊരു ചിത്രം മാത്രം.

മേശക്കരികിലിരുന്ന് കണ്ണുനീർ വാർക്കുന്നു ഭാര്യ. ഒന്നരപതിറ്റാണ്ട് നീണ്ട ദാമ്പത്യ ബന്ധത്തിനൊടുവിൽ എന്താണാവോ അവൾക്ക് പറയാൻ ഉണ്ടാവുക? കർമ്മ ബന്ധങ്ങളുടെ മുൾക്കിരീടവും പേറിയുള്ള ഈ 'കുരിശു യാത്രയിൽ' സാന്ത്വനത്തിന്റെ പട്ടു തൂവാലയുമായി വന്ന 'വേറോനിക്കയെ' വേണ്ടവിധം ശ്രദ്ധിച്ചിരുന്നുവോ?... അറിയില്ല. അപ്പുവും മാളുവും... എന്റെ കുഞ്ഞുങ്ങൾ... ഈ കൈത്തണ്ടയിൽ തൂങ്ങി നടന്നവർ, എന്റെ നെഞ്ചിന്റെ ചൂടേറ്റ് ഉറങ്ങിയവർ... അപ്പുവിന് പൊടിമീശ വന്ന ദിവസം ഏറെ സന്തോഷിച്ചു. എന്റെ ജന്മ സാഫല്യം... പ്രകൃതിയോടും ഞാൻ നീതി പുലർത്തിയിരിക്കുന്നു. എന്റെ അടുത്ത തലമുറ ഇനി അവനിലൂടെ. ഞാൻ എന്തോ ഒക്കെ ഓർത്തുപോയി...

ഇതാ 'പള്ളി സാമാനങ്ങളും, പള്ളീലച്ചനും' വന്നു. പന്തൽ നിറയെ വീട്ടുകാരും നാട്ടുകാരും... ദൃശ്യങ്ങൾ മുറിയാതെ മുഴുവനായും ഒപ്പിയെടുക്കുന്ന വീഡിയോക്കാർ. കർമ്മങ്ങളും പ്രാർത്ഥനയും തുടങ്ങി. ചരമ പ്രസംഗം വല്ലാതെ ബോറാക്കി കളഞ്ഞു.

വികാരിയച്ചൻ ഞാനുമായി പുലബന്ധം പോലുമില്ലാത്ത കാര്യങ്ങൾ ഒക്കെ നിരത്തി ബഡായി വിളമ്പി. ഇതിലും എത്രയോ നന്നായി ഞാൻ പ്രസംഗിക്കുമായിരുന്നു. ചൈനാ മേയ്ഡ് ശവപ്പെട്ടി വാങ്ങിയപ്പോൾ ഫ്രീ കിട്ടിയ പുഷ്പകിരീടം തലയിൽ ചൂടിച്ചു കാർമ്മികൻ നീട്ടി വായിച്ചു. 'നീ നല്ലവണ്ണം യുദ്ധം ചെയ്തു.. നീ നിന്റെ ഓട്ടം പൂർത്തിയാക്കി.. അതിനാൽ നീതിമാനായ ദൈവം...' അങ്ങനെ കിരീട ധാരണവും കഴിഞ്ഞ് ഞാൻ അവസാന യാത്രക്ക് തയ്യാറായി.

കരഞ്ഞു വീഴുന്ന ഭാര്യയും മക്കളും, അന്ത്യ ചുംബനം നൽകുന്ന ആരൊക്കെയോ... മൈക്ക് കെട്ടിയ ജീപ്പിലിരുന്ന് കന്യാസ്ത്രീകൾ നീട്ടിപ്പാടുന്നു, 'വിട വാങ്ങുന്നേൻ.. നശ്വരമുലകിൽ വിടുതിയെനിക്കായി നല്കിയ വസതി...' വാസ്തവത്തിൽ ഓർത്തപ്പോൾ കരച്ചിൽ വന്നു. ജീവിതത്തിന്റെ സിംഹഭാഗവും ഞാൻ കഷ്ടപ്പെട്ട് ഉണ്ടാക്കിയ എന്റെ വീട്... എന്റെ സമ്പാദ്യം. ഞാൻ വരച്ചിട്ട അകത്തളങ്ങൾ, എന്റെ ഭാവനയിൽ വിരിഞ്ഞ സ്വർഗഗേഹം. അടുത്തിടെ പുതിയ ചായം പൂശി, ഏറെ മോടിപിടിപ്പിച്ച എന്റെ രമ്യഹർമ്യം... എല്ലാം ഇനി... കാലം തീർത്ത സ്വപ്നത്തിന്റെ മഞ്ചലിൽ ഇതാ ഞാനും.

ഞാനും ദേവാലയത്തിലെത്തി. ഒറ്റയും പെട്ടയും ആയി പെയ്തിറങ്ങുന്ന സാന്ദ്രമായ മണിനാദം കടന്നുവന്ന ആന വാതിൽ... ആത്മ സന്തോഷത്തിന്റെ കുളിരനുഭൂതികൾ പകർന്നു നല്കിയ ഹാനാൻ വെള്ളത്തൊട്ടി... കുട്ടിക്കാലം മുതലേ മനസ്സിൽ പ്രതിഷ്ഠിച്ച വിശുദ്ധ രൂപങ്ങൾ, മോഹിച്ച പെൺകുട്ടിയുടെ കണ്ണിലെ പ്രണയാർദ്ര ഭാവം ആദ്യമായി കണ്ടത് ഈ രൂപക്കൂടിന് മുന്നിലാണ്.
പിന്നെ സ്വർഗ്ഗവും ഭൂമിയും നോക്കി നിന്ന്, ഈ സംഗമസ്ഥാനത്തു നിന്നുകൊണ്ടായിരുന്നു മരണം വരെ ഒന്നിച്ചു ജീവിക്കാമെന്ന് ചൊല്ലിയത്. കപ്യാരച്ചൻ വിറയാർന്ന സ്വരത്തിൽ ചൊല്ലുന്നു, 'ഞാനിതാ പോകുന്നുവെങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും...' ദേവാലയത്തോട് വിട ചൊല്ലി സെമിത്തേരിയിലേക്ക്.. മുഖത്ത് വെള്ളത്തൂവാലകൾ ഇട്ട് അന്ത്യ ചുംബനങ്ങൾ.. ഇനി ഞാൻ മുഖമില്ലാത്തയാൾ... പുരോഹിതൻ ചൊല്ലുന്നു 'മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്ക് മടങ്ങുന്നു.'

അവസാനം ഞാൻ മാത്രമായി... 'ആളും ആരവവും' പോയി മറഞ്ഞു. കർമ്മങ്ങൾ ഇല്ല ബന്ധങ്ങൾ ഇല്ല... പെട്ടിയിൽ മണ്ണ് വീഴുന്ന ചറപറ ശബ്ദവും നിലച്ചു. കല്ലറ സിമന്റിട്ട് മേസ്തിരിയും പോയി. ഞാൻ, ഞാനിനി ആരാണ്? എന്താണ്? ഒന്നുമറിയില്ല. ഇതാ പരലോകത്തു നിന്നും അറിയിപ്പ് വന്നിരിക്കുന്നു 'ഇത്രയും നേരം നീ, ഞാൻ, എന്റെ എന്നാണ് ആവർത്തിച്ചത്... ഇവിടെ 'പരലോകത്ത്' അങ്ങനെ ഒരു വാക്കില്ല... ഇവിടെ ഞാൻ എന്ന ഭാവം ഇല്ല. ഇനി മുതൽ നീ ആത്മാവാണ്. പേരില്ല, നാടില്ല, ആത്മാവ്...' ഏതോ മാലാഖയുടെ സൗമ്യസാന്ദ്രമായ പ്രാർത്ഥന കേൾക്കുന്നു 'ദയാപരനായ കർത്താവേ... ഈ ആത്മാവിന് കൂട്ടായിരിക്കണമേ...'



# LIMA 2015

*Cultural Programs*

















# LIMA 2014

## Cultural Programs














കവിത



ജോയ് അഗസ്റ്റി



# വ്യർത്ഥം

കാലിടറി വീണൊരാകുഞ്ഞു ബാല്യവും
കനവുകൾ നെയ്തൊരാ കൗമാരവും
കത്തി ജ്വലിച്ചൊരെൻ യൗവ്വനവും
കടം തരുമോ കാലമേ ഒരിക്കൽക്കൂടി

ഓല മേഞ്ഞൊരാ കൂരതൻ കീഴിലെ
ചാണകത്തറയിലിഴയുവാൻ,
കീറപ്പായിൽ കിടക്കുവാൻ,
മുത്തശ്ശിക്കഥകൾ കേൾക്കുവാൻ

അമ്മതൻ മടിയിലുറങ്ങുവാൻ,
അമ്മിഞ്ഞപ്പാലു നുണയുവാൻ,
അച്ഛന്റെ കൈകളിൽ തൂങ്ങിപ്പലപല
കാഴ്ചകൾ കണ്ടുനടക്കുവാൻ
കടം തരുമെൻ ബാല്യം ഒരിക്കൽക്കൂടി

മുറ്റത്തെ മണ്ണിൽ കളിക്കുവാൻ,
മൂവാണ്ടൻ മാങ്ങാ പെറുക്കുവാൻ,
മൂവന്തി നേരത്തു മുത്തച്ഛൻ
മാടത്തിൽ ചെറുദീപം തെളിക്കുവാൻ

കൂട്ടുകാരൊത്താർത്തു ചിരിക്കുവാൻ,
കടിപിടി കൂടികരയുവാൻ, പുത്തൻ
കിനാവുകൾ കണ്ടുണരുവാൻ
കടം തരൂ.. എൻ പോയ കൗമാരവും
ചാറ്റൽ മഴയത്തു ചേമ്പില ചൂടി
ചെറുമികൾക്കൊപ്പം ഞാറു പറിക്കുവാൻ,
ചേറിൽ പുതഞ്ഞ ചെറു മീനിനെ പിടിക്കുവാൻ,
പാടവരമ്പത്തിരുന്നല്പം
പഴം കഞ്ഞി മോന്തുവാൻ
കാരിരുമ്പിൻ കരുത്തും, കരളുറപ്പും,
കൂസാത്ത ഭാവവും,കുസൃതിയും,
കൂട്ടിനായ് കൂട്ടിയ സ്വപ്നങ്ങളും,
നിറയൗവ്വനവും
കടം തരുമോ കാലമേ ഒരിക്കൽക്കൂടി
കാടും മേടും ഊടുവഴികളും
പാടും കിളികളും
പലതരം കളികളും
പാടേ മറഞ്ഞു പോയി, മറന്നുപോയി

നന്മതൻ നാമ്പുകൾ കരിഞ്ഞുപോയി
നല്ലവർ പലരും മൺമറഞ്ഞുപോയി
കാലമേറെ കടന്നുപോയി
കടൽ കടന്നു ഞാനിവിടെയായി

നേട്ടങ്ങൾ തൻ പുറകെ നടന്നു ഞാൻ
നേടിയതൊക്കെയും തിരികെ തരാം
നഷ്ടമായൊരെൻ ഭൂതകാലം
കടം തരുമോ കാലമേ ഒരിക്കൽ കൂടി
കടം തരുമോ കാലമേ ഒരിക്കൽ കൂടി.





*In loving memory of*

# P. J JOHN

67charles  Street , St.Helens , Merseyside WA101LJ.


ലേഖനം



ആന്റണി പ്രാക്കുഴി

# സംസ്കാരവും മാനവികതയും

**ചരിത്രാതീത കാലം മുതൽതന്നെ സമൂഹമായി അധിവസിച്ചു വന്ന ഒരു ജീവിയാണ് മനുഷ്യൻ. സ്വാഭാവികമായും അവന്റെ ചുറ്റുപാടുകളോടും വെല്ലുവിളികളോടും ഉള്ള പ്രതികരണങ്ങളോടൊപ്പം സാമൂഹികമായ പെരുമാറ്റങ്ങളും പ്രതിബദ്ധതകളും ആണ് കാലാന്തരങ്ങളിൽ രൂപപ്പെട്ട പല സംസ്കാരങ്ങൾക്കും അടിത്തറ പാകിയത്.**






# Picton Food & Wine

# OFF LICENCE

Babu Joseph 07838 895982

145/ 147 Pictor Road, Liverpool, L15 4LG



തലമുറകളിലൂടെ ആർജ്ജിച്ചെടുത്ത ശാസ്ത്രീയമായ അറിവുകൾ പ്രയോജനപ്പെടുത്തി കൂടുതൽ ഫലവത്തായ ജീവിതശൈലി രൂപപെടുത്തുന്നതാണ് സംസ്കാരം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഇതുവരെയുള്ള അറിവുകൾ അനുസരിച്ച് ആദ്യനാഗരിക സംസ്കാരമായ മെസപ്പൊട്ടോമിയൻ, സുമേറിയൻ സംസ്കാരം നിലവിലിരുന്നു എന്ന് വിശ്വസിക്കുന്നത് ബി. സി 3500 നും 5000 ഇടയിലാണ്. എന്നാൽ ഈ കാലയളവിൽ ലോകത്ത് എല്ലാ പ്രദേശങ്ങളിലും തന്നെ മാനവരാശി ഉണ്ടായിരുന്നിരുന്നു. ഒരുപക്ഷേ കാലങ്ങൾക്കപ്പുറം നിലനിൽക്കുന്ന നാഗരികതയുടെ അവശേഷിപ്പുകൾ നൽകാൻ അവർക്ക് കഴിഞ്ഞിട്ടുണ്ടാവില്ല. സാംസ്കാരികമായ വികസനത്തിന് ഓരോ സമൂഹത്തിനും വ്യത്യസ്തമായ കാലക്രമങ്ങൾ നിലനിന്നിരുന്നു എന്ന് വേണം മനസ്സിലാക്കാൻ.

വിവര സാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടത്തിലൂടെ ലോകം മുഴുവൻ വിരൽത്തുമ്പിൽ ലഭ്യമാകുന്ന ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നമുക്ക് ഭാവനയിൽ കാണാവുന്നതിനും അപ്പുറം സങ്കീർണം ആയിരുന്നിരിക്കണം.

വിവിധ തുരുത്തുകളിൽ കൂട്ടമായി രൂപപ്പെട്ടു വന്ന മാനവസംസ്കാരം ഹോമോസാപ്പിയൻസ് എന്ന ആധുനിക മനുഷ്യന്റെ പൂർവികർ ആയിരുന്ന ഹോമോഇറക്ടസ് ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുൻപു തന്നെ കൂട്ടമായി അധി വസിക്കുകയും വേട്ടയാടുകയും ചെയ്തിരുന്നു എന്നാണ് ഫോസിൽ പഠനങ്ങൾ തെളിയിക്കുന്നത്. കാലങ്ങൾ എത്ര കഴിഞ്ഞാലും മനുഷ്യൻ ഒരു സമൂഹജീവിയായി തന്നെ തുടരേണ്ടത് അവന്റെ നിലനിൽപ്പിന് അത്യാവശ്യമാണ്.

വലിയ ഒരു വെല്ലുവിളിയിലൂടെയാണ് ആധുനിക കാലം കടന്നു പോകുന്നത്. കാലങ്ങളുടെ സാമൂഹിക പ്രക്രിയകളുടെ ഫലമായി ഉടലെടുത്ത സാങ്കേതിക വിദ്യ മനുഷ്യന്റെ സ്വാഭാവികമായ സാമൂഹിക പ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകിത്തുടങ്ങും. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഉരുത്തിരിയുന്ന മനുഷ്യന്റെ സാംസ്കാരിക മാനങ്ങൾ മുൻ നൂറ്റാണ്ടുകളിൽ





നിന്ന് തികച്ചും വ്യത്യസ്തമായിരിക്കും. മനുഷ്യൻ വികസിപ്പിച്ചെടുത്ത കൃത്രിമബുദ്ധി ഭാവിയിൽ അവന്റെ പരാശ്രയത്തെ കുറയ്ക്കുവാൻ ആണ് സാധ്യത. ഒരുപക്ഷേ നൂതന സാങ്കേതികവിദ്യ സൃഷ്ടിക്കുന്നത് വരുന്ന നൂറ്റാണ്ടുകളിൽ സാംസ്കാരിക ഐസോടോപ്പുകളെ ആയിരിക്കും. യൂണിവേഴ്സൽ കൾച്ചർ എന്ന കാഴ്ചപ്പാടിലേക്ക് അടുക്കും തോറും വിവിധ സമൂഹങ്ങളുടെ സാംസ്കാരിക വൈവിധ്യങ്ങൾ കുറഞ്ഞു വരാനാണ് സാധ്യത. ഇത്രയധികം മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്ന ആധുനിക കാലഘട്ടത്തിൽ സാംസ്കാരിക സംഘടനകളുടെ പ്രസക്തി നിർവചിക്കുവാൻ അസാധ്യമാണ്. മലവെള്ളപ്പാച്ചിലുകളെ തടഞ്ഞു നിർത്തുന്ന തടയണകൾ പോലെ, നമ്മുടെ സാംസ്കാരിക തനിമയുടെ ഓർമ്മപ്പെടുത്തലുകളായി അവ അങ്ങിങ്ങായി അവശേഷിച്ചേക്കാം. പ്രവാസികളായ നമുക്ക് നമ്മുടെ മലയാളി അസോസിയേഷനുകൾ സ്വാഭാവികമായിട്ടും വളരെ സങ്കീർണമായ വെല്ലുവിളികൾ ആയിരിക്കും മുന്നോട്ടുള്ള പ്രയാണത്തിൽ ഒക്കെ നേരിടേണ്ടിവരുന്നത്. ആശയാദർശങ്ങൾക്ക് ഉപരിവിജയം, നേട്ടം എന്നിവ ലക്ഷ്യമാക്കി ജീവിക്കുവാൻ പരിശീലിപ്പിക്കുന്ന ഒരു സാമൂഹിക കളരിയാണ് ഇന്നു നമുക്കുള്ളത്. സമൂഹത്തിന്റെ നാനാ തുറകളിലും ഇതിന്റെ പ്രതിഫലനങ്ങൾ തുടങ്ങിയിട്ടുണ്ട്.

പരസ്പര സ്നേഹത്തിന്റെ, സേവനത്തിന്റെ, ത്യാഗത്തിന്റെ ഉണർത്തുപാട്ടുകൾ പാടുന്ന നവ പാണന്മാർ ആകണം നമ്മുടെ സംഘടനകൾ.




***Joymon Thomas & Family***
8 Balmoral Way Prescot,
Liverpool, L34 1QB.

Proud members of lima family...

Article



Joe Eshwar

# EIGHT CENTURIES OF LIVERPOOL

Lanterns in a row adorn Albert Dock by the Mersey River, history's unforgettable location where thousands of wretched human beings, transported across the Atlantic from Africa, were sold, bartered, brutalised and often killed. Some of them eventually learnt to fight for their rights and earn that beautiful state called 'Freedom' which so many of us take for granted.

It's evening, and I am at the Dock, which is full of people. Some are in a celebratory mood, while others seem to have been overcome with remorse at the terrible memories. Tourists, locals, and poets fill the place. The waters of the Mersey River are still as a long hoot sounded by a cargo ship is heard from far. Liver Birds hover above. The sun is all set to hide behind Birkenhead across the river. This scene has been repeated for the last 800-plus years.




...stay in harmony
with nature...
WILD
AVENUE
Resort & Spa
THEKKADY
Wild Avenue Resort & Spa
Thekkady
w. www.wildavenueresort.com
m. gm@wildavenueresort.com | t. +91 9995 959 880


SANDRA
PALACE
Where
LUXURY
Compliments
SERENITY!
HOTEL
SANDRA
PALACE
BUSINESS & LEISURE HOTEL
Opp. Lourde Church, Thekkady Jn., Kumily, Kerala, India.
For reservation please contact:
Tel: +91 4869 224561, 224562, +91 9995462666
E-mail : mail@hotelsandrapalace.com,
hotelsandrapalace@gmail.com
www.hotelsandrapalace.com



Incredibly, it is 800 years since this city is born. Although the World Heritage Committee decided to strip Liverpool of its status on the list as a maritime mercantile city, to Liverpudlians, it is the cultural capital of the world.  To the rest of the world, Liverpool is famous for its football addicts and Scouse. To Liverpudlians, however, it's more than just a city. It is a civilisation in itself. As a Metropolitan borough in Merseyside, one of the most happening metropolitan Counties in North West England, Liverpool has a history that cannot be ignored.

In all these 800 years, Liverpool has seen and experienced practically all the issues cities elsewhere have experienced: battles, economic downfall, industrial progress and religious conflicts. It survived because of its people and their strong will to stand by one another in times of turmoil and victories. The people of Liverpool, called Scousers, are renowned for their patriotic spirit and unity. However, the reputation of Liverpool in the 18th and 19th centuries was for a different trade altogether--slavery. About 40 % of the European slave trade operated from Liverpool. Ships loaded with Sugar and Tobacco were exchanged for people and vice versa. It enabled Liverpool to have a substantial nexus with the American colonies. This highly profitable business' started with 'Blessing', a slave ship under the captaincy of Brownell in 1700, which reaped a vast profit, according to archives. Many others followed suit. 'Blessing' became a curse for Liverpool as diseases, and economic downfall hit the region for many years.



With Best Compliments from



***Eldhose Sunny & family***
Britannia Business Group UK Ltd

Proud members of lima family...

Neither economic downfall nor diseases overtook the passion Liverpudlians had for their architecture. Liverpool is perhaps the only city after London in England to have the highest number of architectural wonders. One of the many prominent buildings in Liverpool that stands tall, majestic and colourful is St. George's Hall. The giant hall opposite the world's first railway station, Liverpool Lime Street, is sublime. Liverpudlians claim that it is the most photographed building on earth.

There are several museums in Liverpool, such as The World Museum, Merseyside Maritime Museum and the International Museum of Slavery. Architectural wonders such as George Hall, Walkers Art Gallery and Tate Liverpool are worth visiting. Liverpool's fame spread in the 60s as four young men conquered the hearts of music lovers worldwide. 'The Beatles' consisted of four young Liverpudlians: John Lennon, Paul Mc Cartney, George Harrison and Ringo Star. They are undoubtedly one of the best-selling musical bands of all time.  Liverpool is also home to many international figures like Carl Gustav Jung, Jason Issacs, Wayne Rooney, Michael Owen, and Alen Ginsberg.



According to estimates, 23 00,000 Indian tourists visit the U.K every year. Most of them confine their visits to London, Wales, some parts of Scotland and the Lake District. It's high time people from the Indian subcontinent considered Liverpool a tourist destination that would be well worth a visit.



# LIMA 2013

## Cultural Programs











# LIMA 2012

## Cultural Programs













*With Best Compliments from*



***George, Jessy kizhakkekara & Family***
21 new parks boulevard
Le3 9pu Leicester.

Proud members of lima family...

# നീർമഴത്തുള്ളികൾ



ജോജോ പഴയാറ്റിൽ

കാർമുകിൽ രോദനം നീർമഴത്തുള്ളിയായ്
നെറുകയിൽ വീഴവേ
അറിയാതെൻ
ആത്മാവിൽ അനുരാഗം നിറയുന്നു
അറിയാതെൻ ആത്മാവിൽ അനുരാഗം നിറയുന്നു

മഴമുകിൽ പെയ്തൊഴിഞ്ഞു
മന്ദമാരുതൻ ഒഴുകിയെത്തി
മാമരച്ചില്ലകൾ പെയ്തിറങ്ങി
നീർമഴത്തുള്ളികൾ ദേഹം നിറച്ചെൻ
മനസ്സിൽ കുളിർമഴ പെയ്തിടുന്നു
മനസ്സിൽ കുളിർമഴ പെയ്തിടുന്നു

വാകമരങ്ങൾ തണൽ വിരിക്കും
കലാലയവീഥികളിൽ
കണിക്കൊന്നകൾ വിടർന്നുനിൽകുന്നൊരു
മേടമാസത്തിലെ സായം സന്ധ്യയിൽ
കൈകോർത്തു നമ്മൾ നടന്നിരുന്നു
കൈകോർത്തു നമ്മൾ നടന്നിരുന്നു

ഇടവമാസത്തിലെ ആദിത്യകിരണങ്ങൾ
അനുരാഗസ്പന്ദനം തൂവിടുമ്പോൾ
ഇളംചൂടേറ്റുവാടുന്നനിൻമുഖകാന്തിയിൽ
കുളിര്മഴയ്ക്കായൊരു തേങ്ങലുകൾ
കുളിര്മഴയ്ക്കായൊരു തേങ്ങലുകൾ

കർക്കിടപ്പെരുമഴത്തുള്ളികൾ നിറയുന്ന
പുഴകളും നമ്മുടെ സ്വപ്നമല്ലേ
ഋതുഭേദ വ്യതിയാഹ ചിന്തകൾ
ശീതോഷ്ണ ജ്വാലയായ് പതിച്ചിടുമ്പോൾ
ഒരു ഇളം തെന്നലിൻ കുളിർകാറ്റു തേടി
ആർത്താലച്ചനന്തമായൊഴുകുന്ന പുഴയുടെ
തീരാത്തൊരുനാൾ നാം വന്നിരുന്നു
സായാഹ്നസൂര്യൻ മറയുന്ന  നേരം
മഴവില്ലുമായാത്ത മാനത്തു നോക്കി
മൗനമായ് ഞാൻ മൊഴിഞ്ഞിരുന്നു
നീ എന്റെ മാത്രം
എന്നും നീ എന്റെ മാത്രം
നീ എന്റേത് മാത്രം



# CULTURE
## Across the World



Jocelin

***What is culture? Culture is beautiful, it enables you to feel you are a part of group/community, and plays a huge role in your identity. What may have started as a small custom or tradition between small groups of peoplein different parts of the world, then develops into complex social behaviours that we all see and accept to be the norm.***

As we constantly see in the media, it is when people don't understand each other's cultures and beliefs that ignorant behaviour can occur. Unfortunately, in the world today this ignorance is what fuels disputes among countries eventually leading to chaos and war. Lack of understanding of the different cultures of people living in the same country results in tension, violence and racism amongst one another. An example of this was the tragic murder of George Floyd in America, which led to a chain reaction of protests and outbursts not only in America but all over the world!

Your culture makes up many parts of your lifestyle from materialistic things such as dressing, food and buildings and nonmaterialistic things such as language, family, religion and even education. Being surrounded by these following things slowly alters how you see the normal world to be, to a point whereyou see someone else's culture turning out to be completely different to what you are used to.



When you move to a new place and try to make these cultures accustom to you, it can be extremely hard and come to some people as quite a shock.

Many of you reading this article today will be immigrants or, their children coming fromIndia, Kerala. Kerala is a state in the south of India, it provides a rich abundance of beautiful nature and culture which has been passed down through many generations, varying greatly between families, districts and religion all playing a part in creating the personality and attitude of every individual. Now many people from Kerala have settled in the UK, yet we still try to teach and carry out the culture taught to us by 'teachers', whoever they may be for you. We hold great pride and joy in these people that taught us, and are privileged to have beenpassed down so much valuable knowledge from them. We hope to do the same when teaching future generations that will go on to live in the UK, in hopes that they will not only receive the joys British heritage but also remember the roots of where they come from.Also, to remember the struggle many of youreading this now had to go through, to allowchildren to enjoy the luxuries that come with living in the UK. The rich culture from India is impossible to give up and will always be a part of us giving us diversity wherever we go.

Coming to the UK has allowed everyone to experience the nature of British people and then adapt it to create their own culture. Coming from India originally, it may have been hard to adapt to the unfamiliar ways of another culture however, after settling, adapting and understanding UK culture we can enjoy and benefit from it.

Travelling all over the world and seeing it all first-hand will truly allow you to see the richness andbeauty all cultures hold. I believe that everyone should have the opportunity to travel in order to experience different cultures.

Culture is the lens through which you see the world shaping your reality. If you change the lens, you can change how you perceive people's characters and cultural differences, therefore become more open-minded to the differences people have! This provides you, with the key to benefiting from diversity, learningfrom different cultures, having a better understandingfor the people around you, and appreciating the diversity that they all have to offer. Although we are becoming more considerate of other cultures, we still have a long way to go. Being Malayalee's from Kerala, we have always been taught to show compassion and welcome others, so let us share our hospitality, culture and kindness with the world!

MOTHER INDIA
Kitchen
SOUTH INDIAN & INDIAN CUISINE
Restaurant & Takeaway

Welcome to Mother India Kitchen an Indian Restaurant & Takeaway in Hoylake

Mother India Kitchen is an Indian Restaurant & Takeaway based on 94 Market Street in Hoylake. We serve a wide range of delicious Indian food and offer online ordering and table booking.














**0151 632 4057**

www.motherindiakitchen.co.uk

94 Market Street, Hoylake,
Wirral, CH47 3BD





സിൻഷോ മാത്യൂ

# മാഞ്ഞ് പോകുന്ന കാഴ്ചകൾ

ഇന്നോവയിലെ A.C യുടെ സുഖ ശീതളിമ സൂരജിന് ഉറക്കം നൽകിയില്ല. സമയം തെറ്റി പറക്കുന്ന ആകാശയാനങ്ങളിലൂടെ നാട്ടിലേക്കുള്ള വരവും സമയം തെറ്റിത്തന്നെ.

കാത്തിരിക്കാനും, വരാനും ആരുമില്ലാത്തതിനാൽ ആദ്യം കണ്ട ടാക്സിക്കാരനോട് സ്ഥലം പറഞ്ഞു. എത്തുമ്പോൾ വിളിച്ചാൽ മതി എന്നും പറഞ്ഞ് ഉറക്കം നടിക്കവേ, ഡ്രൈവറുടെ ഇയർ ഫോണിൽ നിന്നും നേർത്ത രൂപത്തിൽ വന്ന 'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴി ഇടങ്ങഴി മണ്ണുണ്ട്' എന്ന ഗാനം ഓർമ്മകളുടെ വേലിയേറ്റങ്ങളിലേക്ക് എത്തിച്ചു.

ഏഴാം കടലിനക്കരയ്ക്ക് പോകുമ്പോഴും അച്ഛനും, അമ്മക്കും ആഗ്രഹം ഒന്നേ ഉണ്ടായിരുന്നുള്ളൂ, കണ്ണ് അടയുമ്പോൾ മോൻ അരികിൽ ഉണ്ടാകണം. അത് സാധിച്ച് കൊടുക്കുവാൻ പറ്റിയില്ല. അമ്മ അച്ഛന്റെ ചിത കത്തി തീരുന്ന സമയം കരുത്തായി, താങ്ങായി കൈയ്യിൽ പിടിച്ചു പറഞ്ഞ കാര്യം 'ഞാൻ വീഴുമ്പോൾ എങ്കിലും നീ ഉണ്ടാകുമല്ലോ' എന്നായിരുന്നു. അതും കോവിഡ് തട്ടിത്തെറിപ്പിച്ചു.

'സർ. സ്ഥലം എത്തി എവിടേക്കാണ് തിരിയേണ്ടത്' ടാക്സി ഡ്രൈവറുടെ ചോദ്യം ചിന്തകളിൽ നിന്നും ഉണർത്തി, കാറിന്റെ ചില്ലിൽ പറ്റിപിടിച്ച നേർത്ത തണുപ്പിന്റെ ആവരണം കൈകൊണ്ട് തുടച്ച് മാറ്റിയപ്പോൾ സ്ഥല ബോധം എന്നിൽ സ്ഥായിയായി. 'ഇവിടെ നിർത്തിക്കോളൂ...' ടാക്സിക്കാരന് പൈസ കൊടുത്ത് മടക്കി അയക്കുമ്പോൾ തിരഞ്ഞത് ഗോപാലേട്ടന്റെ ചായക്കട നിന്ന സ്ഥലം ആണ്.

അവിടെ തിരിച്ചറിയാൻ ആകാത്ത ഒരു രണ്ടു നില കെട്ടിടം. മകനാണിപ്പോൾ, ചായക്കടക്ക് പകരം ഫാസ്റ്റ് ഫുഡും സ്റ്റേഷനറിയും ആണ്. ബാഗും തൂക്കി ഇറങ്ങിയത് പഴയ നടപ്പാതയുടെ സ്ഥാനം തട്ടിത്തെറിപ്പിച്ച ടാർ റോഡിലേക്ക് ആയിരുന്നു.

എട്ടാം ക്ലാസ്സ് മുതൽ പാൽ കൊടുക്കാൻ ഗോപാലേട്ടന്റെ കടയിൽ പോകുന്ന കടമ തനിക്കായിരുന്നു. കച്ചവടം കഴിഞ്ഞാൽ അച്ഛന്റെ കൈയ്യിൽ നിന്നും തലേന്ന് കട്ടെടുത്ത രണ്ട് രൂപ സുകുമാരേട്ടന്റെ നാല് ചക്ര വണ്ടിയുടെ പുറകിലെ പുക ആസ്വാദനത്തിന്റെ വരുമാന സ്രോതസ്സുകളിൽ ഒന്നായിരുന്നു.

സുകുവേട്ടൻ രണ്ട് വർഷം മുമ്പാണ് മരിച്ചത്. മകന്റെ കൂടെ ഡെൽഹിയിലായിരുന്നുവെത്രെ. സൈനികനായ മകന്റെ വധു ഏതോ ഒരു ഹിന്ദിക്കാരിയായിരുന്നു. അതുകൊണ്ട് അവർക്ക് വരാൻ താത്പര്യം ഇല്ലായിരുന്നു പോലും.

ഓർമ്മകൾ കാടുകയറിയത് കൊണ്ട് നടത്തത്തിന്റെ ബുദ്ധിമുട്ട് അറിഞ്ഞില്ല. പരപരാന്ന് തെളിഞ്ഞ് വരുന്ന സൂര്യന്റെ കിരണങ്ങൾ ആളുകളെ തിരിച്ചറിയാൻ പറ്റുന്ന തരത്തിൽ ആയിട്ടും പല മുഖങ്ങളും ഓർമ്മയിലേക്ക് വരുന്നില്ല.

നടത്തം ഹൃദയമിടിപ്പ് പോലെ വേഗതയിൽ ആയതിനാൽ പെട്ടന്ന് വീട്ടു പടിക്കൽ എത്തി. അച്ഛന്റെയും അമ്മയുടെയും ആഗ്രഹങ്ങളെ പാശ്ചാത്യ ആഗ്രഹങ്ങൾ കൊണ്ട് മൂടിയ തിരുമുറ്റം.

എല്ലാം വെടിപ്പായിരിക്കുന്നു. പുറകിൽ നിന്നും ഓടി വന്ന ചന്ദ്രേട്ടനെ കണ്ടതും പഴയ കാലം തിരികേ വന്നുവോ എന്ന് തോന്നിപ്പോയി. എല്ലാം പറഞ്ഞത് പോലെ ചെയ്തിരിക്കുന്നു.

കുശലാന്വേഷണത്തിനൊടുവിൽ രാത്രി ഭക്ഷണം മതിയെന്ന് പറഞ്ഞ് ചന്ദ്രേട്ടൻ പോയതും അച്ഛനും അമ്മയും ഉറങ്ങുന്ന മണ്ണിൽ പടു കൂറ്റൻ തൂണുകളുടെ ഇടയിൽ കിടന്നു. കണ്ണുകൾ അടച്ച് ചിന്തകളെ സ്വപ്നങ്ങൾ ആക്കാൻ വൃഥാ ശ്രമിച്ചപ്പോൾ എവിടെ നിന്നോ വന്ന മന്ദമാരുതൻ ശരീരത്തെ ചെറുങ്ങനെ കുളിരണിയിച്ചു. അമ്മ വന്ന് കടന്ന് പോയതായിരിക്കാം. ചെറുപ്പത്തിൽ മീനമാസ ചൂടേറുന്ന സമയത്ത് പാള വെട്ടി വിശറി ഉണ്ടാക്കി എത്രയോ തവണ തന്നെ വീശി ഉറക്കിയിരിക്കുന്നു.

ഊറി ഇറങ്ങിയ കണ്ണീരിൻ കണങ്ങളേയും ആ കാറ്റ് നേർപ്പിച്ച് കളഞ്ഞിരുന്നു. അതും അമ്മയുടെ കൈ ആയിരിക്കാം.

അങ്ങ് അകലെ ഏതോ ഫാക്ടറിയുടെ അലാറശബ്ദം നിദ്രയിൽ നിന്ന് ഉണർത്തിയപ്പോൾ ജനാലയുടെ അഴികളിൽ മുറുകെ പിടിച്ച് സൂരജ് മനസ്സ് ഒരു തീരുമാനത്തിലേക്ക് ഉറപ്പിച്ചു.

കാഴ്ച്ചക്കാരും കേൾവിക്കാരുമാകുക ആണെങ്കിലും ഈ മാഞ്ഞു പോകുന്നകാഴ്ചകൾ ആണ് കാണേണ്ടതും ഇല്ലാതാകുന്ന ഈ ശബ്ദങ്ങൾ ആണ് കേൾക്കേണ്ടതും.

അപ്പോഴും പുതിയ വരവ് അറിയിക്കുന്ന മറ്റേതോ വ്യാവസായിക സ്ഥാപനം മണി മുഴക്കി കൊണ്ടേയിരിക്കുന്നു.

# LIMA 2011

## Cultural Programs















# 2010





# ഒരു ആഡംബര കപ്പൽ യാത്രാനുഭവങ്ങൾ

ഒരു ആഡംബര കപ്പൽ യാത്രയെ പറ്റി മനസ്സിൽ വരുമ്പോഴെല്ലാം ഓർമ്മയിൽ വരുന്നത് ടൈറ്റാനിക് കപ്പൽ ദുരന്തവും അതിനെ തുടർന്ന് വന്ന ടൈറ്റാനിക് സിനിമയും ആ സിനിമയിൽ കാണിക്കുന്ന കപ്പലിലെ മനോഹാരിതയുമാണ് .


ലിവർപൂളിലെ ആൽഫെഡ് ഡോക്കിൽ പലപ്പോഴും വന്നു പോകുന്ന ആഡംബര കപ്പലുകൾ കാണുമ്പോൾ ഒരിക്കൽ ഇങ്ങനെയൊരു ഒരു യാത്ര പോകണമെന്ന് ആഗ്രഹിച്ചിരുന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് ബെർമിഗമിൽ താമസിക്കുന്ന ജയ്മോൻ ജോർജ് MS വെർച്ച്വർസ് എന്ന കപ്പൽ യാത്ര പോകുന്നതിനെ പറ്റി പറയുന്നത്. പിന്നെ ആലോചിച്ചില്ല, ഞങ്ങൾ രണ്ടു ഫാമിലിയും യാത്രപോകാൻ തീരുമാനിച്ചു. ഒരു ഫാമിലിക്കുള്ള ആകെ ചെലവ് 1750 പൗണ്ട് മാത്രമായിരുന്നു. ഇതിൽ എല്ലാചെലവും ഉൾപ്പെട്ടിരുന്നു .

ഞങ്ങൾ കഴിഞ്ഞ ഓഗസ്റ്റ് മാസം പത്താം തിയതി ഏഴു ദിവസത്തെ കപ്പൽ യാത്രക്കായി ലിവർപൂൾ പോർട്ടിൽ എത്തി. കോവിഡ് ബാധിച്ചില്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പാസ്പോർട്ട് തുടങ്ങി ഒരു ഫ്ളൈറ്റ് യാത്രയ്ക്ക് വേണ്ട എല്ലാ രേഖകളുമായിട്ടാണ് ഞങ്ങൾ എത്തിയത്. കപ്പലിൽ കയറുന്നതിനു മുൻപുള്ള എല്ലാ ചെക്കിങ്ങുകൾക്കും ശേഷം ഞങ്ങളുടെ ബാഗുകൾ അവിടെ വാങ്ങി വെച്ചു. അത് റൂമിൽ എത്തിച്ചു തരും എന്ന് അറിയിച്ചു. പിന്നീട് ഞങ്ങളെ ഒരു കോച്ചിൽ കയറ്റി കപ്പൽ നങ്കൂരമിട്ടിരിക്കുന്ന സ്ഥലത്തേക്ക് കൊണ്ടുപോയി. കപ്പൽ അടുത്തുനിന്നും കണ്ടപ്പോൾ തന്നെ വളരെ അതിശയം തോന്നി. കപ്പലിൽ കയറുന്നതിനു മുൻപ് ഒരിക്കൽ കൂടി ഐഡന്റിറ്റി ചെക്കപ്പ് നടത്തി ഒരു കാർഡും കൈയിൽ കെട്ടാൻ വാച്ചു പോലുള്ള ഒരു സ്കാനറും തന്നു. നമ്മൾ ബാറുകളിൽ ചെന്ന് മദ്യവും ഭക്ഷണശാലയിൽ ഭക്ഷണവും കഴിക്കുമ്പോൾ സ്കാൻ ചെയ്യണം.

ഏകദേശം മൂന്ന് മണിയോടുകൂടി ഞങ്ങൾ കപ്പലിനുള്ളിൽ പ്രവേശിച്ചപ്പോൾ തന്നെ ഞങ്ങളെ സ്വീകരിക്കാൻ സ്റ്റാഫ് എത്തിച്ചേർന്നു. അവർ ഞങ്ങളെ ലിഫ്റ്റിൽ പത്താമത് നിലയിലേക്ക് ആനയിച്ചു.
പിന്നീട് ഞങ്ങളെ റൂം കൊണ്ടുപോയി കാണിച്ചു തന്നു. അതിനുശേഷം അവർ ഞങ്ങളെ 15-ാമത്തെ നിലയിലെ അതി വിശാലമായ ഡൈനിങ് റൂമിലേക്ക് നയിച്ചു. ബൊഫെയാണ് അവിടുത്തെ സിസ്റ്റം. ലോകത്തു വിവിധ ദേശങ്ങളിലെ ഒട്ടു മിക്ക ഭക്ഷണവും അവിടെ ലഭ്യമാണ്. ഞങ്ങൾ വയറുനിറയെ ഭക്ഷണം കഴിച്ച ശേഷം തിരിച്ചു റൂമിൽ ചെന്നപ്പോൾ ഞങ്ങളുടെ പെട്ടികൾ എത്തിയിരുന്നു. പിന്നീട് എല്ലാവരും മുകൾത്തട്ടിലേക്ക് പോയി.

19 നിലകളാണ് കപ്പലിനുള്ളത്. ഏറ്റവും മുകൾ തട്ടിൽ വിശാലമായ സ്വിമ്മിങ് പൂൾ. കൂടാതെ ചെറിയ സ്വിമ്മിങ് പൂളുകൾ വേറെയും ധാരാളമായിട്ടുണ്ട്. കൂടതെ ജിംനേഷ്യം, വിവിധ സ്പോർട്സ്കൾക്കു വേണ്ടിയുള്ള ഗ്രൗണ്ടുകൾ, സാഹസികത ഇഷ്ടപ്പെടുന്നവർക്ക് അതിനുള്ള സ്ഥലം, വാട്ടർ പാർക്ക്, സിനിമ തീയേറ്റർ, സിമിലൈറ്റർ, 4D സിനിമ, നടക്കാനും ഓടാനും ഉള്ള സൗകര്യങ്ങൾ എന്നിങ്ങനെ അതിവിശാലമായ കാഴ്ചകളാണ് മുകളിൽ കണ്ടത്. ഏകദേശം ഏഴ് മണിയോടുകൂടി ഞങ്ങൾ ഇതെല്ലാം കണ്ടുനിന്നപ്പോൾ കപ്പൽ പതിയെ അനങ്ങി. യാത്ര തുടങ്ങി എന്ന് മനസിലായി. മേഴ്സി നദിയിലൂടെ പുറകോട്ടു പോയി തിരിഞ്ഞു വന്നു ഐറിഷ് കടലിനെ ലക്ഷ്യമാക്കി കപ്പൽ നീങ്ങിക്കൊണ്ടിരുന്നു. ഞങ്ങൾ ഡ്രസ്സ് മാറി എട്ട് മണിക്ക് ഡിന്നറിനു പോയി. അഞ്ചാമത്തെ നിലയിൽ ആയിരുന്നു ഡിന്നർ. അടുത്ത ഏഴുദിവസത്തെ ഞങ്ങളുടെ ഡിന്നർ ഇവിടെ തന്നെ ആയിരുന്നു. ഡിന്നറിനു വന്നവരെല്ലാം മനോഹരമായ ഡ്രസ്സുകൾ ധരിച്ചാണ് വന്നത്. വൈകുന്നേരത്തെ ഡിന്നർ മെനു അനുസരിച്ച് മേശയിൽ കൊണ്ടുവന്നു തരും. ഒരു ഫൈവ് സ്റ്റാർ ഹോട്ടൽ സംവിധാനമാണ് അവിടെ കണ്ടത്.

ഡിന്നർ കഴിഞ്ഞ ശേഷം ഞങ്ങൾ കപ്പലിന്റെ വിവിധ ഭാഗങ്ങൾ കാണാൻ പോയി. പോകുന്ന വഴിയിൽ ഇഷ്ടം പോലെ ബാറുകൾ ഉണ്ട്. അവിടെ നിന്നും ഞങ്ങൾ ചെറിയ രീതിയിൽ മദ്യപാനം നടത്തി. കപ്പലിൽ എല്ലാം



ടോം ജോസ് തടിയംപാട്

ഫ്രീയാണ്. സംഗീതം ആലപിക്കുന്നവർ, നൃത്തം ചെയ്യുന്നവർ അങ്ങനെ പോകുന്നു വിവിധയിനം പരിപാടികൾ. കപ്പലിന്റെ മധ്യ ഭാഗത്തുള്ള അതിമനോഹരമായ കോവണിയിൽ നിന്ന് ഫോട്ടോ എടുക്കാൻ ആളുകൾ തിരക്കു കൂട്ടുന്നത് കാണാമായിരുന്നു.

രാത്രിയിൽ കപ്പലിന്റെ കുറച്ചു ഭാഗം കൂടി കണ്ടതിനു ശേഷം ഉറങ്ങാൻ പോയി. രാത്രിയിൽ തിരകളുടെ ശക്തി കൊണ്ട് ബെഡിൽ കിടന്നു അനങ്ങി കൊണ്ടിരുന്നു. രാവിലെ എഴുന്നേറ്റു നോക്കുമ്പോൾ സ്കോട്ലാൻഡിലെ ഗ്രിനോക്കിൽ കപ്പൽ നങ്കൂരമിട്ടിരുന്നു. കൊറോണ കാരണം പുറത്തിറങ്ങാൻ അനുവാദമില്ല. ഞങ്ങൾ രാവിലെ കുറച്ചു സമയം ഡെക്കിലൂടെ നടന്നു. കുറച്ചു സമയം ജിമ്മിൽ ചിലവഴിച്ചു. ബ്രെയ്ക്ക് ഫാസ്റ്റിനു ശേഷം സ്വിമ്മിങ് പൂളിൽ ചിലവഴിച്ചു. പിന്നീട് വീണ്ടും കപ്പൽ ചുറ്റി നടന്നു കാണാൻ തുടങ്ങി. എല്ലാദിവസവും കപ്പലിൽ നടക്കുന്ന പരിപാടികളുടെ ലിസ്റ്റ് അവർ രാവിലെ ഡോറിൽ  തൂക്കിയിടും. അതനുസരിച്ചു നമുക്ക് വേണമെങ്കിൽ ആ പരിപാടിയിൽ പങ്കെടുക്കാം. ചൂടുവെള്ളം നല്ല പ്രഷറിൽ വരുന്ന ജാക്യൂസി എന്ന് വിളിക്കുന്ന സ്വിമ്മിങ് പൂളിലാണ് ഞങ്ങൾ കൂടുതൽ സമയം ചിലവഴിച്ചത്. ഭക്ഷണവും മദ്യവും യഥേഷ്ടം ലഭിക്കുന്നു എന്നതാണ് ഈ യാത്രയിലെ ഏറ്റവും വലിയ ഗുണം.

എല്ലാദിവസവും വൈകുന്നേരം ഡിന്നറിനു ധരിക്കേണ്ട ഡ്രസ്സ് കോഡ് രാവിലെ പ്രോഗ്രാം പേപ്പറിൽ പറഞ്ഞിട്ടുണ്ടാകും. അതനുസരിച്ചു വേണം ഡിന്നറിനു പോകാൻ. എം എസ് സി വെർച്യുസ എന്ന ഈ കപ്പലിന്റെ വില 800 മില്യൺ യൂറോയാണ്.  6,334 യാത്രക്കാരെയും 1,704 ജോലിക്കാരെയും ഉൾക്കൊള്ളുന്നതാണ് ഈ മഹാസൗധം. 331.43 മീറ്റർ നീളവും 69.9 മീറ്റർ ഉയരവും ഉള്ളതാണീ ആഡംബര നൗക.

മൂന്നാം ദിവസം ഞങ്ങൾ നോർത്തേൺ അയർലണ്ടിലെ ബെൽഫാസ്റ്റിൽ എത്തി. രാവിലെ ബ്രേക്ക് ഫാസ്റ്റ് കഴിഞ്ഞു പുറത്തു തയാറാക്കിയിരുന്ന ബസിൽ കയറി അവിടുത്തെ സ്ഥലങ്ങൾ  കാണാൻ പോയി. പോകുന്ന വഴിയിലെ കാഴ്ചകൾ ഗൈഡ് വിവരിച്ചു തന്നിരുന്നു. ആദ്യം പോയത് നോർത്തേൺ അയർലൻഡ് പാർലമെന്റ് കാണാനായിരുന്നു. പാർലമെന്റിന്റെ മുൻപിൽ നിർത്തി ഫോട്ടോ എടുത്ത ശേഷം Belfast City Hall കാണാൻ പോയി. അവിടെ ടൈറ്റാനിക് അപകടത്തിൽ മരിച്ച എല്ലാവരുടെയും പേരെഴുതി വച്ചിരിക്കുന്ന ഫലകം കണ്ടു. പിന്നീട് പോയത് സമാധാന മതിൽ കാണാനാണ്. കത്തോലിക്ക, പ്രോട്ടസ്റ്റന്റ് ഭീകരതയുടെ തിരുശേഷിപ്പാണ് ഈ മതിൽ. പിന്നീട് ടൈറ്റാനിക് കപ്പൽ നിർമിച്ച സ്ഥലവും ടൈറ്റാനിക് മാതൃകയിൽ പണിത ഹോട്ടലുമാണ് കണ്ടത്. അതെല്ലാം കണ്ടതിനു ശേഷം തിരിച്ചു ഷിപ്പിൽ വന്നു ഭക്ഷണം കഴിച്ചു. കുറച്ചു സമയം കിടന്നുറങ്ങിയിട്ട് പിന്നീട് ഡിന്നറിനു പോയി. വെള്ളയായിരുന്നു അന്നത്തെ ഡ്രസ്സ് കോഡ്.

അടുത്ത രണ്ടു ദിവസം പൂർണ്ണമായും കപ്പൽ യാത്രയിൽ ആയിരുന്നു. ഈ ദിവസങ്ങളിൽ കപ്പൽ മുഴുവൻ നടന്നു കൊണ്ടും കപ്പലിലെ വിവിധ കലാകായിക പരിപാടികളിൽ പങ്കെടുത്തും സ്വിമ്മിങ് പൂളിൽ നീന്തിത്തുടിച്ചും സമയം ചിലവഴിച്ചു. അന്ന് വൈകുന്നേരം സംഗീത നിശയിലും പങ്കെടുത്തു. അതുപോലെ റോബോട്ട് സപ്ലൈ ചെയ്യുന്ന ബാറിൽ പോയി റോബോട്ടിന്റെ പ്രവർത്തനങ്ങൾ കണ്ടിരുന്നു.

രാത്രിയിൽ പലപ്പോഴും കടലിലേക്ക് നോക്കുമ്പോൾ അനന്തമായ കടലിൽ വലിയ മത്സ്യങ്ങൾ എടുത്തു ചാടുന്നത് കാണാമായിരുന്നു. രണ്ടു ദിവസത്തിനു ശേഷം കപ്പൽ സൗത്താംപ്ടണിൽ എത്തിച്ചേർന്നു. കപ്പൽ യാത്ര ചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തമായിമാറിയ ടൈറ്റാനിക് സൗത്താംപ്ടൺ തുറമുഖത്തുനിന്നുമാണ് ആദ്യയാത്ര ന്യൂയോർക്കിലേക്ക് പുറപ്പെട്ടത്. കപ്പലിൽ നിന്നും പുറത്തേക്കു ആ ദുരന്ത തുറമുഖത്തേക്ക് നോക്കി ദുരന്തത്തിൽ മരിച്ച ആളുകളെ ഓർത്തു അൽപ്പ സമയം നിന്നു.

രാവിലെ കുറച്ചു സമയം നടന്നതിനു ശേഷം ബ്രേക് ഫാസ്റ്റ് കഴിച്ചു. സ്വിമ്മിങ് പൂളിൽ പോയി കുറച്ചു സമയം ചെലവഴിച്ചു. വൈകുന്നേരം സർക്കസ് കാണാൻ പോയി. സാങ്കേതികമായി വളരെ മുന്നിട്ടു നിൽക്കുന്ന സ്റ്റേജിൽ നടന്ന സർക്കസ്, കണ്ടിരുന്ന എല്ലാവരെയും അത്ഭുതപ്പെടുത്തി. സ്റ്റേജിന്റെ സാങ്കേതികവിദ്യ അവിസ്മരണീയമായിരുന്നു. ഡിന്നറിനു എലഗന്റ് ഡ്രസ്സ് ധരിച്ചുവേണം പോകാൻ. പുരുഷന്മാർ എല്ലാവരും സ്യൂട്ട് ധരിച്ചും സ്ത്രീകൾ മനോഹരമായി ഡ്രസ്സ് ചെയ്തുമാണ് ഡിന്നറിനു എത്തിയത്.

വൈകുന്നേരം അലസമായി  കപ്പലിന്റെ വിവിധ ഭാഗങ്ങൾ കണ്ടു നടന്നപ്പോൾ ഒരു സുഹൃത്തിനെ കണ്ടുമുട്ടി. സൗത്താംപ്ടണിൽ നിന്നും കപ്പലിൽ പ്രവേശിച്ച യോർക്ക്  സ്വദേശി ബോസ് തോമസ് ആയിരുന്നു അത്. ഞങ്ങൾ ഒരുമിച്ച് കപ്പലിന്റെ വിവിധ ഭാഗങ്ങളിൽ കൂടി നടന്നു. വിവിധ നിലകളിൽ ഉള്ള ബാറുകളിൽ സന്ദർശിച്ചും സംഗീത സദസുകൾ ആസ്വദിച്ചും നേരം ചിലവഴിച്ചു. ഈ യാത്രക്കിടയിൽ വെയിൽസിൽ നിന്നുള്ള ഒരു മലയാളി കുടുംബത്തെയും പരിചയപ്പെട്ടു.

സൗത്താംപ്ടണിൽ നിന്നും ഞായറാഴ്ച വൈകുന്നേരം ലിവർപൂളിനെ ലക്ഷ്യമാക്കി കപ്പൽ പുറപ്പെട്ടു. ചൊവ്വാഴ്ച രാവിലെ ലിവർപൂളിൽ ഒരാഴ്ചത്തെ ഹോളിഡേ പൂർത്തിയാക്കി എത്തിച്ചേർന്നപ്പോൾ അതൊരു പുതിയ അനുഭവും സ്വപ്ന സാക്ഷാത്ക്കാരവുമായിമാറി.

# Jess Creation



**Bespoke decorating services**

*Available for*

**Christenings, Weddings & Events**

**Bouquets / Floral arrangement / Church decoration / baskets**

+44 7426754173 Facebook.com/jesscreation @jesscreation88 jesscreation88@gmail.com

*With Best Complaints from*

## Biju George & Family

Proud members of lima family...

02 Gawsworth Close, Oxton, CH43 2GS

ചെറുകഥ

# ത്രേസ്യാക്കുട്ടിയുടെ ആടുകൾ

ഈ കഥ നടക്കുമ്പോൾ എനിക്ക് ഒമ്പതും
അനിയന് ആറും വയസ്സാണ് പ്രായം

കാലം: ഒരു മധ്യവേനലവധി.
സമയം: നേരം പുലർന്ന് ഏഴ് മണി.
സ്ഥലം: എല്ലാ കുട്ടികളുടെയും സ്വപ്ന ഭൂമിയായ അമ്മ വീട്.



AVOO MOBILE

O2

# FLEXIBLE SIM ONLY DEALS

All plans come with

**UNLIMITED UK CALLS & SMS AND**

**FREE INDIA CALLS**

5G Enabled

e-SIM Compatible

Free Porting

O2 Ring TO INDIA Service Partners

24/7 0333 998 9900

or visit avoomobile.com

Terms and conditions apply

"കുട്ട്യോള് വന്നോ അന്നമ്മേടത്താരേ?"  ആടിന് കഞ്ഞ ള്ളട്ക്കാൻ വന്ന ത്രിസ്യൂട്ട്യേച്ച്യാ. പര്യ പുറത്ത്ന്ന്. കമ്പ ന്യേ പുവ്വാൻ മുറിം ക്ലപ്പായം മാറി അന്നമ്മേടത്താര് ഒന്നുകൂടി മൂത്രമൊഴിക്കാൻ മറപ്പെരേലേക്ക് എറങ്ങിതാ. കാല് അകത്തി വെച്ച് മുണ്ട് മുന്നിലും പിന്നിലും  അക ത്തിപ്പിടിച്ച് കാലിനിടയിലൂടെ ഉണങ്ങിയ പ്ലാവിലയിൽ ചറപറാന്ന് മൂത്രം വീഴുമ്പോൾ അതിലും ഉറക്കെ ശബ്ദ ത്തിൽ അന്നമ്മേടത്താര് പറഞ്ഞു.

"ആ...

പിള്ളേരേ ഞാൻ ഇന്നലെ കമ്പനി വിട്ടപ്പോ നേരേ പോ യി കൊണ്ടന്നു. അല്ലേങ്ങേ തോമുട്ടി പിന്നെ കൊള്ളിപ്പ ണി കഴിട്ടേന്ന് പറയും.

ത്രിസൂട്ട്യേ, ആ പടിക്കല് നിക്കണ പഴപ്ലാവിന്മേ മോളില് ഒരു ചക്ക മൂത്ത്ണ്ട് തോന്നുണു. അന്തോണ്യോട്ട് അത് ഒന്ന് ഇട്ട് വെക്കാൻ പറ. കയറ് ആ വെറക് പെരേല് കാണും".

ത്രിസ്യൂട്ടി ഇരുമ്പൻ പുളിയുടെ കടക്കൽ വെച്ചിരിക്കുന്ന വക്കു പൊട്ടിയ വലിയ മൺകലത്തിൽ നിന്ന് കഞ്ഞി വെള്ളവും പഴത്തൊലിയും ഞണങ്ങിയ അലൂമിനിയം ബക്കറ്റിലേക്ക് ഒഴിക്കുമ്പോൾ പിന്നിൽ തെറിയിട്ട് മുട്ടിനു താഴെ ഇറക്കി ഉടുത്ത കള്ളിമുണ്ടിന്റെ വിയർപ്പ മണം ശ്വ സിച്ച്, ത്രിസൂട്ടിയെ കാലുകളിൽ മുട്ടിയുരുമ്മി നിന്ന്, മൂക്ക കൊണ്ട് സ്നേഹമസൃണമായ  ശബ്ദം പുറപ്പെടുവിച്ച് കല ത്തിൽ നിന്ന് ബക്കറ്റിലേക്ക് വീഴുന്ന പഴ തൊലികൾ നാവുകൊണ്ട് വായിലാക്കി  ഒരു ഭാഗം വായിൽ നിന്ന് ഒരു വശത്തുകൂടെ പുറത്തേക്കിട്ട് ചവച്ചിറക്കുകയാണ് ഊശാം താടിക്കാരനായ പത്രു എന്ന കൊറ്റനാട്. ത്രിസൂട്ടി പത്രൂ എന്നു വിളിച്ചാൽ മതി ഏതു തിരക്കിനിട യിൽ നിന്നും പത്രു ഓടിയെത്തും. നീളമുള്ള കൊമ്പുകൾ മണ്ണിൽ കുത്തി കാലുകൊണ്ട് മണ്ണ് ചിക്കി അനുസരണ യോടെ തലയുയർത്തി മുന്നിൽ വന്നു നിൽക്കും.



ആലയിലെ പെണ്ണാടുകൾ വഴി തെറ്റാതെ നോക്കുന്ന തും, കുറുക്കന്റെ തോപ്പ് എന്നറിയപ്പെടുന്ന പാറമടകളി ലെ നിറഞ്ഞ ജലാശയങ്ങളിലേക്കും കശുമാവിൻ തണ ലിലെ പുൽത്തകിടികളിലേക്കും ആലയിലെ പെണ്ണാടു കളെയും ശിശുക്കളെയും നയിക്കുന്നതും വഴിയിൽ വന്നു പെടുന്ന ചാവാലി പട്ടികളെ കൊമ്പുകുലുക്കി ഓടിക്കു ന്നതും, തീറ്റ സ്ഥലത്ത് മറ്റ് ആട്ടിൻ കൂട്ടങ്ങളുമായി തന്റെ പെണ്ണാടുകൾ ഇടകലരാതെ വംശശുദ്ധി സൂക്ഷിക്കുന്ന തും പത്രുവിന്റെ ഉത്തരവാദിത്വമാണ്.

ഭരിക്കുക, നയിക്കുക, പഠിപ്പിക്കുക എന്നിങ്ങനെ തന്നിൽ അർപ്പിക്കപ്പെട്ട ദൈവീക ഗുണങ്ങൾ പത്രു കൃത്യമായി പാലിക്കപ്പെട്ടു.



പത്രുവിന്റെ ഏക ശത്രു, കാളിയറോഡിലേ നേർച്ച കൊ റ്റൻ മാത്രമാണ്. കഴുത്തിൽ വലിയ ഓട്ടു മണി കെട്ടിയ,  ആ ഒറ്റയാൻ മനക്കലെ ഇടോഴിയിൽ നിന്ന് സാറമ്മ യുടെ പാടം കടന്ന് മണ്ണാം മുക്കിലേക്ക് ഒരു വരവുണ്ട്. വളഞ്ഞ കൊമ്പുകളും, ഊശാം താടിയും ഏകദേശം നാ ലടി ഉയരവും വലിയ ശരീരവും കുണക്കി കുണുങ്ങിയുള്ള വരവ് കണ്ടാൽ എത്ര ക്ഷമിച്ചാലും പത്രുവിന്റെ ഉള്ളിലെ പൗരുഷം ജ്വലിക്കും.   ഒന്നു കൊമ്പുകോർക്കാൻ അവ ന്റെ ഉള്ളം ത്രസിക്കും.

ത്രിസ്സൂട്ടി പറഞ്ഞാലും പത്രുവിന് അപ്പോൾ അനുസരി ക്കാൻ കഴിയാതെ വരും.

*In Loving Memory of*

**K GOPALAN**

Chakkittatharayil, Kaipattoor, Pathanamthitta, Kerala.



***Harikumar Goplan & Family***

7 wexwood grove Whiston prescot L35 3xh

മുട്ടനാടുകൾ കൊമ്പുകോർക്കുമ്പോൾ ഇടവഴി പെട്ടെന്നൊരു യുദ്ധഭൂമിയായി മാറും. പത്രുവിന് ഗ്രൗണ്ട് സപ്പോർട്ട് കൂടും. കുട്ടികൾ വേലിക്കഴയിലേക്ക് മാറി നിന്ന് ആഘോഷശബ്ദങ്ങൾ പുറപ്പെടുവിക്കും... ത്രിസ്സൂട്ടിയും അത് അറിയാത്ത രീതിയിൽ അനുവദിച്ചു കൊടുക്കും. അവൻ ഒരാണല്ലേ എന്നാണ് അതിനുള്ള ന്യായം. മറഞ്ഞു നിന്ന് ആ കൊമ്പുകോർക്കൽ അവൾ ആസ്വദിക്കാറുമുണ്ട്. ഏകദേശം പത്തു മിനിറ്റിന്റെ പ്രകടനം കഴിഞ്ഞാൽ വരത്തൻ തിരിച്ചു പോകും. പത്രു തന്റെ വിജയം ആഘോഷിച്ച് വേലികളിൽ നിന്ന് പാൽ വയറ കടിച്ചു തിന്നാൻ തുടങ്ങും. അധിക സമയം ഇടവഴിയിൽ ചുറ്റി തിരിയുന്ന ശീലം പത്രുവിനില്ല. ഇടവഴിയിലെ അറ്റം വരെ ഒന്നു നടന്ന് വേഗം തന്നെ തിരിച്ചു വരും. പെണ്ണാടുകളെയും കുട്ടികളെയും അഴിച്ചുവിടാറില്ലെങ്കിലും പത്രുവിനെ ദിവസവും തുറന്നു വിടാറുണ്ട്. കൂട്ടിൽ പത്രുവിന് പ്രത്യേകമായ അറയുണ്ട്.



പത്രു പെണ്ണാടുകളുമായി ഇണചേരാനുള്ള വട്ടം കൂട്ടി തുടങ്ങിയാൽ ത്രിസ്സൂട്ടി അവന്റെ സ്വകാര്യത നഷ്ടപ്പെടാതിരിക്കാൻ എന്നവണ്ണം ആ ഭാഗത്തേക്ക് നോക്കാറില്ല. ആടുകളുടെ അപ്പോഴത്തെ ശബ്ദം കേൾക്കാതിരിക്കാൻ കഴിയുന്നതും ദൂരെ മാറി പോകുകയോ മറ്റു പണികളിൽ തിരക്കാവുകയോ ആണ് പതിവ്.

എന്നാൽ ഞങ്ങളിൽ ചിലർ കിട്ടുന്ന അവസരങ്ങളിൽ ഒളിഞ്ഞിരുന്നു കാണുകയും മുതിർന്നവർ കാണാതെ പരീക്ഷിച്ചു നോക്കി രസിക്കുകയും ചെയ്തിരുന്നു .

അന്തോണി ചക്ക ഇടാൻ വന്നപ്പോഴെക്കും അയൽ വീടുകളിലെ കുട്ടിസംഘം അവധിക്കാല പരിപാടികൾ പ്ലാൻ ചെയ്യാൻ പ്ലാവിൻ ചോട്ടിൽ വട്ടമേശ സമ്മേളനം തുടങ്ങി കഴിഞ്ഞു. ചക്കയിട്ട് ആടിനുള്ള പ്ലാവിലകളുമായി വിക്കനന്തോണി പോകുമ്പോഴും ചർച്ച തുടർന്നു.



“എ എ എപ്പഴ വന്നേ?” പോകുമ്പോൾ വിക്കനന്തോണി തലയിൽ തോണ്ടി.

“ഇന്നലെ വൈന്നേരം”.

വിക്കനന്തോണി പാവമാണ്. എന്നാലും കുട്ടികൾ അയാളുടെ അടുത്ത് പോകുന്നത് അമ്മമാർ വിലക്കിയിരുന്നു. കുട്ടികളെ പൊട്ട ശീലം പഠിപ്പിക്കുമെന്നേ.

പത്തു സെന്റ സ്ഥലം—അതിൽ പതിനാലാം കോല് എട്ടിൽ ഓടിട്ട ചാണം മെഴകിയ വീടും ത്രേസ്യകുട്ടി എന്ന, വളരെ ശോഷിച്ച ശരീരവും വലിവിന്റെ അസുഖവുമുള്ള ഒരേ ഒരു പെങ്ങളുമാണ് അന്തോണിക്ക് സ്വന്തമായുള്ളത്.

ആങ്ങളയും പെങ്ങളും കല്യാണം കഴിക്കണ്ട എന്നു തീരുമാനിച്ചത് ഒരാൾ കല്യാണം കഴിച്ചാൽ മറ്റെയാൾ ഒറ്റയ്ക്കായി പോകുമോ എന്നു ഭയന്നിട്ടാണ്. തനിക്കൊരു ഭർത്താവു വന്നാൽ അയാൾ തന്റെ ആങ്ങളയെ ഇഷ്ടപ്പെട്ടില്ലെങ്കിലോ എന്ന് പെങ്ങളും താൻ കല്യാണം കഴിച്ചു കൊണ്ടുവരുന്ന പെണ്ണ് തന്റെ പെങ്ങളെ ഇഷ്ടപ്പെട്ടില്ലെങ്കിലോ എന്ന് ആങ്ങളയും ഭയന്നു.

അന്തോണിക്ക് ആരോഗ്യമുള്ള ശരീരമുണ്ടെങ്കിലും തന്റെ ഉണ്ണിയെ ത്രിസ്യാകുട്ടി പുറത്ത് ഒരു പണിക്കും വിട്ടില്ല. പനി പിടിച്ച് മൂന്നാം നാൾ അമ്മ മരിക്കുമ്പോ, ന്നെ, എല്പിച്ചതാ. ന്റ കുട്ടിനേ.



“എന്തിനാ ത്രിസ്യാകുട്ട്യേ നീ ഈ വയ്യാത്തോടത്ത് ഇങ്ങനെ ആടുകളുടെ പിന്നാലെ കിടന്ന് ഓടണത്. അന്ത്യോണ്യേ എന്തെങ്കിലും പണിക്ക് പറഞ്ഞയച്ചൂടെ”.

ത്രിസൂട്ടിടെ വലിവ് കണ്ട് ആരെങ്കിലും പറഞ്ഞാൽ ത്രിസൂട്ടിടെ സ്ഥിരം മറുപടിയാണത്. കൂടെ ഇതും കൂടെ പറയും.

“അമ്മ പോകുമ്പം എനിക്ക് ഏഴ് വയസ്. ഉണ്ണിക്ക് നാല് വയസ്സും. അമ്മേടെ മഞ്ച മുറ്റത്തേക്ക് ഇറക്ക്യേപ്പോ അമ്മേനേ കൊണ്ടോയാ ഞങ്ങക്ക് ആരാ ചോറ് തരാ എന്നു പറഞ്ഞാ അന്ന് അവൻ പള്ളിലച്ചനെ ഉന്തിയിട്ടത്. അപ്പാപ്പൻ ആവുന്നത്ര പിടിച്ചിട്ടും അവൻ നിന്നില്ല. അവസാനം ആരോ ചെറിയ മുറിയിലിട്ട് പൂട്ടി.

ദിവസങ്ങളോളം അവൻ മിണ്ടിയില്ല. പിന്നെ ഒരിസം ഉച്ചക്ക് ഞങ്ങടെ അമ്മാമ എന്റെ തലേല് പേൻ നോക്കിക്കൊണ്ടിരിക്കുമ്പോ ഉണ്ണി അകത്ത് നിന്ന് ഓടി മുറ്റത്തേക്ക് വന്നു. ഒരലർച്ചയോടെ നിലത്ത് വീണ് കയ്യും കാലും ഇട്ട് അടിക്കാൻ തുടങ്ങി. വായേന്ന് നുരേം പതേം വന്നു. കുട്ടി ഇപ്പോ മരിക്കുംന്ന് കരുതി. മരണവെപ്രാളം. കണ്ട് നിക്കാൻ പറ്റില്ല. തൊടാനും സമ്മതിക്കിണില്ല. അമ്മാമ അകത്തു പോയി പിടിയില്ലാത്ത ഒരു കത്തി എടുത്തു കൊണ്ടുവന്ന് ഉണ്ണിടെ കയ്യിൽ ബലമായി പിടിപ്പിച്ചു. കുറച്ചു കഴിഞ്ഞപ്പോ ചത്ത പോലെ കിടന്നു. പിന്നെ അമ്മാമ എടുത്ത് കുളിപ്പിച്ച് കഞ്ഞി കോരിക്കൊടുത്തു. എന്താണ്ടായേ ഉണ്ണ്യേ എന്നു ചോദിച്ചപ്പോ അവൻ പറയാ. ആ എന്തുട്ടാണ്ടായേ? ഇക്യറില്ലന്ന്.

ഉണ്ണി കളിക്കാൻ പോയപ്പോ അമ്മാമന്നോട് പറഞ്ഞു. “ത്രിസൂട്ട്യേ അവന് അപസ്മരം എളകിണ്ട്. മ്മള് സൂക്ഷിക്കണം”.

അതിപിന്നാ ഉണ്ണിക്ക് വിക്ക് തുടങ്ങിത്. ന്റുണ്ണി വയ്യാത്തതാ. ആ കാണണ ശരീരം ഒരു ബലോംല്ല്യാത്തതാ. എപ്പളാ അത് വീണ്ടും എളകാന്ന് അറില്ലാ?”

കറവയുള്ള അഞ്ചാടുകൾ ത്രേസ്യയുടെ ആട്ടിൻ കൂട്ടത്തിൽ എപ്പോഴും കാണും. ഇരു നാഴി പാലു വെച്ച് ഓരോ ആടിൽ നിന്നും കറന്നെടുക്കും ബാക്കി കുട്ടികൾക്ക്/ കുട്ടിക്ക് കുടിക്കാനുള്ളതാണ്. മിക്കവാറും രണ്ടു കുട്ടികളായിരിക്കും ഒരു പ്രസവത്തിൽ.

പത്രുവിന്റെ കുട്ടികൾ ആയതു കൊണ്ട് അവർക്കെല്ലാം പത്രുവിനെ പോലെ കഴുത്തിൽ രണ്ടു മണിയുണ്ട്. മണി ആട്ടിയാട്ടി തുള്ളിച്ചാടി വരുന്ന ആട്ടിൻകുട്ടികൾ ത്രേസ്യയുടെ കറവകഴിഞ്ഞാൽ അമ്മമാരുടെ മുലകളെ നാവു നക്കി മൂക്ക് കൊണ്ട് മണത്ത് തല കൊണ്ട് മൃദുവായി ഇടിച്ച് പാൽ വലിച്ചു കുടിക്കും. അപ്പോൾ പിടിച്ചു വെച്ച പാൽ തള്ളാട് സമൃദ്ധമായ് ചുരന്നു കൊടുക്കും ത്രിസൂട്ടി നിർവൃതിയോടെ അതു നോക്കി നിൽക്കും.



ഇരു നാഴി പാൽ വീട്ടിലേക്കാണ്. ബാക്കിയുള്ള രണ്ടിടങ്ങഴി പാലിന് മുമ്പുതന്നെ പറഞ്ഞുറപ്പിച്ചവർ ഉരി ഗ്ലാസും, ചുവന്നുള്ളിയുമായ് മുറ്റത്തുണ്ടാകും. ഗ്ലാസിലൊഴിച്ച ഇളം ചൂടുള്ള പാലിൽ ചോന്നുള്ളി വിരൽ കൊണ്ട് ഉടച്ചു ചേർത്ത് തോളിലിട്ട തോർത്തുകൊണ്ട് ചുണ്ടിൽ ചേർത്ത് അരിച്ച് അവർ വലിച്ചു കുടിച്ചും. എന്നും രാവിലെ മുറ്റത്ത് പാലുകുടിക്കാനുള്ള ആളുകൾ കാണും. ആട്ടിൽ പാൽ അങ്ങനെ കുടിക്കുന്നത് പ്രതിരോധ ഔഷധമാണ്.

ഏകദേശം പത്തു മണിയാകുമ്പോൾ ത്രിസ്യാകുട്ടി ആടുകളെയും കൊണ്ട് കുറക്കന്റെ തോപ്പിലേക്ക് പോയാൽ. അന്തോണി പടിക്കൽ എടോഴില് വന്നിരുന്ന് തനിച്ച് തായം കളിക്കാൻ തുടങ്ങും. ചിലപ്പോ മുന്നിലെ വീട്ടിലെ ചാത്തുമാനും കൂടും. ചാത്തുമാന് മാർക്കറ്റിൽ ഉന്തുവണ്ടി വലിക്കലായിരുന്നു. ഇപ്പോ വയ്യാണ്ടായി. മൂത്തമോൻ രാധക്ക് ആ പണി കൊടുത്തു. വിശ്രമ ജീവിതമാണ്.

ആറടി ഉയരവും ഒത്ത ശരീരവുമുള്ള ബലിഷ്ഠനാണ് ചാത്തുമാൻ. വയസ്സായെങ്കിലും ആ വലുപ്പം അങ്ങനെ തന്നെയുണ്ട്. ഭാര്യ കാക്ക്യമ്മായി നാലടി ഉയരമാണ്. ഇപ്പോ ഒരു കൂനും ഉണ്ടെങ്കിലും അത്രയും വെളുപ്പ് നിറമുള്ള ആരും ആ ഇടവഴിയിൽ ഉണ്ടായിരുന്നില്ല.

പന്ത്രണ്ട് മണിയാകുമ്പോൾ തലയിൽ ഒരു ചാക്ക് ചവറും (അന്നത്തേക്കുള്ള വിറക്) മുന്നിൽ ആടുകളുമായി ത്രിസ്യാക്കുട്ടി തിരിച്ചു വരുംവരെ അന്തോണി അവിടെയിരിക്കും.

ഞങ്ങളുടെ കുട്ടിസംഘത്തിന് പലവിധ സഹായവും അന്തോണിയെക്കൊണ്ടുണ്ട്. കുട്ടിയും കോലും കളിക്കാൻ ശീമക്കൊന്നയുടെ വടി കഷ്ണങ്ങളാക്കി തരിക. കർണ്ണാക്കും കായ കൊണ്ട് ചക്രങ്ങളുള്ള വണ്ടിയുണ്ടാക്കി തരിക. പിന്നെ ഇടക്കൊക്കെ പറമ്പിലെ കശുമാവിൽ നിന്നു വീണ കിട്ടുന്ന അണ്ടി ചുട്ടു തരിക. അത് എല്ലാവർക്കുമില്ല എനിക്കും അനിയനും എന്തായാലും കിട്ടും. പിന്നെ പതിനൊന്നു മണിക്ക് പൈപ്പിൽ വെള്ളം വരുമ്പോൾ രാവിലെ മുതൽ പെണ്ണുങ്ങൾ വരിവരിയായി കൊണ്ടു വെച്ച പാത്രങ്ങൾ നിറച്ചു വെക്കലും അന്തോണി ഫ്രീയായി ചെയ്തു കൊടുക്കും. എന്നാലും പെണ്ണുങ്ങൾക്ക് അന്തോണിയെ ഇഷ്ടമല്ല. പെണ്ണുങ്ങളെ തനിച്ചു കണ്ടാൽ അന്തോണി മുണ്ടുപൊക്കി കാണിക്കുമത്രേ. പപ്പോഴും പെണ്ണുങ്ങൾ കുടമെടുക്കാൻ വരുമ്പോൾ 'ഫ' തെണ്ടി എന്ന് ആട്ടുന്നത് കാണാം. എന്തിനാ അവരു് അങ്ങനെ പറഞ്ഞേന്ന് ചോദിച്ചാൽ അന്തോണി കണ്ണിറുക്കി ചിരിക്കും. കുട്ടികൾ അന്തോണിയുടെ അടുത്ത് പോകരുതെന്നാണ്.

എന്നാലും ഞങ്ങൾ അരും കാണാതെ അന്തോണിടെ അടുത്തു നിന്ന് സഹായങ്ങൾ സ്വീകരിക്കും.

കാലത്ത് നാടകം കളി, ഉച്ചക്ക് കവടി കളി, വൈകുന്നേരം ഹോക്കി കളി അങ്ങനെയാണ് ഇടവഴിയിലെ അവധിക്കാല കളികൾ.



പതിനൊന്നു മണിയാകുമ്പോൾ കുട്ടികൾ വീടുകളിൽ നിന്ന് ഒരു അടുക്കു പാത്രവുമായി കിലോമീറ്റർ അകലെയുള്ള കമ്പനി പടിയിലേക്ക് യാത്രയാകും. ആ ഇടവഴിയിൽ പകുതി വീടുകളിൽ നിന്ന് ഒരാളെങ്കിലും കമ്പനിയിൽ ജോലി ചെയ്യുന്നുണ്ട്. അവർക്ക് ഉച്ചക്കുള്ള ചോറാണ് ആ പാത്രങ്ങളിൽ. അമ്മാമക്കും, അമ്മക്കും ഉള്ള ചോറുകൾ രണ്ടു പാത്രങ്ങളിലായി ഞങ്ങളും പുറപ്പെടും.

അമ്മയുടെ അനുജത്തി മേമയുടെ ജോലി സമയാസമയങ്ങളിൽ ഭക്ഷണം ഉണ്ടാക്കുക. വെള്ളം കൊണ്ടുവരിക തുണി കഴുകുക വീടു വൃത്തിയാക്കുക കുട്ടികളെ കുളിപ്പിക്കുക എന്നിവയാണ്.

കമ്പനിപ്പടിക്കൽ ചോറു കൊണ്ടു കൊടുത്തു വന്നാൽ ഞങ്ങൾക്ക് മേമ ചോറുവിളമ്പും ഒരു ഒഴിച്ചു കറി, ഉപ്പേരി ഉണക്കമീൻ വറുത്തത്. ഇത്രയും സ്ഥിരമാണ്.

ഉച്ചയൂണ് കഴിഞ്ഞാൽ എല്ലാ വീടുകളിലും സ്ത്രീകൾ ഒന്നു നടുനിവർത്തുന്ന നേരമാണ്.

ഈ സമയം കുട്ടികൾ സ്വതന്ത്രരാണ്. പാതി ചാരിയ വാതിൽ വഴി പതുക്കെ പുറത്തുചാടും. വേലിക്കഴകൾ ചാടി എടോഴിയിലെത്തും. ഒരു പത്തുപേരുടെ സംഘം ആയിക്കഴിഞ്ഞാൽ പടിഞ്ഞാട്ട് കുറുക്കന്റെ തോപ്പു നോക്കി പാറക്കല്ലുകൾ നിറഞ്ഞ വെള്ളച്ചാൽ ഇടവഴിയിലൂടെ ഒറ്റവരിയായ് കയറിപ്പോകും.


Malabar Foods Midlands Ltd
164, Slade Road, Erdington, Birmingham B23 7PX
Tel: 01213823892
Email: malabarfm@gmail.com
WE SPECIALISED IN SOUTH INDIAN FOOD PRODUCTS. AN ASSORTMENT OF READY-TO-EAT MEALS, SPICES, CURRY POWDERS, PICKLES, RICE, RICE POWDERS AND A VARIETY OF CANNED PRODUCTS AND FULL RANGE OF FROZEN FISH AND FROZEN FOODS.


Gulf Motors
The best place to find your ideal car
32 Years of Quality Car Sales
166, Slade Road,Erdington, Birmingham, West Midlands B23 7PX
Mob: 07427598126, 07884961746
https://www.facebook.com/gulfmotors.binny
FIAT
SEAT
Audi
CHRYSLER
NISSAN
RENAULT
MINI
SUZUKI
Volkswagen
KIA
HYUNDAI
HONDA
CITROËN
Ford
PEUGEOT

കശുമാവിൻ തോട്ടത്തിൽ അപ്പോൾ ചവറടിക്കുന്നവരും ആടിനെ നോക്കുന്നവരും ഒഴിഞ്ഞു പോയിരിക്കും. അണ്ടിനോക്കുന്ന പരമേട്ടനും മാച്ചുവട്ടിൽ മയക്കത്തിലായിരിക്കും. പാറമടയിൽ നിന്നു വരുന്ന ഉച്ചക്കാറ്റ് കുട്ടികൾക്കു വേണ്ടി തുരുതുരെ കശുമാങ്ങകൾ ഉതിർത്തിടും. മഞ്ഞയും ചുവപ്പും നിറത്തിലുള്ള മാങ്ങകൾ പെണ്ണുങ്ങൾ ചവറടിച്ചു മാറ്റിയ ഇടങ്ങളിലൂടെ പൂച്ച നടത്തം പാലിച്ച് വലിയ നീറോലി വിടയിൽ അണ്ടിയോടു കൂടി കോർമ്പകളായി കോർത്ത് പെട്ടന്ന് ഊർന്നിറങ്ങി പോരും. തുടുത്ത മാമ്പഴങ്ങൾക്ക് ഇടവഴിയിൽ ആൾക്കാർ ഏറെയാണ്. അണ്ടികൾ വിരിഞ്ഞു് അതിനു മുമ്പേ പോക്കറ്റിലാക്കിയിരിക്കും. സൗകര്യം പോലെ അത് അന്തോണിയെ ഏൽപ്പിച്ചാൽ ചുട്ടു കിട്ടും. ഏപ്രിൽ മുതൽ മെയ് പകുതി വരെ ഈ കളി തുടരും. വിഷു കഴിഞ്ഞാൽ അണ്ടിക്കാലം കഴിഞ്ഞു.



മാതാവിന്റെ വണക്കമാസം കാലം കൂടുന്നത് മെയ് അവസാനത്തിലാണ്. ചക്കപ്പഴവും പാച്ചോറും ചേർന്നൊരുക്കുന്ന ആ സദ്യയിൽ ഞങ്ങൾക്കൊരിക്കലും പങ്കെടുക്കാൻ പറ്റില്ല... അപ്പഴേക്കും വീട്ടിലേക്ക് പോരണ്ട സമയമാകും.

നല്ല മാതാവേ മരിയേ എന്ന പാട്ട് പ്രാർത്ഥന കഴിഞ്ഞാൽ വലിയ ശബ്ദത്തിൽ ഇടവഴിയിൽ മുഴങ്ങും ഒരു വിട്ടീൽ പകുതിയാകുമ്പോഴായിരിക്കും അടുത്ത വീട്ടിൽ തുടങ്ങുക. കത്തോലിക്കരും ഈഴവരും ഇടകലർന്ന് പാർക്കുന്ന ആ ഇടവഴിയിൽ മണ്ണാൻ, ഓടൻ, കരുവാൻ എന്നിവരുമുണ്ട്. എല്ലാവരും പരസ്പരം മുതിർന്നവരെ ചേട്ട, ചേച്ചി എന്നു വിളിക്കുന്ന ഒരു ശീലമാണവിടെ. ഏത് അടുക്കളയിലും ആർക്കും കയറി ചെല്ലാം.

രാത്രി ഏഴ് മണി കഴിഞ്ഞു് മണ്ണാമുക്ക് ഇടവഴിയിലൂടെ നടന്നാൽ കുന്തിരിക്ക പുകയുടെ മണവും ചന്ദന തിരിയുടെ മണവും മാറി മാറി വരും. ചിലയിടത്ത് മീൻ കറി ഉള്ളി കാച്ചുന്ന മണമാണെങ്കിൽ സാമ്പാർ കടുകു വറുക്കുന്ന മണമാകും അപ്പുറത്ത്.

വൃശ്ചികമാസം അയ്യപ്പസ്വാമിക്കെന്നപോലെ മെയ് മാസം മാതാവിന്റെ മാസമാണ്. ‘നല്ല മാതാവേ’ എന്ന പാട്ട് ആ ദിവസങ്ങളിൽ സന്ധ്യാപ്രാർത്ഥന കഴിഞ്ഞാൽ ഉറക്കെ പാടും. അതിലെ ഏറ്റവും ഉറക്കെ ചൊല്ലുന്നവരി:

“ചെയ്ത്താൻമാർ ഞങ്ങളെ കാത്തിടുകിൽ
ചത്താലും ഞങ്ങൾക്കതിഷ്ടമല്ല”

എന്ന വരിയാണ്.

വണക്കമാസം കാലം കൂടുംമുമ്പ് വികാരിയച്ചൻ വീടുകൾ വെഞ്ചിരിക്കാൻ വരും. കുട്ടികൾ അച്ചന്റെ പിറകെ വീടുകൾ കയറിയിറങ്ങും. എല്ലാ വീട്ടിൽ നിന്നും അച്ചന് ചായയും പഴവും മിക്ച്ചറും നല്കും. അച്ചൻ അത് കുട്ടികൾക്ക് കൊടുക്കും.

“ത്രേസ്യകുട്ട്യേ നിന്നെ ഇപ്പോ പള്ളിലേക്കൊന്നും കാണാറില്ലല്ലോ”?.

എഴുപതു കഴിഞ്ഞ വികാരിയച്ചൻ ത്രിസ്യാകുട്ടിയുടെ വീട്ട് വെഞ്ചിരിപ്പ് കഴിഞ്ഞു് പുറത്തേക്കിറങ്ങുമ്പോൾ തന്റെ മുടിയില്ലാത്ത തലയിൽ വിരലോടിച്ചു കൊണ്ട് കുശലാന്വേഷണം നടത്തി. അതുവരെ ഭക്തയായി കഴിഞ്ഞ ത്രേസ്യാ കയ്യുകൾ ആകാശത്തേക്കുയർത്തി പ്രാർത്ഥിക്കാൻ തുടങ്ങി.

“ഞാൻ നല്ല ഇടയയാകുന്നു. എന്റെ ആടുകൾ എന്റെ സ്വരം കേൾക്കുന്നു. അവ എന്നെയും ഞാൻ അവയേയും തിരിച്ചറിയുന്നു. ഒരു കള്ളനും നായ്ക്കും നരിക്കും ഞാനവയെ വിട്ടുകൊടുക്കില്ല. ഈ കൂട്ടിലേക്ക് എത്തിച്ചേരണ്ട ആടുകൾ ഇനിയുമുണ്ട് ഞാൻ അവയെ അന്വേഷിച്ചു കൊണ്ടിരിക്കുന്നു”.

*In loving memory of my parents*

**M.C. LUKOSE & SARAMMA LUKOSE**

Makil Manjoor



from,

***Saji Makil & Family***

117 Capricorn crescent L149LR

അച്ചൻ അന്തോണിയെ നോക്കി.

അന്തോണി കൈകൂപ്പിക്കൊണ്ട് പറഞ്ഞു.

"അച്ചോ, ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ"

ത്രേസ്യയുടെ ശബ്ദം കേട്ടപ്പോൾ

"ആട്ടിൻകൂട്ടിൽ നിന്ന് മ്മേ, മേ" എന്ന ശബ്ദം ഉയർന്നു. ഒന്നിൽ നിന്നു തുടങ്ങി അതു മുപ്പതായി. എന്തെന്നാൽ കൂട്ടിൽ മുപ്പതു് ആടുകൾ ഉണ്ടായിരുന്നു.

ത്രേസ്യ 101-ാം സങ്കീർത്തനം ഉച്ചത്തിൽ ആലപിക്കാൻ തുടങ്ങി.

"കർത്താവെന്റെ ഇടയനാകുന്നു
എനിക്കൊന്നിനും മുട്ടുണ്ടാക്കുകയില്ല".

വികാരിയച്ചൻ ക്ഷുഭിതനായി.

അന്തോണി വിക്കി വിക്കി വികാരിയെ ആശ്വസിപ്പിച്ചു. "അ അ അച്ചോ ദൈവസഭാ മത്തായിയാ ഇവളെ ഇങ്ങനെയാക്കിയതു്. അച്ചൻ ഒന്ന് തലയിൽ കൈ വെച്ച് പ്രാർത്ഥിച്ചാൽ മതി. ഒഴിഞ്ഞു പൊയ്ക്കോളും ".



അച്ചൻ ആസകലം ത്രേസ്യയെ ഒന്നു നോക്കി. പിന്നെ ഇരുത്തി ഒന്നു മൂളി. തൊട്ടടുത്ത കുഞ്ഞാച്ചന്റെ വീട്ടിലേക്ക് നടന്നു.

ആലയിൽ നിന്ന് പത്രു ഉച്ചത്തിൽ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു.

അച്ചൻ പോയി കഴിഞ്ഞപ്പോൾ അവൾ ആട്ടിൻ കൂടിനരികിലേക്ക് ചെന്നു. അപ്പോൾ അവരെല്ലാം കവുങ്ങിന്റെ പാളി കൊണ്ടുണ്ടാക്കിയ കൂടിന്റെ തറയിൽ ഒരുമിച്ച് ചവുട്ടി ശബ്ദമുണ്ടാക്കുകയും കൂട്ടിൽ കെട്ടിയിട്ട പ്ലാവിലകൾ കടിച്ചു തുപ്പുകയും ചെയ്തു. അവൾ കൂടു തുറന്നു വിട്ടു. ആദ്യം പത്രു, പുറകിൽ ശോശമ്മ, കത്രീന, മറിയം കുട്ടി എന്നിങ്ങനെ സ്ഥാനമനുസരിച്ച് അവർ ഓരോരുത്തരായി ഇറങ്ങി വന്ന് അവൾക്ക് ചുറ്റും നിലയുറപ്പിച്ചു. പത്രു അവളെ ദേഹമാസകലം നാവു കൊണ്ട് നക്കുകയും മൂക്കു കൊണ്ട് മണക്കുകയും ചെയ്തു. അവന് എത്താതെവന്ന തന്റെ ശരീര ഭാഗങ്ങളെല്ലാം അവൾ കുനിച്ചു കൊടുത്തു.

വൈകുന്നേരം അഞ്ചു മണിക്ക് ശരീരം നിറയെ പഞ്ഞിയുമായി അമ്മാമ കമ്പനി വിട്ട് വരും. അപ്പോഴേക്കും ഞങ്ങളെ കുളിപ്പിച്ച് അലക്കിയ ഡ്രസ്സ് ഇടീച്ച് നിർത്തിണ്ടാകും മേമ.

ഞങ്ങളിങ്ങനെ കുരുമുളക് വള്ളി പടർന്ന മുരുക്കമരങ്ങളിൽ (രണ്ടു പടിക്കാലുകൾ) പിടിച്ച് നല്ല കുട്ടികളായി അമ്മാമ വരുന്നതും നോക്കി നിൽക്കും. ഒരു സഞ്ചിയിൽ വീട്ടു സാമാനങ്ങളും മറ്റേ കയ്യിൽ ചോറ്റുപാത്രവും ഉണ്ടാകും. ചോറ്റുപാത്രം ഞങ്ങൾക്കുള്ളതാണ്. അതിൽ കമ്പനി കാന്റീനിൽ നിന്ന് അഞ്ച് പൈസ ടോക്കണ് വാങ്ങി, വാച്ച് മാൻ കാണാതെ കൊണ്ടുവരുന്ന ഉഴുന്നുവടയും പരിപ്പുവടയും കാണും. അതു തിന്നിട്ടേ ഞങ്ങൾ അകത്തു കയറൂ.

സന്ധ്യക്ക് അമ്മാമ മുറ്റത്തെ ചവറടുപ്പിൽ കുളിക്കാൻ വെള്ളം ചൂടാക്കാൻ തുടങ്ങുമ്പോൾ ത്രസ്യാ കുട്ടി വൈകുന്നേരത്തെ കഞ്ഞള്ളം എടുക്കാൻ പാത്രവുമായി വരും.

അവധിക്കാലം കഴിയും വരെ ഇതാവർത്തിക്കും.

സ്കൂൾ തുറക്കുന്നതിന് രണ്ടു ദിവസം മുമ്പ് പുതിയ ബാഗ്, പുതിയ കുട, പുതിയ ചെരിപ്പ്, പുതിയ ഉടുപ്പ്, പുതിയ ബോക്സ്, പുതിയ പേന, പുതിയ പെൻസിൽ, പുതിയ നോട്ടുപുസ്തകങ്ങൾ ഇവയൊക്കെയായി സങ്കടം ഉള്ളിലൊതുക്കി പോരുമ്പോൾ വിക്കനന്തോണി കണ്ണു നിറഞ്ഞു കൊണ്ട് തലയിൽ തട്ടി പറയും ഓണത്തിന് വേഗം വരണം.

കൂട്ടുകാരായ കുഞ്ഞാച്ച, സുര, യൂദ എന്നിവർ ഇടവഴിയുടെ അറ്റത്തുള്ള ബസ് സ്റ്റോപ്പ് വരെ കൂടെവരും. അഞ്ചു മണിക്കുള്ള സുബിത ബസ്സിൽ കയറുമ്പോൾ അവർ ടാറ്റ പറഞ്ഞു് പിന്നിൽ നിൽക്കും. കമ്പനി പടിക്കൽ നിന്ന് അമ്മ മുന്നേ ആ ബസ്സിൽ കയറിയിട്ടുണ്ടാകും.



തൃസൂട്ട്യേച്ചിയുടെ ആടുകൾ കുറുക്കന്റെ തോപ്പിൽ നിന്ന്
വരിവരിയായി വീട്ടിലേക്ക് വന്നു കൊണ്ടിരുന്നു.

റോസി തമ്പി

കലിഗ്രഫി : എൻ. ഭട്ടതിരി

# ത്രേസ്യാക്കുട്ടിയുടെ ആടുകൾ


### റോസി തമ്പി



തൃശ്ശൂരിലെ പുന്നമ്പറമ്പിൽ 1965-ൽ ജനനം. തൈക്കാട് വറീത് തോമയുടെയും മാളിയേക്കൽ ലോന മേരിയുടെയും മകൾ. പ്രൊഫ. വി. ജി. തമ്പി ഭർത്താവ്, ചാരുലത തമ്പി, സ്വാതിലേഖ തമ്പി എന്നിവർ മക്കൾ. ഗവ. ഹൈസ്കൂൾ മമ്പാട്, ശ്രീ വ്യാസ എൻ എസ് എസ് കോളേജ് വടക്കാഞ്ചേരി, വിമല കോളേജ് തൃശ്ശൂർ, കേരളവർമ്മ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. മലയാള ഭാഷാ സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും. ബൈബിളും മലയാളവും (ഗവേഷണ പ്രബന്ധം), സ്ത്രൈണ ആത്മീയ (പഠനം), സഹജീവനം (ലേഖനം), പറയാൻ ബാക്കിവെച്ചത് (കവിത), പ്രണയലുത്തിനിയ (കവിത) എന്നിവ പ്രധാന കൃതികൾ. കേരള ലളിതകലാ അക്കാദമി, കേരള സാഹിത്യ അക്കാദമി എന്നിവയിൽ അംഗമായിരുന്നു. ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജിൽ മലയാളവിഭാഗം അസോസിയേറ്റ് പ്രൊഫസർ.

# മൃതിയിലെ മുലയൂട്ടൽ

ഉഗ്രവിഷമുള്ള മൂർഖന്റെ കടിയേറ്റു മരണ
ത്തിലേക്ക് വലിഞ്ഞു മുറുകുമ്പോളും,
മുലകുടി മാറാത്ത കൈക്കുഞ്ഞിനെ
മുലയൂട്ടുന്ന ഒരമ്മയുടെ ഓർമ്മകൾ.
അമ്മ മരണത്തിലേക്ക് പോകുന്നതറിയാതെ
മുല കുടിച്ചുകൊണ്ടിരിക്കുന്ന ഒരു പിഞ്ചു
കുഞ്ഞിന്റെ തേങ്ങൽ... മലയാള യുവത്വത്തിന്റെ
ധാർമികത ചോർന്നുപോകുന്ന
ഒരുപിടി ഓർമ്മകൾ...
വൈകാരികത ചോർന്നുപോകാതെ അവതരി
പ്പിക്കുന്ന ഒരു മലയാള കവിത.



സാഗാസുരേഷ് കേംബ്രിഡ്ജ്

മരണത്തിൻ കൈകളിൽ പിടഞ്ഞൊരു നേരത്ത്
മാറോട്ചേർത്ത് ഒരമ്മ.
ഓമൽ കിടാവിന്റെ രോദനം മാറുവാൻ
പാൽ ചുരത്തിടുന്നോരമ്മ.
മരണത്തിൻ മണിനാഗം ആടിത്തിമിർക്കുമ്പോൾ
അരുമക്കിടാവിനെ ചേർത്തുവെച്ച അമ്മ.

അടരുവാൻ വയ്യാതെ
ഓമൽ കരങ്ങളെ ചേർത്തുവച്ചുമ്മവച്ചമ്മ.
അതിയായ വേദനയിലമരുമ്പോഴും
തന്റെ മുലയൂട്ടീടുന്നോരമ്മ.
പിടയുന്ന മാറിടം അറിയാതെ കുഞ്ഞിനായി
വെറുതെ യാചിച്ചോരമ്മ.

വിഷം, ഉഗ്രവിഷം ആണ് ഉള്ളിൽ
കലർന്നതറിയാതെ ഭ്രാന്തിയെപ്പോലെ
തിരയുന്നു, തൻ കുഞ്ഞ്
കരയാതിരിക്കാൻ പകരുന്നു മധുരമാ ചുണ്ടിൽ
മുലപ്പാലിൻ മധുരം! പകരുന്നു ചുണ്ടിൽ.

നുണയുമ്പോൾ അമ്മിഞ്ഞ പാലിനോടൊപ്പം
വിഷം, എത്ര വിഷം ഊറി കുടിച്ചു കാണും,
ആ പൈതൽ വിഷമെത്ര
ഊറ്റി കുടിച്ചുകാണും.



ചലനമറ്റ് അവൾ വെറും ശവമായതറിയാതെ
ചിരി കൊതിച്ചാക്കുഞ്ഞ് കരഞ്ഞുകാണും.
മരണത്തിൻ മണമെന്തെന്നറിയാത്ത ആ പൈതൽ
മനംനൊന്തു വീണ്ടും കരഞ്ഞുകാണും.
കണ്ണുകൾ ചിമ്മാതെ അമ്മതൻ കണ്ണിലേക്ക്
അമ്മിഞ്ഞപ്പാലിനായി കാത്തുകാണും.

അമ്മ മരിച്ചുയെന്നറിയാതെ ആ പൈതൽ
നെഞ്ഞകം തേടി കരഞ്ഞുകാണും.
അമ്മ അനങ്ങാതിരിക്കുവാണെന്നോർത്തു
അമ്മയെനോക്കി ചിരിച്ചുകാണും.
നിലയറ്റ നേരത്ത് അവസാന ശ്വാസവും
അതിലറ്റു പോയൊരാ ബന്ധങ്ങളും.
ഒരു നേർത്ത തേങ്ങലായ്,
ഒരു തുടിപ്പായി, പിന്നെ
ഒരു വിങ്ങലായിന്നു ബാക്കിനിൽക്കെ.

ജനനിയുടെ വസ്ത്രങ്ങൾ ചോർന്നുപോകുന്നു
ജനിമൃതികൾ പാഴായി പൊലിഞ്ഞുപോകുന്നു.

മൃഗമല്ല നാമെന്നും മൊഴിയുമ്പോഴും,
ഉള്ളിൽ മൃഗമെത്ര ധന്യരെന്നോർത്തുപോകും.
മരണത്തിൻ നാമ്പിൽ മുളച്ചോരു പൈതലിൻ
മുഖമെത്ര വൈകൃതമായിരിക്കാം.
ധരണിയിൽ തളിരിട്ട ആ ചിത്രശലഭത്തിൻ
കരൾ വെന്തതറിയാതെ യാത്രയായി.
അവൾ ഓർമ്മയായി അവസാന നിമിഷവും
മുലയൂട്ടി അവസാന യാത്രയായി.

ജനനി നീ ഈ ജന്മ ജനനിയിൽ
ഒരുവേള ജനിമൃതികൾ അറിയാതെ പിറന്നുപോയോ.

കരിമൂർഖനലയുന്ന നാട്ടിലാണോ ജന്മം
എന്നറിയുവാൻ ആരേലും ചോദിക്കുകിൽ
അറിയാതെ തലതാഴ്ത്തുവല്ലാതെ ഇനിമേലിൽ
വഴിയില്ല നമ്മളൊന്നോർത്തുപോകിൽ...

പറയുമ്പോൾ നമ്മൾ സംസ്കാരസമ്പന്നർ
പറയാനറയ്ക്കുന്ന ചെയ്തികൾക്കുടയോർ
മരണത്തിൽ മക്കളായി പരിണമിക്കുന്നുവോ
മലയാളമണ്ണിന്റെ യൗവനങ്ങൾ.



ഓർമ്മക്കുറിപ്പുകൾ

ബിന്ദു ഹരി

# ഓർമ്മയുടെ നവരസങ്ങൾ



എത്ര എത്ര ഭാവങ്ങൾ ആണ് ഓർമ്മകൾക്ക്. ഓർമ്മയുടെ മടിത്തട്ടിൽ മയങ്ങി ഉറങ്ങുന്ന ഓരോ ഭാവങ്ങൾ. ആ ഭാവങ്ങൾക്ക് കണ്ണീരിന്റെ നനവും സന്തോഷത്തിന്റെ അശ്രുകണങ്ങളും. ജീവിക്കാൻ പ്രേരണ നൽകുന്നവയും മരണത്തിനു പോലും മായ്ക്കാൻ കഴിയാത്തവയും ആകാം. സഞ്ചാര പ്രിയരായ ഈ ഓർമ്മകൾക്ക് എത്രവേഗം യുഗാന്തരങ്ങളിലേക്ക്, ഭൂതകാലങ്ങളിലേക്ക് പിന്നയോ, ബാല്യവും കൗമാരവും യൗവനവും കടന്ന് വർത്തമാനത്തിൽ എത്തുമ്പോഴേക്കും ഇനിയും തിരിച്ചുപോകാൻ കഴിയാത്ത ആ വഴികളെ ഓർത്ത് നീറുന്ന ഓരോ ജന്മങ്ങളും.

ബാല്യം, ആ ഓർമ്മകളാണ് ജിവിതത്തിന്റെ ഓരോ പടവുകളിലും നിറസാന്നിദ്ധ്യമായി മനസ്സിന്റെ ഉള്ളറകളിൽ ജ്വലിച്ചുനിൽക്കുന്നത്. മാതാപിതാക്കൾ, ആദ്യമായി പഠിച്ച പള്ളിക്കുടങ്ങൾ, ഇടവഴികൾ, പച്ചിലയും പഴുത്തിലയും പറഞ്ഞു ഓടിയ ചെമ്മൺ പാതകൾ, വഴിയിലെ കശുമാങ്ങയും, നെല്ലിപ്പുളിയും ലൗലോലിക്കയും, എന്തിനുപറയാൻ, പാടവരമ്പത്തെ കാറ്റിൽ ആടുന്ന വിളഞ്ഞ നെൻമണികളും, പുതിയ പുസ്തകത്താളിൽ കാത്തുസുക്ഷിച്ച മയിൽപ്പീലിയും വീട്ടിൽ എത്തിയാൽ പിന്നെ



കളിക്കാനായി കള്ളം പറഞ്ഞോടുന്ന വഴികളും. ഒരു പക്ഷേ നമ്മൾ ഇനിയും തിരിഞ്ഞോടാൻ കൊതിക്കുന്നത്, ഈ ബാല്യത്തിലേക്ക് തന്നെയാവണം. ഉത്സവങ്ങളും പള്ളിപ്പെരുന്നാളും ഓണവും ക്രിസ്തുമസും എല്ലാം ആവേശത്തോടെ വരവേറ്റതും. ഉത്സവപറമ്പിലെ കുപ്പി വളകൾക്കും ഇഞ്ചിമുട്ടായിക്കും സിന്ദൂരപൊട്ടിനും ബലൂണിനു മൊക്കെയായി ചിണുങ്ങിയതും, ഓണക്കാലവും ഉത്രാടപ്പൂക്കളും, ഓണത്തപ്പനും ഉറിയടിയും ഊഞ്ഞാലുമൊക്കെ മധുരമുള്ള ഓർമ്മകളുടെ കളിത്തട്ടുകൾ. വേദനയുടെ ഓർമ്മപ്പൂക്കൾ എന്നും സന്തതസഹചാരിയായി ഇങ്ങനെ കൂടെ നടക്കും. അനുവാദമില്ലാതെ, ദയയുടെ ഭാവങ്ങളൊന്നും ഇല്ലാതെ ഹൃദയങ്ങളിലേക്ക് അലകടലായ് ഇങ്ങനെ വന്നുപോകും മോക്ഷം കിട്ടാത്ത ഓർമ്മപ്പൂക്കൾ.

വെള്ളപുതപ്പിച്ച ഓർമ്മകളിലെ നഷ്ടപ്പെട്ട എന്റെ മാതാപിതാക്കൾ, അനാഥത്വത്തിന്റെ തീവ്രതയിൽ ബാല്യം നഷ്ടമായ ബാല്യകാല സുഹൃത്തുക്കൾ, നഷ്ടത്തിന്റെ ആഴം അറിയാത്ത ബാല്യം, വൈധവ്യത്തിന്റെ വേദനയിൽ വെന്തുനീറുന്ന മാതൃ ഹൃദയം, നാഥനില്ലാത്ത വീടിന്റെ ഉമ്മറത്ത് ലക്ഷ്യമില്ലാതെ ഓടുന്ന ചിന്തകൾ, ഓർക്കാൻ ഇഷ്ടമില്ലാത്ത ഇങ്ങനെയും കുറെ ഓർമ്മപ്പൂക്കൾ.

ഇനിയും വാടാത്ത എന്നിലെ ഓർമ്മകളെ പ്രതീക്ഷ എന്ന് വിളിക്കാം. നിസഹായതയുടെ, അടിച്ച മർത്തലിന്റെ, ത്യാഗത്തിന്റെ, ദുരിതത്തിന്റെ, രോഗ ത്തിന്റെ ചൂളയിൽ നിന്നും ഉടലെടുത്ത പ്രതീക്ഷയുടെ, പ്രേരണയുടെ ഓർമ്മപ്പൂക്കൾ. ഇരുട്ടിൽ ഒരു മിന്നാമിനുങ്ങിന്റെ വെളിച്ചമായി വന്ന നന്മമരങ്ങൾ. അയൽക്കാരുടെ രൂപത്തിലും, അദ്ധ്യാപകരുടെ രൂപത്തിലും, കൂട്ടുകാരുടെ രൂപത്തിലും അവർ പ്രതീക്ഷകൾ നൽകി. ആ പ്രതീക്ഷകൾ എന്നിലെ പ്രകാശത്തിന്റെ ജ്വാലകളായ്. ജീവിതത്തിലെ ഓരോ സഹനങ്ങളും എന്നിലെ പ്രതീക്ഷകളായ്. കടന്നുപോയ ഓരോ വഴികളിലും ആ നന്മ മരങ്ങളെ അനുസ്മരിച്ചു. ജീവിതത്തിന്റെ ഓരോ പടവുകളിലും അവരെല്ലാം പ്രചോദനങ്ങളായി.

ഈ ജീവിത സായാഹ്നത്തിൽ ഒറ്റപ്പെടലിന്റെ വേദനയുണ്ട്, നിസഹായതയുടെ ചിറകുകളുണ്ട്, ഇലകൾ നഷ്ടപ്പെട്ട മരമായ്, ഇനിയും എത്രകാലം? നടന്നുവന്ന വഴികളും മൺമറഞ്ഞ മുഖങ്ങളും ജീവിതാനുഭവങ്ങളും ഓരോ പാഠങ്ങൾ ആണ്.



വായിക്കാൻ മറന്നുപോയ, പഠിക്കാൻ വിട്ടുപോയ പാഠങ്ങൾ, പിന്നിലേക്ക് തിരിഞ്ഞോടാൻ കഴി യാത്ത, നിരാശരുടെ, നിരാലംബരുടെ ഓർമ്മ പ്പൂക്കൾ. ബാല്യവും കൗമാരവും യൗവനവും മധ്യാഹ്നവും പിന്നെ അടുത്തുകൊണ്ടിരി ക്കുന്ന വാർദ്ധക്യവും.... ഇനിയും വിരിയുമോ ഈ ഓർമ്മപ്പൂ ക്കൾ....

സ്മൃതി






# JJ Care Services

**Providing Nurses and Health Care Assistants to Nursing and Residential Homes**

## Now Recruiting

**Nurses and Health Care Assistants for agency work in Nursing and Residential Homes in Southport, Liverpool, Preston and Wigan area.**

JJ Care Services Ltd.
Office 3 Shakespeare House,
37-39 Shakespeare Street,
Southport, PR8 5AB

**24 Hour Customer Support**

**07835 775 129**

**01704 809 756**

admin@jj-careservices.co.uk

www.jjcareservices.org.uk





# നവോത്ഥാനം

By Jose Mathew

**എന്താണ് നവോത്ഥാനം. നവീകരണം, പുതിയ ഉണർവ്, മാറ്റം, പരിവർത്തനം എന്നൊക്കെ നവോത്ഥനത്തെ വിശേഷിപ്പിക്കാം. ഈ പദം പണ്ടേമുതൽ ഉപയോഗിക്കുന്നുണ്ടെങ്കിലും മൂന്നു വർഷം മുമ്പ് ശബരിമലയിൽ സ്ത്രീകൾ പ്രവേശിക്കുന്നതിനെപ്പറ്റിയുള്ള തർക്കം വന്നപ്പോഴാണ് വീണ്ടും കേരളത്തിൽ ഇത് സജീവമായത്.**

**സുപ്രീം കോടതി വിധി ഉണ്ടായിട്ടും അന്നത്തെ ഇടതു ഭരണം ശബരിമലയിൽ സ്ത്രീ പ്രവേശനം നടപ്പാക്കാൻ ശ്രമിച്ചുവെങ്കിലും മതമൗലികവാദികളുടെയും, വോട്ടുബാങ്ക് ലക്ഷ്യം വച്ചുള്ള രാഷ്ട്രീയ പാർട്ടികളുടെയും എതിർപ്പും കാരണം അത് നടപ്പാക്കാൻ പറ്റിയില്ല. അങ്ങിനെ കേരളം രണ്ടു മാസം ഒരു ഭ്രാന്താലയമായി മാറി.**

**ബുദ്ധിശൂന്യന്റെ ഏറ്റവും വലിയ ആയുധമാണ് വർഗീയത എന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞത്.**

കേരളത്തിൽ 16 മുതൽ 19 വരെയുള്ള നാല് നൂറ്റാണ്ടു കാലം ഇരുണ്ട കാലഘട്ടമായിരുന്നു. അന്ധവിശ്വാസങ്ങളും, ജാതിവ്യവസ്ഥയും, അയിത്തവും, കണ്ടുകൂടായ്മയും, അടിമത്തസമ്പ്രദായവുമൊക്കെ നിലനിന്നിരുന്ന കാലം. അവർണ്ണരെന്നും, സവർണ്ണരെന്നും ജനങ്ങളെ വിഭജിക്കപ്പെട്ടിരുന്ന കാലം. രാജാവും, നാട്ടുപ്രമാണികളും, സവർണരും ചേർന്ന് ഭ്രാന്താലയമാക്കിയ നാടായിരുന്നു കേരളം. ചിന്തയിലും, വീക്ഷണത്തിലും, ജീവിതരീതിയിലും, വിദ്യാഭ്യാസത്തിലും മനുഷ്യ സമൂഹമാക്കി മാറ്റിയ പരിവർത്തനത്തെയാണ് നാം നവോത്ഥാനം എന്ന് പറയുന്നത്. എന്നിട്ടും ജാതിവ്യവസ്ഥയും, ഉച്ചനീചത്വങ്ങളും കേരളത്തിൽ നിലനിന്നിരുന്നു. അതുകൊണ്ടാണ് 1892 ൽ കേരളം സന്ദർശിച്ച സ്വാമി വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ചത്.

കേരളത്തിൽ നവോത്ഥാനത്തിന് തുടക്കമിട്ടത് ബ്രിട്ടീഷുകാരാണ്. സതി, അവർണ്ണ സ്ത്രീകളുടെ മാറു മറക്കൽ, അടിമ സമ്പ്രദായം, വിധവ വിവാഹം, ശിശു വിവാഹം, അവർണ്ണർക്ക് ക്ഷേത്രപ്രേവേശനം, ദേവദാസി ആചാരം ഇവയൊക്കെ മതമൗലികവാദികളോട് പടപൊരുതി ഉരുക്കുമുഷ്ടിയോടുകൂടിയാണ് ബ്രിട്ടീഷുകാർ നടപ്പാക്കിയത്. അതിനുശേഷം 17, 18, 19 നൂറ്റാണ്ടുകളിൽ വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗങ്ങളിൽ കേരളത്തിലുടനീളം പ്രവർത്തിച്ച ക്രൈസ്തവ മിഷനറിമാരും, ചവറ കുര്യാക്കോസ് അച്ചനെപ്പോലെയുള്ള തദ്ദേശ വൈദികരുമാണ് നവോത്ഥാനം തുടങ്ങിയത്.

With Best Compliments from



**Bobby Aykara and Family**

Proud members of lima family...

പിന്നീട് ശ്രീ നാരായണ ഗുരുവും, ചട്ടമ്പിസ്വാമികളും, അയ്യങ്കാളിയും നവോത്ഥാനത്തിനുവേണ്ടി പരിശ്രമിച്ചു. താഴ്ന്ന ജാതിക്കാർക്കും, സ്ത്രീകൾക്കും അക്ഷരം പഠിക്കാൻ വിലക്ക് ഏർപ്പെടുത്തിയിരുന്ന കാലത്തു കേരളത്തിൽ ക്രൈസ്തവ മിഷനറിമാർ വിദ്യാലയങ്ങൾ തുടങ്ങുകയും, താഴ്ന്ന ജാതിക്കാർക്കും സ്ത്രീകൾക്കും പ്രവേശനം നൽകുകയും, ഇന്ത്യയിൽ ആദ്യത്തെ 'പെൺ പള്ളിക്കൂടം '1819 ൽ കോട്ടയത്ത് സ്ഥാപിക്കുകയും ചെയ്തു. ചാവറയച്ചൻ സ്ഥാപിച്ച സ്കൂളുകളിലെല്ലാം സവർണരെയും അവർണരെയും ഒരേ ബഞ്ചിലിരുത്തി പഠിപ്പിക്കുകയും, പണക്കാർ, പാവപ്പെട്ടവർ എന്ന വേർതിരുവിന്റെ ചിന്ത കുട്ടികളിൽ ഉണ്ടാകാതിരിക്കാൻ സ്കൂളുകളിൽ യൂണിഫോം നടപ്പാക്കുകയും ചെയ്തു.
പല മേഖലകളിലും നവോത്ഥാനം കേരളത്തിൽ ഉണ്ടായെങ്കിലും മതപരമായ നവോത്ഥാനം ഇനിയും വരേണ്ടിയിരിക്കുന്നു. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലും, ലോകത്തിലും ഇപ്പോൾ വർഗീയതയും, മത തീവ്രവാദവും കൂടിവരുകയാണ്. ഇത്രയുംനാൾ മുസ്ലിം തീവ്രവാദമാണ് ലോകത്തിന്റെ സമാധാനം കെടുത്തിയിരുന്നെങ്കിൽ ഇപ്പോൾ ഇന്ത്യയിൽ ഹിന്ദു തീവ്രവാദവും കൂടിവരുകയാണ്.

നവോത്ഥാനം ആദ്യകാലങ്ങളിൽ മനുഷ്യർക്ക് മതം ഇല്ലായിരുന്നു. പിന്നീട് ആദർശങ്ങളും, ഉപദേശങ്ങളും, നിയമങ്ങളും പറയുന്ന വ്യക്തിയെ ദൈവത്തിന്റെ പ്രതിപുരുഷനായി/അവതാരകനായി ചിത്രീകരിച്ചു. അവർ ദൈവമെന്നു വിശ്വസിയ്ക്കുകയും അവരുടെ പേരിൽ മതം രൂപീകരിക്കപ്പെടുകയും ആ ദൈവത്തെ സ്നേഹിക്കുവാനും, ബഹുമാനിക്കുവാനും, ആരാധിക്കുവാനും അവർ ഓരോ ആചാരങ്ങൾ ഉണ്ടാക്കുകയും, ദൈവത്തിന്റെ പ്രതീകങ്ങൾ/വിഗ്രഹങ്ങൾ ഉണ്ടാക്കുകയും ചെയ്തു. മത നിയമങ്ങളും, മത ആചാരങ്ങളും ആണുങ്ങൾ എഴുതി ഉണ്ടാക്കുന്നു, അവരുടെ സുഖത്തിനും, സംത്രപ്തിക്കും, സൗകര്യത്തിനുമായി. എന്നിട്ടു അവർ അത് മർക്കട മുഷ്ട്ടിയോടെ നടപ്പാക്കുന്നു. എല്ലാമതങ്ങളിലും പുരുഷ മേധാവിത്വവും, സ്ത്രീ വിവേചനവുമുണ്ട്. എന്ത് കഴിക്കണം, എന്ത് ധരിക്കണം എന്ന് പറയുന്ന ദൈവത്തെയും, അവർണ്ണരെന്നും, സവർണ്ണരെന്നും മനുഷ്യനെ വേർതിരിക്കുന്ന ദൈവത്തെയും, സ്ത്രീകളെ പ്രാർത്ഥിക്കുവാൻ ആരാധനാലയങ്ങളിൽ പ്രവേശിപ്പിക്കാത്ത ദൈവത്തെയും, സ്ത്രീകളുടെ തലയിലെ മുടിപോലും വെളിയിൽ കാണരുതെന്ന് പറയുന്ന ദൈവത്തെയും, ആർത്തവ രക്തത്തിനു അശുദ്ധി കൽപിക്കുന്ന ദൈവത്തെയും എന്തിനു വിശ്വസിക്കണം? ദൈവീകം എന്ന പേരിൽ ദൈവത്തിന് നിരക്കാത്ത പ്രവർത്തികൾ ചെയ്യുമ്പോൾ ദൈവം മരിക്കുന്നു. എളിമയും, കരുണയുമായ ദൈവത്തിന്റെ പേരിൽ ആർഭാടവും, ധൂർത്തും, കലഹങ്ങളും നടക്കുമ്പോൾ ദൈവം മരിക്കുന്നു. മനുഷ്യന്റെ വിശ്വാസത്തിലൂടെയും, വ്യാഖ്യാനത്തിലൂടെയും ദൈവത്തെ വലിച്ചിഴക്കുമ്പോൾ ദൈവം മരിക്കുന്നു. ആരാധനാലയങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനേക്കാൾ, മനുഷ്യനിർമിതമായ ദൈവത്തിന്റെ രൂപത്തെക്കാൾ മനുഷ്യന്റെ ഹ്രദയത്തിൽ പ്രതിഷ്ഠയാകുന്നതാണ് ദൈവീകം.

ഏതൊരാളിലും ദൈവത്തെ കാണാം. അല്ലാതെ കൊട്ടാരം പോലത്തെ പള്ളിയിലോ/അമ്പലത്തിലോ കാതലിൽ കടഞ്ഞെടുത്ത രൂപത്തിലോ അല്ല ദൈവം ഉള്ളത്. ഈശ്വരനും മനുഷ്യനും രണ്ടല്ല ഒന്നാണ്, അവനവനിലുള്ള ഈശ്വരനെ കാണാൻ കഴിയാതെ വരുമ്പോഴാണ് ഈശ്വരനെ അന്വേഷിച്ചു മനുഷ്യൻ പുറത്തു അലയുന്നത് എന്ന് രാമായണം പറയുന്നു. ബൈബിളിൽ നല്ല അയൽക്കാരന്റെ ഉപമയിലും, ധനികന്റെയും ദരിദ്രന്റെയും (ലാസർ) ഉപമയിലും, ഈ ചെറിയവരിൽ ഒരുവന് സഹായം ചെയ്തപ്പോൾ അത് എനിക്കുതന്നെയാണ് ചെയ്തത് എന്ന ഉപമയിലും ദൈവം അടിവരയിട്ടു പറയുന്നു മനുഷ്യനാണ് ദൈവമെന്നു, അല്ലെങ്കിൽ മനുഷ്യനെ സ്നേഹിക്കുമ്പോൾ/സഹായിക്കുമ്പോൾ ദൈവത്തെ സ്നേഹിക്കുന്നു എന്ന്. ദൈവത്തിന് ഒരൊറ്റ മതമെ ഉള്ളുഅത് സ്നേഹമാണ്, സഹോദര്യമാണ്, സമാധാനമാണ്, സത്യസന്ധതയാണ്, വിവേകമാണ്, വിനയമാണ്, കാരുണ്യമാണ്, നൻമയാണ്, പരസ്പര സഹായമാണ്, ഹൃദയശുദ്ധിയാണ്. മതം, വിശ്വാസം, ആചാരം, പ്രാർഥന, ആരാധന ഇവയൊക്കെ തികച്ചും ഒരാളുടെ വ്യക്തിപരമായ കാര്യമാണ്. അതിൽ തെറ്റില്ല.

ഒരു മതത്തിന്റെ വിശ്വാസവും, ആചാരവും മറ്റു മതസ്ഥർക്ക് തെറ്റായി, വിചിത്രമായി തോന്നാം. എന്നാൽ മതങ്ങൾ തമ്മിലുള്ള വഴക്കും, അക്രമങ്ങളും, വിവേചനങ്ങളും മനുഷ്യർക്കും, ജീവജാലകങ്ങൾക്കും, പ്രക്രതിക്കും ദുഷ്യം വരുമ്പോഴാണ് അത് വിപത്തായി മാറുന്നത്. ഇപ്പോഴും നീചവും, പണം ധൂർത്തടിക്കുന്നതുമായ എത്രയോ ആചാരങ്ങൾ എല്ലാമതത്തിലും നടക്കുന്നു. ഉദാഹരണത്തിന് ആടംഭരചുംമ്പികളും, അതിവർണ്ണാഭവുമായ രാജകൊട്ടാരങ്ങൾ പോലത്തെ ദേവാലയങ്ങൾ പണിത്




***Sebastian Joseph & Family***
Whiston, Liverpool.

Proud members of lima family...

ദേവാലയങ്ങളുടെ/അമ്പലങ്ങളുടെ മുമ്പിൽ ചെമ്പോ, സ്വർണ്ണമൊ പൂശിയ ഭീമമായ കൊടിമരങ്ങൾ ഉണ്ടാക്കി പ്രാർത്ഥിക്കുവാനും എല്ലാ ശുശ്രൂഷകൾക്കും ദേവാലയം ഉണ്ടെങ്കിലും പള്ളിക്കു ചുറ്റും ലക്ഷങ്ങൾ മുടക്കി ജനങ്ങൾക്കും, വാഹനങ്ങൾക്കും തടസ്സം വരത്തക്കവിധം റോഡരുകിൽ കപ്പേളകൾ/കുരിശുപള്ളികൾ പണിതു പള്ളി പരിസരവും, റോഡും, ഗ്രാമവും ലക്ഷങ്ങൾ മുടക്കി വർണ്ണാഭരമാക്കി ശബ്ദ/വായു മലിനീകരണമാക്കിയുള്ള പെരുന്നാൾ പ്രദക്ഷിണം നടത്തി പാട്ട്, അമിട്ട്, പടക്കം, ചെണ്ട, ബാൻഡുമേള എന്നിവമൂലം ശബ്ദ/വായുമലിനീകരണം വരുത്തി വീടുകൾ തോറും കേറിയിറങ്ങിയുള്ള അമ്പു പെരുന്നാൾ രാവിലെ അഞ്ചുമണിമുതൽ പള്ളി/ അമ്പലങ്ങളിൽ നിന്നു ഉച്ചത്തിലുള്ള ഭക്തി ഗാനങ്ങളും ദിവസം അഞ്ചു തവണ അലറുന്ന സ്വരത്തിൽ മോസ്ക്കുകളിൽ നിന്നു മൈക്കിലൂടെയുള്ള ബാങ്കു വിളികളും അങ്ങിനെ മനുഷ്യരെ ബുദ്ധിമുട്ടിക്കുന്ന എത്രയോ കോലാഹലങ്ങൾ ഇപ്പോഴും ആചാരം എന്ന പേരിൽ നടക്കുന്നു.

ഇപ്പോൾ കൂണുപോലെ എല്ലായിടത്തും പൊങ്ങിവരുന്ന ഒന്നാണല്ലൊ ധ്യാനകേന്ദ്രം. കൃസ്തുമതത്തിലും ഇസ്ലാം മതത്തിലുമാണ് ധ്യാനം കൂടുതൽ ഉള്ളത്. മനുഷ്യന്റെ ആത്മശാന്തിക്കും നല്ല ഉപദേശങ്ങൾ കേൾക്കാനും ധ്യാനം നല്ലതാണ്. എന്നാൽ ചില ധ്യാന ഗുരുക്കൾ വചനത്തെ തന്റെ ചിന്തക്ക് ചേർന്ന വിധത്തിൽ അവതരിപ്പിച്ചു സ്വന്തം പ്രശസ്തിക്കുവേണ്ടി ശ്രമിക്കുകയും മനുഷ്യരെ തെറ്റിദ്ധരിപ്പിക്കുകയും, പേടിസ്വപ്നങ്ങൾ ആക്കുകയും, ചെയുന്നവിധത്തിൽ പ്രഭാഷണങ്ങൾ നടത്തുകയും, സ്വയം ആൾദൈവമായിമാറുകയും ചെയുന്നു. ഉച്ചത്തിലുള്ള ജൽപനമോ, ഭാഷാവാരാമെന്നു പറഞ്ഞുള്ള പിച്ചും പേയും വിളിച്ചു കൂവിയുള്ള പേക്കൂത്തുകളും, രോഗശാന്തി എന്ന പേരിൽ കാട്ടികൂട്ടുന്ന ആഭാസങ്ങളും ഒഴിവാക്കി ഹൃദയമാകുന്ന ദേവാലയത്തിൽ വസിക്കുന്ന ദൈവത്തോടൊപ്പം ശാന്തതയിൽ പ്രാർഥിക്കുന്ന/ധ്യാനിപ്പിക്കുന്ന ധ്യാനമാണ് യഥാർത്ഥ ധ്യാനം. പലതരം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരുടെ ഉള്ളിൽ കുറ്റബോധവും ഭയവും വളർത്തി ശിഷ്ടകാലം മുഴുവനും അവർക്കു പിന്നാലെ നടത്തി അടിമകളാക്കി പ്രതികരണശേഷി നഷ്ട്ടപ്പെട്ട ഒരു സമൂഹത്തെ സൃഷ്ടിച്ചെടുത്തു ഉടമ്പടി എന്ന ചരടിൽ കെട്ടിവലിച്ചു പ്രവർത്തിക്കുന്ന ആലപ്പുഴയിൽ ഉള്ള 'കൃപാസനം' പോലത്തെ തട്ടിപ്പു ധ്യാനകേന്ദ്രങ്ങളല്ല യഥാർഥ ധ്യാനകേന്ദ്രങ്ങൾ. എന്നാൽ ദൈവനാമത്തിൽ നടക്കുന്ന ഏതു അക്രമവും ദൈവദൂഷണമാണ്,

വിശക്കുന്നവന് അന്നം കൊടുക്കാത്ത മതത്തിലോ ദൈവത്തിലൊ എനിക്ക് വിശ്വാസമില്ല. മന്ത്രം ജപിക്കുന്ന നാവുകളേക്കാൾ അധ്വാനിക്കുന്ന കൈകളെയാണ് എനിക്കിഷ്ടം എന്ന് പറഞ്ഞ സ്വാമി വിവേകാനന്ദനും, 'ഒരു ജാതി ഒരു മതം ഒരു ദൈവം' എന്ന് പറഞ്ഞ ശ്രീ. നാരായണഗുരുവും, 'ഒരൊറ്റ മതമുണ്ടുലകിന്നുയരാൻ, പ്രേമമതൊന്നല്ലൊ, പരക്കെ നമ്മെ പാലമർത്തൂറ്റും പാർവണ ശശിബിംബം' എന്ന് പാടിയ മഹാകവി ഉള്ളൂരും 'നിന്റെ വിശ്വാസം നിന്നെ ഒരു നല്ല മനുഷ്യനാക്കുന്നില്ല, നിന്റെ പ്രവർത്തിയാണ് നിന്നെ ഒരു നല്ല മനുഷ്യനാക്കുന്നത്' എന്ന് പറഞ്ഞ Dr. അബ്ദുൽ കലാമും, 'എന്റെ മതം മനുഷ്യത്വമാണ്. ദൈവത്തെ കൂടുതൽ സ്നേഹിക്കാൻ വേണ്ടി ദൈവത്തെയല്ല മനുഷ്യനെയാണ് കൂടുതൽ സ്നേഹിക്കേണ്ടത്' എന്ന് പറഞ്ഞ Dr. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയും, 'അധരംകൊണ്ടു ചെല്ലുന്നതല്ല, മറിച്ചു പ്രവർത്തനത്തിലൂടെ പ്രകടിപ്പിക്കുന്ന നന്മയായിരിക്കണം പ്രാർഥന, നീതി കാണിക്കാത്ത ഭക്തനേക്കാൾ ദൈവത്തിന് പ്രിയം ഭക്തി കാണിക്കാത്ത നീതിമാനെയാണ്' എന്ന് പറഞ്ഞ ജോസഫ് പുത്തൻപുരക്കൽ അച്ചനെപ്പോലത്തെ ധ്യാനഗുരുക്കളും, 'സ്വർഗ്ഗത്തിൽ പോകാൻ ദൈവത്തിൽ വിശ്വസിക്കണമെന്നില്ല, നന്മ ചെയ്താൽ മതി, നിരീശ്വരവാദികളും സ്വർഗ്ഗത്തിൽ പോകും ആർത്തി പൂണ്ട ഭക്തി യഥാർഥ വിശ്വാസിക്ക് ചേർന്നതല്ല' എന്ന് പറഞ്ഞ മാർപാപ്പയും നമുക്കുണ്ട്. ഇവരെല്ലാം തൂലികയിലൂടെയും, പ്രഭാഷണത്തിലൂടെയും നവോത്ഥാനം വളർത്താൻ ശ്രമിച്ചവരാണ്.

മതഗ്രന്ഥങ്ങൾ രചിക്കുമ്പോൾ അന്നത്തെ സംസ്കാരവും, സാഹചര്യവും, ജീവിതരീതിയും, നിയമവും അനുസരിച്ചാണ് എഴുതിയത്. എല്ലാ മതഗ്രന്ഥങ്ങളിലും പുരുഷ മേധാവിത്വവും, സ്ത്രീവിവേചനവും, അന്ധവിശ്വാസവും, അനാചാരങ്ങളും ഉണ്ട്. കാലത്തിന്റെ പുരോഗതിയിൽ അവ മാറ്റപ്പെടണം. കാലത്തിനൊത്ത് നവീകരിക്കാത്ത വിശ്വാസവും ആചാരവും മതഗ്രന്ഥങ്ങളും മനുഷ്യരാശിക്ക് അപകടമാണ്. അതുപോലെ പുരോഗമന ചിന്താഗതിയുള്ള മത നേതാക്കളെയാണ് ഇന്നത്തെ കാലഘട്ടത്തിനു ആവശ്യം.

അങ്ങിനെ മതവിശ്വാസപ്രാർഥന ആചാരങ്ങളിലും നവോത്ഥാനം വരട്ടെയെന്നു നമുക്ക് ആശിക്കാം.

# 2009













2008
LIVERPOOL MALAYALEE ASSOCIATION
LIVERPOOL MALAYALEE ASSOCIATION
LIVERPOOL MALAYALEE ASSO
ALAYALEE ASSOCIATION

With Best Compliments from




***Jose Mathew & Family***
Halewood, Liverpool.

Proud members of lima family...



# യുകെയിലെ സാംസ്കാരിക മേഖലയിൽ കുട്ടനാട്ടുകാരുടെ ഇടപെടലുകൾ

മാമലകൾക്ക് അപ്പുറത്ത് മരതകപട്ടുടുത്ത നമ്മുടെ നാടിനെ കുറിച്ച് ഓർക്കുമ്പോൾ നമ്മുടെ നാടിന്റെ ഹൃദയമായ, ഹൃദയത്തുടിപ്പായ, നമ്മുടെ കേരളത്തിലെ ജനങ്ങൾക്ക് അന്നമൂട്ടുന്ന, പ്രകൃതി അവളുടെ എല്ലാവിധ മായാവിലാസങ്ങളും ക്യാൻവാസിൽ ചാലിച്ച് ചാർത്തി അതിസുന്ദരമാക്കിയ, ദൃശ്യഭംഗിയുടെ മാസ്മരികത നൽകുന്ന, നന്മയുടെ വിളനിലമായ പ്രിയപ്പെട്ട കുട്ടനാടിനെ വിസ്മരിക്കാൻ സാധിക്കുകയില്ല.

'ഈ മനോഹരതീരത്ത് തരുമോ ഇനിയൊരു ജന്മം കൂടി' എന്ന് വയലാർ ഈ നാടിനെ കൺനിറഞ്ഞ് കണ്ടതിനുശേഷം പാടിയതാണ് എന്നതിൽ യാതൊരു സംശയവുമില്ല. ഒത്തിരിയേറെ വർണ്ണനകൾക്കും ഹൃദയത്തിലെ തുടിപ്പുകളുടെ ആന്തോളനങ്ങൾക്കുമൊക്കെ അപ്പുറമായി ഇന്ന് ഈ വിഷയം കൈകാര്യം ചെയ്യുമ്പോൾ മുങ്ങിത്താണുകൊണ്ടിരിക്കുന്ന ഒരു ഭൂവികാരത്തിന്റെ നിലവിളി ആയാണ് കുട്ടനാട് മാറിക്കൊണ്ടിരിക്കുന്നത്. ഓരോ നിമിഷവും മുങ്ങിത്താണുകൊണ്ടിരിക്കുന്ന ഒരു ഭൂപ്രദേശം മുൻകാലങ്ങളിൽ വെള്ളവും മഴയും ഒക്കെ ഭീകര താണ്ഡവമാടി വരുമ്പോൾ മാത്രം ഒരൽപ്പം വെള്ളപ്പൊക്കമുണ്ടായിരുന്ന കുട്ടനാട് ഇന്ന് എവിടെയോ കുത്തിയൊലിയ്ക്കുന്ന വെള്ളങ്ങളുടെ നിലവറആയി. എത്രയും പെട്ടെന്ന് മുങ്ങിത്താണുകൊണ്ടിരിക്കുന്ന, ജലത്താൽ മുറിവേൽക്കപ്പെടുന്ന ഒരു സമൂഹത്തിന്റെ ആവാസകേന്ദ്രമായി മാറിയിരിയ്ക്കുകയാണ്.

മുൻകാലങ്ങളിലൊക്കെ കുട്ടനാടിനെകുറിച്ച് പാടുമ്പോഴും പറയുമ്പോഴും സംസാരിക്കുമ്പോഴുമൊക്കെ നമ്മുടെ നാവുകളിൽ തേൻ കനിയുന്ന ശബ്ദവും മൃദുലതയുടെ താളവും വഞ്ചിപ്പാട്ടിന്റെ ഈരടികളും കൊയ്ത്തുപാട്ടും ഞാറ്റുപാട്ടും തേക്കുപാട്ടും ഇരുപത്തിനാലില ചക്രം ചവിട്ടുന്ന കർഷകന്റെ വിയർപ്പുതുള്ളികൾ വീണുടഞ്ഞ് അവ ആ കറുത്ത നെൽപ്പാടങ്ങളിൽ വിത്തായി അങ്കുരിച്ച് ചെടിയായി, നെല്ലായി, നെൽക്കതിരായി അതിൽ നിന്നും ഉതിരുന്ന മണികൾ കേരളത്തിന് അന്നമൂട്ടുമ്പോൾ അതൊക്കെ കാവ്യഭാവനയുടെ പരിലാളനങ്ങൾ ഏറ്റുവാങ്ങിയിരുന്നു. ഇന്ന് അതിനെക്കുറിച്ച് ഓർക്കാൻ ആ ഇന്നലെകളുടെ സന്തോഷം പൂർണ്ണമായി ഉൾക്കൊള്ളാൻ നമുക്ക് സാധിക്കുന്നില്ല. നാളെകളിൽ വരാനിരിക്കുന്ന ഒരു വലിയ ഭവിഷ്യത്ത്, നാം അധിവസിക്കുന്ന ഭൂമി നാളെകളിൽ ഒരു ജലപ്രളയകേന്ദ്രമായി മാറുകയും ഇന്നലെകളിൽ മനുഷ്യൻ ജീവിച്ചിരുന്ന ഒരു പ്രദേശമായിരുന്നുവെന്ന് രേഖപ്പെടുത്തേണ്ട രീതിയിലേക്ക് മാറുകയും ചെയ്യുന്ന ഒരു സാഹചര്യത്തിൽ ഒത്തിരിയേറെ കവിഭാവനയിലൂടെ എനിക്ക് വർണ്ണിക്കുവാൻ നാടിനെപ്പറ്റി സാധിക്കുന്നില്ല.

ഗൃഹാതുരത്വത്തിന്റെ ഇന്നലെകൾ ഓർത്തെടുത്ത് ഒരു മാലയിൽ കോർത്തെടുത്ത് അടുത്ത തലമുറയ്ക്ക് ഒരു ഹാരമായി അണിയിക്കുവാനാണ്, ഒരു സംസ്കാരത്തിന്റെ വിനിമയത്തിനുവേണ്ടിയാണ് നമ്മൾ പ്രവാസികളായ U-K യിലെ കുട്ടനാട്ടുകാർ "കുട്ടനാട് സംഗമം പോലെയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. പ്രവാസികളായ കുട്ടനാട്ടുകാരുടെ സർഗ്ഗവാസനയുടെയും ഒന്നിച്ചുകൂടലിന്റെയും ആർപ്പുവിളികളുടെയും വഞ്ചിപ്പാട്ടിന്റെയും സൗഹൃദത്തിന്റെയും വേദിയായി കഴിഞ്ഞ പതിനൊന്ന് വർഷക്കാലം കുട്ടനാട് സംഗമത്തിന് മാറുവാൻ സാധിച്ചിട്ടുണ്ട്. ഇന്നലെകളിൽ കുട്ടനാട് അതിഭീകരമായ വെള്ളപ്പൊക്കത്തെ നേരിട്ട ആ കാലഘട്ടത്തിൽപ്പോലും ഒരു കൈത്താങ്ങായി കടന്നുവരാൻ U.K യിലെ പ്രവാസികൾക്ക് സാധിച്ചിട്ടുണ്ട്. ആ ഒത്തൊരുമയുടെ പ്രതിഫലനം ഒത്തൊരുമയോടെ അനസ്യൂതം മുൻപോട്ട് കൊണ്ടുപോകാനും അടുത്ത തലമുറക്ക് കൈമാറുവാനും ഉള്ള വേദിയായി കുട്ടനാട് സംഗമത്തെ രൂപാന്തരപ്പെടുത്തി അനസ്യൂതം നിരവധി കാതങ്ങൾ മുമ്പോട്ട് കൊണ്ടുപോകുവാനുംമുള്ള പ്രതിരജ്ഞാബദ്ധരാണ് U.K കുട്ടനാട് പ്രവാസിനിവാസികൾ.


ലിവർപ്പൂളും മാഞ്ചസ്റ്ററും ഉൾപ്പെടുന്ന ഈ North West England ഭാഗത്ത് എന്ത് നേതൃത്വ സവിശേഷതയുള്ള ഇടപെടലുകളാണ് കുട്ടനാട്ടുകാർ നടത്തിയിട്ടുള്ളത് എന്ന ഒരു ചോദ്യം ഉയരുകയാണെങ്കിൽ ചൂണ്ടിക്കാണിയ്ക്കാനായി നിരവധി ഉദാഹരണങ്ങളും സവിശേഷ വ്യക്തിത്വങ്ങളും നമുക്ക് ചുറ്റുമുണ്ട്. അതിന്റെ കാരണം ജന്മസിദ്ധമായി കുട്ടനാട്ടുകാർക്ക് കിട്ടിയ ആ ഉണർവിന്റെ, നേതൃത്വ സവിശേഷതയുടെ ഗുണവിശേഷമാകാം അങ്ങനെയുള്ള ഒരു സവിശേഷതയിലേക്ക് കൊണ്ടെത്തിച്ചത്. കുട്ടനാട് എന്നത് കേവലം ഒരു നാടിന്റെ നാമധേയമല്ല. അതൊരു പൈതൃകമാണ്, അതൊരു സംസ്കാരമാണ്, ഒപ്പം അതൊരു ജീവിതവ്രതവുമാണ്.

തകർക്കാനായി പാഞ്ഞടുക്കുന്നതിനെ തകർത്തെറിയുന്ന ധീരതയുടെ സഹവർത്വത്തിന്റെ കേളികൊട്ടുണരുന്ന നാടാണ് കേരളം. ആ നാട്ടിലെ ജനങ്ങൾക്ക് അന്നമൂട്ടുന്ന കുട്ടനാട്ടുകാർ അവരുടെ ചങ്കാണ്, അവരുടെ സ്വന്തമാണ്. ആ സവിശേഷതയാണ് കുട്ടനാട്ടുകാരെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരായി സമൂഹത്തിന്റെ ഇടപെടലുകളിലേക്ക് എത്തിയ്ക്കുന്നത്. ദുരിതവും ബുദ്ധിമുട്ടും ഉള്ളപ്പോൾ അതിന് ഒരു കൈത്താങ്ങായി നിന്നുകൊണ്ട് കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങൾക്ക് സഹായം നൽകുന്നതിന് നേതൃത്വം കൊടുക്കുക, നമ്മുടെ സംസ്കാരവും പൈതൃകവും വിട്ട് പോകാൻ സാധ്യതയുള്ള അടുത്ത തലമുറയെ ഈ തലമുറയുടെ കണ്ണികളിലേക്ക് വിളക്കി ചേർക്കുക, ആത്മീയമായും സാമൂഹികമായും സാംസ്കാരികമായും തങ്ങൾ ജീവിക്കുന്ന ഈ പ്രദേശത്തിന് ഒരു മികവുറ്റ പ്രവാസി സമൂഹത്തെ വാർത്തെടുക്കുന്നതിൽ ഒട്ടനവധി നിരവധി ഇടപെടലുകളും ഗുണപരമായ മാറ്റങ്ങളും വരുത്തിയിട്ടുള്ള ആൾക്കാരുടെ ഒരു ശ്രേണിയാണ് കുട്ടനാടൻ മക്കളുടെ ഈ പ്രദേശത്തെ പ്രവർത്തനങ്ങളും അതിന്റെ ഉദാഹരണങ്ങളും നമ്മുടെ മുമ്പിൽ തുറന്നു കാട്ടുന്നത്.

ജീവിതത്തിന്റെ ഗതിവിഗതികളിൽപ്പെട്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കുട്ടനാട്ടിൽ നിന്നും ഈ നാട്ടിലെത്തിയവർ ഈ നാടിനെ വാരിപ്പുണരുകയും ഒപ്പം തന്നെ നമ്മുടെ നാടിനെ സ്നേഹത്തോടെ നെഞ്ചോട് ചേർത്ത് നിർത്തി ആ നെഞ്ചിലെ ചൂടിൽ തന്നെ നിർത്തിക്കൊണ്ട് അടുത്ത തലമുറക്ക് നമ്മളെ തന്നെ പകർന്നുകൊടുക്കുന്നതിൽ ജീവസത്തായ ഉദാഹരണങ്ങൾ നമുക്ക് വരച്ചു കാട്ടാൻ സാധിക്കും. നമ്മുടെ ചുറ്റുമുള്ള എത്രയോ കുട്ടനാട്ടുകാർ അവരുടെ ജീവിത സാഹചര്യങ്ങളിൽ ജീവിക്കുമ്പോൾ തന്നെ അവർ ജീവിത പന്ഥാവിൽ എന്താണോ ആ കടമകൾ നിർവഹിച്ചുകൊണ്ടു തന്നെ ഈ സമൂഹത്തിൽ ഇടപെടുന്ന നിരവധി ആൾക്കാരെ നമുക്ക് ചുറ്റും കാണുവാൻ സാധിക്കും. അങ്ങനെ നിറവർണ്ണങ്ങളുടെ ചിത്രങ്ങളുമായി ഈ സമൂഹത്തിലേക്ക് അവയൊക്കെ ചാലിച്ച് ചേർത്ത് പുത്തൻ വർണ്ണചിത്രങ്ങൾ വരയ്ക്കുന്ന ഒരു ചിത്രകാരനെപ്പോലെ കുട്ടനാട്ടുകാർ നിങ്ങളുടെ ഇടയിൽ നിങ്ങളിലൊരാളായി നിങ്ങൾക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ ആത്മഹർഷത്തോടെ അത്മസംതൃപ്തിയോടെ പറയുവാൻ സാധിക്കും കുട്ടനാട്ടുകാർ ഈ നാടിന്റെ തുടിപ്പാണ്, കുട്ടനാട്ടുകാർ ഈ നാടിന്റെ സ്നേഹമാണ്

കുട്ടനാട്ടുകാർ ഈ നാടിന് ചെയ്ത സേവനങ്ങൾ ഒരു തുടക്കം മാത്രമാണ്. ഒട്ടനവധി കാര്യങ്ങളുമായി ഞങ്ങൾ ഇതാ നിങ്ങൾക്ക് മുന്നിൽ നിങ്ങളോടൊപ്പം നീരാടാൻ തയ്യാറാണ്.

എന്ന് സ്നേഹത്തോടെ
റോയി മൂലംകുന്നം



# A trip down memory lane with LIMA

By the year 2000 I had lived outside Kerala as a severely homesick Malayalee for fifteen long years. In fact, it seemed like wasted years of my life looking back although at the time. I didn't think of it that way as I was busy raising a young family away from extended family and with a husband who travelled away on business a lot at the time. And you know how busy that gets! For five years before August 2000 however, I had lived an adventurous expat five years in Bangkok and Vietnam with a third addition to my offspring that there was no way I wanted to return to a lifetime of seclusion and solitude again in the UK! That's when the magic happened. Liverpool Malayalee Association, LIMA was formed by the end of the year 2000!!! It totally was the turn that I desperately needed on my return to live in England....

I met the early founders quite by chance when a visitor took me to meet them. And when they mentioned they were considering starting a charity organisation I jumped in and joined the first meeting in Birkenhead on my side of the water. Since then all meets moved to Liverpool but that didn't stop me from joining every single one I could attend. I still remember driving along with my children in tow trying to find the venue for that first meet of LIMA with excitement coursing through my veins. That first sighting of a crowd of Malayalees together was easily the best feeling I could describe. It seemed incredulous that there were actually others who spoke my mother tongue around me. I had been sheltered for far too long and away from my people that I had stopped speaking my language! My children didn't grow up seeing other Keralites or the culture. And these were



Reshmi Philip




Little Help Care Ltd
21 - Helmsley Close Warrington
Call: **01925919472, 07476259307**
E-mail: info@lhcare.net, littlehelpcare@yahoo.com

Directors
**J SIMON & S JACOB**

Part of
Loyal Health Care Recruitment LTD, LH Care LTD, LH Care 5 LTD,
LH Care 9 LTD, LH Care property management services
Since 2014
**Recruiting senior Cares and nurses from UK, India, Philippines, Pakistan, Australia, New Zealand and Canada**

www.lhcare.net

pre Internet days, remember? And on the way back just seeing crowds of my Keralites at the bus stop as I drove past was even more incredible! Oh yeah, those were the days when most of the association members were still taking buses as they settled into their new abode! Of course most of the new folks were way younger than me but for me, LIMA sure was a turning point in my life. One that brought the spirit of my birth state to my adopted country and that gave a new meaning to my life in the UK.

I must say that my proficiency in Malayalam improved with my continuing association with the Association. I started listening to more of my mother tongue and reading more of the news from the online portals. I also realised I had talents I didn't know I had. I was the main emcee during the early days for the annual programmes until I was very happy to pass on the mantle to the younger ones as they grew older. Gradually I even got roped in to perform dances on the LIMA stage, again a skill I never had as a child. It would be right to say that I lived a second childhood in the arms of the wonderful organisation called Liverpool Malayali Association. And I feel proud that the influx of the new arrivals came with very




enterprising ideas and initiatives that totally changed the face of the existing diaspora. They say that with new blood comes new innovations and oh boy, did the Malayalee weavers weave plenty of magic in our lives then and since!!! That it did is an understatement. It totally shook the very veneers of the wobbly foundation of the settlers and then stabilised it into the most awesome establishment!!

LIMA is a charity organisation that aims to promote the benefits of inhabitants of Liverpool, particularly of Indian origin with a focus towards Malayalee community by promoting good relations and fostering friendship in a multicultural, multiracial and multifaith society. LIMA has been committed to provide education about our rich and diverse culture history, language and heritage through cultural and social events to bridge the gap between Liverpool and our Motherland and also works with other organisations of similar interest in order to maintain our heritage by sharing and exchanging concepts and thus to enhance the quality of life. It also aims to preserve the inherent established traditions, cultural diversity and national identity to future generations for a better tomorrow. LIMA continues to work on the vision and the mission with every year bringing on yet more ideas and the trustees working mostly in harmony and understanding. It's a work of passion and dreams and the result is that LIMA is easily one of the most leading and influential arms of the national body of malayalee associations of the UK.

Wishing the association and all its members a very happy twentieth birthday. As a member from day one and also as the most senior member , am happy to pledge publicly to continue to be an avid and passionate supporter of this organisation in every way possible. Let us celebrate the twenty year anniversary with aplomb, pomp and ceremony. Go, LIMA!

With Best Compliments from



***Kuriakose and Family***
3 Martin Grove, L35 5HN, Whiston, Prescot

Proud members of lima family...

# ബിലാത്തിനാട്ടിലെ മലയാളികൾ


2000–ാം ആണ്ട് മുതൽ അന്നത്തെ പ്രധാന മന്ത്രി ടോണി ബ്ലയർ തുറന്നിട്ട വാതായനത്തിലൂടെ ആയിരക്കണക്കിന് മലയാളികളാണ് സൂര്യനസ്തമിക്കാത്ത ബ്രിട്ടിഷ് സാമ്രാജ്യത്തിലേക്ക് കടന്ന് വന്നത്. കരുണയുടെ സ്നേഹത്തിന്റെ സാന്ത്വന സ്പർശമായി ലോകമെങ്ങും പെയ്തിറങ്ങിയ, ആതുര സേവനത്തിന്റെ മേഖലയിലേക്കാണ് ഭൂരിപക്ഷം മലയാളികളും വന്നിറങ്ങിയത്. ഉഷ്ണമേഖലയിൽ നിന്നും അതിശൈത്യത്തിന്റെ കാലാവസ്ഥ വ്യതിയാനത്തിലേക്ക് വന്നിറങ്ങിയ ഏതാണ്ട് എല്ലാവരും ആദ്യനാളുകളിൽ അതിനോട് പൊരുത്തപ്പെടാൻ നന്നെ കഷ്ടപ്പെട്ടു. എന്നാൽ എവിടെ കുടിയേറിയാലും അതിവേഗം ആ സമൂഹത്തോടും കാലാവസ്ഥയോടും പൊരുത്തപ്പെടാനുള്ള മലയാളികളുടെ കഴിവ് ഇവിടെയും പ്രകടമായി. അങ്ങനെ ആദ്യത്തെ ബാലാരിഷ്ടതകൾക്ക് ശേഷം ഈ മണ്ണിൽ കാലുറപ്പിച്ച് നിന്ന ഭൂരിപക്ഷം പേരും സ്വന്തം ഭവനങ്ങളിൽ സന്തോഷകരമായ ജിവിതത്തിന് തുടക്കമിട്ടു. എന്നാൽ കുടുംബ ജീവിതത്തിന്റെ ഭംഗിയും സ്നേഹവും അതിന്റെ പൂർണ്ണതയിൽ ആസ്വദിക്കാൻ കഴിയാതെ ഭാര്യയും ഭർത്താവും വിപരീത സമയത്ത് ജോലി ചെയ്യുകയും ഫോണിലൂടെ വീട്ടു കാര്യങ്ങൾ പങ്ക് വയ്ക്കുകയും നാട്ടിലെ കുടുംബാംഗങ്ങളുടെ സന്തോഷത്തിലും സന്താപത്തിലും തങ്ങളുടെ ഭൗതിക സാന്നിദ്ധ്യം ഇല്ലാത്തതിന്റെ വേദനകൾ കടിച്ചമർത്തിയ ആദ്യനാളുകൾ ഇന്നൊരു പേക്കിനാവായി മാറുകയും ചെയ്തു. ഇന്ന് ആദ്യനാളുകളിൽ കുടിയേറിയവരെല്ലാവരും സന്തോഷകരമായ ജീവിതം നയിക്കുന്നു, അടുത്ത കാലത്ത് വീണ്ടും തുറക്കപ്പെട്ട ആതുരസേവന മേഖലയിലേക്ക് കേരളത്തിൽ നിന്നും വീണ്ടുമെത്തുന്ന പുതിയ തലമുറയിലൂടെ ചരിത്രം ഒരിക്കൽ കൂടി ആവർത്തിക്കപ്പെടുന്നു.

കാർഷിക ഗ്രാമങ്ങളിൽ നിന്നോ അർദ്ധപട്ടണങ്ങളിൽ നിന്നോ ബ്രിട്ടണിലേക്ക് കുടിയേറിയ മലയാളികൾ കൂടെ കൊണ്ട് വന്ന് ഇപ്പോഴും കൈവിടാതെ സൂക്ഷിക്കുന്നതാണ് തങ്ങളുടെ മതവും രാഷ്ട്രിയവും. ആദ്യകാലങ്ങളിൽ മലയാളി എന്ന സ്വത്വബോധത്തിൻ ഒന്നിച്ചുകുടാൻ നിമിത്തമായത് പ്രാർത്ഥന കൂട്ടായ്മകളാണ്. എന്നാൽ ഇത് മലയാളി എന്ന സ്വത്വബോധത്തിൽ നിന്നകന്ന് ഓരോ ഘടകവും സ്വതന്ത്രമായി പ്രവർത്തിക്കുന്നു. അതോടൊപ്പം എണ്ണത്തിൽ കുറവെങ്കിലും ഇസ്ലാമിക, ഹിന്ദു സംഘടനകളും കുടിയേറ്റത്തിന്റെ ആദ്യനാളുകളിൽ വലിയ പട്ടണങ്ങളിൽ മലയാളി അസ്സോസ്സിയേഷനുകൾ ഉണ്ടാകുകയും, കാലക്രമേണ ചെറുതും വലുതുമായ എല്ലാപട്ടണങ്ങളിലേക്കും അത് വ്യാപിക്കുകയും രണ്ട് പതിറ്റാണ്ടിനിപ്പുറവും നിരവധി സാമൂഹിക, കായിക, കലാ പ്രവർത്തനങ്ങളിലൂടെ നിലനിൽക്കുകയും ചെയ്യുന്നു എന്നത് അഭിമാനകരമാണ്.

പുതിയ തലമുറ നമ്മുടെ മലയാളി എന്ന സ്വത്വബോധത്തെ എത്രനാൾ നെഞ്ചേറ്റിലാളിക്കും എന്ന പ്രസക്തമായ ചോദ്യമാണ് നമ്മുടെ മുമ്പിലുള്ള പ്രധാന വെല്ലുവിളി. നാട്ടിലെ ഒട്ടുമിക്ക രാഷ്ട്രിയ പാർട്ടികൾക്കും ഇവിടെ പോഷകസംഘടന ഉണ്ടെങ്കിലും ഈ മണ്ണിൽ അവയ്ക്ക് പ്രസക്തിയില്ല എന്നതാണ് യാഥാർത്ഥ്യം. ബാല്യ കൗമാരത്തിന്റെ ആദ്യ പകുതിയിൽ ഈ മണ്ണിലേക്ക് കുടിയേറുകയോ, ഈ മണ്ണിൽ തന്നെ ജനിച്ചുവളരുകയോ ചെയ്ത നമ്മുടെ രണ്ടാമത്തെ തലമുറ നമ്മുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അപ്പുറത്തേക്കു വളർന്ന് തങ്ങളുടേതായ ജീവിത പന്ഥാവിലേക്ക് കാലെടുത്തു വയ്ക്കുകയാണ്. എന്നാൽ നമുക്ക് ഇപ്പോഴും അപരിചിതമായതോ, അല്ലെങ്കിൽ പൊരുത്തപ്പെടുവാനോ, സമരസപ്പെടുവാനോ കഴിയാത്ത ഒരു സംസ്ക്കാരത്തിൽ ജീവിക്കുന്ന തങ്ങളുടെ മക്കളുടെ ഭാവി ചില മാതാപിതാക്കൾക്കെങ്കിലും ആശങ്കകൾ സൃഷ്ടിക്കുന്നുണ്ട് എന്ന യാഥാർത്ഥ്യം കാണാതിരിക്കാനാവില്ല. എന്നാൽ വ്യക്തികളുടെ സ്വാതന്ത്ര്യത്തിനും അസ്തിത്വത്തിനും വളരെ പ്രാധാന്യം കൊടുക്കുന്ന ഈ പുരോഗമന, ജനാധിപത്യ, മതേതര സമൂഹത്തിൽ അവർ ശരിയായ പാതയിലൂടെ തന്നെ ഈ മണ്ണിൽ തങ്ങളുടേതായ പങ്ക് വഹിയ്ക്കും എന്ന് പ്രതീക്ഷിക്കാം.

ഏതൊരു ജനാധിപത്യ രാഷ്ട്രത്തിന്റെയും ഭാവി തീരുമാനിക്കുന്നതും തീരുമാനങ്ങൾ നടപ്പിലാക്കുന്നതും കാലാകാലങ്ങളിൽ അധികാരത്തിലിരിക്കുന്ന ഭരണകൂടങ്ങളാണ്. രാഷ്ട്രിയപാർട്ടിയിൽ പ്രവർത്തിച്ച് ജനസേവനത്തിലൂടെ ജനങ്ങളുടെ വിശ്വാസത്തിലൂടെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളാണ് അവർ. അതുകൊണ്ട് തന്നെ നാളെ ഈ രാജ്യത്തിന്റെ ഭരണപരമായ തീരുമാനങ്ങൾ നിർണ്ണയിക്കപ്പെടുന്ന അവസരങ്ങളിൽ കുടിയേറ്റ ജനതയുടെ പ്രതീക്ഷകൾക്ക് കൂടുതൽ മിഴിവേകുവാൻ നമ്മുടെ പുതിയ തലമുറ രാഷ്ട്രീയത്തിലും ഭരണത്തിലും കടന്ന് വരുന്നത് അഭികാമ്യമായിരിക്കും. ആഭ്യന്തര സെക്രട്ടറി, ധനകാര്യ സെക്രട്ടറി, ആരോഗ്യ സെക്രട്ടറി എന്നിവർ കുടിയേറ്റ ജനതയുടെ പിൻഗാമികളാണ് എന്ന് നമ്മൾ ഓർക്കണം. രാഷ്ട്രിയം എന്നാൽ ഒരു തൊഴിലും, ഉപജിവന മാർഗ്ഗവും എന്ന നമ്മുടെ സങ്കൽപ്പത്തിന് ഇവിടെ ഒരു പ്രസക്തിയുമില്ല എന്നതാണ് യാഥാർത്ഥ്യം. ഉയർന്ന വിദ്യാഭ്യാസവും നല്ല ജോലിയുമുള്ളവരാണ് ഇവിടുത്തെ രാഷ്ട്രിയക്കാർ എന്ന് നമ്മുക്കറിയാം. നമ്മുടെ പരമ്പരാഗത ചിന്തകൾക്കും രാഷ്ട്രിയ ബോധ്യങ്ങൾക്കും ഈ മണ്ണ് അനുയോജ്യമല്ല. കാലത്തിന്റെ തികവിൽ ഈ രാജ്യത്തിന്റെ ഭരണചക്രം തിരിക്കുന്നവരിൽ നമ്മുടെ പുതിയ തലമുറയുടെ പ്രതിനിധികളും ഉണ്ടാകും എന്ന് പ്രതീക്ഷിക്കാം.





Biju Nampathil


WE HAVE GREAT SOLUTIONS
TO GROW YOUR OWN
Business
Signcentre
YOUR ONE STOP ADVERTISING PARTNER
0151 228 3369
info.signcentre@btconnect.com
HINTT®
HEROES IN INNOVATIONS & TECHNOLOGY
0800 047 26 26
projects@hintt.com
SIGNWORLD group
0124 466 1919
info@signworldgroup.com
www.signcentreuk.co.uk | www.hintt.com | www.signworldgroup.com




# വടംവലിയും വള്ളംകളിയും പിന്നെ ലിവർപൂൾ മലയാളിയും




രണ്ട് പതിറ്റാുകൾക്ക് മുൻപ് മലയാളക്കരയിൽ നിന്നും ലിവർപൂളിലേയ്ക്ക് കുടിയേറിയ മലയാളി സമൂഹം കലയോടൊപ്പം കായിക രംഗത്തേയും ഒരു പോലെ സ്നേഹിച്ചിരുന്നു എന്നതിനുള്ള തെളിവാണ് 2005 ൽ ലിവർപൂളിൽ രൂപീകരിച്ച ലിവർപൂൾ ടൈഗേഴ്സ് എന്ന വടംവലി ടീം. യു. കെ. യിൽ ഉടനീളം നിരവധി സമ്മാനങ്ങൾ വാരിക്കൂട്ടിയ ടീമിന്റെ കോച്ചും, യു. കെ. യിലെ ആ കാലഘട്ടത്തിലെ വിവിധ കായിക മത്സരങ്ങൾക്ക് റഫറിയും ആയിരുന്ന ലിവർപൂൾകാരൻ ജോൺ മാഷിന്റെ സേവനവും ഈ വേളയിൽ സ്നേഹപൂർവ്വം സ്മരിക്കുന്നു.

2017 ൽ യു.കെ.കെ.എം.എ. സംഘടിപ്പിച്ച ബോട്ട്റേയ്സിൽ ലിവർപൂളിൽ നിന്ന് ജവഹർ തായങ്കരി എന്ന ടീം രൂപീകരിക്കുകയും 2017 ൽ നടന്ന മത്സരത്തിൽ സെക്കന്റും, 2018, 2019 വർഷങ്ങളിൽ

TRINITY MORTGAGES LTD

Tel: 020 3745 7727 I Mob: 07737 645 177
Kings House, Broadway Parade, Hornchurch,
Essex RM12 4RS

Email: info@trinityadvice.co.uk I www.trinityadvice.co.uk

FCA Directly Authorised Whole Of Market Independent Mortgage & Insurance Consultants




• First Time Buyers • Home Movers • Re-mortgages • Buy to Let • Let to Buy • Right to Buy • Help to Buy • Shared Ownership • Commercial Finance • Second Charge Loans • Life Insurance • Mortgage Protection Insurance • Income Protetcion • Family Income Benefit • Building & Content Insurance • Commercial Insurance




LOW CREDIT SCORE ?



HIGH INTEREST ON DEBTS?

WE CAN HELP YOU!

Contact us today for an appointment with our financial consultant.



- Development Finance
- Auction Finance
- Commercial Finance
- Bridging Finance
- Refurbishment Finance

Trinity Mortgages Ltd is Authorised & Regulated by the Financial Conduct Authority No. 806693.
Your home may be repossessed if you do not keep up repayments on your mortgage.
The Financial Conduct Authority does not regulate some forms of buy-to-let mortgages.






ഒന്നാം സ്ഥാനവും കരസ്ഥമാക്കിയ ഈ ടീം ലിവർപൂൾ മലയാളികൾക്ക് എന്നും അഭിമാനത്തോടെ ഓർക്കാവുന്നതാണ്. ഈ രണ്ടു ടീമിന്റെയും ഭാഗമായി പ്രവർത്തിക്കാൻ സാധിച്ചതിൽ ഞാൻ വളരെ സന്തുഷ്ടനാണ്. ഈ ടീമിന്റെ ഭാഗം ആയിരിക്കുമ്പോൾ നമ്മെ വിട്ടുപിരിഞ്ഞ, ലിവർപൂൾ മലയാളികളുടെ പ്രിയങ്കരനായ ജോസ് കണ്ണങ്കരയെയും ഈ വേളയിൽ ആദരവോടെ സ്മരിക്കുന്നു.


ഈ രണ്ടു ടീമിനും എക്കാലവും പ്രത്യേക പരിഗണന നൽകി ടീമിനൊപ്പം നിന്ന സംഘടനയാണ് ലിവർപൂൾ മലയാളി അസോസിയേഷൻ (LIMA). ലിവർപൂളിലേയ്ക്ക് പുതുതായി വന്നു കൊണ്ടിരിക്കുന്ന എല്ലാ മലയാളി കുടുംബങ്ങളെയും കലാ - കായിക രംഗത്തേക്ക് ഞാൻ ഈ വേളയിൽ ഹാർദ്ദവമായി സ്വാഗതം ചെയ്തു കൊള്ളുന്നു.


ലിമയ്ക്ക് വേണ്ടി,<br>
**ഹരികുമാർ ഗോപാലൻ**<br>
ലിമ കമ്മറ്റി അംഗം




# 2007










# Lima 2005-2006





# SOCIAL MEDIA BANE OR BOON?

**What is social media?**

Social media refers to the interaction people have in which they create, share, or exchange information and ideas. People are using social media for a variety of purposes. The four main uses of social media are sharing, learning, interacting, and marketing.



Felix Mathew

The 21st century brought with it an era of digital advancements. Smartphones, computers, internet came into being and soon after, turned into essentials, so much that the existence of a person would be questioned without one.

Social media is a collective term for websites and applications that focus on communication and community-based input. People use social media to stay in touch and interact with friends, family and various communities. Businesses use social applications to market and promote their products and track customer concerns. Social media can be used for good and for bad. Social media is addictive, and not even millennials can deny that. It has hampered the population's health - physical and social.

**What are the advantages of social media?**

Social media can help young people develop their interests. If there is one industry that benefitted the most from social media, then it is the marketing sector. Today, business firms no longer have to send burned-out salesmen in the depths of the city. Thanks to social media and humanity's ever increasing knowledge of technology. Social media is a big part of life for many pre-teens and teenagers.

**What are the disadvantages of social media?**

The disadvantages of social media are addiction and cyber bullying. The most apparent disadvantage that social media has is its ability to distract students from learning. However it is important to note that children and teenagers must be guided by their guardians as they can easily be manipulated. People tend to blindly believe any piece of information they receive via social networking platforms.

To conclude, it is safe to say that one can feel a lot about social media - one can love it, hate it, use it or misuse it - but one can't stay away from it. Social media is an immense universe that exists without actually existing.





rostercare

# Rostercare Recruiting Carers and Nurses across UK

## BENEFITS

- Flexible and regular shifts available in Hospitals and Care homes.
- Great rates of pay with weekly Payroll.

**FRANCHISES AVAILABLE ACROSS UK**

Clinical and Healthcare Staffing Approved Supplier NHS Workforce Alliance Collaborating for a Sustainable Workforce

REC Corporate Member

CYBER ESSENTIALS

disability confident COMMITTED

03333002919 | info@rostercare.co.uk | Follow us:



# കോവിഡ് 19

ലോകത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ തടസ്സപ്പെടുത്തുകയും ഗതി തിരിച്ചുവിടുകയും ചെയ്തിട്ടുള്ള ഒട്ടേറെ സംഭവങ്ങൾ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ഇത് അനാദികാലം മുതൽക്കേ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. ഇതിനെ മനുഷ്യന്റെ അഹന്ത ഇല്ലാതാക്കാനുള്ള ദൈവനിയോഗം എന്നോ, പ്രകൃതിയുടെ സംതുലിതാവസ്ഥ നിലനിർത്തുവാനുള്ള നടപടിയെന്നോ ഒക്കെ വിശേഷിപ്പിക്കാറുണ്ട്.

പ്രകൃതിക്ഷോഭങ്ങൾ കാറ്റ്, മഴ, വെള്ളപ്പൊക്കം, വരൾച്ച, ഭൂമികുലുക്കം, കാട്ടുതീ, അഗ്നിപർവ്വതം, പകർച്ചവ്യാധികൾ, മുതലായവയൊക്കെ പ്രകൃതിയിലെ ഇത്തരത്തിലുള്ള ക്രമപ്പെടുത്തൽ നടപടികളാണ് എന്ന വ്യാഖ്യാനവുമുണ്ട്. ലോകത്തെ ആകമാനം ഗ്രസിച്ചിരിക്കുന്ന ഒരു ദുരന്തത്തിലൂടെയാണ് ഇന്ന് മാനവരാശി കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ അഭിമുഖീകരിക്കുന്ന അപകടാവസ്ഥയെക്കുറിച്ച് ഏറെ ആശങ്കകൾ ഒരുവശത്ത് മനുഷ്യനെ അലട്ടിക്കൊണ്ടിരിക്കുന്നു. എന്നാൽ മറുവശത്ത് എല്ലാ ദുരന്തങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ച് ഇവിടം വരെ എത്തിയ മനുഷ്യൻ കോവിഡിനെയും അതിജീവിക്കുക തന്നെ ചെയ്യും എന്ന വിശ്വാസവും നമുക്കുണ്ട്. അത് മനുഷ്യന്റെ അജയ്യമായ ആത്മവിശ്വാസത്തിന്റെ പ്രതിഫലനമാണ്.

ലോകം ഇതുവരെ ഇത്തരത്തിലുള്ള എത്രയെത്ര ദുരന്തങ്ങളിൽ കൂടി കടന്നു പോയിട്ടുണ്ടെന്നതിന്റെ കൃത്യമായ കണക്ക് ആരുടെ കയ്യിലും ഉണ്ടാകാനിടയില്ല. മനുഷ്യന് അറിയാവുന്ന ചരിത്രത്തിന്റെ പിന്നാമ്പുറം വരെയുള്ള കാലത്തെ കാര്യങ്ങളല്ലേ നമുക്ക് ധാരണയുള്ളൂ. നമുക്ക് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുന്നതിനും അപ്പുറമുള്ള ഒരു വലിയ ചരിത്രാതീതകാലം ഉണ്ട്. അതാണല്ലോ ചരിത്ര കാലത്തേക്കാൾ ദൈർഘ്യം ഏറിയ കാലഘട്ടം. ഒരുപക്ഷെ അനന്തതയോളം പോന്ന അക്കാലത്ത് എത്രയെത്ര ദുരന്തങ്ങൾ, എത്രയെത്ര കഷ്ട നഷ്ടങ്ങൾ, എങ്ങനെയൊക്കെ, ആർക്കൊക്കെ, സംഭവിച്ചിട്ടുണ്ടാവും?

അതിനെക്കുറിച്ചൊക്കെ ആർക്കറിയാം? അവ എന്തൊക്കെയായിരുന്നു? എങ്ങനെയായിരുന്നു ലോകത്തെ ബാധിച്ചത്? അവയെ മനുഷ്യനുൾപ്പെടെയുള്ള ജീവലോകം എങ്ങനെയായിരുന്നു അതിജീവിച്ചത് എന്നൊന്നും നമുക്ക് അറിഞ്ഞു കൂടാ. ഭാവനയെ സിദ്ധാന്തവത്കരിച്ച നിഗമനങ്ങൾക്കപ്പുറമുള്ള കണ്ടെത്തലുകൾ ഇക്കാര്യത്തിൽ ഇല്ലെന്നതാണ് വാസ്തവം. ചരിത്രത്തിന്റെ ഇടനാഴികളിൽ നിന്നു കിട്ടുന്ന ചില പൊട്ടും പൊടിയും വച്ചുള്ള നിഗമനങ്ങൾ ആണല്ലോ ഇക്കാര്യത്തിൽ നമുക്കുള്ളത്. ദിനോസറുകളുടെ കാലം അവസാനിച്ചത് എങ്ങനെയായിരുന്നു? സിന്ധു നദീതട സംസ്കാരവും ഭൂമിക്കടിയിലായിപ്പോയ മറ്റനവധി നാഗരികതകളെക്കുറിച്ചുള്ള സൂചനകളും നളന്ദ, തക്ഷശില പോലുള്ള വിദ്യാപീഠങ്ങളുടെ അസ്തമയവും എല്ലാം നമുക്ക് ചരിത്ര വഴിയിലെ നഷ്ടങ്ങളാണ്. ഈ നഷ്ടങ്ങൾക്ക് കാരണമായ ദുരന്തങ്ങളെക്കുറിച്ചും അവയുടെ കാര്യകാരണങ്ങളെ സംബന്ധിച്ചും ബൗദ്ധികമായ ഭാവനയുടെ പിൻബലത്തിലുള്ള നിഗമനങ്ങൾ മാത്രമാണല്ലോ നമുക്കുള്ളത്.

സമീപകാല ലോകചരിത്രത്തെ തകിടം മറിച്ചത് ചില പ്രകൃതിക്ഷോഭങ്ങളും അതിലേറെ പകർച്ചവ്യാധികളും മനുഷ്യ നിർമ്മിതമായ ലോകമഹായുദ്ധങ്ങളും ആയിരുന്നു. കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി, നൂറ്റാണ്ടിൽ ഒന്നെന്ന കണക്കിൽ ലോകത്തെ കീഴടക്കി കടന്നുപോയത് പകർച്ചവ്യാധികളാണ്. 1720 ൽ പ്ലേഗ്, 1820 ൽ കോളറ, 1920 ൽ സ്പാനിഷ് ഫ്ളൂ. ഇപ്പോൾ 2020 ൽ കോവിഡ് 19 മഹാമാരിയിലൂടെ നമ്മളും ചരിത്രവും കടന്നുപോകുന്നു. ഇരുപതാം നൂറ്റാണ്ടിൽ മനുഷ്യനിർമ്മിതമായ രണ്ട് ദുരന്തങ്ങളും ലോകം നേരിട്ടു.

ഒന്നും, രണ്ടും ലോകമഹായുദ്ധങ്ങൾ ആയിരുന്നു ആ ദുരന്തങ്ങൾ. ആറ്റംബോംബിന്റെ പ്രയോഗവും ലോകം കണ്ട ദുരന്തമായിരുന്നു.

With Best Compliments from



**Binu Varkey & Family**

Proud members of lima family...

ചരിത്രത്തിലെ ഇത്തരം സംഭവങ്ങൾ മനുഷ്യവംശത്തിന്റെയും ജീവലോകത്തിന്റെയുമെല്ലാം ചരിത്രത്തെ തന്നെ മാറ്റിയെഴുതുന്നതാണ്. ഇപ്പോൾ കോവിഡ് കാലത്തെ അതിജീവിക്കുവാൻ കഠിനപ്രയത്നം ചെയ്യുന്ന ലോകജനതയ്ക്ക് ഇക്കാര്യം ബോധ്യമാവുകയും ചെയ്യുന്നുണ്ട്. ഒന്നര വർഷത്തിനുള്ളിൽ കോവിഡ് 19 നമ്മുടെയെല്ലാം അനുദിന ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിവെച്ചത്. മാസ്‌ക്കും സാനിറ്റൈസറും ശീലമാക്കിയത് മുതൽ സാമൂഹിക അകലവും ഓൺലൈൻ ക്ലാസും ഗൂഗിൾമീറ്റും ഉൾപ്പെടെ എന്തെല്ലാം മാറ്റങ്ങൾ! ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ എത്രയെല്ലാം മുന്നേറിയാലും മനുഷ്യന്റെ അടിസ്ഥാനപരമായ നിസ്സഹായത മാറ്റമില്ലാതെ തുടരുന്നുവെന്ന തിരിച്ചറിവും നമുക്ക് കോവിഡിന്റെ സംഭാവനയാണ്. കോവിഡ് കാലം വരെ സ്കൂളിലും കോളേജിലും വിദ്യാർഥികൾ ഫോൺ കൈകാര്യം ചെയ്യുന്നത് ഗൗരവതരമായ കുറ്റമായിരുന്നു. എന്നാൽ നമ്മുടെ നാട് കേരളം പോലും എല്ലാ വിദ്യാർഥികൾക്കും സ്മാർട്ഫോൺ ഉണ്ടെന്നു ഉറപ്പുവരുത്തികൊണ്ടിരിക്കുന്നു. അത് തങ്ങളുടെ ഉത്തരവാദിത്വമായി സമൂഹം ഏറ്റെടുത്തിരിക്കുന്നു.

ക്ലാസുകളിൽ കുട്ടികൾ ഗുരുമുഖത്തുനിന്നും വിദ്യ അഭ്യസിച്ചിരുന്ന രീതി അഭംഗുരം തുടർന്നുവന്നിരുന്ന നമ്മൾ, വിദ്യാർഥി ഒരുദിവസം ക്ലാസ്സിൽ ഹാജരായില്ലെങ്കിൽ ശിക്ഷാർഹമായ കുറ്റമായിട്ടായിരുന്നു പരിഗണിച്ചിരുന്നത്. കലാലയത്തിലാകട്ടെ നിശ്ചിത ശതമാനം ഹാജർ ഇല്ലെങ്കിൽ പരീക്ഷ എഴുതാൻപോലും അനുവദിച്ചിരുന്നില്ല. എന്നാൽ കോവിഡിന്റെ വരവോടെ വർഷത്തിൽ ഒരു ദിവസംപോലും ക്ലാസ്സിൽ നേരിട്ടെത്താതെ പഠിക്കാമെന്നായി.

പൊതുജീവിതത്തിന് അവധിനൽകി വീട്ടിൽ ഒതുങ്ങിക്കഴിയാൻ നിർബന്ധപൂർവം അവസരമൊരുക്കിയതും കോവിഡ് ആണ്. ആഡംബരങ്ങളും ആഘോഷങ്ങളും ഇല്ലാതായാലും പ്രത്യേകിച്ച് പോരായ്മയൊന്നും ഉണ്ടാവില്ലെന്ന തിരിച്ചറിവ് സമ്മാനിച്ചതും കോവിഡ് എന്ന പകർച്ചവ്യാധിയാണ്. വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, പൊതുഗതാഗതം, സർക്കാർ ഓഫീസുകൾ, ഫാക്ടറികൾ, വ്യാപാര വ്യവസായ സ്ഥാപങ്ങൾ, മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾ കോവിഡ് മൂലം ഏറെ മാറ്റങ്ങൾക്ക് വിധേയമായി. ആളുകൾ ഒരുമിച്ചിരുന്നു ജോലിചെയ്യുന്ന ഓഫീസുകൾ എന്ന സങ്കല്പം തന്നെ തകിടം മറിഞ്ഞിരിക്കുന്നു. 'വർക് ഫ്രം ഹോം' തൊഴിൽ സംസ്കാരം രൂപപ്പെട്ടിരിക്കുന്നു. ഭാവിയിൽ ഈ ശൈലി ശക്തമായി തുടരാൻ സാധ്യതയുള്ള ഒരു പ്രധാന മേഖല ഐടി ആയിരിക്കും. യൂണിവേഴ്സിറ്റി തലത്തിലുള്ള പഠനവും ക്ളാസ് മുറികളിലേക്ക് പൂർണമായി മടങ്ങിയെത്തിക്കൊള്ളണമെന്നില്ല.

ആളുകളുടെ നേരിട്ടുള്ള ഒത്തുചേരലുകൾ. യോഗങ്ങളും സെമിനാറുകളും മറ്റും ഓർമയായി. മീറ്റിംഗുകൾ, സെമിനാറുകൾ, ഇന്റർവ്യൂകൾ എല്ലാം ഇപ്പോൾ എത്രപെട്ടെന്നാണ് ഓൺലൈൻ ആയത്. ഓൺലൈൻ മീറ്റിംഗുകളും വെബ്നറുകളും സാധാരണക്കാരുടെയും അനുദിന പരിപാടികളിൽ ഇടം നേടിക്കഴിഞ്ഞു. ഓൺലൈനായി അരങ്ങേറുന്ന ട്രെയിനിങ് ക്ലാസ്സുകളും സർവ്വസാധാരണമായിക്കഴിഞ്ഞു. തങ്ങളുടെ സ്വകാര്യ മുറികളിലിരുന്നു ലോകത്തെവിടെയുമുള്ള ഇത്തരം ഓൺലൈൻ മീറ്റിംഗുകളിലും മറ്റു ക്ലാസ്സുകളിലും പങ്കെടുക്കുന്നതും ശീലമായിക്കഴിഞ്ഞു. സംഘാടകർക്കും കാര്യം വളരെ ലളിതമായി. സാമ്പത്തിക ചിലവും സംഘാടനത്തിന്റെ ബദ്ധപ്പാടുകളും തീരെക്കുറവാണെന്നത് ഇത്തരം പരിപാടികളുടെ ബാഹുല്യം തന്നെ വെളിപ്പെടുത്തുന്നു. ഒരുപക്ഷെ കോവിഡ് കാലം കഴിഞ്ഞാലും ഓൺലൈൻ സ്വാധീനം നമ്മുടെ ജീവിതത്തിൽ തുടരുക തന്നെ ചെയ്യും. ഈ മാറ്റങ്ങൾ പലതും നമ്മുടെ ശീലവമായി കൂടായ്കയില്ല. വിദ്യാഭ്യാസ രംഗത്തുനിന്നും ഓൺലൈൻ ക്ലാസ് പൂർണമായും ഒഴിവാകും എന്ന് കരുതാനാവില്ല. നമ്മുടെ ജീവിതത്തിൽ നമ്മൾ പോലും അറിയാതെ പല മാറ്റങ്ങളും നമ്മുടെ സ്വഭാവത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു.

പലരും പാചകം പഠിച്ചതും,പാചക പരീക്ഷണങ്ങൾക്ക് തയ്യാറായതും കുടുംബങ്ങളിലെ കോവിഡ് കാല വിശേഷം ആയിരുന്നു. അതുപോലെ കുറച്ചാളുകളെങ്കിലും കൃഷിയിടങ്ങളിലേക്ക് ഇറങ്ങാനും പച്ചക്കറി കൃഷി എങ്കിലും ചെയ്യാനും തുടങ്ങിയത് കോവിഡിന്റെ ഇടപെടൽ മൂലമാണെന്ന് നിസ്സംശയം പറയാം.

അച്ഛനും അമ്മയും മക്കളും ഉൾപ്പെടെ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് വീട്ടിൽ കഴിഞ്ഞ ദിനങ്ങൾ പല കുട്ടികൾക്കും ആദ്യാനുഭവം ആയിരിക്കും.

നിശ്ചലമായ വാഹനങ്ങളും, വിജനമായ തെരുവുകളുമൊക്കെ പുതിയ അനുഭവമായിരുന്നു. എന്നാൽ കോവിഡ് കാലം കഴിയുമ്പോൾ പലതും പൂർവാധികം ശക്തിയോടെ പുനരാരംഭിക്കുക തന്നെ ചെയ്യും. പലതും പുതുതായി അവതരിക്കുകയും ചെയ്യും. പല ശീലങ്ങളും പഴഞ്ചനായി, അതൊക്കെ കോവിഡിനു മുമ്പായിരുന്നില്ലേ എന്നൊക്കെ നമ്മൾ പറയാനും ഇടയുണ്ട്. സ്വഭാവത്തിൽ, മനോഭാവത്തിൽ, ജീവിതരീതിയിൽ, പെരുമാറ്റത്തിലൊക്കെ കോവിഡ് കാലം നമുക്ക് മാറ്റങ്ങൾ സമ്മാനിച്ചുകൊണ്ടിരിക്കുന്നു എന്നതിൽ സംശയം വേണ്ട. അവ എന്തൊക്കെ ആയിരിക്കും, ഏതളവിൽ ആയിരിക്കും, ഏതൊക്കെ മേഖലകളിൽ ആയിരിക്കും എന്നൊക്കെ തീർത്തു പറയാൻ ഇപ്പോൾ കഴിയില്ല. എങ്കിലും മാറ്റങ്ങൾ ഉണ്ടാകും എന്നകാര്യത്തിൽ സംശയം വേണ്ട.

ഒരുപക്ഷെ ചരിത്രത്തെ ബി.സി, എ.ഡി എന്ന് രണ്ടായി പകുത്തതുപോലെയല്ലെങ്കിലും ഇപ്പോൾ ജീവിക്കുന്ന തലമുറയെ സംബന്ധിച്ചടത്തോളം എല്ലാ സംഗതികളും തന്നെ കോവിഡിനു മുൻപും ശേഷവും എന്ന നിലയിലാകും എന്നുമാത്രം സൂചിപ്പിക്കുന്നു. 2021 ജൂലൈ ആദ്യവാരം പിന്നിടുമ്പോൾ കോവിഡ് 19 സമ്മാനിക്കുന്ന മുറിപ്പാടുകൾക്ക് ഒപ്പം കുറെ പുതിയ സാധ്യതകളും കുറെ ഒഴിവാക്കലുകളും നമ്മളിലും നമുക്കിടയിലും ലോകത്താകെയും ഉണ്ടാക്കികൊണ്ടിരിക്കുന്നു എന്നത് നിശ്ചയമാണ്. എന്നാൽ അത് തിരിച്ചറിയാൻ കുറേ കാലം കാത്തിരിക്കേണ്ടിവന്നേക്കാം എന്നു മാത്രം.



**Sebastian Joseph**


KUDILIL STUDIOS
SOUND & LIGHTS
QUALITY SOUND & LIGHTS IS OUR PASSION
QUALITY SOUND & LIGHTS IS OUR PASSION
Providing quality Sounds and lighting for all your events
Contact:
Shaju Uthup Kudilil
Ph: 079315 91307
Email: skudilil@gmail.com

# ലിമ സുഹൃദ്‌വലയങ്ങളിലൂടെ



2000ാം ആണ്ടിൽ ലിവർപൂളിൽ പിറവിയെടുഞ്ഞ ലിമ എന്ന സംഘടന ഇന്നേക്ക് 22ാം വർഷം പിന്നിടുമ്പോൾ, ഒരു പതിറ്റാണ്ടോളമായി ലിമ എന്ന സംഘടനയുടെ ഒപ്പം സഞ്ചരിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ ഞാൻ അതീവ സന്തോഷവാനാണ്. ഈ സംഘടനയുടെ ആരംഭം മുതൽ ഇപ്പോഴും വളരെ സജീവമായി ഈ സംഘടനയെ നയിച്ചു കൊണ്ടിരിക്കുന്ന എല്ലാ ഭാരവാഹികൾക്കും എന്റെ എല്ലാവിധ ആശംസകളും നേരുന്നു. യു കെ മലയാളികളുടെ ഏതൊരു ആവശ്യ സമയങ്ങളിലും അവർക്കൊരു കൈതാങ്ങാവുന്ന ലിമയടെ പ്രവർത്തനം അഭിനന്ദനാർഹമാണ്. ഇനിയും വരും വർഷങ്ങളിലും ലിമ എന്ന സംഘടന മറ്റെല്ലാ സംഘടനകൾക്കും മാതൃകയാകും വിധം മുന്നോട്ടു പേകട്ടെ എന്ന് ആശംസിക്കുന്നു.

*അനിൽ ജോസഫ്*

20 വർഷങ്ങൾ പിന്നിടുന്ന യൂറോപ്പിലെ തന്നെ വലിയ മലയാളി അസോസിയേഷനുകളിൽ ഒന്നായ ലിമ... ലിവർപൂൾ മലയാളികളുടെ സന്തോഷത്തിലും, സന്താപത്തിലും എന്നും കൂടെയുള്ള ലിമ, ലിവർപൂൾ മലയാളികളുടെ സ്വകാര്യ അഹങ്കാരം എന്നുപറഞ്ഞാൽ ഒട്ടും ആതിശയോക്തി ഇല്ല.

ലിമക്ക് ഇരുപതാം പിറന്നാൾ മംഗളങ്ങൾ...
ആശംസകൾ.

*സൗമ്യ എൽദോസ്*





ലിവർപൂൾ മലയാളി സമൂഹത്തെ കൂട്ടയിണക്കുന്നതിനും സാംസ്കാരിക പൈതൃകം നിലനിർത്തുന്നതിനും കഴിഞ്ഞ 20 വർഷങ്ങളായി ലിമ വഹിച്ച പങ്ക് അവിസ്മരണീയമാണ്.

*എബ്രഹാം അലക്സാണ്ടർ*

കുട്ടികളുടെ കലാപ്രവർത്തനത്തിലൂടെ, ലിമയുടെ സ്റ്റേജുകളിലൂടെ വളർന്നുവന്ന യുവകലാകാരൻമാരും, കലാകാരികളും, ലിവർപൂൾ മലയാളി സമൂഹത്തെ മാത്രമല്ല യൂ കെ മലയാളി സമൂഹത്തെയും, കേരളീയ സിനിമ രംഗത്തേയും സമ്പന്നമാക്കിട്ടുണ്ട്.

*ദിനൊ*



# ലിമ ജനഹൃദയങ്ങളിലൂടെ



ചാരിറ്റി പ്രവർത്തനം ലിമയുടെ പ്രവർത്തനത്തിന്റെ അടിത്തറയാണ്. 2004-ൽ ഉണ്ടായ സുനാമി മുതൽ കേരളത്തിൽ 2018-ൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങളിലും ലിമയുടെ സഹായം പോരാടിയ സമൂഹത്തിന് ലഭിച്ചു.

*ബോബി ഐക്കര*



നേഴ്സിഗ് സമൂഹത്തെ ആദരിച്ചതിലൂടെ, മലയാളി സമൂഹത്തിനു U.K യിൽ എത്താൻ സഹായിച്ച NURSING PROFESSION നെ കൂടി ലിമ ബഹുമാനിക്കുകയാണ് ചെയ്തത്.

*റൊണാൾഡ്*



കേരളീയ കലാ കായിക രൂപങ്ങളെ അതേപടി ലിവർപൂൾ മലയാളി സമൂഹത്തിൽ പ്രാവർത്തികമാക്കുവാൻ ശ്രമിച്ച ലിമ, അതിൽ എല്ലാവിഭഗം ആളുകളെയും പങ്കെടുപ്പിച്ച് ഉജ്ജ്വലമാക്കിട്ടു

*സിൻലെറ്റ് മാത്യു*



ലിവർപൂൾ മലയാളി സമൂഹത്തിലെ കഴിവുള്ളവരെ ആദരിക്കാൻ ലിമ കാണിച്ച സൻമനസ് എല്ല വിഭാഗം ജനങ്ങൾക്കും വലിയ പ്രയോജനമായിട്ടു.

*ഫിലിപ്പ്*

# ലിമ ഓർമ്മകളിലൂടെ



ലിവർപൂൾ മലയാളി സമൂഹത്തിൽ ഉണ്ടായിട്ടുള്ള സമൂഹിക, സാമ്പത്തികമായ ദു:ഖങ്ങളിൽ ലിമ ഒരു താങ്ങും തണലുമായി നിന്നിരുന്ന ഓരോ സംഭവങ്ങൾ ലിമക്ക് അഭിമാനപൂർവ്വം പറയുവാൻ കഴിയും എന്നുള്ളതിൽ എനിക്കു ചാരിതാർത്ഥ്യമുണ്ട്.

*ആശിഷ്*



മനുഷ്യനെ വേദനിപ്പിക്കുന്ന മരണം ഉൾപ്പടെയുള്ള വക്തി ദുരന്തങ്ങൾ ലിവർപൂളിലെ മലയാളികൾക് ഒപ്പം എല്ലാ മേഖലയിലും ലിമയുടെ സാനിധ്യവും സഹകരണവും ഉണ്ടായിരുന്നു എന്ന് നന്ദിയോടെ ഓർക്കുന്നു.

*കോശി*



U. K യിലെ പ്രബല മലയാളി അസോസിയേഷൻ എന്ന നിലയിൽ U. K യിൽ അങ്ങോളം, ഇങ്ങോളം ഉള്ള മലയാളി പ്രതിഭകളെ പങ്കെടിപ്പിച്ചുകൊണ്ട് All India വടംവലി, ഡാൻസ് കോമ്പറ്റീഷൻ എന്നിവ സംഘടിപ്പിക്കുവാനും, All U.K വള്ളംകളി മത്സരത്തിൽ പങ്കെടുത്ത് ഒന്നാം സമ്മാനം നേടുന്നതിൽ വലിയ പങ്ക് വഹിക്കുവാനും ലിമ അംഗങ്ങൾക്ക് കഴിഞ്ഞു.

*ഡോ. നിതിൻ ഉണ്ണികൃഷ്ണൻ*

കവിത



അനുമോൾ
തോമസ്

# ചിതലരിക്കാത്തൊരേട്

ചിതറിത്തെറിച്ചൊരു ചിന്തകളിലെവിടെയോ
ചിതലരിക്കാത്തൊരേടുള്ളൊരു പുസ്തകം
ചിറകുള്ള സ്വപ്നങ്ങൾ നീളെ കുറിച്ചിട്ട
ചിരകാല സ്മരണകൾ നിറയുന്ന പുസ്തകം.

ഓരോ വരിയിലും നിറയുന്നു കവിയുന്നു
ആരോ കുറിച്ചിട്ട നിറവാർന്ന നിമിഷങ്ങൾ
ചാരെയിരുന്നതിൻ ചുരുളഴിച്ചീടുവാൻ
പോരൂ നീയെന്റെ കാലമാം പ്രിയസഖി.



നിഴലായ് മറഞ്ഞുപോയ് ചിലവരികളതെങ്കിലും
നിലാവായ് നിഴലാറ്റാൻ വീണ്ടും തെളിക്കുവാൻ
നിറയെ പൂത്തൊരാ കുറുമൊഴി മുല്ലപോൽ
നിൻ ചിരി കൊളുത്തുന്നു നിത്യപ്രകാശം.

ഒരു തരി വെട്ടത്തിൽ ഏടുകൾ തിരയുമ്പോൾ
ചെറുചിരി തൂകിയെന്നച്ഛന്റെ ഗാംഭീര്യം
കുറുമ്പുകൾ കാട്ടുന്ന കുഞ്ഞിളം പൈതലെ
നേർവഴി കാട്ടി നയിച്ചൊരു നല്ലച്ഛൻ.

അരികിലെന്നച്ഛനോടൊപ്പമെന്നങ്ങുമേ
അതുമായ് ചിരിതൂകി അമ്മയുമണയുന്നു
അർക്കനുദിക്കുന്ന നേരത്തിനു മുൻപേ
അക്കരെപ്പള്ളിയിൽ പ്രാർത്ഥിച്ചൊരെന്നമ്മ.

പുലരിയായ് പുലരിയായെന്നു വിളിച്ചോതി
പലതരം കിളികൾ തന്നാരവം നിറയവെ
പുതപ്പിന്നടിയിലായ് ചുരുണ്ടങ്ങുകൂടുന്ന
പ്രിയമുള്ളൊരനുജനും ചെമ്മെ ചിരിക്കുന്നു.


പിന്നെയും താളുകൾ പിന്നിട്ടു നീങ്ങവെ
പുന്നെല്ലിൻ മണമുള്ള പൂങ്കാറ്റു വീശുന്ന
പാലപ്പൂതൂവിയ പാതയിറമ്പിലെ
പനിനീർമൊട്ടൊന്ന് മിഴിപൂട്ടി നിൽക്കുന്നു.

പുഞ്ചവയൽ തന്നോരത്തെ പാതയിൽ
പിന്നിയ മുടിയിലായ് പൂമൊട്ട് ചൂടുവാൻ
പനിനീർമൊട്ടിന്റെ സമ്മതം ചോദിക്കും
പെൺകിടാവായിതാ ഞാനും തെളിയുന്നു.


പള്ളിക്കൂടത്തിലേക്ക് പതിവായയാത്രയിൽ
പള്ളിയിലും കയറി പ്രാർത്ഥനയെത്തിച്ചു
പഞ്ചാരമിഠായി പകുത്തുനൽകിക്കൊണ്ട്
പ്രിയസഖിമാരോടൊപ്പം പോയനാൾ തെളിയുന്നു.

എന്തെല്ലാം വാർത്തകൾ ഏതെല്ലാം കഥകളും
ഏറെപ്പറഞ്ഞങ്ങ് പൊട്ടിച്ചിരിപ്പിച്ച്
എതൊരു ദുഃഖവും എൻമിഴിയിണകളിൽ
ഏറെ നിറയാതെ മായ്ച്ചൊരെൻ പ്രിയരവർ.

എല്ലാമെന്നോർമ്മതൻ പുസ്തകത്താളിലായ്
എന്നും കെടാവിളക്കായി തെളിയുമ്പോൾ
എന്നിലെ ഞാനിന്നതെങ്ങനെ മാറിടും ?
എന്തെല്ലാം മാറ്റങ്ങളീ പാരിൽ നിറഞ്ഞാലും ?



With Best Compliments from



***Tome jose & Family***
316 Utting avenue east

Proud members of lima family...



ബിനോയി ജോർജ്

# ജോൺ മാഷും ജോസേട്ടനും പിന്നെ ഞാനും

ഇതൊരു യാത്രക്കുറിപ്പോ അനുശോചനമോ നന്ദിപ്രമേയമോ അല്ല. എന്റെ ചങ്കിൽ തൊട്ട രണ്ടു വ്യക്തിത്വങ്ങളുടെ നേർക്കാഴ്ചകൾ മാത്രം.

---

ലിവർപൂളിന് നഷ്ടപെട്ട രണ്ടു പ്രതിഭകൾ ആണ് ജോൺ മാഷും, ജോസുചേട്ടനും

---

ചിലർ അങ്ങിനെയാണ്...
നല്ല ഓർമ്മകൾ മാത്രം ബാക്കിവെച്ചു പെട്ടെന്ന് കടന്നുപോകും

---





ANAND TRAVEL
ANAND TRAVEL
Serving the community since 1984
CALL:020 85484897
info@anandtravel.com
IATA
To Watch All Malayalam Channels
ANAND MEDIA
anand HD
Available on
ROKU ANDROID BOX
ANDROID SMART TV
Catchup shows Android & iOS Mobile
Android Box and Roku devices
24 x 7 Customer Support
LOW PRICE
SPECIAL OFFER
£ 79.99/- ( was £ 120 )
www.anandmedia.net
020 85866511
Search for ANAND TV Live on
Roku box (ANAND TV)
Android Smart TV(anand tv live for TV)
LG Smart TV(anandlivetv)
www.anandtv.in
Google play
App Store
FREE
ANAND TV
APP AVAILABLE
ON MOBILE



ജോൺ മാഷ്

## ജോൺ മാഷ്

ജോൺ മാഷിനെ പറ്റി പറയുകയാണെങ്കിൽ, ആത്മാവ് കേരളത്തിലും ശരീരം ഇംഗ്ലണ്ടിലും ആയി ജീവിച്ച ഒരു നല്ല കായിക പ്രേമി. എല്ലാ ദിവസവും മുടങ്ങാതെ നാട്ടിൽ ഫോൺ ചെയുന്ന എത്രപേർ ഇവിടെ യുകെയിൽ ജീവിക്കുന്നുണ്ട് !

വീട്ടുകാർ അല്ലെങ്കിൽ സുഹൃത്തുക്കൾ തുടങ്ങി ലിമ എന്ന പ്രസ്ഥാനത്തിലും വലുതായിരുന്നു ജോൺ മാഷിന്റെ ബന്ധങ്ങൾ. സഹൃദങ്ങൾക്ക് എപ്പൊഴും വലിയ വില നൽകിയിരുന്ന ജോൺമാഷ് നടത്തിയ ചാരിറ്റി ഒന്നും ഇവിടെ ആരും ചെയ്തി ട്ടുണ്ടെന്നു തോന്നുന്നില്ല. ആരെയും ഭയക്കാത്ത ഒരു മത വർഗ സംഘടനകളുടെയും ക്രിയാത്മക അംഗം ആകാതെ എല്ലവർക്കും സ്നേഹിതനും, പ്രിയപ്പെട്ടവനും ആയിരുന്നു ജോൺ മാഷ്. ലിമയുടെ കഴിഞ്ഞ കാല പ്രവർത്തങ്ങൾ വിലയിരുത്തുമ്പോൾ ലിമയുടെ കായിക മേഖലയിൽ വലിയ സംഭാവനകൾ നൽകി ഒരു സംഘടനയെ സപ്പോർട് ചെയ്തു മുൻനിരയിലേക്ക് കൊവ രാൻ നന്നായി അധ്വാനിച്ചിട്ടുള്ള ജോൺ മാഷ് ഇല്ലാത്ത വർഷങ്ങൾ ശരിക്കും ശൂന്യതയുടെ വർഷങ്ങൾഎന്ന് വേണമെങ്കിൽ പറയാം. ജോൺ മാഷിന് പകരം ജോൺ മാഷ് മാത്രമേ ഉള്ളു.

ലിമയുടെ പ്രണാമം

---

## ജോസ ്കണ്ണങ്കര എന്ന ജോസേട്ടൻ


ലോകത്തു എവിടെയും കാണും പ്രതിഫലേച്ഛ കൂടാതെ സേവനം ചെയുന്ന ഒരാൾ, അത് 100 ൽ ഒന്നോ രണ്ടോ പേരെ കാണു. സ്വന്തം കർമ്മ മേഖലക്ക് അപ്പുറം എല്ലാ കാര്യത്തിലും ഒരു ഉൾ കാഴ്ചയും കഴിവും ആ വ്യക്തികൾക്ക് ഉായിരിക്കും, പക്ഷെ സമൂഹത്തിൽ ആദരിക്കപ്പെടുന്നത് ചിലപ്പോൾ മരണത്തിനു ശേഷം മാത്രമേ ആയിരിക്കു എന്ന് മാത്രം. ജോസ് കണ്ണങ്കര എന്ന ജോസേട്ടൻ ഈ സമൂഹത്തിനു എത്ര മാത്രം വേണ്ടപ്പെട്ടവൻ ആയി രുന്നു എന്നത് അദ്ദേഹത്തിന്റെ മരണം കൊണ്ട് മാത്രം തെളിയിക്കപ്പെട്ട കാര്യം ആയിരുന്നു. വ്യക്തി ബന്ധങ്ങൾക്കപ്പുറം മനുഷ്യ ബന്ധങ്ങൾക്ക് വില കൊടുത്തിരുന്ന കലയും, കായികവും, രുചികൂട്ടുകളും യാത്രകളും എല്ലാത്തിലും ഉപരി മികച്ച ഒരു കുടുംബ സ്ഥനും കൂടി ആയിരുന്ന ജോസേട്ടൻ.

ലിമ എന്ന സംഘടനയുടെ മുഖദാവിൽ നിന്ന് നോക്കി കാണുമ്പോൾ, സംഘടനയുടെ കർട്ടൻ വലിക്കുന്നത് മുതൽ പരിപാടി കഴിഞ്ഞു ഹാളിന്റെ താക്കോൽ കൊടുത്തിട്ടു ഇറങ്ങി പൊരുന്ന കമ്മറ്റി മെമ്പർ അല്ലാത്ത ഒരേയൊരു വ്യക്തി. ഒരു പൊതു സമൂഹ ത്തിനു എപ്പൊഴും നഷ്ടം വരുത്തുന്നത് മെൽ പറഞ്ഞത് പോലുള്ള വ്യക്തികളുടെ അഭാവം ആണ്. എന്നാൽ ജീവിച്ചിരുന്നപ്പോൾ വേണ്ടവിധം ഈ സമൂഹം ഇവരെ തിരിച്ചറിയുകയോ ആദരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നുള്ളത് ചിന്തിക്കേണ്ടിയിരി ക്കുന്നു. ആ ചിന്ത ഇപ്പോൾ ജീവിച്ചിരിക്കുന്നവരുടെ പ്രവർത്തി മണ്ഡലത്തിൽ കൂടി വേണമെന്ന എളിയ നിർദ്ദേശത്തോടെ എന്റെ പ്രിയപ്പെട്ട ജോൺ മാഷിനും ജോസേട്ടനും വേണ്ടി...




ജോസേട്ടൻ

# 2004















2001 - 2003
ലിമ
ഓണം 2003
zoom
DIGITAL
presents


Mortgage Guru
We advise and arrange:
• Mortgage
• Remortgage
• Buy to Let Mortgage
• Help to Buy Mortgage
• Life Insurance
• Home Insurance
• Landlord Insurance
Contact: Jidesh George MBA, CeMAP, DipFA
T: 0203 0049 033 M: 07533 334 830 E: info@mortgageguruonline.co.uk
www.mortgageguruonline.co.uk
As a mortgage is secured against your home or property, it could be repossessed if you do not keep up the mortgage repayments. Authorised and regulated by the Financial Conduct Authority. Mortgage Guru Ltd is entered on the Financial Services Register https://register.fca.org.uk/ under reference 836771. The FCA does not regulate some forms of buy to let mortgages.



# Time



Sneha Uthup

"Tick -Tock."
She hisses at me.
Looming over my head,
watching our helpless desperate tears,
with glee.

"Tick -Tock."
She echoes haughtily,
grasping everyone's mind and spirit
observing a fearful society,
who are all trying to win too quickly.

# THE PICTURE DROME

# AKSHYA

## SRI LANKAN, SOUTH INDIAN RESTAURANT AND BAR

286 Kensington, Liverpool, L7 2RN
0151 261 0001 info@thepicturedromeakshaya.co.uk
thepicturedromeakshaya.co.uk



We are blind to the reality,
that nobody wins against Time.
She manipulates us;
We believe she is eternal,
yet she gives us little to live.


Our struggles are to entertain,
as she chortles at our pain;
A villain.
She is the mastermind.

She works beyond what is fathomable,
and we keep chasing the unattainable.
She crafts our actions iniquitously
and in life they are deemed futile,
yet so crucial.

Our lifetime is unknown,
but She owns the ascendency over our Esse;
Calculating every second, minute, hour, and day we have
and the countdown begins once we have "grown."
Then slowly, with every breath,
She edges us closer.

"Tick -Tock."
She speaks.

Until one day,
the silence is finally louder
than the wicked...



# Nila
## CONVENCE STORE

*Indian & Srilankan Veg & Grocerys*





55 Old Chester Road Birkenhead CH419AW

**call : 07383107121**

# Work-life

## and How Important is Finance for its best balance?



Majority of the people struggle a lot to strike a balance between their work and life. This has also been the case of expats who have travelled from India and around the world to the UK for a decent living. Usually, we see one member of the family coming here, getting acclimated with the work, climate and finding the right abode and then bringing other family members aboard. Then there will be efforts for the second member of the family to find a job, send kids to the school and manage day to day affairs of the house in a new environment. The initial days will be a bumpy ride and there won't be any time to look at the finances properly as you will be busy laying the basic platform for your life in the UK.

Once life gains steam, our priorities change and we will be looking to better our standard by owning a car, a house, furniture, and other basic amenities that will lift our living standard. We will have many options to achieve all these priorities and it is dependent on us, whether we make a prudential choice or a reckless choice. We often tend to ignore the role of finance in bridging a necessary gap between our work and life. This is the reason why we end up exploring ways to make our reckless choice right. For example, you opted for a choice of going with a buy now pay later scheme offered along with the brand-new furniture set. The proposition appeared appealing as you could have the sofa set of your choice without splurging a penny at the best corner of your drawing room. But what follows every month can be quite tantalizing to your monthly budget, as you may end up paying more than what you could have afforded. This is because when you were provided with the buy now pay later option to obtain your favourite furniture item without paying anything upfront, you were quick to opt for it without being mindful of the APR associated with the financing scheme used by the furniture showroom to push their sales. This can prove costly as you may not only end up paying a few more bucks than the original price of the furniture, but also a reasonable miss of the monthly repayment can render your credit score bad. This can affect your prospects of obtaining financing from other lenders for a much bigger cause like Home loans." APR" which stands for Annual Percentage rate is the total cost of borrowing which includes the rate of borrowing ie Interest rate as well as all the costs including processing fees and other charges associated with the transaction. So, when you see somewhere that it costs 0% interest, you may be lured into opting for it impulsively without further introspection. This can be quite deceiving as though it appears to be a 0% interest scheme, you may end up paying more bucks as processing charge, document fees and handling fees. This is a hidden component which can only be identified by checking the APR. Similarly, we make a lot of choices in our day-to-day life that have a finance element linked to it. Sometimes we never notice its impact on our life and so fail to lift the foot off the spending gas pedal. All these small decisions can prove costly when it shakes your monthly budget. The salvage measures that we adopt will wreak havoc in our family life. We will tend to borrow from our friends or relatives to plug the budget gap, or otherwise look for additional income. Borrowing will always have a cascading effect on our future budget. When we look for an additional income, we may have to work long shifts or find a new job to balance our monthly deficit. This will have an impact on our family life as in pursuit of extra income, we may lose our precious time with partner, kids or a good outing together. The more stoic atmosphere of our home will always have a cloud of debt waiting to rein in. So, you will realise how important it is to manage your finances, keep your debts under control and find peace in your mind as it is relevant in striking the right balance between your work and life.

It is always good to maintain a financial discipline and set financial goals. Senator Elizabeth Warren popularized the so-called "50/20/30 budget rule" in her book, All Your Worth: The Ultimate Lifetime Money Plan. The basic rule is to divide up after tax income and allocate it to spend: 50% on needs, 30% on wants, and socking away 20% to savings. The 50% needs include rent or mortgage payments, car payments, groceries, insurance, health care, minimum debt payment, and utilities. These cash outlays form an inevitable part of your monthly must haves, as it is difficult for you to avoid it. The "needs" category does not include items that are extras, such as HBO, Netflix, Starbucks, and dining out. Half of your after-tax income should be all that you need to cover your needs and obligations. If you are spending more than that on your needs, you will have to either cut down on wants or try to downsize your lifestyle. 30% wants are all the things you spend money on that are not essential. This includes dinner and movies out, that new handbag, tickets to sporting events, vacations, the latest electronic gadget, and ultra-high-speed Internet. Anything in the "wants" bucket is optional if you boil it down. Alternatives exist like you can work out at home

K7 AUTO CARE



K. Chandran

Call : 07463 692 678 / 07367 436 069

e-mail : k7autocareltd@gmail.com

477B West Derby Road, L:iverpool, L6 4BN

instead of going to the gym, cook instead of eating out, or watch sports on TV instead of getting tickets to the game. The most important part of the rule is the 20% savings. Sometimes we think why should we save for the future? Why not live lavishly in the present. But the fact is that a savings fund acts as a contingency fund, which can be quite helpful when you or your acquaintances need money for an emergency. There are multitude of financial instruments available for you to invest your savings. Generally, 60/40 rule is followed for Investments but it is always up to everyone to make their investment decisions as per their financial goals and risk appetite. In its simplest form, the 60/40 rule means having 60% of your portfolio invested in potentially higher risk, historically higher return, assets such as stocks and the other 40% invested in lower risk, but also traditionally lower return, assets such government bonds or bank saving deposits. It starts from the normal fixed deposit, which though is not attractive due to its frugal rates but is a safe investment option. Since most of these deposits are covered by deposit insurance schemes it is considered a safer investment option. Let us see the magic of investing on a 60-40 rule. According to Schroder's calculation, a $1,000 investment made at the end of 1988, using three different approaches involving stocks, bonds and a 60/40 combination of the two, could have been expected to perform as follows: #

- **$1,000, 100% invested in stocks now = $7,554. A return of 7.2% a year.**
- **$1,000, 100% invested in government bonds now = $5,806. An annual return of 6.2%.**
- **$1,000, 60% invested in stocks, 40% in government bonds now = $8,091. An annual return of 7.5%.**

#stocks are represented by the MSCI World Total Return Index (global developed markets) and bonds by the benchmark 10-year US Treasury bond

This is demonstrated for a 30-year period, and you can see a combination of both offers a better return of 7.5% in comparison to 7.2% in stocks only and 6.2% in bonds only. The effect of inflation has not been considered for this calculation. But the effective return always depends on the horizon of investment. If you are looking for a long-term financial goal, stocks can be a better option as short-term market turbulence will never impair your returns on a longer run. But if you consider your investment can come handy for a contingency, then it may not always be a better option to have the money parked in an equity fund. It is because, if the net asset value of your investment at the time of redemption is less than what you have invested then you will end up in loss. So, it is better always to park a contingency fund as a debt fund or a bank deposit, as a premature closure penalty for bank deposit may not be as damaging as loss in the equity fund redemption. There are many ways to invest in bonds/stocks/equities and the best tax efficient way is to invest as ISAs. ISAs stands for Individual Savings Account. The best feature of ISA is that you need not pay tax on the interest/return earned through investment in ISA. Currently the maximum amount one can save in ISA is £20,000 a tax year. There are four types of ISA's- Cash ISA, Stocks and Shares ISA, Innovative Finance ISA and Lifetime ISA. Cash ISA is a savings instrument, the interest earned will not be subject to tax. The advantage of cash ISA is it provides the necessary liquidity for your funds and comes handy for an emergency. Stocks and shares ISA is an opportunity to invest into stocks either actively or passively. An active investment is when we take some pain to do some fundamental research into the companies and closely follow its ups and downs after investing. A passive investment is when we invest into a pooled fund account managed by an expert portfolio manager. There are different types of such accounts like OEICs, unit trusts and different mutual fund accounts. So, the responsibility of analysing and managing the investment lies on the fund manager. There are also customized managed ISA portfolios taken care of by individual specialist portfolio managers. Innovative Finance ISA 's are high risk investment instruments which offer you a high return but at the same time gives you an equal exposure to lose the money. Some of the common Innovative Finance ISAs are investing into crowdfunding platforms and P2P lending platforms.

The Lifetime ISA is a locked investment which is handy as a post retirement corpus or for buying a new home. In Lifetime ISA, you can put in up to £4,000 each year, until you're 50. You must make your first payment into your ISA before you're 40. The government will add a 25% bonus to your savings, up to a maximum of £1,000 per year. You can hold cash or stocks and shares in your Lifetime ISA or have a combination of both. When you turn 50, you will not be able to pay into your Lifetime ISA or earn the 25% bonus. Your account will stay open, and your savings will still earn interest or investment returns. You can withdraw money from your ISA if you're: buying your first home or aged 60 or over or terminally ill, with less than 12 months to live. If you withdraw it for any other reasons, then you'll pay a withdrawal charge of 25%. This recovers the government bonus you received on your original savings. So, this can be a good investment option if you are planning to buy a new house, or you need a corpus for your post retirement life. A junior ISA is an option available for you to save for your children's education or marriage needs. This is opened in the child's name and is accessible only by the child at the age of 16 and withdrawal possible when they attain the age of 18. There are a lot of financial investment options available and above all, it is our financial discipline that matters. It is always good to have financial goals which will help us to maintain the inevitable financial discipline in our life. If we take control of our expenses in relation to our income and save judiciously for the future, then we will have happiness and peace in our family life.



*Authored by*
**Vishnu V Pillai**
Ex Banker, Msc Finance
(University of Liverpool),
Email id- Vishnu.vpillai@outlook.com,
Mob No-07424586982




02380 630 905

# IDICULLA SOLICITORS

**PROVIDING ONLINE CONVEYANCING**

A Malayalee Solicitor firm, dealing with all kinds of conveyancing transaction including house purchase, sale, re-mortgage, right to buy, transfer of equity and purchase under the key workers scheme. We also undertake commercial conveyancing including buying and selling of shops and business premises.

Being an internet based office, we handle transactions anywhere in UK for very affordable and competitive prices.

UK യിൽ വീടുകളും,
ബിസിനസ്
സ്ഥാപനങ്ങളും
വാങ്ങുവാനും
വിൽക്കുവാനും
സമീപിക്കുക

**Fax:02380 630 906**
**E-mail: info@idiculla.co.uk**
**www.idiculla.co.uk**



ബിജുമോൻ ജോസഫ്

# ബുദ്ധിവൈകല്യം അതിജീവനം

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ സമൂഹത്തിന്റെ ഭാഗമാണ്. ഏതൊരു വ്യക്തിയെയും പോലെ തന്നെ ഇവർക്ക് സമൂഹത്തിൽ വലിയ സ്ഥാനമുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സാധാരണ കുട്ടികളെപ്പോലെ പ്രായത്തി നനുസരിച്ച് പെരുമാറുന്നതിനും സാധാരണ കുട്ടികൾ എഴുത്തും വായനയും പഠിക്കുന്ന പോലെ പഠിക്കുന്നതിനും ബുദ്ധിശക്തി ഉപയോഗിച്ച് ചിന്തിച്ച് പെരുമാറുന്നതിനും സാധിച്ചുവെന്നുവരില്ല. സാധാരണ കുട്ടികൾ വളരെ ലളിതമായി ചെയ്യുന്ന അനുദിന കാര്യം നടത്താൻ ബുദ്ധി വൈകല്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം ആവശ്യമാണ്. കുട്ടിക്കാലം മുതൽ പ്രത്യേക പരിശീലനം നൽകി ഇവരെ മികവുറ്റവരാക്കി മാറ്റാം. കുട്ടിയെ സ്പർശിക്കുക, തലോടുക, അഭിനന്ദിക്കുക തുടങ്ങി യവയൊക്കെ ബുദ്ധി വികാസത്തിനു സഹായിക്കും. മാതാപി താക്കളാണ് കുട്ടിയുമായി ഏറ്റവും കുടുതൽ ഇടപെടുക. തങ്ങളുടെ കുട്ടിയ്ക്ക് ഏതുതരം വൈകല്യമാണ് ഉള്ളത് എന്ന് അവർ തിരിച്ചറിയണം. ഓട്ടിസം, ഡൗൺസിൻഡ്രം, സെറിബ്രൽപാൾസി, പഠനവൈകല്യം എന്നിവയുള്ള കുട്ടികളുടെ പരിചരണത്തിന് ഓരോ അമ്മയുടെയും അധ്യാപകരുടെയും ആത്മസമർപ്പണം ആവശ്യമാണ്.


FREEDOM
MORTGAGE & INSURANCE SERVICES
MORTGAGE
REMORTGAGE
BUY TO LET
LIFE INSURANCE
CRITICAL ILLNESS
INSURANCE
INCOME
PROTECTION
BUILDING &
CONTENTS INSURANCE
www.freedomcircle.co.uk
PLEASE CONTACT
US FOR FREE
CONSULTATION!
07523421138
07467431083
Disclaimer: Your home or property may be repossessed if you do not keep up repayments on your mortgage
The Financial Conduct Authority does not regulate some forms of mortgage. Freedom Circle Limited does not charge any fee. We are paid a procuration fee by the lenders. For Mortgages, Freedom Circle Limited can advise from a comprehensive panel of lenders. For Insurance, Freedom Circle Limited can advice from a range of insurers. Freedom Circle Limited is authorised and regulated by the Financial Conduct Authority (Reference 808384). Freedom Circle Limited is a registered company in England and Wales (Registration number 11323478).
Freedom Circle Limited trading address is Eaton House, 1 Eaton Road, Coventry CV1 2FJ

## ഓട്ടിസം




കാഴ്ചയിൽ ഇവർ മറ്റ് കുട്ടികളെപ്പോലെയാണ്. കുട്ടി ആരുടെയും മുഖത്ത് നോക്കില്ല, ചിരിക്കില്ല, സംസാരവൈകല്യം ഉണ്ടായിരിക്കും. വികാരം പ്രകടിപ്പിക്കാൻ കഴിയുന്നില്ല. ഓട്ടിസമുള്ള കുട്ടികളിൽ ഇവ കാണുന്നു. ഇവർക്ക് ചില പ്രത്യേക കഴിവുമുണ്ട്. ഈ കുട്ടികൾ ഏതെങ്കിലും വിഷയങ്ങളിൽ മിടുക്കന്മാരായിരിക്കും ചിലർ മെക്കാനിക്കൽ വർക്കുകൾ നന്നായി ചെയ്യും മറ്റ്ചിലർ നന്നായി ചിത്രം വരയ്ക്കും. വേറെ ചിലർ സംഗീതം, കമ്പ്യൂട്ടർ, Puzzles, തുടങ്ങി യവയിൽ മികവുള്ള വരാണ്. ബുദ്ധിശക്തി ഇവരിൽ കൂടിയും കുറഞ്ഞുമിരിക്കും. ഇവരിൽ ഒരു വിഭാഗത്തിന് ബുദ്ധി കുറവുണ്ട്. കണ്ണുകളുടെ സമ്പർക്കം വർദ്ധിപ്പിക്കാനായി ഇവർക്ക് കൂടുതൽ ശ്രദ്ധയും പരിശീലനവും കൊടുക്കണം. ഏതെങ്കിലും നിറമുള്ള വസ്തു കുട്ടിക്ക് നൽകിക്കൊണ്ട് പരിശീലനം തുടങ്ങാം ഒരു പാവ കുട്ടി യുടെ കണ്ണിനുനേരെ മുൻപിൽ പിടിക്കുക. കുട്ടിയുടെ ശ്രദ്ധ അതിലാവും. പാവ വശത്തേക്ക് മാറ്റുക. അപ്പോൾ കുട്ടി കണ്ണുകൊണ്ട് പാവയെ പിൻതുടരും. ഇങ്ങനെ ആവർത്തിക്കുക കണ്ണിന്റെ സമ്പർക്കം വർദ്ധിപ്പിക്കാനായി Puzzles, Block, തുടങ്ങിയവ നൽകാം. ഇവർക്ക് ഇഷ്ടപ്പെട്ട സംഗീതവും നൃത്തവും നൽകാം. ഓട്ടിസമുള്ള കുട്ടികൾ കൈകാലുകൾ തുടർച്ചയായി ചലിപ്പിച്ചുകൊണ്ടിരിക്കും ഇതിൽ നിന്നും ശ്രദ്ധ മാറുന്നതിനായി ആക്ടിവിറ്റികൾ ചെയ്യിപ്പിക്കാം.



## ഡൗൺസിൻഡ്രോം

ക്രോമോസോമുകളുടെ വിന്യാസത്തകരാറിൽ നിന്നുണ്ടാകുന്ന രോഗമാണ് ഡൗൺസിൻഡ്രം. ട്രൈസോമി 21 എന്ന ക്രോമോസോമാണ് ഇതിന് കാരണം. ഇത്തരം കുട്ടികൾക്ക് മംഗോളിയൻസിന്റെ മുഖത്തോട് സാദൃശ്യമുണ്ട്. ഇവരുടെ വായ് ചെറുതായിരിക്കും നാവു തടി ച്ചതായിരിക്കും മൂക്ക് ചെറുതും പാലം പരന്നതുമായിരിക്കും പൊക്കം കുറഞ്ഞവരാകാം ഹൃദയത്തകരാറ് ഉണ്ടാകാം. ചില കുട്ടികൾക്ക് കാഴ്ചകുറവും കേൾവി കുറവും അനുഭവപ്പെടുന്നു. ഇത്തരം കുട്ടികൾക്ക് വ്യക്തിപരമായ ശ്രദ്ധ നല്കി എഴുത്തും വായനയും പരിശീലിപ്പിക്കാം. നടക്കാനും വസ്ത്രം ധരിക്കാനും പരിശീലനം നൽകുന്നതിലൂടെ പലതും സ്വയം ചെയ്യാൻ ഇവർക്ക് സാധിക്കും. അണുബാധ പെട്ടെന്ന് ഇവർക്കുണ്ടാവും. ദന്തരോഗം, ഹൃദയത്തകരാറ്, വ്രണം, ശ്വാസകോശ രോഗം തുടങ്ങിയവയും ചിലരിൽ കാണുന്നു. ഇസിജി പോലുള്ള പരിശോധനയും പ്രത്യേക കരുതലും ഇവർക്ക് നൽകണം.

CAR CAB CARE
TRUSTED EV SPECIALISTS

# MEGA DEALS DIRECT

## KIA SPORTAGE 1.6 GDi SELF-CHARGING HYBRID

£500 DEPOSIT

226 BHP
2WD Auto



**Sportage GT-Line: £122.08 + vat p/w**
White and Dark Grey
591 litre boot: clear glass options available
Last price protected EV
**£29,500** – In stock now

## NEW SHAPE KIA NIRO 2

£500 DEPOSIT

KW: 64
WLTP: 285 mls



**Hybrid: £23,985 or £ 98.92 + vat p/w**
**Plug-in: £28,995 or £119.87 + vat p/w**
**Full EV: £35,495 or £147.43 + vat p/w**
White, Black & Steel Grey
In stock now

## MG5 FULL ELECTRIC EXCLUSIVE

£500 DEPOSIT

KW: 61.1
WLTP: 250 mls



**£27,995 or £119.97 + vat p/w**
Black, Silver and White
In stock now

## HYUNDAI IONIQ 5 FULL ELECTRIC

10% DEPOSIT

KW: 58 or 73
WLTP: 286 mls



**SE Connect: £39,995 or £166.28 + vat p/w**
**Premium: £44,995 or £187.33 + vat p/w**
Black & White
Free leatherette seats
November delivery

**0151 678 3066   07517 996 286**

## സെറിബ്രൽ പാൾസി


സെറിബ്രൽ പാൾസി ഒരുന്യുറോളജിക്കൽ ഡിസോഡർ ആണ്. തലച്ചോറിന്റെ പ്രവർത്തന കുറവിനാൽ പേശീചലനം കുറയുന്ന അവസ്ഥയാണിത്. തീവ്രത, സ്വഭാവം ഇവയ്ക്കനുസരിച്ച് സെറിബ്രൽ പാൾസിയെ പലതായി തിരിച്ചിരിക്കുന്നു. ജനനസമയത്തോ അതിനു മുമ്പോ ജനനശേഷമോ രോഗം ബാധിക്കാം അമ്മയെ ബാധിക്കുന്ന രോഗത്തിന്റെ പാർശ്വഫലമായി കുട്ടിയിൽ ഈ രോഗം ഉണ്ടാകാം. 70%വും അമ്മയുടെ ഉദരത്തിൽവച്ചാണ് സംഭവിക്കുക. ഗർഭസ്ഥ ശിശുവിന് ആവശ്യമായ രക്തവും ഓക്സിജനും ലഭിക്കാത്തതും കാരണ മാകാം.

മുന്നുമാസമായിട്ടും കുട്ടി തല ഉയർത്തുവാൻ ശ്രമിക്കാതിരിക്കുക, നാലുമാസ മായിട്ടും കമിഴ്ന്നുവീഴാതിരിക്കുക, ആറുമാസ മായിട്ടും സാധനം കൈമാറിപ്പിടിക്കാതിരിക്കുക തുടങ്ങിയവ കാണുന്നു വെങ്കിൽ മാതാപിതാക്കൾ ആവശ്യമായ പരിശോധന നടത്തണം. ചിലർക്ക് ഭക്ഷണം കഴിക്കാനും കുടിക്കാനും ബുദ്ധിമുട്ട് വരുന്നു. ചിലരിൽ കാഴ്ച, കേൾവി പ്രശ്നവും ഉണ്ടാവും. നിരന്തരം പരിശീലനം, ശ്രദ്ധ, പരിചരണം, ഇവ സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്ക് ആവശ്യമാണ്. സെറിബ്രൽ പാൾസയുള്ള കുട്ടികളുടെ നിലമെച്ചപ്പെടുത്താൻ പ്രത്യേക ഉപകരണമുണ്ട്. ഫിസിയോതെറാപ്പി, ഒക്യുപേഷൻ തെറാപ്പി, തുടങ്ങിയവ ഉപയോഗപ്പെടുത്തണം. വാക്കർ, പൊസിഷനിംഗ് ഡിവൈസ്, വീൽചെയർ തുടങ്ങിവയുടെ സഹായത്താൽ ഇവരുടെ കഴിവ് മെച്ചപ്പെടുത്താൻ സാധിക്കും. സ്പൂൺ, ഗ്ലാസ്സ് തുടങ്ങിയവ നൽകി അനുദിനകാര്യങ്ങൾ തനിയെ ചെയ്യുവാൻ പരിശീലിപ്പിക്കുക. നിരന്തര പരിശീലനത്തിലൂടെ ഇവർ മികവുറ്റവരായി മാറും.





ഓട്ടിസം, ഡൗൺസൻഡ്രം, സെറിബ്രൽ പാൾസി തുടങ്ങിയവയുള്ള കുട്ടികൾക്ക് ആവശ്യമായ പരിശീലനവും പരിചരണവും കൊ ടുക്കേ ണ്ടതാണ്. വൃത്തിയും വെടിപ്പുമുള്ള അന്തരീക്ഷം നൽകി ക്കൊണ്ട് ഇവരുടെ ആരോഗ്യത്തിൽ കുടുതൽ ശ്രദ്ധ ചെലുത്താം. വൈകല്യമുള്ള കുട്ടി കളുടെ ചെറിയ മാറ്റം ശ്രദ്ധിക്കപ്പെടെണ്ടതും ആവശ്യമെങ്കിൽ ഡോക്ടറിന്റെ സഹായം തേടേണ്ടതുമാണ്. ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്ന് കൃത്യമായി നൽകുകയും തെറാപ്പി സ്റ്റുകലുടെ സേവനം ലഭ്യമാക്കുകയും വേണം. ക്രമേണ ഇവരെ സമുഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്താം ഒന്നോ രണ്ടോ പേർ മാത്രമല്ല. നമ്മളൊന്നായി വൈകല്യമുള്ളവർക്കും വേണ്ടി പ്രവർത്തിക്കാം. അവർക്കുവേണ്ടി വാദിക്കണം. അങ്ങനെ ഇവരുടെ മാതാപിതാക്കളുടെയും സ്വപ്നത്തിന് നിറപ്പകിട്ടേകാം.



# പുനർജ്ജനി

അലതല്ലുമോർമ്മതൻ നിളയുടെ തീരത്ത്
കർമ്മബന്ധങ്ങൾ തൻ ചിതാഭസ്മം നിമഞ്ജനം ചെയ്യവേ
ഗതികിട്ടാതലയുമീ പ്രാണന്റെ മോക്ഷത്തിനു-
തിയരിയും എള്ളും ഇലച്ചീന്തിൽ ചാർത്തവേ
വന്നീലാ ബലിക്കാക്കകൾ ശാപമോക്ഷമേകുവാൻ
ആത്മശാന്തി ഇനിയും വിദൂരമോ?

വരണ്ട ഭൂവിലൊരു പച്ചത്തുരുത്തിലാ
വിണ്ടുകീറുമി മനസ്സിലും വറ്റിയോ, നീരുറവകൾ, മോഹങ്ങൾ
വാർമുകിൽ തുണ്ടുകൾ എങ്ങോ പോയി മറയുന്നു
നിശ്ചലം തന്നെയി പ്രകൃതിയും ചരാചരങ്ങളും.

പരന്ന ദൃംഷ്ടകൾ ആഴത്തിലാഴ്ത്തി കൊന്നുമുടിക്കുന്നു
മാനവരാശിയേ, കോവിഡ് സൂക്ഷ്മാണു ഭൂലോകം മുഴുവനും
വെള്ളത്തുണിക്കെട്ടിൽ ചാമ്പലായി മാറുന്നു, പേരില്ലാ ജഡങ്ങൾ
നിഷ്പ്രഭമാകുന്നു ജാതിമത ചിന്തകൾ.



ജെയിംസ്
പറത്തോട്ട്

ഇന്നലെയോളമീ, നെഞ്ചിന്റെ ചൂടേറ്റ, നേർപാതിയിന്നിതാ
വെറുമൊരു ചാരമായി കൈത്താരിൽ അണയുന്നു.
നൊന്തുപ്രസവിച്ച പെറ്റമ്മയും, ലാളിച്ചു തീരാത്ത വാത്സല്യ താതനും
'ലൈവ് സ്ട്രീ'മായി കിടക്കന്നൂ കാഴ്ചപ്പെട്ടിയിലനാഥമായി
ഒരു നോക്കു കാണാൻ ഒന്നുമ്മ വയ്ക്കാൻ, ഇല്ലയീജന്മത്തിലിനിയൊരുനാളും
കണ്ണീരാരെല്ലാം എഴുതിമായ്ക്കുന്നു രക്തബന്ധങ്ങൾ എന്നേക്കുമീവിധം.

താരകങ്ങൾ കണ്ണു പൂട്ടിയ കാളരാത്രിയിൽ മുഴങ്ങുന്നു ആക്രോശം
വെട്ടിമരിക്കുന്നു തീഷ്ണയൗവനത്തുടിപ്പുക്കൾ, വിപ്ലവ സൂക്തികൾ
തണുത്ത ജിഹ്വയാൽ ഉഴിയുന്ന പ്രാണന്റെ
ചൂഴ്ന്നെടുക്കുന്ന നയനങ്ങൾ ക്രൂരമായി
പെറ്റമ്മ തൻ ഗളത്തിലാഴ്ത്തുവാൻ, പരശുവും ചുഴറ്റി നില്ക്കുന്ന
പുത്രന്റെ ചകിടിപ്പും, പ്രമിത്യൂസായി, ഈഡിപ്പസായി തുടരുന്ന പരമ്പര.

കാവി പുതപ്പിച്ച ഭാരതാംബയേ വെട്ടിമുറിക്കുന്നു നിർദ്ദയം വീണ്ടും
കാശ്മീരായി, ബംഗാളായി, ലക്ഷദ്വീപായി നീളുന്ന പട്ടിക
താലികോർത്ത ചരടിനാൽത്തന്നെ തൂങ്ങിനില്ക്കുന്ന സപത്നികൾ നീളെ
സ്ത്രീയല്ല ധനം, സ്ത്രീയിലാണ് ധനം.... പൊന്നിൻ പണ്ടങ്ങൾ ആഡംര വസ്തുക്കൾ
ഉത്ര, വിസ്മയ, അർച്ചന.... നീളുന്നു പരമ്പര
ദുരഭിമാനക്കൊലകൾ, ലൗ ജിഹാദുകൾ, ഓമന മരണങ്ങൾഒത്തിരി ഒത്തിരി.

എന്നിനി ശാന്തി, എന്നിനി മോക്ഷം, എത്ര മലകൾ ചവിട്ടണം
വീണ്ടുമീ പാപ പുണ്യത്തിൻ ഇരുമുടിക്കെട്ടുമായി
നരിയിൽ തുടങ്ങി, നരനിൽ വന്നയീയധമ ജന്മത്തെ
തിരികെ വാങ്ങിത്തരുമോ വീണ്ടുമൊരു നരിയുടെ ജന്മം
പരമ ശ്രേഷ്ഠമാം മാനവജന്മത്തിനൊരു പരബ്രഹ്മമോക്ഷമായി.

# ആശംസകൾ

**jomax**
EVENT MANAGEMENT, MANCHESTER



***Let us help you create the perfect wedding day for you!***

## We Offer

Decoration & Arrangements

Food & Beverages

Photography & Video Shoot

## We Also Organise

**Birthday Events | Corprate Events | Private Events**

**07957940073**

FOLLOW US

@JOMAXDECORATIONS

# കുടിയേറ്റ സ്വപ്നം
# യാഥാർത്ഥ്യങ്ങളും, വെല്ലുവിളികളും

## വർഷം 1928

'മോനെ ചാക്കോച്ചാ ഒന്നു വേഗം എഴുന്നേൽക്കടാ, നമ്മൾക്ക് മലബാറിലേക്ക് പോകാൻ സമയമായി', മറിയാമ്മ ചേടത്തി നീട്ടി വിളിച്ചു. ഇതു കേട്ട പാടെ, വെറും ഒമ്പതു വയസ്സു മാത്രം പ്രായമുള്ള ചാക്കോച്ചൻ ഉറക്കമുണർന്നു.

അന്നത്തെക്കാലത്ത് സകല പ്രമാണങ്ങളും ഭാണ്ഡക്കെട്ടുകളും എടുത്തുകൊണ്ട് വേണം പോകാൻ. കോട്ടയത്തു നിന്ന് ആലുവ വരെ ബസിൽ പോകണം പിന്നീട് മലബാറിലേക്ക് ട്രയിനിൽ യാത്ര ചെയ്യണം. മലബാറിലെത്തി കഴിഞ്ഞാലോ, അവിടെ കൃഷി ചെയ്യാൻ സ്ഥലം വാങ്ങിക്കണം. മലമ്പനിയോടും, കാട്ടുമൃഗങ്ങളോടും മല്ലടിച്ച്, രാപകൽ അധ്വാനിച്ച് കഷ്ടപ്പെട്ട് ജീവിക്കണം. 1928 മുതൽ 1980 കളുടെ അവസാനം വരെ തിരുവതാംകൂർ ദേശത്തുള്ളവർക്ക് മലബാർ ഒരു സ്വപ്ന ഭൂമിയായിരുന്നു.

ഈ കുടിയേറ്റക്കാരുടെ എടുത്തു പറയേണ്ടുന്ന സവിശേഷത അവരുടെ ആത്മാർത്ഥതയും, സഹകരണമനോഭാവവും, വിശാലമനസ്കതയും ആയിരുന്നു. മലബാറിലെ ജനങ്ങളുടെ ഭാഷാ ശൈലിയിലെയും, സംസ്ക്കാരത്തിലെയും ചിലതൊക്കെ ഉൾക്കൊണ്ടുകൊണ്ട്, കുടിയേറ്റക്കാർ ഇന്നും സന്തുഷ്ടരായി ജീവിക്കുന്നു.




## വർഷം 1999

മലയാളികൾ, പ്രത്യേകിച്ച് നേഴ്സിങ്ങ് പഠനം കഴിഞ്ഞവർ, കേരളത്തിൽ ഒരു നേഴ്സിങ്ങ് ജോലി ചെയ്താൽ കിട്ടുന്ന തുച്ഛമായ വരുമാനം കൊണ്ട് ഒരു കുടുംബത്തെ പോറ്റി മുമ്പോട്ട് ജീവിതം നയിക്കാൻ സാധിക്കുകയില്ലാത്തതിനാലും യു.കെ. യിൽ നേഴ്സുമാർക്ക് ഒത്തിരി തൊഴിലവസരങ്ങൾ ലഭിച്ചതിനാലും കേരളത്തിലേതിനേക്കാൾ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഉള്ളതിനാലും ധാരാളം നേഴ്സുമാർ 1999 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ നിന്നും യു.കെ.യിലേക്ക് കുടിയേറി. ഇതിനെ യു. കെ. യിലേക്കുള്ള മലയാളികളുടെ "ഒന്നാം കുടിയേറ്റം" എന്നു വിശേഷിപ്പിക്കാം.

ഈ ഒരു കാലഘട്ടത്തിൽ ഇവർക്ക് പല പ്രയാസങ്ങളും ദുരിതങ്ങളും നേരിടേണ്ടി വന്നു. ഉദാഹരണത്തിന്, ഇവിടേക്ക് വരാൻ സാമ്പത്തികം ആവശ്യമായിരുന്നു. അതു കണ്ടെത്താൻ ചിലർക്ക് സ്വർണ്ണമോ, വസ്തുക്കളോ വിൽക്കുകയോ, വലിയൊരു തുക ബാങ്കിൽ നിന്നും കടം എടുക്കുകയോ ചെയ്യേണ്ടി വന്നു. ഇനി ഇവിടെ വന്നതിനു ശേഷമോ, ഇവർക്ക് ജോലി സംബന്ധമായ ചില ബുദ്ധിമുട്ടുകളും തദ്ദേശീയരുടെ വംശീയാക്രമണങ്ങളും നേരിടേണ്ടതായിട്ടും വന്നു. എങ്കിലും എല്ലാവർക്കും (ഇവിടെയുള്ളവർക്കും നാട്ടിലുള്ള ബന്ധുക്കൾക്കും) വളരെ മെച്ചപ്പെട്ട ഒരു ജീവിത നിലവാരത്തിലേക്കും "വസുധൈവ കുടുംബകം" എന്ന വിശാലമായ കാഴ്ചപ്പാടിലേക്കും ഉയരാൻ സാധിച്ചു.

## വർഷം 2017

2017 മുതൽ ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്ന "രണ്ടാം കുടിയേറ്റം" എന്ന് വിശേഷിപ്പിക്കാവുന്ന പ്രക്രിയ കോവിഡ് എന്ന മഹാമാരി വരുത്തിവെച്ച കഷ്ടപ്പാടിലും മലയാളി കുടുംബങ്ങൾക്ക് ഒത്തിരി പ്രതീക്ഷ നൽകുന്ന ഒരു വസ്തുതയാണ്. IELTS അല്ലെങ്കിൽ OET എന്ന വലിയ കടമ്പ കടന്നിട്ടാണ് നേഴ്സുമാർ ഇന്ന് ഇവിടെ എത്തുന്നത്. ഒന്നാം കുടിയേറ്റവുമായി താരതമ്യം ചെയ്യുമ്പോൾ, ഇവർക്ക് വീട് വാടകയ്ക്ക് ലഭിക്കുന്നില്ല. അല്ലെങ്കിൽ ഉയർന്ന വാടക നൽകണം എന്നൊരു പ്രയാസം മാത്രമേ പുറമേ കാണുന്നുള്ളു.

വരും തലമുറ, തദ്ദേശീയ സംസ്കാരവുമായിട്ട് ചേർന്നു പോകുമോ, അല്ലെങ്കിൽ ഭാരത സംസ്ക്കാരത്തിൽ ഉറച്ചു നിൽക്കുമോ എന്നുള്ളതാണ് ഇന്ന് ഇവിടെയുള്ള മലയാളിക്കുടുംബങ്ങൾ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി. വേറൊരു വെല്ലുവിളി എന്നത് ജോലിയിൽ നിന്ന് വിരമിച്ചതിനു ശേഷം ജന്മനാട്ടിലേക്ക് തിരികെ പോകുമോ എന്നുള്ളതാണ്. ഇത് വ്യക്തികളുടെയും, കുടുംബത്തിന്റെയും ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ചിരിക്കും. എന്തൊക്കെയായാലും പിറന്നമണ്ണിനെ മാറോടണക്കാൻ ഞങ്ങളൊരിക്കൽ തിരിച്ചുപോകും. ആ കാറ്റും ആ മണ്ണിന്റെ മണവും ആസ്വദിക്കാൻ. വേരുകളിലേക്കുള്ള ഒരു മടക്കയാത്ര.



ഷിബു മാത്യു

FINANCIAL SERVICES LTD.

# IDEALISTIC FINANCIAL SERVICES LTD.

- LIFE INSURANCE
- INCOME PROTECTION
- CRITICAL ILLNESS COVER
- ACCIDENT SICKNESS & UNEMPLOYMENT
- HOME INSURANCE

- MORTGAGE & REMORTGAGE *
- BUY TO LET *
- COMMERCIAL INSURANCE *
- WILL WRITING *
- PRIVATE MEDICAL INSURANCE *
- LANDLOAD INSURANCE

VARGHESE C SCARIA

01223 618102 (Off)
07475 400443

varghese.idealistix@gmail.com

Office number 17 Barnwell House,
Barnwell Business Park,
Barnwell Dr CB5 8UU

www.idealisticinsurance.com

* WE PROVIDE REFERRAL SERVICE

Idealistic Financial Services Ltd is an appointed representative of HL Partnership Limited which is authorized and regulated by the Financial Conduct Authority.


Idealistic Financial Services Ltd is registered in England & Wales with company number 9629339. The registered office address is 10 Speedwell close, Cherry Hinton, Cambridge, CB1 9YZ.




# സാമ്പത്തിക മേഖലയിലെ

# ചതിക്കുഴികൾ

മനുഷ്യൻ ചെയ്യുന്നതെല്ലാം സമ്പത്തിൽ അധിഷ്ഠിതമായ ഒരു കാലഘട്ടത്തിൽ ആണ് നാം ജീവിക്കുന്നത്. സ്വാതന്ത്ര്യം പോലും സമ്പത്തിന്റെ തുലാസിൽ തൂങ്ങുന്ന ഒരു തൂവൽ ആകുമ്പോൾ ഇവിടെ നഷ്ടപ്പെട്ടുപോകുന്നത് ജീവിതത്തിന്റെ അർഥതവും ലക്ഷ്യബോധവും ആണ്. ഇവിടെ ഏറ്റവും കൂടുതൽ സാമ്പത്തിക ചതിയുടെ പ്രലോഭനങ്ങൾ പതിയിരിക്കുന്ന മേഖല സോഷ്യൽ മീഡിയ മാത്രമാണ് എന്ന് ഞാൻ പറയില്ല. എന്നാൽ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ നാം എല്ലാം അറിഞ്ഞോ അറിയാതെയോ ചതിയുടെ കണ്ണിയോ ദൂതനോ ആകുന്ന സ്ഥിതിയാണ് പലപ്പോഴും കാണാറുള്ളത്. .




DAILYNEEDS

DAILY NEEDS BRIDGWATER
21-23 ST. JOHNS STREET
TA6 5HR
PH: 01278393545

DAILY NEEDS TAUNTON
38 STATION ROAD
TA1 1NL
PH: 01823286878

**എങ്ങനെയാണ് മനുഷ്യൻ സാമ്പത്തിക കുറ്റകൃത്യങ്ങളിലേക്കു വഴുതി വീഴുന്നത്? എന്തുകൊണ്ടാണ് സാമ്പത്തിക കുറ്റകൃത്ങ്ങൾ നമ്മെ വിടാതെ പിന്തുടരുന്നത്? എങ്ങനെ ഒരു victim of fraud or victim of scam ആകാതിരിക്കാൻ നമുക്ക്കഴിയും? നാം കൈക്കൊള്ളേണ്ട അല്ലെങ്കിൽ ഓർമിച്ചിരിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് എന്നതാണ് ഇന്ന് ഇവിടെ വിശദീകരിക്കാൻ ആഗ്രഹിക്കുന്നത് .**

ആദ്യമായി നമ്മുടെ ദൈനംദിന ജീവിതത്തിലേക്കും ചിന്തകളിലേക്കും വരാം. നമ്മിൽ പലരും സ്വപ്നം കാണുന്നത് സമ്പൂർണമായ സാമ്പത്തിക മേല്കോയ്മയുടെ മനോഹരമായ ഒരു ഭൂമിയാണ്. ജീവിതത്തിലെ എല്ലാ സായൂജ്യങ്ങളുടെയും സമാന്തര തലം എപ്പോഴും സമ്പത്തു ആണ് എന്ന് തെറ്റിദ്ധരിച്ച പുതിയ ഒരു തലമുറയുടെ വക്താക്കളാണ് പലരും.

അനാരോഗ്യകരമായ മത്സരങ്ങളുടെ ,സാമ്പത്തിക അസമത്വങ്ങളുടെ അളവ് തൂക്കങ്ങളിൽ വ്യാകുലരാകുന്ന വ്രണിത ഹൃദയരെകൊണ്ട് വീർപ്പുമുട്ടുന്ന ഒരു സമൂഹം. അത് പലപ്പോഴും വീടിന്റെ വലിപ്പത്തിലും, കാറിന്റെ തിളക്കത്തിലും, വസ്ത്രത്തിന്റെ ബ്രാൻഡിലും എന്ന് വേണ്ട തൊട്ടതിനും പിടിച്ചതിനും പൊങ്ങച്ചത്തിന്റെ മേമ്പൊടിയോടെ മല്ലു സാഹിബ് ആകുന്ന നമ്മൾ ഈ ചെറിയ ലോകത്തിലെ വെറും ഇയ്യാംപാറ്റകൾ മാത്രം ആണ് എന്നത് വിസ്മരിച്ചു പോകുന്നു. ഇത്തരം മല്സരങ്ങൾ നമ്മെ വരവിനേക്കാൾ ചെലവ് കൂടുതൽ ഉള്ള ഒരു ജീവിത സാഹചര്യത്തിലേക്ക് നയിക്കുന്നു. മറ്റുള്ളവരുമായി താരതമ്യം ചെയ്യുന്ന ശുഷ്ക്കമായ ചിന്ത നമ്മെ സഹജീവിയിൽ നിന്ന് ഒരു പടികൂടി ഉയർന്നു നിൽക്കുന്ന മത്സര ഓട്ടം നടത്താൻ നിർബന്ധിക്കുന്നു. അത് കൂടുതൽ കടക്കെണിയിലേക്കും ഭീമമായ ബാങ്ക് വായ്പകളിലേക്കും നമ്മെ കൂപ്പുകുത്തിക്കുന്നു. തിരിച്ചടക്കാൻ കഴിയാതെ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നത് തികച്ചും തെറ്റാണ് എന്ന ബോധ്യം നമുക്ക് വേണം. അത് പൊതു ജനത്തിന്റെ സ്വത്താണ് എന്ന സത്യം നമ്മൾ തിരിച്ചറിയണം. വായ്പ എടുക്കുന്നത് തെറ്റല്ല എന്നാൽ അത് തിരിച്ചു അടക്കാതിരിക്കുന്നതു നെറികേടാണ്. അത്തരം ഒരു അവസ്ഥയിൽ നമ്മെ എത്തിക്കുന്നത് നമ്മുടെ മാത്രം ഉത്തരവാദിത്തം ആണ് . ബാങ്കിൽ സ്വന്തമായി ഇല്ലാത്ത പണം നമ്മൾ ദുഷ്ടലക്ഷ്യത്തോടെ ഉപയോഗിക്കുകയും മൈനസ് ആവുകെയും ചെയ്യുമ്പോൾ അത് കളവു ചെയ്യുന്നത് പോലെയാകും. ബാങ്കിങ് സെക്ടറിൽ അത്തരം അക്കൗണ്ടുകൾ 'Abused account' എന്ന് മുദ്രകുത്തപ്പെടും. അത് ക്രെഡിറ്റ് സ്കോറിനെ സാരമായി ബാധിക്കുകയും, ലോൺ, മോർട്ടഗേജ്, ഫോൺ കോൺട്രാക്ട് എന്നിവയെപോലും ബാധിക്കുന്ന രീതിയിൽ കാര്യങ്ങൾ പിടിവിട്ടു പോവുകയും ചെയ്യും. ഇതൊക്കെ ഒരു പരിധിവരെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അല്ലെങ്കിലും എന്നാൽ അത്തരം കുറ്റകൃത്യങ്ങളിലേക്കു നമ്മെ ചുവടുവെപ്പിക്കുന്ന സാഹചര്യങ്ങളിലേക്കു വിരൽ ചൂണ്ടുന്ന വസ്തുതകൾ ആണ്.

ലോകത്തിലെ ഒന്നാമത്തെ സാമ്പത്തിക കുറ്റകൃത്യങ്ങളിൽ ഒന്നാണ് മണി ലൗൻഡറിങ്, എന്താണ് മണി ലൗൻഡറിങ്? കുറ്റവാളികൾ വിദേശത്തോ സ്വദേശത്തോ കുറ്റകൃത്യങ്ങളിലൂടെ നേടിയെടുക്കുന്ന പണം ഉദാഹരണം ഡ്രഗ് ട്രാഫിക്കിങ് , ഹ്യൂമൻ ട്രാഫിക്കിങ് എന്നിവയിലൂടെ അനധികൃതമായി സമ്പാദിക്കുന്ന 'Ditry Money' ക്ലീൻ ആക്കുന്ന ഒരു പ്രോസസ്സ് ആണ് ഇത് . നമ്മൾ ചെയ്യുന്ന പല പണമിടപാടുകളും ബാങ്കിന് സംശയത്തിന് ഇടനൽകുകയും അക്കൗണ്ട് ഫ്രീസു ചെയ്യപ്പെടാനും ഉള്ള സാധ്യത ഉണ്ടാകുന്നു . ഉദാഹരണിതിന് ദുരൂഹത തോന്നിപ്പിക്കുന്ന ട്രാൻസ്‌ഫെറുകൾ, unidentified source കളിൽ നിന്ന് വരുന്ന ക്രെഡിറ്റുകൾ, ക്രെഡിറ്റ് ചെയ്യപ്പെട്ടാൽ ഉടൻ പിൻവലിക്കുന്ന വലിയ തുകകൾ എല്ലാം മണിലൗൻഡറിങ് ആണന്നു ബാങ്ക് തെറ്റിദ്ധരിക്കാൻ സാധ്യതയുള്ള പണമിടപാടുകൾ ആണ്. അറിയപ്പെടാത്ത ആർക്കും വേണ്ടി അക്കൗണ്ടിൽ പണം സ്വീകരിക്കാതിരിക്കുക അതിലൂടെ ഒരു പക്ഷെ വലിയ സാമ്പത്തിക കുറ്റകൃത്യത്തിന് നമ്മൾ സ്വയം ഇരയാവുക ആയിരിക്കാം .

ഇനി എങ്ങനെ ഒരു വിക്ടിം ആവാതിരിക്കാം എന്ന് നോക്കാം .നമുക്ക് പലപ്പോഴും ഇമെയിൽ, ടെക്സ്റ്റ് മെസ്സജുകൾ വരാറുണ്ട്. പലതിനും താഴെ ഒരു ലിങ്ക് ഉണ്ടാവും. മനുഷ്യന്റെ പൊതു സ്വഭാവം ആണ് ഫ്രീ ഓഫറുകൾ കാണുമ്പോൾ കണ്ണ് മഞ്ഞളിക്കുന്നതു, ഈ ലോകത്തു ഒന്നും ഫ്രീ അല്ല എന്നത് ആദ്യം നാം മനസ്സിലാക്കണം. ഇത്തരം മെസ്സജുകളും ലിങ്കുകളും ഒന്ന് തൊട്ടാൽ പൊട്ടുന്ന ബോംബ് പോലെ ആണന്നു പറയാം. ഒരു ക്ലിക്കിൽ നമ്മുടെ പേർസണൽ data, scammer സ്വന്തം ആക്കുന്നു. ഇവിടെ ചതിയുടെ ആദ്യ പടിയാണ്, രണ്ടു ദിവസത്തിനുള്ളിൽ നിങ്ങൾക്കു ഒരു ഫോൺ കോള് ലഭിക്കും. അത് HMRC യോ, ആമസോൺ പ്രൈം മോ, നിങ്ങളുടെ ബ്രോഡ് ബാൻഡ് പ്രൊവൈഡറോ, ബാങ്കോ ആയി സ്വയം പരിചയപ്പെടുത്തുന്ന സന്ദേശങ്ങളോ സംഭാഷണങ്ങളോ ആവാം. പലതിന്റെയും പര്യവസാനം ഭീമമായ ഒരു തുക ട്രാൻസ്ഫർ ചെയ്യപ്പെടുന്ന വലിയ ഒരു ചതി ആയിരിക്കാം. ഇത്തരം ഫോൺ കോളുകൾ വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യം ഒരു കാരണവശാലും യാതൊരു വിവരങ്ങളും ഫോൺ ചെയ്യുന്ന വ്യക്തിക്ക് കൈമാറാതിരിക്കുക എന്നതാണ്. വിളിക്കുന്ന വ്യക്തി പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്നാണ് എന്നൊക്കെ പറഞ്ഞാൽ പോലും നിർബന്ധമായും ഫോൺ ഡിസ്‌കോണെക്ട ചെയ്യണം. (നിങ്ങളുടെ പേരോ Date of birth, അഡ്രസ്, അക്കൗണ്ട് ഡെയ്റ്റിൽസ്, ബാങ്ക് വിവരങ്ങളോ ഒന്നും തന്നെ മൂന്നാമതൊരാളുമായി ഷെയർ ചെയ്യാൻ പാടുള്ളതല്ല.) Cold caller സാധാരണഗതിയിൽ റിമോട്ട് Access സിനു ആയിരിക്കും ആദ്യം ശ്രേമിക്കുന്നതു, അതിനു


RFT HIGHS
RFT ENTERTAINMENT
MAKE YOUR SCREEN TIME WORTH IT!
FILMS
EVENTS
ONLINE MEDIA
BRANDING & ADVERTISING
MEDIA PRODUCTION
ONLINE EVENT TICKETING PORTAL
CELEBRITY MANAGEMENT
WWW.RFT.FILMS.CO.UK
FOLLOW US NOW ON

വേണ്ടി ടീം വ്യൂർ, എനി ഡെസ്ക് ഇതിൽ ഏതെങ്കിലും ആപ് ഡൌൺലോഡ് ചെയ്യാൻ ആവശ്യപ്പെടും തുടന്ന് നിങ്ങളുടെ ഓൺലൈൻ ബാങ്കിങ്ങിൽ ലോഗ് ഇൻ ചെയ്യാൻ ആവശ്യപ്പെടും അപ്പോഴേക്കും നിങ്ങളും നിങ്ങളുടെ ഡിവൈസും പൂർണമായും ആ Scammer റുടെ നിയന്ത്രണത്തിൽ ആയിരിക്കും. മുകളിൽ പറഞ്ഞ ആപ്പുകൾ ഡൗണ്ലോഡ് ചെയ്തു കഴിഞ്ഞാൽ നിങ്ങൾ ചെയ്യുന്നതെല്ലാം അറിയാനും കാണാനും അവർക്കു സാധിക്കും. നിങ്ങൾ നോക്കിയിരിക്കെ നിങ്ങളുടെ ബാങ്ക് അക്കൗണ്ട് ശൂന്യം ആക്കാൻ അവർക്കു കഴിയും .

നാം ഈ രാജ്യത്തു അറിഞ്ഞിരിക്കേണ്ട പ്രധാന കാര്യം ഇവിടുത്തെ ഒരു ഗവണ്മെന്റ് ഓർഗനൈസേഷനും നമ്മെ ഫോണിൽ ബന്ധപ്പെടില്ല എന്ന വാസ്തവം ആണ്. അവർക്കു നമ്മളോട് എന്തെങ്കിലും അറിയിക്കാനോ കൂടുതൽ വിവരങ്ങൾ അറിയാനോ ഉണ്ടെങ്കിൽ കത്തു മുഖേന മാത്രമേ ബന്ധപെടുകയുള്ളു (നോ ഫോൺ, നോ ഇമെയിൽ).

ഇമെയിൽ വഴിവരുന്ന പ്രധാനപ്പെട്ട ചതിയെക്കുറിച്ചു ഞാൻ വിശദീകരിക്കാം .

ഉദാഹരണത്തിന് നമ്മൾ വസ്തു കൈമാറ്റം ചെയ്യാറുണ്ട് അത് ഒരു സോളിസിറ്റർ വഴിയാണ് പൊതുവെ നടത്തപ്പെടുന്നത്. സോളിസിറ്റർ ഇമെയിൽ അയക്കുന്നത് പതിവായതുകൊണ്ടുംപ്രോപർട്ടിയെക്കുറിച്ചുള്ളവിവരങ്ങൾ വിശദീകരിക്കുമ്പോഴും യാതൊരു വിധത്തിലും സംശയം തോന്നാറില്ല, എന്നാൽ സോളിസിറ്ററിന്റെ ഇമെയിൽ ഹാക്ക് ചെയ്യപ്പെട്ട വിവരം രണ്ടു കൂട്ടരും അറിഞ്ഞിരിക്കില്ല . ഹാക്കർ ഇമെയിൽ കോൺവെർസേഷൻ കൃത്യമായി വീക്ഷിക്കുകയും എന്നാൽ സോളിസിറ്റർ അകൗണ്ട് ഡീറ്റയിൽസ് അയക്കുന്ന നിമിഷം അത് മാറ്റി അവരുടെ സ്വന്തം അക്കൗണ്ട് നൽകുകയും നമ്മൾ scammer ഇന്റെ ബാങ്കിലേക്ക് പണം കൈമാറ്റം ചെയ്യുകയും ചെയ്യും .

ഇത് ഒഴിവാക്കാൻ ഈമെയിലിൽ അക്കൗണ്ട് detail ലഭിച്ചാൽ നേരിട്ടോ ഫോണിലോ വിളിച്ചു അക്കൗണ്ട് detail കൺഫേം ചെയ്തതിനു ശേഷം മാത്രം പണം കൈമാറ്റം ചെയ്താൽ മതിയാകും.

പണം അധികം ഉള്ളവർ അകപ്പെട്ടു പോകുന്ന മറ്റൊരു common scam ആണ് ഇൻവെസ്റ്റ്മെന്റ് scam. പണം ഇൻവെസ്റ്റ്മെന്റുമായി ബന്ധപെട്ടു പല വ്യാജ കമ്പനികളും വിടർന്നു വിളയാടുന്ന ഒരു രാജ്യം ആണ് യുകെ. ഇതുമായി ബെന്ധപെട്ട് ഒന്ന് രണ്ടു പ്രധാന കാര്യങ്ങൾ സൂചിപ്പിക്കാം. ഇൻവെസ്റ്റ്മെന്റുമായി ബന്ധപെട്ട് ഏതെങ്കിലും കമ്പനി ആരെയെങ്കിലും ഫോണിൽ ബന്ധപ്പെടുന്നത് നിയമം മൂലം നിരോധിച്ചിരിക്കുന്ന രാജ്യം ആണ്ഡഗ. അതിനാൽ അത്തരം കോളുകൾ ആദ്യമേ തന്നെ നമുക്ക് തിരിച്ചറിയാം. എന്തെങ്കിലും ഇൻവെസ്റ്റ് ചെയ്യുന്നതിന് മുൻപ് ചെക്ക് ചെയ്യേണ്ട വെബ്സൈറ്റ് www.fca.org.uk യുകെയിൽ ഇൻവെസ്റ്റ്മെന്റ അവസാന വാക്ക് ആണ് FCA, അവിടെ സെർച്ച് ബാറിൽ കമ്പനിയുടെ പേര് നല്കുമ്പോൾ എല്ലാ വിവരങ്ങളും ലഭ്യമാകും. ഇതിലൂടെ ക്ലോൺ കമ്പനികളെയും, റെഗുലേറ്റഡ് ആൻഡ് അൺറെഗുലേറ്റഡ് കമ്പനികളെയും നമുക്ക് തിരിച്ചറിയാൻ സാധിക്കും.

അല്പം കാർഡ് ള്യമൗറ നെകുറിച്ചു കൂടി വിശദീകരിച്ചതിനു ശേഷം നമുക്ക് ഇത് ഇവിടെ അവസാനിപ്പിക്കാം. കാർഡ് വിവരങ്ങൾ എങ്ങനെ ഉപയോഗിക്കുന്നു എന്ന് സസൂക്ഷ്മം ശ്രദ്ധിക്കണം. കമ്പനി വെബ്സൈറ്റുകളിൽ കാർഡ് വിവരങ്ങൾ സേവ് ചെയ്യുന്നത് ഒഴിവാവാക്കണം. കാരണം അത്തരം വൈബ്സൈറ്റുകൾ ഹാക്ക് ചെയ്യപ്പെടുമ്പോൾ നിങ്ങളുടെ കാർഡ് വിവരങ്ങൾ compromise ചെയ്യപ്പെടും. കാർഡ് വിവരങ്ങൾ ഫോണിലൂടെ നൽകാതിരിക്കുക. ഇനിയും ഒരുപാട് പറയണം എന്നുണ്ട് പക്ഷെ സ്ഥല പരിമിതിമൂലം മറ്റൊരിക്കൽ ആവാം. ചതിയുടെ ലോകത്തെ വളരെ സാധാരണം ആയ ചില വിവിവരങ്ങൾ മാത്രമേ ഇവിടെ ഉൾപ്പെടുത്തിയിട്ടുള്ളു. ആർകെങ്കിലും എന്തിനെയെങ്കിലും കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയണമെന്നുണ്ടങ്കിൽ എന്നെ ബന്ധപ്പെടാവുന്നതാണ്. ഈ കെട്ടകാലത്തെ നേരില്ലായ്മക്കു നേരെ വിരൽ ചൂണ്ടുന്ന ചിന്തകൾ ആകട്ടെ നമ്മുടെ ആയുധം. നമുക്ക് കരുതിയിരിക്കാം .



**By Sherphi (Shibu vayalil)**





ലോക മലയാളി സമൂഹത്തെ ചിന്താദീപ്തമാക്കുന്നതിൽ അഗ്രസ്ഥാനീയനായ ശ്രീ. സുകുമാർ അഴീക്കോടിന്റെ സ്മരണക്കു മുമ്പിൽ ഒരിക്കൽക്കൂടി ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട്, അദ്ദേഹം ലിമയുടെ പത്താം വാർഷികത്തോടനുബന്ധിച്ച് എഴുതി തന്ന ലേഖനം ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഈ സുവനീറിൽ ഞങ്ങൾ വളരെ ആദരപൂർവ്വം പുനഃപ്രസിദ്ധീകരിക്കുന്നു.

# സ്വാതന്ത്ര്യപ്പിറ്റേന്ന്

**സുകുമാർ അഴിക്കോട്**

സ്വാതന്ത്ര്യസമരകാലത്തെ നേതാക്കന്മാർ പല നിലകളിൽ വളർന്ന മഹാ പ്രതിഭകൾ ആയിരുന്നു. അവർക്കു ചുറ്റും പാരതന്ത്ര്യത്തിന്റെ അലോസരങ്ങളായിരുന്നു. ഇവിടെ വലിയൊരു വൈരുദ്ധ്യമുണ്ട്.

അന്ന്, ഇന്നത്തെ അപേക്ഷിച്ച് ഉന്നതവിദ്യാഭ്യാസരംഗത്ത് ഗവേഷണസൗകര്യങ്ങൾ കുറവായിരുന്നു. സാമാന്യവിദ്യാഭ്യാസം നടത്തുവാൻ പോലും സൗകര്യങ്ങൾ കുറവായിരുന്ന കാലം. അഥവാ വിദ്യ അഭ്യസിക്കാൻ അവസരം കിട്ടിയാൽപോലും ഇടയ്ക്ക് വെച്ച് നിർത്തേണ്ടിവന്ന കാലം. കൃത്യാന്തരവ്യഗ്രതയും അസൗകര്യബാഹുല്യവും ഉണ്ടായിരുന്നിട്ട് കൂടി നേതാക്കൾ മഹത്തായ ഗ്രന്ഥങ്ങൾ നമുക്ക് നൽകി എന്നു നാം കണ്ടു. വിദേശത്ത് നിന്ന് പഠനം പൂർത്തിയാക്കിയും പൂർത്തിയാക്കാതെയും വന്നവർ സ്വദേശത്തെ സ്വതന്ത്രമാക്കാൻ എല്ലാം ത്യജിച്ചുകൊണ്ട് ശ്രമിച്ചു. ഇന്നത്തെ അപേക്ഷിച്ച് വലിയൊരു വ്യത്യാസമാണ് ഇത്. ഇപ്പോൾ വിദേശത്ത് പഠനം പൂർത്തിയാക്കിയവരെ ഇവിടെ കൊണ്ടു വരണമെങ്കിൽ ഇന്ത്യാഗവൺമെന്റ് അറ്റ്ലാന്റിക് സമുദ്രത്തിനടിയിലൂടെ കയറുകെട്ടി വലിക്കണമെന്ന സ്ഥിതിയായിട്ടുണ്ട്. കേരളീയമായ ഒരുദാഹരണം പറയാം. തിരുവിതാംകൂറിലെ ഏറ്റവും സമ്പന്നവും കുലീനവുമായ കുടുംബത്തിലെ അംഗമായിരുന്ന എ. കെ. പിള്ള കേംബ്രിഡ്ജിൽ പഠിക്കുന്ന കാലം. മഹാത്മാഗാന്ധിയുടെ പ്രസംഗങ്ങൾ തിരമാലകളുടെ ശബ്ദത്തിനും മുകളിൽ ലണ്ടനിൽ മുഴങ്ങിയിരുന്ന കാലം. എ. കെ. പിള്ള അടുത്ത കപ്പലിൽ തന്നെ ഇങ്ങോട്ടു വന്നു. അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനെക്കുറിച്ചൊന്നും ചിന്തിച്ചില്ല. ഇവിടെ വരുമ്പോൾ കോൺഗ്രസ്സിന്റെ സമ്മേളനം നടക്കുകയായിരുന്നു. നേരേ വേദിയിലോട്ട് കയറിച്ചെന്നു. അങ്ങനെ കോൺഗ്രസ് പ്രവർത്തകനായി. പിന്നെ പത്രം നടത്തി. അതിന്റെ പേരിൽ സർ സി. പി. രാമസ്വാമി അയ്യർ അദ്ദേഹത്തിന്റെ സ്വത്തുമുഴുവൻ കണ്ടുകെട്ടി. പിന്നെ അദ്ദേഹം കെ. പി. സി. സി. യുടെ സെക്രട്ടറിയായി. അങ്ങനെയാണ് അദ്ദേഹം കോൺഗ്രസ്സും കേരളവും എന്ന പുസ്തകം എഴുതുന്നത്. കൂറ്റൻ പുസ്തകം! എ. കെ. പിള്ള തിരിച്ച് ഓക്സ്ഫോർഡിൽ പോയി. ഗാന്ധിജിയൊക്കെ നിർബന്ധിച്ചിട്ടാണ്– പോയി ഡിഗ്രി എടുത്തുവരാൻ പറഞ്ഞു. പോയി ഡിഗ്രി എടുത്ത് തിരികെ വന്നു. അങ്ങനെയാണ് എ. കെ. പിള്ള ബാരിസ്റ്റർ എ. കെ. പിള്ളയായത്. ഇതാണ് മഹത്വം.

കുട്ടികളായിരുന്ന ഞങ്ങൾക്ക് ആ പേരുപോലും വലിയ പ്രചോദനമായിരുന്നു. അതാണ് ഞാനാദ്യം പറഞ്ഞത്, അന്നത്തെ നേതാക്കളെല്ലാം തന്നെ പല നിലകളുള്ള പ്രതിഭകളായിരുന്നു എന്ന്. അക്കാലത്ത് തമിഴ് കവി സുബ്രഹ്മണ്യ ഭാരതി എഴുതി, നമുക്ക് ഭാഷകൾ പലതുണ്ടെങ്കിലും ചിന്തനം ഏകമാണ് എന്ന് ത്യാഗ ചിന്തയായിരുന്നു ആ ചിന്തനം. സ്വാതന്ത്ര്യത്തിന്റെ പിറ്റേന്നുതന്നെ നമുക്ക് പറ്റിയത് ഈ ത്യാഗ വിചാരത്തിന്റെ നഷ്ടമാണ്. ത്യാഗം എന്ന വാക്ക് ധാരാളം പറയപ്പെടുന്നു. ഇക്കാലത്ത് നാം ഏതു വാക്കുപറഞ്ഞാലും എതിരാണ് ഉദ്ദേശ്യം. അതിന്റെ ചൈതന്യത്തിൽ നിന്ന് ബഹുദൂരം വാക്ക് അകന്നുപോകുന്നു. എത്രയോ ഉദാഹരണങ്ങൾ പറയാനുണ്ട്. ഒരുദാഹരണം സെക്കുലറിസം എന്ന വാക്ക്. ഇന്ന് ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന വാക്കാണ്. ആ വാക്ക് വരുന്നതിനു മുൻപ് സ്വാമി ശ്രദ്ധാനന്ദൻ, ആര്യസമാജത്തിന്റെ നേതാവായിട്ടുകൂടി, ദൽഹിയിലെ ജുമാ മസ്ജിദിൽ പോയി ഭാരതീയരുടെ സാഹോദര്യത്തെക്കുറിച്ച് പ്രസംഗിക്കുകയുണ്ടായി. വാക്കും അർത്ഥവും ഒന്നിച്ചു പോയി അന്ന്.



ഇതായിരുന്നു സ്വാതന്ത്ര്യത്തിനു മുൻപുണ്ടായിരുന്ന ശുഭോദയ ങ്ങളിൽ ഒന്ന്. ഈ ഉദയങ്ങളുടെ തുടക്കമായിട്ടാണ് നമുക്ക് സ്വാതന്ത്ര്യം കിട്ടിയത്. പക്ഷേ ഇതൊക്കെ ആധികാരികമായി പഠിക്കാൻ ദേശീയസ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം ഇവിടെ ലഭ്യമല്ല. പഠിക്കേണ്ടെന്നാകാം നേതാക്കളുടെ അന്തരംഗം. പന്ത്രണ്ടാമത്തെ വയസ്സിൽ കോൺഗ്രസ്സുകാരനായെന്ന് അഭിമാനിക്കുന്ന ഒരാളാണ് ഈ സംസാരിക്കുന്നത്. അക്കാലത്തിന്റെ ഓർമ്മകൾ മനസ്സ് നിറഞ്ഞ് നിൽക്കുന്നു. ആലിപ്പൂർ ബോംബ് കേസിലെ ഒന്നാം പ്രതി, പില്ക്കാലത്ത് മഹാസന്ന്യാസിയായി മാറിയ അരവിന്ദഘോഷ് ആയിരുന്നു. വേദോപനിഷത്തുക്കൾക്ക്, യാസ്കനും ദയാനന്ദനും ശേഷം, ഏറ്റവും പുതിയ ഭാഷ്യം രചിച്ച ആളായിരുന്നു ആ തീവ്രവാദി, എന്നുവെച്ചാൽ, ബ്രിട്ടീഷുകാരെ എങ്ങനെയും പുറത്താക്കണമെന്ന് വാദിക്കുന്ന ആളായിരുന്നു. അദ്ദേഹത്തിനെ തിരെ കോടതിയിൽ വാദിച്ചത് അന്നത്തെ ഏറ്റവും പ്രമുഖനായ അഭിഭാഷകനായിരുന്ന നോർട്ടൻ പ്രഭു ആയിരുന്നു. അനു കൂലമായി വാദിച്ചത് ദേശബന്ധു സി.ആർ.ദാസും. സി.ആർ.ദാസ് ആരാണ്? അദ്ദേഹം വക്കീലും രാഷ്ട്രീയ നേതാവുമെന്നതിനു പുറമെ കവിയും കൂടിയായിരുന്നു. അദ്ദേഹമാണ് പ്രശസ്തമായ സാഗരഗീതം എന്ന ഇംഗ്ലീഷ് കവിതയുടെ കർത്താവ്. ഇതൊക്കെ ഓർക്കുമ്പോഴാണ് ഞങ്ങൾ ദുഃഖപൂർണ്ണരാകുന്നത്. ദുഃഖം കൊണ്ട് ഫലമില്ലെന്നറിയുമ്പോൾ അമർഷപൂർണ്ണരാകരുത്. സി.ആർ.ദാസ് കോടതിയിൽ വാദിച്ച് അരവിന്ദഘോഷിനെ പുറത്തു കൊണ്ടുവന്നു. ഈ സ്മൃതികൾ ഇന്ത്യാക്കാരുടെ ഹൃദയത്തിൽ സജീവങ്ങളായുണ്ടെങ്കിൽ, സ്വാതന്ത്ര്യപ്പിറ്റേന്ന് വിലാപകാവ്യം എഴുതേണ്ടിവരുമായിരുന്നില്ല.

ഞാനൊന്നു ചോദിക്കട്ടെ, പൂർണ്ണസ്വാതന്ത്ര്യ പ്രമേയം ഏതു കൊല്ലം പാസ്സാക്കി എന്നു ചോദിച്ചാൽ ഇവിടത്തെ മന്ത്രിസഭകളിലെ എത്രപേർ ശരിക്കുത്തരം പറയും? ഇത് നല്ലൊരു പരീക്ഷണമാണോ എന്നെനിക്കറിയില്ല, എങ്കിലും ആ വർഷം ഏതെന്ന് അറിയാത്ത ആളെ ശിക്ഷിക്കേണ്ടതാണ്. വെറുതെയാണോ ഇവർക്ക് അധർമ്മം അധർമ്മമായി തിരിയാത്തത് ? കാരണം തങ്ങൾ ഇരിക്കുന്ന ഭൂമിയുടെ ഉള്ളിലുള്ള രത്ന മഹിമ അറിഞ്ഞുകൂടാത്തവരാണ് അവർ. ഇപ്പോൾ നമ്മുടെ നേതാക്കൾ ദേശീയതലത്തിൽ എത്തുന്നത് പത്തൻപതുകൊല്ലം കൊല്ലം കൊണ്ട് ഇഴഞ്ഞിഴഞ്ഞല്ലേ ? സ്വന്തം മഹത്വം കൊണ്ടല്ല. അട്ട നിലത്തുനിന്ന് ഇഴഞ്ഞിഴഞ്ഞ് മച്ച് തൊടാറില്ലേ? സ്വാതന്ത്ര്യത്തിന്റെ പിറ്റേന്ന് എന്താണ് സംഭവിച്ചത് ? സ്വാതന്ത്ര്യം വാങ്ങിത്തന്നയാളിനെ നാം കൊന്നു. ചരിത്രം വളരെ ലളിതമാണ്. കൊന്നത് ആരാണ് ? ഉത്തരം ബഹുവചനത്തിലാണ് – ശരിയായ ഉത്തരം. ഏകവചനത്തിലുള്ള ഉത്തരമായിരിക്കാം കോടതിയുടെ മുമ്പിൽ ശരി. ഒന്നു തീർച്ച. അദ്ദേഹം കട്ടിലിൽ കിടന്നു മരിച്ചതല്ല; ശുശ്രൂഷിച്ച് ശുശ്രൂഷിച്ച് മരിച്ചതല്ല. നിന്നിടത്തുനിന്ന് ജീവനോടെ താഴെവീണ് മരിക്കുകയായിരുന്നു. പിന്നീട് നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ കൊലകളുടെ – ആശയങ്ങളുടെയും ആദർശങ്ങളുടെയും കൊല – നാന്ദി ആയിരുന്നു ആ ഗുരുഹത്യ. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം നാം ഭരണഘടനയുണ്ടാക്കി. പാവനമായ ഭരണഘടന എന്നേ ആരും പ റയാറുള്ളൂ. നാം തന്നെ എഴുതി നമുക്കു തന്നെ സമർപ്പിക്കപ്പെട്ട ഭരണഘടന. അതിൽ നിറയെ, ജ്വലിക്കുന്ന നക്ഷത്രങ്ങൾപോലെ, ആദർശങ്ങൾ. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, നീതി എന്നീ ആദർശങ്ങൾ ! ഇതിലാദ്യത്തേത് മൂന്നും ഫ്രഞ്ചുവിപ്ലവത്തിന്റെ മുദ്രാവാക്യങ്ങളായിരുന്നു. അതു കേട്ട് കോട്ടകൾ ഇടിഞ്ഞു, കിരീടങ്ങൾ ഉരുകി കരിക്കട്ടയായി. ആ വിപ്ലവത്തിന്റെ ഉയർന്ന ആദർശങ്ങളാണ് നാം സ്വീകരിച്ചത്. അതിന്റെ കൂടെ നാം നീതി എന്നുകൂടി എഴുതിച്ചേർത്തു. ഭരണഘടനയുടെ പിറന്നാൾ മുടങ്ങാതെ നാം കൊണ്ടാടുന്നുണ്ട്. സ്വാതന്ത്ര്യദിനത്തിനുശേഷം, റിപ്പബ്ലിക് ദിനം തുടങ്ങി.

അവിസ്മരണീയങ്ങളായ പല ദിനങ്ങളും വന്നെങ്കിലും ഗാന്ധിജിയുടെ മരണത്തോടെ ബാക്കി ദിവസങ്ങൾക്ക് അർത്ഥമില്ലാതെയായി. ആ രക്തബിന്ദുക്കൾ ഇന്നും ഈ രാഷ്ട്രത്തിൽ തളംകെട്ടി നിൽക്കുകയാണ്. സ്വാതന്ത്ര്യപ്പിറ്റേന്നാണ് ഇതൊക്കെ നടന്നത്. എന്തിനായിരുന്നു ഗാന്ധിജിയുടെ വധം? കേസ് കോടതിയിലൊക്കെപ്പോയി. പ്രതി ഒരാളായിത്തീർന്നു. അങ്ങനെയാണ് ഇപ്പോൾ ഗാന്ധി വധം വർണ്ണിക്കപ്പെടുന്നത്. ഗാന്ധിജിയുടെ വധത്തെ സംബന്ധിച്ചുള്ള ഏറ്റവും വലിയ അജ്ഞാനം, അദ്ദേഹത്തെ ഒരാൾ കൊന്നു എന്നു ധരിക്കുന്നതാണ്. ഗോഡ്സെ എന്ന ഒരു ഹൈന്ദവ തീവ്രവാദി അദ്ദേഹത്തെ കൊന്നു എന്നത് ശരിയാണ്. എന്നാൽ ഗാന്ധിജിക്ക് സിന്ദാബാദ് വിളിക്കുകയും അതേ സമയം രാഷ്ട്രീയം കച്ചവടമാക്കുകയും ചെയ്തവർകൂടി ഈ തോക്ക് പിടിച്ചതിന്റെ പിറകിലില്ലെന്ന് പറയാമോ? ഇത് മനസ്സിലാക്കാത്തിടത്തോളം കാലം ആ മുറിവിൽ നിന്ന് ചോരയൊലിച്ചുകൊണ്ടേയിരിക്കും. ആരാണ് ഇന്ത്യയുടെ സ്വാതന്ത്ര്യം നശിപ്പിച്ചത് എന്നു ചോദിച്ചാൽ,

ചുറ്റും നോക്കി അവർ നശിപ്പിച്ചു എന്ന് എല്ലാവരും പറയും. അവർ വർഗ്ഗീയവാദികൾ, അക്രമികൾ. ഞാൻ (ഞങ്ങൾ) ഉത്തമർ. ഈ വിശ്വാസത്തിന്റെ തോടിനുള്ളിൽ നാം ജീവിക്കുന്നു. ഇന്ത്യയെ നശിപ്പിച്ചതിൽ ഞാനും ഒരു പങ്കുവഹിച്ചിട്ടുണ്ട് എന്ന് ഇവിടെ ഓരോരുത്തരും വിചാരിക്കാത്ത കാലത്തോളം നമ്മുടെ രാഷ്ട്രം ഈ അഗാധഗർത്തത്തിൽ നിന്ന് കരകയറുവാൻ പോകുന്നില്ല. ഗാന്ധിജി മരിച്ചു എന്നതിന്റെ അർത്ഥം, ഒരു വെടിയുണ്ട ആ നെഞ്ചിലേറ്റു എന്നല്ല; അദ്ദേഹം നിലകൊണ്ട മഹനീയ ദർശനങ്ങൾ മരിച്ചു എന്നാണ്. ഗാന്ധിജി നമ്മുടെ ചിന്തയുടെ, ചക്രവാളത്തിന്റെ, ഒരു വിദൂര സീമയാണ്. ആ സീമയിലേക്കാണ് നമ്മൾ ഈ പ്രളയകാർമേഘങ്ങളെ അയച്ചത്. ആ ഭാസുരതയെ നാം നശിപ്പിച്ചു: ഗാന്ധിജി മരിച്ചപ്പോൾ, ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന നെഹ്റു വെളിച്ചം കെട്ടെന്ന് വിഷാദമഗ്നനായി പ്രസംഗിച്ചു. ഉടനെ അദ്ദേഹം തിരുത്തി, വെളിച്ചം കെട്ടിട്ടില്ല എന്ന്. കെട്ടില്ലേ? ഗാന്ധി വധത്തെ ഓരോ അദ്ധ്യായമായി കാണാൻ ശ്രമിക്കുക.

സ്വാതന്ത്ര്യ സിദ്ധിയുടെ പിറ്റേന്നുതന്നെ ഘനവ്യവസായങ്ങളുടെ അണക്കെട്ട് പൊട്ടിച്ച് നാം ഒരു മഹാപ്രളയം ഇന്ത്യയിൽ ഉണ്ടാക്കിയില്ലേ? ഗാന്ധിജിയുടെ കുടിൽ വ്യവസായം എന്ന സങ്കൽപം എവിടെപ്പോയി? വലുതാണ് സ്വർഗ്ഗം എന്ന് ഘോഷം കൂട്ടി ഇന്ത്യയെ വ്യവസായവത്കരിക്കാൻ തുടങ്ങിയപ്പോൾ, ചെറുതാണ് മനോഹരം എന്നുപറയാൻ ആരും ഉണ്ടായില്ല. അപ്പോഴാണ് ഗാന്ധിജി വധിക്കപ്പെട്ടത്.

കാലബോധം പിഴയ്ക്കരുത്. ഗാന്ധിജി വർധയിൽവെച്ച് പുതിയൊരു വിദ്യാഭ്യാസ പദ്ധതികൊണ്ടുവന്നിരുന്നു– 'നയിം തലിം'. ഈ മൗലികവിദ്യാഭ്യാസ പദ്ധതി എഴുതി അവതരിപ്പിച്ചത് ഡോക്ടർ സക്കീർ ഹുസൈൻ ആയിരുന്നു. വർധയിൽവെച്ച് എഴുതിയതുകൊണ്ട് വർധാവിദ്യാഭ്യാസ പദ്ധതി എന്നും ഇതിനു പേരുണ്ട്. വർധ എന്നാൽ വർധിപ്പിക്കുന്നത് എന്നാണർത്ഥം. പക്ഷേ ആ വിദ്യാഭ്യാസ പദ്ധതി വർധിച്ചില്ല. വർധിപ്പിക്കാൻ ആരും ശ്രമിച്ചില്ല. ഡോ. സക്കീർ ഹുസൈൻ രാഷ്ട്രപതിയായിക്കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇവിടെ ഏറ്റവുമധികം വഞ്ചിക്കപ്പെട്ടത് ഈ മൗലിക വിദ്യാഭ്യാസ പദ്ധതിയാണ്. 'Fraud' എന്ന കനത്ത ആക്ഷേപ വാക്കാണ് അദ്ദേഹം ഉപയോഗിക്കാൻ തിരഞ്ഞെടുത്തത്. വാർധാപദ്ധതി എന്നുപറഞ്ഞ് ഇവിടെ എന്താണ് നടന്നത് ? എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മുൻപിൽ വെറുതെ 'Basic' എന്നെഴുതിവെച്ചു. കുറച്ച് ചെന്നപ്പോൾ 'Sic' എന്നു മാത്രമായി. പിന്നീട് എല്ലാം മാഞ്ഞുപോയി.

ഇത് ഗാന്ധിജിയുടെ മറ്റൊരു മരണം. ആരാണ് ഗാന്ധിജിയെ കൊന്നത് എന്ന്, കോടതി വിട്ട്, ഒന്നു ചിന്തിച്ചുനോക്കൂ. വക്കീലന്മാരും ജഡ്ജിമാരുമല്ലാത്ത ചരിത്രത്തിന്റെ വിനീതരായ വിദൂരനിരീക്ഷകർ എന്ന നിലയ്ക്ക് നിങ്ങൾ ഒന്ന് ആലോചിക്കൂ! ഗാന്ധിജിയെ നാമെല്ലാം കൂടി വധിച്ചു. കുമാരനാശാൻ എഴുതിയതുപോലെ, കാലുറയ്ക്കാത്ത



Sukumar Azhikode memorial at Payyambalam Beach, Kannur

ഈ നിലയിൽ, ചിന്തിക്കുന്ന ചിറകുകൾ കിട്ടിയാൽ എത്ര നന്നായിരുന്നു! നമ്മുടെയെല്ലാം ജീവിതത്തിൽ മഹാപ്രതിസന്ധി കളുടെ നടുവിൽ നാം ചെയ്യുന്ന പ്രാർത്ഥനയാണിത്. ഗാന്ധിജിയെ, ഗുരുവിനെ, നാം കൊന്നിരിക്കുന്നു. പ്രവാചകഹത്യയാണ് ഇത് 'vaticide' എന്ന് ഇംഗ്ലീഷിൽ. ലളിത ജീവിതം വേണമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യൻ അമ്പാസഡർമാരെപ്പോലെ ധാരാളിത്തം കാട്ടുന്ന നയതന്ത്ര പ്രതിനിധികൾ ലോകത്തിൽ ഒരിടത്തും കാണാൻ കഴിയില്ല. എന്തിന് അമ്പാസഡർമാരെ പഴി പറയുന്നു? ഇവിടെ ഏതു ഗവൺമെന്റാഫീസുണ്ട് ധൂർത്ത് നടത്താതെ? കൈക്കൂലിയില്ലാതെ? ഇന്ത്യ ദരിദ്രവും ഇന്ത്യ ഭരിക്കുന്നവർ മഹാപ്രഭുക്കളും ആയത് ഇതുവഴിയാണ്. ഇന്ത്യയിൽ ഇതുപോലെ സ്വാതന്ത്ര്യത്തിനുശേഷം നടന്ന അവിശ്വസനീയങ്ങളായ വൈപരീത്യങ്ങൾക്ക് കണക്കില്ല. ഇവിടെ കളിക്കാരും മാനേ ജർമാരും സമ്പന്നർ, വിദ്യാഭ്യാസം അതി ദരിദ്രം. ഇവിടെ ആദർശ പ്രഖ്യാപനങ്ങൾക്ക് അവസാനമില്ല. ആദർശ പ്രവർത്തനങ്ങൾക്ക് ആരംഭവും ഇല്ല. ഗാന്ധിജിയുടെ വധമാണിതെല്ലാം. ഗാന്ധിജി മരിച്ചതിൽ (വധിക്കപ്പെട്ടതിൽ) നാം അതിരുവിട്ട് ദുഃഖിക്കേണ്ടതില്ല. മരണം എന്നും കൂടെയുള്ളതാണ്. – 'നിത്യം സന്നിഹിതോ മൃത്യു' എന്ന് രാമായണത്തിലോ മറ്റോ പറയുന്നുണ്ട്.

ജനിച്ചാൽ ഒരു തീർച്ചയേയുള്ളു. അത് മരണത്തിന്റെ തീർച്ചയാണ്. ഗാന്ധിജിക്ക് ഇത് ആരേക്കാളും നന്നായി അറിയാമായിരുന്നു. രാമചരിത മാനസവും ഗീതയും അദ്ദേഹത്തിന്റെ തീർത്ഥങ്ങളായിരുന്നു. തന്റെ ആദർശങ്ങളെ ചുട്ടുചാമ്പലാക്കിയവർ തന്റെ ചരമത്തിൽ ദുഃഖിക്കുന്നുവെന്നറിഞ്ഞാൽ പല്ലില്ലാത്ത ചിരി ഉടനെ പൊട്ടിപ്പുറപ്പെടാതിരിക്കുകയില്ല. അദ്ദേഹത്തിന്റെ ശവശരീരം സൈനിക വാഹനത്തിൽ കൊണ്ടുപോയി സൈനിക ബഹുമതികളോടെ അദ്ദേഹത്തിന്റെ അടുത്ത അന്തേവാസികൾ സംസ്കരിച്ചു. അദ്ദേഹത്തിന്റെ സമൃതികുടീരത്തിന് 'രാജ്ഘട്ട്' എന്ന പേരിട്ടു. ഗാന്ധിജി പുറത്ത് വരുമെന്ന് നാം ഭയപ്പെട്ടിരുന്ന ഒരു സമയമായിരുന്നു അത്. ഗാന്ധിജിയായതിനാൽ, 'നീയോ, ബ്രൂട്ടസ്സേ?' എന്ന് അവരോട് ചോദിച്ചില്ല. സ്വാതന്ത്ര്യപ്പിറ്റേന്ന് നടന്ന നാടകം എല്ലാ പിറ്റേന്നും കളിച്ചു, സ്റ്റേജ് കീഴടക്കി നടന്നുകൊണ്ടിരുന്നു. നമ്മൾ ഒരു ഊർദ്ധ്വലോകം പിടിച്ചടക്കിയത് മഹാസ്വപ്നങ്ങളുടെ സഹായത്തോടെയായിരുന്നു. ഡോക്ടർ രാധാകൃഷ്ണൻ ഒരിക്കൽ പറഞ്ഞു, സ്വപ്നങ്ങളില്ലാത്ത രാഷ്ട്രം മരിച്ച രാഷ്ട്രമാണ് എന്ന്. ഗാന്ധിജി പറഞ്ഞു, ചാണകക്കൂനകളിൽ കഴിയുന്ന പാവപ്പെട്ടവരെ ഭൂമിയിലെ സ്വർഗ്ഗത്തിലേക്കുയർത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. അത് ഒരേ സമയം പ്രാർത്ഥനയും ഭാവനയും പ്രതിജ്ഞയും ആയിരുന്നു. നമുക്കിന്ന് സ്വപ്നങ്ങൾ നഷ്ടപ്പെട്ടു പോയി. ഉറക്കവുമില്ല, സ്വപ്നവുമില്ല. വല്ല സ്വപ്നങ്ങളുമുണ്ടെങ്കിൽ അത് സ്വന്തം കുടുംബത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ മാത്രം. അത്യാഗ്രഹമാണ് ഇവിടെ സ്വപ്നം, സത്യാഗ്രഹം അല്ല. കുടുംബ മെന്നത് രാഷ്ട്രമായി മാറുമ്പോൾ രാഷ്ട്രത്തിന് അർത്ഥമില്ലാതെ വരുന്നു. പഴയ വീരകഥകളൊക്കെ ചെവികൊണ്ട് കേൾക്കാൻ കഴിഞ്ഞില്ലെങ്കിലും ആത്മാവുകൊണ്ട് കേട്ട വള്ളത്തോൾ 'എന്റെ ഗുരുനാഥൻ' എന്ന കവിതയെഴുതി. ലോകമേ തറവാട് എന്നത് ഗാന്ധിജിക്ക് ശേഷം വന്നവർ മറക്കില്ല എന്ന് മഹാകവി വിചാരിച്ചു.

എന്നാൽ, പിന്നീട് എല്ലാ സങ്കൽപ്പങ്ങളും വ്യക്തിയിലേക്ക് ചുരുങ്ങി. രാഷ്ട്രമെന്നത് കുടുംബമെന്നതിലേക്ക് സങ്കോചിച്ചു.

ഗാന്ധിജി ഒഴികെ മറ്റെല്ലാ നേതാക്കളും ഇന്ത്യയെ കുടുംബമാക്കി ചുരുക്കി, ഗാന്ധിജിക്ക് ഭാര്യയുണ്ടായിരുന്നു; കുടുംബമുണ്ടാ യിരുന്നു. കുട്ടികൾ ഗാന്ധിജിയെ അച്ഛൻ എന്നു വിളിക്കുകയും ചെയ്തിരുന്നു. ഗാന്ധിജി അവർക്കു വേണ്ടി ഒന്നും ചെയ്തില്ലേ? അവർ അവരുടെ രീതിയിൽ പോകട്ടെ എന്ന സ്വാതന്ത്ര്യം അവർക്ക് കൊടുത്തു. അദ്ദേഹത്തിന്റെ ഒരു മകൻ ഇസ്ലാം മതം സ്വീകരിച്ചു. ഗാന്ധിജി പറഞ്ഞു: 'മോനേ, ഇസ്ലാമിനെ ശരിക്ക് മനസ്സിലാക്കിയിട്ടാണ് ഇത് ചെയ്യുന്നതെങ്കിൽ നല്ലത്. എന്നോടുള്ള വിരോധം കൊണ്ടാണെങ്കിൽ നീ പശ്ചാത്തപിക്കേണ്ടി വരും'. പറഞ്ഞതു പോലെ പശ്ചാത്തപിക്കുകയും ചെയ്തു. വലിയൊരു കുടുംബക്ഷേമപദ്ധതിയാണ് ഇന്നത്തെ രാഷ്ട്രീയം. തിരഞ്ഞെടുപ്പുകളിൽ അച്ഛന്റെ പിന്നിൽ മോനും മോളും കയറിവരുന്നു; ഭർത്താവിന്റെ പിറകെ ഭാര്യ തലയുയർത്തി വരുന്നു. കഥയിലെ കഴുതയേ കൂടെയില്ലാതെയുള്ളൂ! കസേരയിലി രിക്കാനുള്ള അധികാര പത്രത്തിനുവേണ്ടിയാണിതെല്ലാം. ഗാന്ധിജി കുടുംബത്തിനു വേണ്ടി ഒന്നും ചെയ്തില്ലെന്ന് പറഞ്ഞ ആളുകൾ അദ്ദേഹത്തെ തിരിഞ്ഞെതിർക്കുന്ന കാലം വന്നു. എന്നിട്ടു നാം വിചാരിക്കുന്നു, മറ്റ് ആരോ ആണ് വധിച്ചത് !

മഹാത്മാവിനെഓർക്കുന്ന രീതിയിൽ നിന്നു തന്നെ, അത് ആർക്കാനോ വേണ്ടിയുള്ള ഓക്കാനമാണെന്ന് മനസ്സിലാക്കാം. അമ്പത് കൊല്ലം കഴിഞ്ഞില്ലേ ഈ വഷളായ അഭിനയം നാം കണ്ടു തുടങ്ങിയിട്ട്? ഔദ്യോഗികമായ ഒരു ചടങ്ങാണ് ഇന്ന് ഗാന്ധിജയന്തിയും ചരമദിനവും. പലരും ഈ ദിനങ്ങൾ വരാൻ ആഗ്രഹിക്കുന്നത് ഗാന്ധിജിയെ സ്മരിക്കാമല്ലോ എന്ന് കരുതിയല്ല. രണ്ട് ഒഴിവ് ദിനങ്ങൾ കിട്ടുമല്ലോ എന്ന സന്തോഷം ഉള്ളിൽ വെച്ചുകൊണ്ടാണ്. ഒഴിവ് ഗാന്ധിജിക്കും ദിനം നമുക്കുമായി നാം പകത്തുവയ്ക്കുന്നു. മന്ത്രിമാർ ദൂരദർശനുവേണ്ടി ഗാന്ധിജിയെ ഓർക്കുന്നു. ഗാന്ധിപ്രസ്ഥാനങ്ങൾപോലും ജീവൻ ക്ഷയിച്ചതുപോ ലെയാണ് ഇന്നത്തെ പ്രവർത്തനം. ഗാന്ധിജിയുടെ കർമ്മവീര്യവും ധൈര്യവും സാഹസികതയും അനീതിയോട് ദാക്ഷിണ്യമില്ലാത്ത എതിർപ്പും ഉള്ള അനുയായികൾ കുറവാണ്. ഖണ്ഡഗാന്ധിമാരാണ് ഇന്ന് ആദരിക്കപ്പെടുന്നത്. പൂർണ്ണഗാന്ധി രാജ്ഘട്ടിൽ തണുത്തുമരവിച്ചു കിടക്കുന്നു. ഗാന്ധിജിയുടെ ഓർമ്മയ്ക്കുവേണ്ടി വിദേശരാഷ്ട്രത്തലവന്മാരും വിനോദയാത്ര ചെയ്യുന്ന വിദ്യാർത്ഥികളും യുവാക്കളും രാജ്ഘട്ടിലേക്കാണ് തിരിക്കുന്നത്. രാജാവിനെതിരെ യുദ്ധം ചെയ്ത് നീണ്ടകാലം ജയിലിൽ കിടന്ന മനുഷ്യനെ രാജ്ഘട്ടിൽ പ്രതിഷ്ഠിച്ച നാം അദ്ദേഹത്തെ മരണത്തിനു ശേഷവും തുറങ്കിലടയ്ക്കുകയല്ലേ? വിദേശങ്ങളിലാണ് ഗാന്ധിജി ജീവിക്കുന്നതെന്ന് തോന്നും. ആഫ്രിക്കയിൽ, അമേരിക്കയിൽ. നെൽസൺ മണ്ടേല, വധിക്കപ്പെട്ട മാർട്ടിൻ ലൂഥർകിങ് എന്നിവർ ഗാന്ധിജിയുടെ വഴി പിന്തുടർന്നു. നമ്മൾ ഗാന്ധിഭക്തി പ്ര കടി പ്പിക്കുന്നു. നമുക്കെല്ലാം പ്രകടനമായിപ്പോയി. ഗാന്ധിജി ഇപ്പോഴും ശക്തനാണെന്ന് കരുതുന്നത് ആർ.എസ്സ്.എസ്സ്. ആണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണല്ലോ,

അവർ അദ്ദേഹത്തെ എപ്പോഴും എതിർത്തു കൊണ്ടിരിക്കുന്നത്! ഞാൻ കോടതിയെക്കുറിച്ചല്ല. ഞാൻ നാടിനെക്കുറിച്ച് ചിന്തിക്കുകയാണ്. ഗോഡ്സെയുടെ അജ്ഞതകൊണ്ടാണ് അയാൾ ഗാന്ധിയെ വധിച്ചത്. ഇനിയും വധിക്കപ്പെടാൻ വേണ്ടി ഗാന്ധിജി നമ്മുടെ ഹൃദയങ്ങളിൽ അർദ്ധപ്രാണനായി ജീവിക്കുന്നു. ഗാന്ധിജിയെ വധിക്കാനാവില്ല എന്ന്, വീണ്ടും വീണ്ടും ഗാന്ധിജി വധിക്കപ്പെടുമ്പോൾ, ലോകം മനസ്സിലാക്കിത്തുടങ്ങുന്നു. സ്വർഗ്ഗത്തിൽ മാർട്ടിൻ ലൂഥർ കിംങ് എത്തിയപ്പോൾ ഗാന്ധിജി ഇങ്ങനെ പറഞ്ഞുവത്രേ: ശരീരത്തെ നശിപ്പിച്ചാൽ ആൾ മരിക്കുമെന്ന് ഇവർ ഇപ്പോഴും വിശ്വസിക്കുന്നുണ്ടോ?

ഏതോ ഒരു കർത്തവ്യഭ്രമത്തിന്റെ പേരിൽ, മസ്തിഷ്കത്തിന്റെ ജ്വരബാധിതമായ ഏതോ ഭീകര മുഹൂർത്തത്തിൽ ഗോഡ്സെയ്ക്ക് ഈ വിധം ചെയ്യേണ്ടിവന്നതാകാം. യുഗങ്ങൾ നീണ്ടുനിൽക്കുന്ന പ്രാർത്ഥനയുടെ ഫലമായിപ്പോലും ഇനി നമുക്ക് കിട്ടാനിടയില്ലാത്ത ഒരു മഹാനെയാണ് താൻ വകവരുത്തുവാൻ പോകുന്നതെന്ന് അയാൾക്ക് എങ്ങനെയോ അറിയാമായിരുന്നുവെന്ന് തോന്നുന്നു. അതുകൊണ്ടായിരിക്കാം അയാളുടെ കൈ കൂമ്പിപ്പോയത്. യഥാർത്ഥത്തിൽ നമ്മളെല്ലാവരും കുറ്റവാളികളാണ്. ഇപ്പോഴും കുറ്റവാളികളായി തുടരുന്നു. സത്യസന്ധമായ ഒരു കുമ്പസാരം നടത്താതെ ഈ രാജ്യത്തെ തകർച്ചയിൽനിന്ന് രക്ഷിക്കാനാവില്ല എന്ന് ഓരോ വ്യക്തിയും ധരിച്ചിട്ടില്ലെങ്കിൽ കഷ്ടമാണ്.

എന്താണ് ഇന്ത്യയുടെ സവിശേഷത? ഈ നാട് മരിക്കുന്നില്ല. നമ്മുടെ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടും ഇന്ത്യ മരിക്കുന്നില്ല. ഇത് ഈ രാജ്യത്തിന്റെ സവിശേഷമായ മഹിമയാണ്. ഇന്ന് പിരമിഡ് ഉണ്ട്; ഈജിപ്തും ഉണ്ട്. എന്നാൽ പിരമിഡ് ഉണ്ടാക്കിയ ഈജിപ്ത് ഇല്ല. പൗരസ്ത്യദേശങ്ങളിലെ പ്രാചീന സംസ്കാരങ്ങളെയെല്ലാം ഒന്നിച്ച് പഠിച്ചെഴുതിയ പുസ്തകമാണ് വിൽ ഡ്യൂറന്റിന്റെ പൗരസ്ത്യ പൈതൃകം (Our Oriental Heritage) അതിൽ വിവരിച്ചിരിക്കുന്നത് മെസൊപ്പൊട്ടേമിയ, ബാബിലോൺ ചൈനീസ്, പേർഷ്യൻ, ഭാരതീയം മുതലായ സംസ്കാരങ്ങളാണ്. എല്ലാം മരിച്ച സംസ്കാരങ്ങൾ– ഒന്നൊഴികെ. ആ ഒന്നാണ് ഈ നാടിന്റെ സംസ്കാരം. ഏകം സത്, തത്വമസി എന്നെല്ലാമുള്ള വാക്കുകൾ ഇന്നും ഇവിടെ മുഴങ്ങുന്നു. ജനങ്ങളെപ്പറ്റി എന്തെല്ലാം പറഞ്ഞാലും, ഏതോ ഉപബോധത്തിൽ അവയുടെ അർത്ഥത്തിന്റെ ഏതോ ഒരംശം അവരുടെ ഹൃദയത്തിൽ പരിമളം പരത്തി നിൽപ്പുണ്ട്. ഞാൻ എഴുതിയ പുസ്തകങ്ങളിൽവെച്ച് ഇന്നും നന്നായി പ്രചരിക്കുന്ന പുസ്തകം തത്വമസി ആണ്. ഈ നീണ്ട പ്രചാരത്തിന്റെ ഒരു കാരണം ആ സ്പന്ദനശക്തിയുള്ള വാക്കുതന്നെയാണ് എന്നാണ് എന്റെ തോന്നൽ. ഗാന്ധിജിയുടെ അഹിംസ എന്ന വാക്കുതന്നെ നോക്കുക. മറ്റു നേതാക്കൾ ഏറ്റവും പുതിയ പേരു കണ്ടു പിടിച്ചുപയോഗിക്കുമ്പോൾ ഗാന്ധിജിയുടെ ഇഷ്ടം ഏറ്റവും പഴയ വാക്കുകളോടാണ്. ഒരുകാലത്ത് ഇതിന്റെ പേരിൽ അദ്ദേഹത്തെ നവീനവാദികൾ പറയാത്ത പഴിയൊന്നും ബാക്കിയില്ല. മഹാഭാരതത്തിൽ അഹിംസ പരമമായ ധർമ്മമാണെന്ന് പറഞ്ഞിട്ടുണ്ട്. യോഗ ശാസ്ത്രകാരൻ പറഞ്ഞിട്ടുണ്ട്, ബുദ്ധൻ പറഞ്ഞിട്ടുണ്ട്, ആ വാക്ക് മതി ഗാന്ധിജിക്കും! ഹരിജൻ, സ്വരാജ്യം എന്നെല്ലാമുള്ള വാക്കുകളെയും പരിശോധിക്കാം. ഇന്ത്യയിലെ നിരക്ഷരരും നിർധനരും ആയ പതിതകോടികളുടെ ഹൃദയത്തിലേക്ക് പൊടുന്നനെ ഗാന്ധിജി പ്രവേശനം നേടിയത് ഈ മാന്ത്രിക പദങ്ങൾ ഉച്ചരിച്ചതുമൂലമാണ്. ഇന്ത്യയുടെ ഹൃദയം തുറന്ന താക്കോലുകളാണ് ഇവ. ഈ വാക്കുകൾക്കൊന്നിനും ഹൈന്ദവത്വം എന്ന മാതാത്മകമായ വിഭാഗീയത ഇല്ല. സാർവ്വജനീനമായ ചിന്തയുടെ പദങ്ങളാണ് അവ. ഇന്ത്യ മരിക്കാതിരിക്കുന്നത് ആ സാർവ്വജനീനതമൂലമാണ്. ഗ്രീസിനെകുറിച്ച് എഴുതുമ്പോൾ ബൈറൻ ആ രാജ്യത്തിന്റെ ഇന്നത്തെ സമ്പൂർണ്ണമായ അന്തർധാനത്തെപ്പറ്റി വിലപിക്കുന്നുണ്ട് അവിടെ അന്നത്തെ സൂര്യനൊഴികെ മറ്റെല്ലാം അസ്തമിച്ചു എന്ന്. ഇവിടെ ഗാന്ധിജി സംസ്കാരത്തിന്റെ അസ്തമയത്തെയല്ല, പുനരുദയത്തെയാണ് കുറിക്കുന്നത്. ഇന്ത്യയുടെ പുരാതന വിഭൂതികളുടെ ബാക്കിയായി, അന്നത്തെ സൂര്യനെപ്പോലെ, നമുക്ക് ഒരു ഗാന്ധിജി ഉണ്ടായി. അതുകൊണ്ട് തന്നെ, ഇപ്പോൾ നാം കാണുന്ന മഹാന്ധകാരത്തിന്റെ ഈ ഭ്രമണം മാറി ഇന്നല്ലെങ്കിൽ നാളെ ഒരു പ്രകാശഗോളത്തിനുനേരേ മുഖം തിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ കുട്ടികൾ അത്ഭുതകരമായ ശക്തിവിശേഷത്തോടെ പുതിയ ഭാരതത്തെ സൃഷ്ടിച്ചു എന്നു വന്നേക്കാം. അറിയുന്നതുതന്നെ പരിഹാരമാണ്. അറിയണമെന്ന് ആരും ആഗ്രഹിക്കുന്നില്ല. അതാണ് നമ്മുടെ ക്ഷീണം.

സ്വാതന്ത്ര്യത്തിന്റെ രഹസ്യമായി ടാഗോർ, ഗീതാഞ്ജലിയുടെ കാലത്തുതന്നെ, ഒരു സത്യം കണ്ടെത്തിയിരുന്നു– സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിൽ വാക്ക് സത്യത്തിന്റെ ആഴത്തിൽ നിന്നാണ് വരിക എന്നും അവിടെ മനസ്സ് ഒരു വികസ്വരമായ മണ്ഡലത്തിലേക്ക് പുരോഗമിച്ചു കൊണ്ടേയിരിക്കുമെന്നും. ഗാന്ധിജിയുടെ ചിന്ത തന്നെ. നമ്മൾ വാക്ക്, അർത്ഥം പോയവാക്ക് പറഞ്ഞ് അനർത്ഥം പ്രാപിച്ചവരാണ്. ജനാധിപത്യം എന്ന് കേൾക്കുമ്പോൾ നാം വിധാൻ സൗധങ്ങളെ ഓർക്കുന്നു. അമ്പതുകൊല്ലം വേണ്ടിവന്നു പഞ്ചായത്തിന് അധികാരം കൊടുക്കാൻ എന്നതും ഓർക്കുന്നില്ല. കൊല്ലത്തിൽ ഈരണ്ടായി എണ്ണമേറിവരുന്ന സർവ്വകലാശാലകളാണ് വിദ്യാഭ്യാസത്തിന്റെ പുരോഗതിയുടെ മാനദണ്ഡമായി രാഷ്ട്രീയ കക്ഷികൾ ധരിച്ചുവെച്ചിരിക്കുന്നത്. പരീക്ഷ നടന്ന് ഫലപ്രഖ്യാപനം കോമാളിത്തരമാക്കുന്നതും ബിരുദധാരികൾ ജോലിയില്ലാതെ തെണ്ടുന്നതും ഉയർന്ന സ്ഥാനങ്ങളിലെ അഴിമതിക്കഥകളും ആരും ചിന്തിക്കുന്നില്ല. ആരോഗ്യം എന്നു പറഞ്ഞാൽ നാം പുതിയ ഹോസ്പിറ്റലുകളെ മനസ്സിൽ കാണുന്നു.

മരുന്നില്ലാതെ രോഗികൾ കഷ്ടപ്പെടുന്നതും കോഴ കൊടുക്കാനാവാതെ രോഗി ബഹിഷ്കൃതനാകുന്നതും ചികിത്സിക്കേണ്ട ഡോക്ടർ ശുശ്രൂഷ ലഭിക്കേണ്ട രോഗിയെ തല്ലി അവശനാക്കി മറ്റൊരു വാർഡിൽ ശുശ്രൂഷക്കായി എത്തിക്കുന്നതും നമ്മുടെ സ്മരണയിൽ കയറുന്നില്ല. മതൈക്യം എന്നുവെച്ചാൽ നമ്മുടെ സമ്മേളനത്തിൽ പല മതങ്ങളുടെ പ്രതിനിധികൾ അതാതു മതത്തെപ്പറ്റി സ്വാഭിമാനം പ്രസംഗിച്ച് മംഗളം പാടലാണെന്നാണ് ജനങ്ങളുടെ ധാരണ.

*With Best Compliments from*





***Mathew Alexander and Family***
Prenton, Birkenhead

Proud members of lima family...

ഡൽഹിയിൽ ജുമാമസ്ജിദ് ശ്രദ്ധാനന്ദനെ പ്രഭാഷണത്തിന് ക്ഷണിച്ച കാലത്താണ് വാക്കിനും സത്യത്തിനും ബന്ധമുണ്ടായിരുന്നത്. ആ കാലം ഇനി വരില്ലേ?

സ്വാതന്ത്ര്യം കിട്ടിയതു കൊണ്ടാണോ വരാത്തത്? ഉന്നതനായ പോലീസ് ഓഫീസറായി ഒറീസ്സയിലും മറ്റും ജോലി നോക്കിയ ശ്രീ. എസ്. കെ. ഘോഷ് ഇവിടുത്തെ രാഷ്ട്രീയത്തിലുള്ള മാഫിയാ ശക്തികളെപ്പറ്റി പല ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ചിലതിൽ അദ്ദേഹം ഇന്ത്യയിലെ ക്രിമിനൽ ഗുണ്ടകളായ രാഷ്ട്രീയ നേതാക്കന്മാരെ പേരെണ്ണി പറഞ്ഞിരിക്കുന്നു. ബലാൽസംഗക്കേസിൽ പ്രതിയായ ആൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിച്ച കാര്യം അതിലുണ്ട്. അയാൾ നിയമനിർമ്മാണസഭയിൽ പോയാൽ ആദ്യം ചെയ്യുന്ന പ്രസംഗം ബലാൽസംഗത്തിനെതിരെയായിരിക്കും എന്ന് വിചാരിക്കാം. ആ പുസ്തകം വായിച്ചാൽ രക്തം കട്ട പിടിച്ചു പോകും. തെറ്റിൽ നിന്ന് കുറ്റത്തിലേക്കും കുറ്റത്തിൽ നിന്ന് നാശത്തിലേക്കും ആണ് പോക്ക്.

ഇതാണോ നവഭാരതം?. എസ്. കെ. ഘോഷിനെപ്പോലുള്ള ആളുകൾ ഇനിയും സത്യം തുറന്നു പറയണമെങ്കിൽ ജനങ്ങൾ ജാഗരൂകരായിരിക്കണം. അദ്ദേഹം പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഒരു സംഭവം മാത്രം ഞാൻ പറയാം. ബോംബേയിലെ കള്ളക്കടത്തു സംഘത്തിലെ ഒരു വലിയ നേതാവായ ബാബു റഷീദും ഒരു പോലീസുകാരനും 1984 മാർച്ചിൽ ബോംബേയിലെ ഒരു ഏറ്റുമുട്ടലിൽ മരിച്ചു. അന്നു വൈകിട്ട് അധോലോക നായകന്റെ അനുശോചന സമ്മേളനം നടക്കുമ്പോൾ ബോംബേ കോർപ്പറേഷനിലെ കോൺഗ്രസ്സ് നേതാക്കൾ കണ്ണീരൊഴുക്കിക്കൊണ്ട് അതിൽ പങ്കെടുത്തുവത്രെ. മരിച്ചുപോയ പോലീസുകാരന്റെ മൃതദേഹത്തിനരികിൽ നാലു പോലീസുകാരും വിധവയും കുട്ടികളും മാത്രമാണ് ഉണ്ടായിരുന്നത്. ഭാരതത്തിൽ ഇന്ന് അധോലോകവും ഊർധ്വലോകവും തമ്മിൽ പ്രണയബന്ധത്തിൽ, അഥവാ അധോലോകമേയുള്ളൂ മറ്റേ ലോകം ഊർധ്വഗതി പ്രാപിച്ചു. ഇന്ത്യയുടെ ചെങ്കോലും വെൺകൊറ്റക്കുടയും രണ്ടും ഇവരുടെ പക്കലാണ്. അധോലോകഭാരതവും അവർ നിയന്ത്രിക്കുന്ന ഭരണഭാരതവും മാറ്റിയാൽ മൂന്നാമതൊരു ഭാരതമുണ്ട്– അഥവാ ഉണ്ടായിരുന്നു, ആദ്ധ്യാത്മിക ചൈതന്യം സ്ഫുരിക്കുന്ന സംസ്കാരഭാരതം. വർത്തമാനഭാരതത്തിന്റെ നേതൃത്വം അധോലോകത്തിന്റെ കൈയിൽ നിന്നും പിടിച്ചെടുക്കുക. അതാണ് പുതിയ സ്വാതന്ത്ര്യ സമരത്തിന്റെ സ്വരൂപം. നമ്മുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെ വരിഞ്ഞു മുറുക്കിയിരിക്കുന്ന പിശാചിന്റെ കൈകളുടെ ബന്ധനത്തിൽ നിന്ന് മുക്തി നേടാൻ അതാണു വഴി. ആ കൂട്ടുകെട്ട് വെട്ടിമുറിക്കുവാൻ മൂന്നാമത് പറഞ്ഞ ഭാരതവും ഇനിയും ഉത്ഖനനം ചെയ്യേണ്ടിയിരിക്കുന്ന പുരാതനഭാരതവും നാം ധീരമാർഗ്ഗങ്ങളിലൂടെ സംയോജിപ്പിച്ച് സാക്ഷാത്കരിക്കാതെ പറ്റില്ല. നിങ്ങളുടെ മനസ്സിന്റെ ആഴങ്ങളിലുള്ള ഒരു അണിമ ഞാൻ പറഞ്ഞ വാക്കുകളിൽ പ്രതിബിംബിച്ച ഒരു ചെറിയ മഹിമയുമായി ചേരുമ്പോൾ നാം ഏതോ ഒരു ആകസ്മിക ശോഭയിൽ എല്ലാ വിരോധങ്ങളും പക്ഷപാതങ്ങളും മറന്നുയരുന്നതായി അനുഭവപ്പെടുന്നു. ആ നിമിഷശോഭയെ നമുക്ക് ശാശ്വതമാക്കാൻ കഴിയില്ലെന്നുണ്ടോ? ക്ഷേത്രത്തിൽ പോയി ആയിരം തവണ ഭജിച്ചാലും കാര്യമില്ല. ദൈവത്തെ ഹൃദിസ്ഥമാക്കണം. അതിന് തടസ്സമുണ്ടാക്കുന്ന പിശാചിന്റെ കൈ വെട്ടിമാറ്റണം. സ്വാതന്ത്ര്യപ്പിറ്റേന്ന് സൃഷ്ടിക്കുവാൻ, ചുറ്റുമുള്ള ഈ ചിന്തകൾ കൈയുയർത്തി നമ്മുടെ ലോകത്തിന്റെ അതിർത്തികൾ വലുതാക്കുവാൻ ഉദ്യമിച്ചേ പറ്റൂ.



# X-LIMA OFFICIALS


## 2011 - 2022

### 2011 - 2012



| Tijo Thomas | Sebastian Joseph | Sebastian Joseph |
|---|---|---|
| President | Secretary | Treasurer |

### 2012 - 2013



| Shaju Uthup | Jose Mathew | Sebastian Joseph |
|---|---|---|
| President | Secretary | Treasurer |

### 2013 - 2014




| Joy Augusty | Shaju Uthup | Sebastian Joseph |
|---|---|---|
| President | Secretary | Treasurer |

### 2014 - 2015




| Shaju Uthup | Dinoop George | Sebastian Joseph |
|---|---|---|
| President | Secretary | Treasurer |

### 2015 - 2016




| Shaju Uthup | Joy Augusty | Sebastian Joseph |
|---|---|---|
| President | Secretary | Treasurer |

### 2016 - 2017



| Jophy Jose | Mathew Alexander | Jose Mathew |
|---|---|---|
| President | Secretary | Treasurer |

### 2017 - 2018



| Harikumar Gopalan | Sebastian Joseph | Jose Mathew |
|---|---|---|
| President | Secretary | Treasurer |

### 2018 - 2019



| Tom Jose | Biju George | Binu Varkey |
|---|---|---|
| President | Secretary | Treasurer |

### 2019 - 2020



| E J Kuriakose | Eldhos Sunny | Binu Varkey |
|---|---|---|
| President | Secretary | Treasurer |

### 2020 - 2021



| Sabu John | Binu Varkey | Joshy Joseph |
|---|---|---|
| President | Secretary | Treasurer |

### 2021 - 2022



| Sebastian Joseph | Sojan Thomas | Jose Mathew |
|---|---|---|
| President | Secretary | Treasurer |



# ലിമ - തിരയടങ്ങാത്ത കർമ്മനിരതയുടെ രണ്ട് പതിറ്റാണ്ട്,

REPORT

Sojan Thomas
Secretary - LIMA

മേഴ്സി നദിയുടെ ഇരുകരകളിലുള്ള ലിവർപൂളിലും വിറാളിലും ഒറ്റയ്ക്കും പെട്ടയ്ക്കുമായി മലയാളി കുടിയേറിത്തുടങ്ങിയത് 1990-കളിലാണ്.

രണ്ടായിരാമാണ്ടിന്റെ ആദ്യ പകുതിയോടെ കൂട്ടത്തോടെ ഇങ്ങോട്ടെത്തിതുടങ്ങിയ മലയാളിക്കുടിയേറ്റം ഇന്നും അനസ്യൂതം തുടരുകയാണ്. തികച്ചും വിഭിന്നമായ മറ്റൊരു ഭൂഖണ്ഡത്തിലേക്ക്, സംസ്കാരത്തിലേക്ക്, പ്രകൃതിയിലേക്ക്, കാലവസ്ഥയിലേക്ക് പറിച്ചു നടപ്പെട്ട പ്രവാസിയുടെ കഠിനമായ ജീവിത വഴികളിൽ അവരുടെ കിതപ്പിലും കുതിപ്പിലും തണലാകുവാൻ ഒരു മലയാളി കൂട്ടായ്മ എന്ന തീവ്രമായ ആഗ്രഹത്തിന്റെ സാഫല്യമാണ് ലിവർപൂൾ മലയാളി അസോസിയേഷൻ.
2020 സെപ്റ്റംബർ 15ന് Old Swan St Brendan ചർച്ച് ഹാളിലാണ് വടക്കു-പടിഞ്ഞാറൻ ഇംഗ്ലണ്ടിലെതന്നെ ആദ്യത്തെ മലയാളി കൂട്ടായ്മയായ ലിമയ്ക്ക് (ലിവർപൂൾ മലയാളി അസോസിയേഷൻ) തിരിതെളിഞ്ഞത് .

2000 ഒക്ടോബർ 15ന് ലിവർപൂൾ സെൻറ് സിസിലിയാസ് ഹാളിൽ വച്ച് ലിമ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു.

**സ്ഥാപക പ്രസിഡായി ശ്രീ. സാബു മുളയാനിക്കുന്നേലും സെക്രട്ടറിയായി ശ്രീ. ബിനു ജേക്കബ് തുരുത്തിയിലും സ്ഥാനമേറ്റെടുത്ത് പ്രവർത്തനങ്ങൾക്ക് നാന്ദി കുറിച്ചു. പിന്നീട് 2008 ആഗസ്റ്റ് 21-ാം തീയതി നടന്ന പൊതുയോഗത്തിൽ വാർഷിക തെരഞ്ഞെടുപ്പ് നടത്തപ്പെടുകയും ഭരണഘടന ഭേദഗതി ചെയ്യുകയും ചെയ്തു. ഇതോടെ ശ്രീമതി ലിസ്റീഡിന്റെ (Liverpool Chartiy Volutnry Commission (LCVC) മേൽനോട്ടത്തിൽ ലിമ Chartiy Organization എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചു.**

**കഴിഞ്ഞ രണ്ട് ദശാബ്ദത്തിൽ ഏറെയായി മേഴ്‌സി സൈഡിലെ മലയാളിയുടെ സാമൂഹ്യ സാംസ്കാരിക ജീവിതത്തിന്റെ നേർക്കാഴ്ചയും പരിച്ഛേദവുമായി മാറിയ ലിമ പിന്നീടിങ്ങോട്ട് ലിവർപൂളിലെയും യു.കെയിലെയും മാത്രമല്ല ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള സമാന സംഘടനകൾക്ക് മാതൃകയും മാർഗനിർദ്ദേശകവുമായി.**

## കലാ സാംസ്കാരിക പ്രവർത്തനങ്ങളിലെ അഗ്രഗാമി

**മേഴ്‌സി സൈഡിലെ മലയാളികൾക്കിടയിൽ കലാപരവും സാംസ്കാരികപരവുമായ പരിപാടികൾക്ക് തുടക്കം കുറിച്ചത് ലിമയാണ്. ലിവർപൂളിൽ ആദ്യമായി ഒരു മലയാളം സിനിമ പ്രദർശിപ്പിച്ചതും ലിമയുടെ ആഭിമുഖ്യത്തിലാണ്. അത്രയും നാൾ മലയാളികൾ വീഡിയോ കാസറ്റുകളിലും ടി.വി പരിപാടികളിലും മാത്രം കണ്ടുവന്നിരുന്ന ഒരു മുഴുനീള സ്റ്റേജ് പ്രോഗ്രാം കേരളത്തിൽ നിന്നുള്ള കലാകാരന്മാരെ ഉൾപ്പെടുത്തി ആദ്യമായി അവതരിപ്പിച്ചത് ലിമയാണ്. കേരളത്തിൽ മാത്രമല്ല ലോകമാകെത്തന്നെ ആരാധകരുള്ള കലാഭവൻ കെ എസ് പ്രസാദിന്റെ നേതൃത്വത്തിലുള്ള കൊച്ചിൻ ഗിന്നസ് ആണ് ലിമയുടെ ആഭിമുഖ്യത്തിൽ ആദ്യമായി ലിവർപൂളിൽ ഒരു പ്രോഗ്രാം അവതരിപ്പിച്ചത്. പിന്നീട് കഴിഞ്ഞ 22 വർഷത്തിലേറെയായി നിരവധി കലാകാരന്മാർ ലിമയുടെ ബാനറിൽ എത്തി. പ്രശസ്ത സിനിമ താരം സുകന്യ, കലാഭവൻ അബി, സാജ് പാലക്കാട്, ഒടിയൻ ലാൽ, ബിജു നാരായണൻ, രാജാ സാഹിബ്, കലാഭവൻ സന്തോഷ്, കലാഭവൻ സ്മിത, കലാഭവൻ ദിലീപ് എന്നിവർ ലിമയുടെ ആതിഥേയത്തിൽ മേഴ്‌സി സൈഡിൽ എത്തുകയും ഇവിടുത്തെ മലയാളികൾ അവരുടെ കലാവിരുന്നുകൾ ആസ്വദിക്കുകയും ചെയ്തു. ഇവരെക്കൂടാതെ മേഴ്‌സി സൈഡിലും യു.കെയുടെ ഇതരഭാഗങ്ങളിലും നിന്നുള്ള എണ്ണമറ്റ കലാകാരന്മാർ ലിമയുടെ വേദികളിൽ തങ്ങളുടെ കലാസാംസ്കാരിക പ്രതിഭ തെളിയിച്ചു. പ്രശസ്ത സിനിമാതാരം പ്രിയലാൽ തന്റെ കലാപ്രവർത്തനങ്ങൾ ആരംഭിച്ചത് ലിമയിലൂടെയാണ്. 2004ൽ സ്വിറ്റ്സർലണ്ടിൽ വെച്ച് കേളി എന്ന മലയാളി അസോസിയേഷൻ സംഘടിപ്പിച്ച Pan European Malayalee Cultural Meet ൽ ലിമയെ പ്രതിനിധീകരിച്ച് പങ്കെടുത്ത കുട്ടികളിൽ പ്രിയലാൽ സിൽവർ മെഡൽ കരസ്ഥമാക്കുകയുണ്ടായി. ശ്രീ. ജോ ഈശ്വർ സംവിധാനം ചെയ്ത ലിവർപൂളിലെ മലയാളികളുടെ ആദ്യ സിനിമ സംരംഭമായ 'കുന്താപുര' യുടെ അരങ്ങിലും അണിയറയിലും പ്രവർത്തിച്ചത് ലിമയുടെ കലാകാരന്മാരാണ് .**

**പ്രശസ്ത രാഷ്ട്രീയ സാംസ്കാരിക നായകന്മാരായ Dr. M.M. Jacob** (Ex-home Affairs Minister), **Mr. S.V. Balaji** (Indian High Commission), **Stephen Tig** (M.P), **Christine Flows** (Director of Communtiy Affaires), **Mr.Mike Storey** (Lord Mayor Liverpool), **Mr.Anjalo Eagle** (Treasury Minister), **Mr. John Macormac** (liverpool Chartiy Voluntary Commission), **V Narayan** (Indian Consular General), **Fr.Babu Appadan** (Spiritual Director LKCS), **Mr Shajan Skaria** (Chief Editor- British Malayali), **Mr Jose Kumbilveli** (Editor- Pravasi Online), **Fr Akhil Joy** (Spiritual Director Jacobite Church), **Fr Eldhose** (spiritual Director Indian Orthodox Church) **തുടങ്ങി അനവധി വ്യക്തിത്വങ്ങൾ ലിമിയുടെ വേദികൾ കാലാകാലങ്ങളിൽ അലങ്കരിച്ചു.**

**യുക്മ കാലാകാലങ്ങളായി നടത്തിവരുന്ന പ്രാദേശിക- ദേശീയ കലാമേളകളിൽ ലിമയുടെ കലാകാരന്മാരും കലാകാരികളും മിന്നുന്ന**

പ്രകടനങ്ങൾ കാഴ്ചവെച്ച് മുന്നേറി ക്കൊണ്ടിരിക്കുന്നു.

## വർണ്ണ വസന്തങ്ങൾ തീർക്കുന്ന വാർഷിക പരിപാടികൾ

പറിച്ചുനടപ്പെട്ട മണ്ണിലെ ഒറ്റപ്പെടലും മാനസിക പിരിമുറുക്കങ്ങളും നിറഞ്ഞ പ്രവാസി ജീവിതത്തിൽ വർണ്ണവും വസന്തവും പ്രദാനം ചെയ്യുന്ന വാർഷിക പരിപാടികളാണ് ലിമ ഒരുക്കി വരുന്നത്. ഓണം, ക്രിസ്തുമസ്, ചിൽഡ്രൻസ് ഫെസ്റ്റ്, ഈസ്റ്റർ-വിഷു ആഘോഷങ്ങൾ, വിനോദയാത്രകൾ എന്നിവ ലിമ വർഷം തോറും സംഘടിപ്പിച്ചു വരുന്നു. അംഗങ്ങളുടെ വ്യക്തിത്വ വികാസത്തിനും, സാമൂഹ്യ വികാസത്തിനും ഉതകുന്നതും പ്രവാസി ജീവിതത്തിൽ പുതു തലമുറയ്ക്ക് കൈമോശം വരുന്ന ജന്മനാടിന്റെ ഭാഷയും, സംസ്കാരവും കാത്തു സൂക്ഷിക്കുവാൻ പ്രചോദനം നൽകുകയും ചെയ്യുന്നതുമായ ലിമയുടെ വാർഷിക പരിപാടികൾ സർഗാത്മകതയും ഉല്ലാസവും ഇഴചേരുന്നവയാണ്.

### ഓണം

മലയാളിയുടെ സ്വകാര്യ അഹങ്കാരമായ ഓണാഘോഷം ലിമ 2001 മുതൽ അതിന്റെ തനിമ ചോരാതെ ആഘോഷിച്ചു വരുന്നു. യു.കെയിലെ ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്ത ഓണാഘോഷം ഒരുപക്ഷേ ലിമയ്ക്ക് അവകാശപ്പെട്ടതായിരിക്കാം. യു.കെയിൽ ജനിച്ച വളർന്നുവരുന്ന പുതുതലമുറയ്ക്ക് കേരള സംസ്കാരവും, പൈതൃകവും മനസ്സിലാക്കുവാനും പഴയ തലമുറയിൽ ജന്മനാടിനെക്കുറിച്ചുള്ള മധുരസ്മരണകൾ ഉണർത്തുവാനും ലിമയുടെ ഓണാഘോഷങ്ങൾ സഹായിക്കുന്നു.

## വിഷു, ഈസ്റ്റർ, ക്രിസ്തുമസ്, പുതുവത്സര ആഘോഷങ്ങൾ

ലിവർപൂളിൽ ആദ്യമായി ക്രിസ്മസ് - പുതുവത്സര ആഘോഷങ്ങൾ സംഘടിപ്പിച്ചു തുടങ്ങിയത് ലിമയാണ്. ഇന്ന് ലിവർപൂളിലെ മലയാളി സമൂഹം വിവിധ മത വിഭാഗങ്ങളുടെ പേരിൽ വിഭജിക്കപ്പെട്ട് അവരുടേതായ ആഘോഷങ്ങൾ സംഘടിപ്പിക്കപ്പെടുന്നുണ്ടെങ്കിലും, ജാതി-മത-വർഗ്ഗ-ലിംഗ ഭേദമന്യേ ലിവർപൂളിലെ മലയാളികൾക്ക് ഒന്നിച്ചു കൂടുവാനുള്ള അവസരങ്ങൾ ലിമ ഒരുക്കുന്നു. ലിവർപൂളിലും പരിസരപ്രദേശങ്ങളിലും ഉള്ള മലയാളികൾ കാലാന്തരത്തിൽ മത-ദേശ-സാമുദായിക അടിസ്ഥാനത്തിൽ വേർതിരിഞ്ഞപ്പോൾ എല്ലാ മലയാളികൾക്കും അതിരും എതിരുമില്ലാതെ ഒന്നിച്ച് കൂടുവാനുള്ള പരിപാടികളുമായി ലിമ തന്റെ കർമ്മപഥത്തിൽ മുന്നേറി. ഇതിൽ പ്രധാന പങ്കു വഹിച്ച ഒന്നാണ് ലിമയുടെ ഈസ്റ്റർ-വിഷു ആഘോഷങ്ങൾ. 2001ൽ കോവിഡ് 19 നിയന്ത്രണങ്ങൾ ഉള്ളപ്പോഴും ഓൺലൈനിലൂടെ ലൈവ് ആയി ലിമ നടത്തിയ ഈസ്റ്റർ-വിഷു ആഘോഷങ്ങൾ ലോകമെമ്പാടുമുള്ള മലയാളി അസോസിയേഷനുകൾക്ക് ഒരു പുതിയ പന്ഥാവ് വെട്ടിത്തുറക്കുകയായിരുന്നു. കലാഭവൻ ലണ്ടൻ ഫേസ്ബുക്ക് പേജിലൂടെ ലോകമെമ്പാടുമുള്ള ഏകദേശം പതിനായിരത്തിൽപരം പേരാണ് ലിമയുടെ 2021ലെ ഈസ്റ്റർ-വിഷു ആഘോഷങ്ങൾ ലൈവ് ആയി ആസ്വദിച്ചത്.

## ഏകദിനവാരാന്ത വിനോദയാത്രകൾ

ലിമ അതിന്റെ തുടക്കകാലം മുതൽ വേനൽ അവധിക്കാലത്ത് ഏകദിന വിനോദയാത്രകൾ നടത്തി വന്നിരുന്നു. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച് ഏകദിന യാത്ര നടത്തിയ അസോസിയേഷൻ എന്ന പദവി ഒരുപക്ഷേ ലിമയ്ക്ക് സ്വന്തമായിരിക്കും. പിന്നീട് ഒരു വാരാന്ത്യം മുഴുവൻ താമസിച്ചുള്ള വിനോദയാത്രകൾ നടത്തി മറ്റ് അസോസിയേഷനുകൾക്ക് ലിമ മാതൃകയായി. മാറിയ ലോകസാഹചര്യത്തിൽ ജോലിയുടെയും കുടുംബ ജീവിതത്തിന്റേയും വർദ്ധിച്ചുവരുന്ന സമ്മർദ്ദത്തിൽ നിന്നും അംഗങ്ങൾക്ക് മോചനം ലഭിക്കുവാൻ ലിമ നടത്തിവരുന്ന ഈ വിനോദയാത്രകൾ വലിയ അളവിൽ സഹായിക്കുന്നു.

TWO DECADES OF OUTSTANDING SERVICE TO THE COMMUNITY

## പ്രവാസി കായികരംഗത്തെ ആദ്യ ചുവട്

കലാരംഗത്ത് മാത്രമല്ല കായികരംഗത്തും മേഴ്‌സി സൈഡ് മലയാളി സമൂഹം ചുവടുവെച്ച് തുടങ്ങിയത് ലിമയിലൂടെയാണ്. പ്രാദേശികവും ദേശീയവുമായ നിരവധി കായിക മത്സരങ്ങൾക്ക് ലിമ ചുക്കാൻ പിടിച്ചു. നോർത്ത് വെസ്റ്റിൽ ആദ്യമായി ഒരു ഓൾ യു.കെ വടംവലി മത്സരം സംഘടിപ്പിച്ചത് ലിമയാണ്.

2019 ജൂലൈയിൽ Litherland Sports Complex ൽ യുക്മ നോർത്ത് വെസ്റ്റ് സ്പോർട്സ് മീറ്റിന് ലിമ ആതിഥേയത്വം വഹിച്ചു. നോർത്ത് വെസ്റ്റ് റീജ്യനിലെ എല്ലാ മലയാളി അസോസിയേഷനുകളും പങ്കെടുത്ത ഈ സ്പോട്ട് മീറ്റിൽ ഓവറോൾ കിരീടം ലിമ മാഞ്ചസ്റ്റർ മലയാളി അസോസിയേഷനോടൊപ്പം പങ്കിട്ടു.

ലിവർപൂളിൽ ഇന്ന് ബാഡ്മിൻറൺ, വോളി ബോൾ, ക്രിക്കറ്റ്, ഫുട്ബോൾ, വടംവലി, വള്ളംകളി എന്നിവയ്ക്കെല്ലാം അസോസിയേഷനുകൾക്ക് അതീതമായി ടീമുകൾ ഉണ്ടെങ്കിലും ലിമയുടെ കായികതാരങ്ങൾ ഇവയിൽ എല്ലാം പ്രമുഖ സ്ഥാനങ്ങൾ വഹിക്കുന്നു.

## മലയാളി ഐക്യത്തിന്റെ കരുത്തും കാതലും

യു.കെയിലുള്ള മലയാളി അസോസിയേഷനുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ആശയത്തെ ലിമ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും യുക്മയുടെ രൂപീകരണത്തിൽ പ്രമുഖ സ്ഥാനം വഹിക്കുകയും ചെയ്തു. യുക്മ യുടെ ആദ്യ കമ്മിറ്റിയിൽ തന്നെ ലിമയുടെ മുൻ പ്രസിഡായ ശ്രീ. മാത്യു അലക്സാർ ജോയിൻറ് സെക്രട്ടറി തെരെഞ്ഞെടുക്കപ്പെട്ടു.

യുക്മ സംഘടിപ്പിച്ചു വരുന്ന പ്രാദേശിക-ദേശീയ കലാ മത്സരങ്ങളിൽ നമ്മുടെ മിന്നുംതാരങ്ങൾ കലാപ്രതിഭ, കലാതിലകം പട്ടങ്ങൾ നേടി യു.കെയിൽ മുഴുവൻ ലിമയുടെ യശസ്സ് ഉയർത്തിപ്പിടിച്ചു വരുന്നു.

2019 ലെ യുക്മ നോർത്ത് വെസ്റ്റ് കായികമേളയ്ക്ക് ആതിഥേയത്വം വഹിച്ചത് ലിമ ആയിരുന്നു. 2013ൽ നടന്ന യുക്മ നാഷണൽ കലാമേളയ്ക്ക് ലിവർപൂളിലെ മറ്റൊരു അസോസിയേഷനൊപ്പം ലിമയും ആതിഥേയത്വം വഹിച്ചു.

## കാലം മായ്ക്കാത്ത കാരുണ്യം

2003-ൽ നടത്തിയ കൊച്ചിൻ ഗിന്നസിന്റെ സ്റ്റേജ് ഷോയിൽ പിരിഞ്ഞു കിട്ടിയ 2000 പൗണ്ടിൽ തുടങ്ങിയ ലിമയുടെ ചാരിറ്റി പ്രവർത്തനങ്ങൾ ഇന്നും അനസ്യൂതം തുടരുന്നു. 2004 ലെ സുനാമി, കേരളം അഭിമുഖീകരിച്ച രണ്ട് പ്രളയങ്ങൾ, ഇന്ത്യയിൽ നിന്നും യു.കെയിൽ നിന്നുമായി ലഭിച്ച സഹായ അഭ്യർത്ഥനകൾ എന്നിവയ്ക്ക് ചെറുതല്ലാത്ത സഹായങ്ങൾ നൽകി ലിമയുടെ ചാരിറ്റി പ്രവർത്തനങ്ങൾ തുടർന്നു പോരുന്നു. കഴിഞ്ഞ 22 വർഷങ്ങൾ കൊണ്ട് മറ്റ് ഏത് അസോസിയേഷനുകൾക്കും മാതൃക ആക്കാവുന്ന വിധത്തിലുള്ള ചാരിറ്റി പ്രവർത്തനങ്ങൾ ആണ് ലിമ നടത്തി വരുന്നത്.

## കോവിഡിനും തകർക്കാനാവാത്ത കുതിപ്പ്

ലോകത്തെ മുഴുവൻ നിശ്ചലമാക്കിയ കോവിഡ് 19 പോലും ലിമയുടെ കുതിപ്പിനെ തളർത്തുവാൻ സാധിച്ചില്ല. കൊറോണ കാലത്ത് ലോകമെമ്പാടുമുള്ള മലയാളി അസോസിയേഷനുകൾ ഏതാണ്ട് നിശ്ചലമായപ്പോൾ ലിമ അവസരോചിതമായി ഇടപെട്ട് മറ്റ് അസോസിയേഷനുകൾക്ക് മാതൃകയായി മാറി. ലിമ തന്റെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കോവിഡ് സ്ക്വാഡ് രൂപീകരിക്കുകയും ഒരു ഹെൽപ്പ് ലൈൻ നമ്പർ പരസ്യപ്പെടുത്തുകയും ചെയ്തു. ലിവർപൂളിലും പരിസരപ്രദേശങ്ങളിലും ആയി അനേകം കുടുംബങ്ങൾക്ക് നേരിട്ടും പരോക്ഷമായും ലിമയുടെ സഹായഹസ്തങ്ങൾ എത്തി. ലോക്ക് ഡൗൺ മൂലം വിരസമായിരുന്ന ലോക മലയാളി സമൂഹത്തിന് ലിമ ഓൺലൈൻ ആയി നടത്തിയ വിവിധ പരിപാടികൾ മാനസിക ഉല്ലാസത്തിന് വഴിതെളിച്ചു. യുകെയിൽ അങ്ങോളം ഇങ്ങോളം ഉള്ള ഗായകരെ ഉൾപ്പെടുത്തി ഓൺലൈനായി സംഘടിപ്പിച്ച

പാടാം നമുക്ക് പാടാം എന്ന പരിപാടി, യു.കെയിൽ ഉള്ള കുട്ടികൾക്കുവേണ്ടി ഹയർ സ്റ്റഡീസിനുള്ള ഗൈഡൻസ് ക്ലാസുകൾ എന്നിവ അവയിൽ ചിലതാണ്. യു.കെയിലുള്ള തൊഴിലവസരങ്ങൾ പരിചയപ്പെടുത്തിയ വിവിധ ക്ലാസുകൾ ഓൺലൈനായി സംഘടിപ്പിക്കു വാനും ലിമയ്ക്ക് സാധിച്ചു. കൂടാതെ ഈസ്റ്റർ -വിഷു ആഘോ ഷങ്ങൾ ലൈവ് ആയി ഓൺലൈനിൽ നടത്തി യു.കെയിൽ മാത്രമല്ല ലോകം എമ്പാടും ഉള്ള മലയാളി കൂട്ടായ്മകൾക്ക് മാതൃകയായി മാറാൻ സാധിച്ചതിൽ ഞങ്ങൾ കൃതാർത്ഥരാണ്.

## കാലത്തിനൊപ്പം കുതിക്കുന്ന മാധ്യമ സംസ്കാരം

കാലത്തിനൊപ്പം സഞ്ചരിച്ച് ലിമ എപ്പോഴും അതിൻറെ മുഖം പുതുക്കിക്കൊിരിക്കുന്നു. യുകെയിൽ ആദ്യമായി വെബ്സൈറ്റുകൾ ഉണ്ടാക്കിയ സംഘടനകളിൽ ഒന്നാണ് ലിമ. പിന്നീട് ഫേസ്ബുക്ക് നവമാധ്യമ രംഗം അടക്കി വാണപ്പോൾ ഒരു ഫേസ്ബുക്ക് പേജുമായി ലിമ ഒപ്പം കൂടി. ഇന്ന് ഫേസ്ബുക്കും മറികടന്ന് ഇൻസ്റ്റഗ്രാം മുന്നേറുമ്പോൾ ലിമയ്ക്കും ഒരു ഇൻസ്റ്റഗ്രാം പേജ് ഉണ്ട്. മാത്രമല്ല ലിമയുടെ യൂട്യൂബ് ചാനലിലൂടെ ലിമയുടെ പ്രധാന പരി പാടികൾ നിങ്ങൾക്ക് ആസ്വദിക്കാവുന്നതാണ്.

## പ്രവാസ വഴിയിലെ അനസ്യൂത യാത്ര

2003നു ശേഷം ഒരു കൂട്ടായ കുടിയേറ്റം യു.കെയിലേക്ക് ഉാകുന്നത് 2021ന് ശേഷമാണ്. പുതിയതായി യു.കെയിലേക്ക് കുടിയേറിയ തങ്ങളുടെ സഹോദരങ്ങൾക്ക് മുൻകാലങ്ങളിൽ കുടിയേറിയവർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുവാനായി യു.കെയിലെ പൊതു ജീവിതത്തെക്കുറിച്ചും മറ്റ് സാഹചര്യങ്ങളെ കുറിച്ചും ഉള്ള അവബോധം ഉണ്ടാക്കുവാൻ ലിമ പ്രതിജ്ഞാബദ്ധം ആയിരുന്നു. 2022-ൽ പുതി യതായി യു.കെയിലേക്ക് കുടിയേറിയ ആളു കൾക്ക് വേണ്ടി ലിമ സംഘടിപ്പിച്ച മീറ്റ് ഗ്രീറ്റ് ആൻഡ് ഈറ്റ് പ്രോഗ്രാമിൽ മേഴ്സി സൈഡിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഏകദേശം 400 ഓളം പേർ പങ്കെടുത്തു. യു.കെയിലെ വിവിധ നിയമങ്ങൾ, സ്കൂൾ എജുക്കേഷണൽ സിസ്റ്റം, ഇൻഷുറൻസ്, മോർട്ട് ഗേജ്, വിവിധ കരിയർ ഡെവലപ്മെൻറ് എന്നീ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിച്ചു.

രണ്ടായിരത്തിൽ രൂപം കൊണ്ട ലിമ മലയാളി കൂട്ടായ്മയുടെ സ്ഥാപക നേതാക്കളുടെ സ്വപ്നങ്ങൾ ഒരു പരിധിവരെ യാഥാർത്ഥ്യ മാക്കുവാൻ ലിമ ഭാരവാഹികളുടെ കഴിഞ്ഞ 22 വർഷത്തെ നീണ്ട പരിശ്രമത്തിന് കഴിഞ്ഞിട്ടുണ്ട്. ലിമ ഇന്ന് പടർന്ന് പന്തലിച്ച് ഒരു മഹാ വൃക്ഷ മായി ലിവർപൂളിലെ മലയാളി സമൂഹത്തിന് താങ്ങും തണലുമായി മാറിയിരിക്കുന്നു. ഈ വളർച്ചക്ക് പിന്നിലുള്ള ഒരേഒരു കാരണം ജാതി-മത-വർണ്ണ- വർഗ-ലിംഗ വേർതിരി വുകളുടെ അതിർവരമ്പുകൾ ഇല്ലാത്ത പ്രവർത്ത നശൈലിയും ദീർഘവീക്ഷണവും കൈമുതലായുള്ള ടീം ലിമിയുടെ നിരന്തര പരിശ്രമമാണ്.

ലിമ ഓരോ പ്രവാസി മലയാളിയുടെയും വളർച്ചയും തളർച്ചയും ഉൾക്കൊള്ളുകയും നമ്മുടെ ഭാവി തലമുറയെ ഇന്നിന്റെ ഫലവ ത്തായ ഘടകങ്ങൾ ആക്കി രൂപാന്തര പ്പെടുത്തുന്ന പ്രക്രിയയിൽ പ്രമുഖ പങ്കു വഹി ക്കുകയും ചെയ്യുന്നു. കഴിഞ്ഞ 22 വർഷത്തെ പ്രവർത്തനനിരതരായ ലിമിയുടെ സാരഥി കളുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ മൂലം ഇന്ന് ലിമ ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു അസോസിയേഷൻ ആയി വളർന്നു കഴിഞ്ഞു. വരും കാലങ്ങളിലെ പ്രവർത്തനങ്ങൾക്കും നിങ്ങളുടെ സ്നേഹവും സഹകരണവും ഞങ്ങൾക്ക് ഊർജ്ജമാകട്ടെ. കുറവുകൾ തിരിച്ചറിഞ്ഞ് കൂടുതൽ പ്രതിബദ്ധതയോടെ വരും നാളുകളിൽ പ്രവർത്തിക്കുവാൻ ഉള്ള നിശ്ചയദാർഢ്യത്തോടെ  പ്രവാസ വഴികളി ലൂടെ ലിമ മേഴ്സി നദിപോലെ അനസ്യൂതം യാത്ര തുടരുകയാണ്.... നിങ്ങൾക്കൊപ്പം....

സ്നേഹപൂർവ്വം

**സോജൻ തോമസ്**
സെക്രട്ടറി
ലിവർപൂൾ മലയാളി അസോസിയേഷൻ

# Liverpool Malayali Association (LIMA)

## EXCUTIVE COMMITTEE

2000 - 2022


**Sebastian Joseph**
President



**Sojan Thomas**
Secretary



**Jose Matthew**
Treasurer


**Hari Kumar Gopalan**
Vice President &
Sprots Secretary


**Biju George**
Join Secretary &
Magazine Editor


**Jinoy Madan**
Arts Club Secretary


**Tom Jose Thadiyambad**
PRO



**Mathew Alexander**
Ex. Comm. Member
UUKMA Rep.



**Eldhos Sunny**
Ex. Comm. Member
UUKMA Rep.


**Binu Varkey**
Ex. Comm. Member
UUKMA Rep.


**Jaymon Thomas**
Internal Auditor


**Sinshaw Mathew**
Ex. Comm. Member


**Saji Makkil**
Ex. Comm. Member


**George Kizhakkekara**
Ex. Comm. Member


**E.J. Kuriakose**
Ex. Comm. Member


**Shaju Uthup**
Ex. Comm. Member


**Binoy George**
Ex. Comm. Member


**Tiji Xavier**
Ex. Comm. Member


**Roy Mathew**
Ex. Comm. Member




# Liverpool Malayalee Association (LIMA)

***Service to the community beyond expectations….***

"Our care your comfort"

DIVINE CARE CENTRE

*"Care, comfort, dignity, privacy & independence"*

Front Street, Station Town, Wingate,
Durham TS28 5 DP

Our Sister Concern

CHACKO BUILDERS LTD

Dedicated and Devoted

Tell : 07736352874





GECO International Ltd

**IMPORTERS AND DISTRIBUTORS OF INDIAN FOOD STUFFS**

**FROZEN, DRY & SEAFOOD**

Unit 18 & 3, Brookfield Property Centre,Brookfield Drive, Liverpool - L9 7AS, U.K
Trade enquiries contact: George John - Mob: **+44 (0)7886467796 / +44 (0)7742936434**
Fax/Tel: **+44(0)151 525 1627** Email: gecointl@yahoo.co.uk

# DEEPER UNDERSTANDING. BETTER SOLUTIONS

## A DECADE OF EXCELLENCE IN LEGAL SERVICES




### BUYING HOME? WE WILL GET YOU MOVING...

- CONVEYANCING FROM £495.00
- NO MOVE, NO FEE • FIXED FEE, NO SURPRISES

- Law Society's LEXCEL accredited
- Conveyancing Quality Scheme (CQS) Accredited
- On All Major Lending Panels
- Team of Highly Experienced Specialist Solicitors

### IMMIGRATION LAW SERVICES

Our specialist Immigration lawyers have been advising businesses and individuals on UK Immigration and Nationality Law for more than 10 years.

- Tier 1 & Tier 2 • Family Visa
- UK Sponsor Licence Application & Management
- UK Settlement & Naturalization
- Immigration Appeals

• RESIDENTIAL CONVEYANCING • COMMERCIAL CONVEYANCING
• IMMIGRATION • LANDLORD & TENANT • LITIGATION • FAMILY LAW
• PERSONAL INJURY • EMPLOYMENT • LICENSING LAW • WILLS & PROBATE

Conveyancing Quality

Lexcel Practice Management Standard Law Society Accredited

LAW & LAWYERS SOLICITORS

LONDON | MANCHESTER

www.lawandlawyers.co.uk

**Tel: 020 8586 5657**

352 High Street North, London E12 6PH

e: info@lawandlawyers.co.uk

lawandlawyersuk